
Y. 184
1481

ഹിന്ദുമതചിന്തകൾ



294.5
EE

J. 184
1481



CARMELITE MONASTERY
TRAVANCORE
ANTONY'S
S. I. RAILWAY STATION, ALWAYE


ഹിന്ദുമതചിന്തകൾ



രചയിതാക്കൾ

തോമസ് പീച്ചാട്ട്
മാത്യു മാപ്പിളക്കുന്നേൽ
കുര്യാക്കോസ് ഇടമറ്റം





Printed at the J. M. Press, Alwaye.

M/294.5
PEE

Permissu Superiorum

ഉള്ളടക്കം

	പ്രസ്താവന	vi
	അവതാരിക	vii
1	രംഗനിരീക്ഷണം	1
2	വേദങ്ങളുടെ പ്രാമാണ്യം	14
3	ഋഗ്വേദം	28
4	ബ്രാഹ്മണങ്ങൾ	39
5	ബ്രാഹ്മണങ്ങളിലേ ആരാധന	48
6	ബ്രാഹ്മണാരാധനയും ക്രൈസ്തവരാധനയും	58
7	മന്ത്രങ്ങൾ	70
8	ഉപനിഷത്തുക്കൾ	78
9	ഉപനിഷത്തുക്കളും ലോകോത്പത്തിയും	88
10	ഉപനിഷത്തുക്കളും സൃഷ്ടിസിദ്ധാന്തവും	94
11	ഉപനിഷത്തുക്കളും മനുഷ്യാത്മാവും	100
12	ഉപനിഷത്തിലേ ദൈവശാസ്ത്രം	105
13	ഒരു താരതമ്യപഠനം	115
14	ക്രിസ്തുമതം—ഒരു ശാസ്ത്രീയനിരൂപണം	123

പ്രസ്താവന

സത്യം എന്നും എവിടെയും ആദരണീയമാണ്. മഹത്തായ ഹൈന്ദവചിന്തയിലുമുണ്ട് അനേകം അനർഘസത്യങ്ങൾ. അവയെ അവധാനപൂർവം ആരായുകയും നിഷ്പക്ഷമായി പഠിക്കയുമാണ് ഞങ്ങളുടെ ലക്ഷ്യം. ഉള്ളത് ഉണ്ടെന്നും ഇല്ലാത്തത് ഇല്ലെന്നും തുറന്നു പറയുവാൻ ഞങ്ങൾ മടിച്ചിട്ടില്ല. വേദങ്ങളും ബ്രാഹ്മണങ്ങളും ഉപനിഷത്തുക്കളും മാത്രമേ ഞങ്ങളുടെ പരിചിന്തനത്തിനു വിഷയമായിട്ടുള്ളൂ. അഗാധപണ്ഡിതനും ചിന്തകനുമായ ഫാദർ സക്കറിയാസ് ഒ. സി. ഡി. അവർകളുടെ 'Studies on Hinduism' എന്ന ഗ്രന്ഥപരമ്പരയോടാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കത്തിനു ഞങ്ങൾ കടപ്പെട്ടിട്ടുള്ളത്.

അകയാൽ തന്റെ ചിരകാലപരിശ്രമഫലമായ ഗ്രന്ഥസഞ്ചയം ഈ കൃതിയുടെ രചനയ്ക്ക് ഉപയോഗപ്പെടുത്തുവാൻ സദയം അനുവദിച്ച ബഹുമാന്യനായ ആ ആചാര്യപാദരോട് ഞങ്ങൾ എന്നെന്നും കൃതജ്ഞരായിരിക്കുന്നതാണ്. ഈ പുസ്തകം സസൂക്ഷ്മം പരിശോധിക്കുകമാത്രമല്ല ഇതിനു സമുചിതമായ ഒരു അവതാരികകൂടി എഴുതിത്തന്നു ഞങ്ങളെ അനുഗ്രഹിച്ച സുപ്രസിദ്ധ പണ്ഡിതനും സംസ്കൃതഭാഷാപ്രൊഫസ്സരുമായ ഫാദർ തോമസ് കൊച്ചുമ്മാനാൽ അവർകൾക്ക് അഗാധമായ കൃതജ്ഞതയുടെ അകമഴിഞ്ഞ നന്ദി. വേദബ്രാഹ്മണോപനിഷത്തുക്കളുടെ മൂലഗ്രന്ഥങ്ങൾ ഞങ്ങളുടെ പഠനത്തിനായി നല്കിയ അലുവാ സംസ്കൃതഹൈസ്കൂൾ ഹെഡ് മാസ്റ്റർ ശ്രീ വി. നാരായണമഹോപാദ്ധ്യായൻ അവർകളുടെ ഔദാര്യത്തെയും ഞങ്ങൾ കൃതജ്ഞതാപൂർവ്വം സ്മരിച്ചുകൊള്ളുന്നു.

രചയിതാക്കൾ.

അവതാരിക

ഭാരതനിവാസികളുടെ സ്നേഹബഹുമാനാദരങ്ങൾക്കു പാത്രീഭൂതനായി വിരാജിക്കുന്ന പ്രധാനമന്ത്രി പണ്ഡിത ജവഹർലാൽ നെഹ്രുജി അവർകളും പറയുന്നതു ഹിന്ദുമതമെന്നൊരു മതമേ ഇല്ലെന്നത്രേ. അജ്ഞാനവിജൃംഭിതരായ മറുപലരും ഇപ്രകാരം എഴുതുകയും പ്രസ്താവിക്കയും ചെയ്തിട്ടുള്ളതായി കാണുവാനും കേൾക്കുവാനും ഇടയായിട്ടുണ്ട്. അങ്ങനെ എഴുതുന്നതിനും പറയുന്നതിനും അവരെ പ്രേരിപ്പിച്ചിട്ടുള്ളതു മതമെന്നു പറഞ്ഞാൽ അഭിപ്രായമെന്നു അർത്ഥമുള്ളതാണെന്നു ധരിച്ചുവച്ചിരിക്കുന്നതുകൊണ്ടും മഹമ്മദുമതമെന്നോ ക്രിസ്തുമതമെന്നോ പറഞ്ഞാൽ വിവക്ഷിക്കപ്പെടുന്നതുപോലെ ഒരു അർത്ഥമെടുക്കുന്നതിനു ഹിന്ദുവെന്നു നാമധാരിയായ ഒരാൾ നിർദ്ദേശിക്കപ്പെട്ടവാൻ ഇല്ലാത്തതുകൊണ്ടുമായിരിക്കാം. ഭാരതത്തെ ഇൻഡ്യാ എന്നുതന്നെ വിളിക്കുന്നതിനിടയായതു് എന്നാണെന്നോ എങ്ങനെയാണെന്നോ ഉള്ളതിനെക്കുറിച്ചു് അവർ പറയുന്നതു മദ്ധ്യമേഷ്യായിൽനിന്നു വന്ന ആര്യന്മാർ ഇൻഡസ് നദീതീരത്തു നിവസിച്ചതുമുതൽക്കാണു് എന്നത്രേ ഹിന്ദു എന്നു പറഞ്ഞാൽ ഇൻഡ്യാനിവാസിയെന്നു ധരിക്കയും ചെയ്യപ്പെട്ടിരുന്നുള്ളു. ഈ അർത്ഥത്തിൽ ഒരു മഹമ്മദീയനും ഒരു ക്രൈസ്തവനും ഹിന്ദുവാണു താനും.

എന്നാൽ, ശബ്ദങ്ങൾക്കു പലപ്പോഴും അർത്ഥം നല്കപ്പെടുന്നതു പൊതുജനങ്ങളുടെ കല്പനമൂലമാണല്ലോ. പല ശബ്ദങ്ങളുടെയും വാച്യാർത്ഥം പരിശോധിച്ചുനോക്കുകയാണെങ്കിൽ അവയുടെ പ്രയോഗത്തിൽ കണ്ടെത്തപ്പെടുന്ന അർത്ഥം സിദ്ധിച്ചെന്നു വരികയില്ല. പിന്നെയോ മനുഷ്യരാൽ സങ്കേതിതമായ അർത്ഥംകൊണ്ടത്രേ അവയ്ക്കു വ്യവഹാരമാത്രയിൽ പ്രതിഷ്ഠ ലഭിച്ചിട്ടുള്ളതു്. മതശബ്ദത്തെ വേദം, ധർമ്മം മുതലായ അർത്ഥങ്ങളിൽക്കൂടി ഉപയോഗിക്കയും ശുദ്ധമാക്കി

ത്തീർക്കുകയും ചെയ്തിട്ടുള്ളതു പ്രസ്തുത നിയമമനുസരിച്ചാണ്. ഇപ്പോൾ ഹിന്ദുവെന്നു പറഞ്ഞാൽ വേദപുരാണേതിഹാസങ്ങളെ ആസ്പദമാക്കി ധർമ്മം ആചരിക്കുന്നവൻ എന്നും ഹിന്ദുമതമെന്നു പറഞ്ഞാൽ അങ്ങനെയുള്ള ആളിന്റെ വേദം അല്ലെങ്കിൽ മാർഗ്ഗമെന്നും എല്ലാവരും ധരിച്ചുപോരുന്നുണ്ട്. ഈ ധാരണയെ മുൻനിറുത്തിയായിരിക്കാം "ഹിന്ദുമതചിന്തകൾ" എന്ന നാമധേയം ഈ ലഘുഗ്രന്ഥത്തിനു നല്കിയിട്ടുള്ളതെന്നു വിശ്വസിക്കുന്നു.

ഈ ഗ്രന്ഥം വളരെ ചെറുതാണെങ്കിലും അനേകം നല്ല വിഷയങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ട്. ഈ ഓരോ വിഷയങ്ങൾ ഉൾക്കൊള്ളുന്ന വിപുലഗ്രന്ഥങ്ങൾ അനേകം മലയാളഭാഷയിൽ രചിക്കപ്പെടേണ്ട കാലം അതിക്രമിച്ചിരിക്കയാണ്. എന്തുകൊണ്ടെന്നാൽ, വിദേശാധിപത്യത്തിൽനിന്നു വിമുക്തമായ സ്വതന്ത്രഭാരതം സകല തുറകളിലും അഭിവൃദ്ധി പ്രാപിക്കേണ്ടതായിട്ടാണിരിക്കുന്നതു്. അഭിവൃദ്ധിയെന്നു പറയുമ്പോൾ വെറും ഭൗതികമായ അഭിവൃദ്ധിയല്ല എന്റെ വിവക്ഷ. കൃഷി വ്യവസായാദികളുടെ പുരോഗമനത്തിനായി ഏതാനും യന്ത്രങ്ങൾ കണ്ടുപിടിക്കുകയോ ധനാഗമമാർഗ്ഗങ്ങൾ വർദ്ധിപ്പിച്ചു സുഖസൗകര്യാദികൾ വരുത്തുകയോ മാത്രം ചെയ്യുന്നതു യഥാർത്ഥമായ അഭിവൃദ്ധിയാകയില്ല. ഇവ്വിധത്തിലുള്ള അഭിവൃദ്ധി ഓരോ ഓരോ കാലഘട്ടങ്ങളിൽ ഓരോരോ ദേശവിഭാഗക്കാർ പ്രാപിക്കയും ക്ഷയിക്കയും ചെയ്തിട്ടുള്ളതായി ചരിത്രം സാക്ഷ്യം നല്കുന്നുണ്ട്. അക്കാലദേശങ്ങളിൽ ജീവിച്ചിരുന്നവർ യഥാർത്ഥമായ സംസ്കാരം പ്രാപിച്ചവരായി ആരും ഗണിക്കുന്നില്ല.

ജർമ്മൻകാരുടെ കാര്യംതന്നെ ഉദാഹരണത്തിനെടുക്കാം. കഴിഞ്ഞ ലോകമഹായുദ്ധത്തിനുമുമ്പ് അവർ ഭൗതികമായ അഭിവൃദ്ധിയുടെ ഉച്ചകോടിയിൽ എത്തിയിരുന്നതായി ഗണിക്കപ്പെട്ടിരുന്നു. അപ്പോൾ അവർ വംശോദ്ധാരണമെന്ന പേരിൽ കിരാതസമാജമായ നിഷ്ഠുരകർമ്മങ്ങളും അനുഷ്ഠിച്ചി

16099

ണ്ണില്ലേ? മാത്രമോ? ഏതാണ്ടം വിമാനങ്ങളും ഒട്ടുവളരെ യുദ്ധ സാമഗ്രികളും കരച്ചു കപ്പലുകളും സ്വാധീനതയിലുണ്ടെന്നും ലോകത്തെ മുഴുവനും ജയിച്ചടക്കിക്കളയാമെന്നും വിചാരിച്ചു വശായപ്പോളല്ലേ ഡാൻസിക്കിലേക്ക മാർച്ചുചെയ്തതും ലോകമഹായുദ്ധം പ്രഖ്യാപനം ചെയ്ത കിരാതത്വം വെളിപ്പെടുത്തിയതും. പേർഹാർബറിൽ കിടന്നിരുന്ന അമേരിക്കൻ കപ്പൽസമൂഹത്തെ ചതിവിൽ തകർത്തുകളഞ്ഞ ജപ്പാൻകാരും കിരാതവൃത്തിയാണ് അനുഷ്ഠിച്ചതെന്ന് അന്നു ലോകം പ്രഖ്യാപനം ചെയ്തുയുണ്ടായല്ലോ. പഴയകാലങ്ങളിൽ കൂട്ടം ചേർന്നു പട്ടണങ്ങളും ആക്രമിക്കയും കൊള്ളയും കൊലയും നടത്തുകയും ചെയ്ത കിരാതന്മാർ പരിഷ്കൃതങ്ങളല്ലാത്ത ആയുധങ്ങളും ഉപയോഗിക്കുകയും യുദ്ധമുറകളും അവലംബിക്കയുമാണ ചെയ്തിരുന്നതെങ്കിൽ പ്രസ്തുതന്മാർ പരിഷ്കരിച്ച ആയുധങ്ങളും ഉപയോഗിക്കുകയും യുദ്ധമുറകളും അവലംബിക്കുകയും ചെയ്യുവെന്നുള്ള വ്യത്യാസംമാത്രം. കിരാതവൃത്തി അനുഷ്ഠിക്കുന്നവർ ആര്യന്മാരും കിരാതന്മാരല്ലാതെ വരുമോ?

ഇനി ഭാരതീയരായ നമ്മുടെ കാര്യമെടുക്കാം. അന്യരാജ്യക്കാരെ അപേക്ഷിച്ചു നമുക്കു വേണ്ടുവോളം സംസ്കാരമുണ്ടെന്നും നമുക്കു പുറത്തുനിന്നു യാതൊരു സംസ്കാരവും ആവശ്യമില്ലെന്നും ചിലർ പറയുന്നുണ്ടല്ലോ. കൊള്ളാം; നമുക്കുണ്ടെന്നു പറയുന്ന നല്ല ഗുണങ്ങളെക്കുറിച്ചു നമുക്ക് അഭിമാനം കൊള്ളുകതന്നെ ചെയ്യാം. എന്നാൽ കിരാതലക്ഷണങ്ങളും നമുക്കില്ലേ എന്നു പരിശോധിച്ചുനോക്കുകയും ഉണ്ടെങ്കിൽ അവയെ വർജ്ജിക്കുകയും ചെയ്താൽമാത്രമേ അഭിവൃദ്ധി പ്രാപിക്കയുള്ളുവെന്നു നമ്മൾ ധരിക്കേണ്ടിയിരിക്കുന്നു. മൗതികമായ അഭിവൃദ്ധിമാത്രമുള്ളവരെ സംസ്കാരമുള്ളവരുടെ കൂട്ടത്തിൽ ഗണിക്കുവാൻ സാധിക്കയില്ലെന്നു ജർമ്മൻകാരുടെ ദൃഷ്ടാന്തംകൊണ്ടു സമർത്ഥിച്ചുകഴിഞ്ഞുവല്ലോ. ഒരു ജനവിഭാഗത്തിന്റെ സംസ്കാരം പൂർണ്ണമാകണമെങ്കിൽ സത്യത്തെക്കുറിച്ചുള്ള ബോധവും

ധർമ്മത്തെക്കുറിച്ചുള്ള അറിവും നീതിയെക്കുറിച്ചുള്ള ജ്ഞാനവുംകൂടി വേണമെന്ന് അതിൽനിന്നു മനസ്സിലാക്കാം. ഈ ലക്ഷണം നമുക്കു തികഞ്ഞിട്ടുണ്ടായിരുന്നുവെങ്കിൽ ബഹുദേവതാരാധന, വിഗ്രഹാരാധന മുതലായവയുടെ ഫലമായ ജാതിവ്യത്യാസവും വർഗ്ഗീയവിദ്വേഷവും നമ്മുടെ ഇടയിൽ കാണപ്പെടുകയേ ഇല്ലായിരുന്നു. അവ സ്ഥിതിചെയ്യുന്നിടത്തോളംകാലം ആരെല്ലാം എത്രമാത്രം പ്രവർത്തിച്ചാലും ഇൻഡ്യാ ഐശ്വര്യത്തിന്റെ പൂർണ്ണതയിൽ എത്തുകയില്ല. ഈ ദോഷങ്ങളെ ഉന്മൂലനം ചെയ്യുന്നതിനു സത്യമതത്തിനു കഴിയുകയുള്ളൂ. എന്നാൽ, ഏവർക്കും അവരവർ മുലപ്പാലോടുകൂടി പഠിച്ച തത്ത്വങ്ങളെക്കുറിച്ചും അവരവരുടെ പൂർവ്വന്മാരിൽനിന്നു പരിശീലിച്ച ആചാരങ്ങളെക്കുറിച്ചും അവ എത്രമാത്രം നീചമായിരുന്നാലും ഒരു ബഹുമാനം തോന്നാതിരിക്കയില്ല. ഈദൃശബഹുമാനം മാവിച്ചതുകൊണ്ടോ അഭിമാനം നടിച്ചതുകൊണ്ടോ യഥാർത്ഥ സംസ്കാരമുണ്ടെന്നു് അന്യർ വകവച്ചു തരുമോ? യുക്തിയുടേയും ചരിത്രത്തിന്റേയും വെളിച്ചത്തിൽ ഗവേഷണം നടത്തുകയാണു നാം ചെയ്യേണ്ടതു്. അങ്ങനെ ചെയ്യുമ്പോൾ കാണാം നരവംശത്തിന്റെ ആരംഭത്തിൽ ലക്ഷണംതികഞ്ഞ ഒരു സംസ്കാരമായിരുന്നു നമുക്കുണ്ടായിരുന്നതെന്നും ഭാരതീയരായ നമ്മളും അതിനു് അവകാശികളായിരുന്നുവെന്നും. നാലയ്യായിരം വർഷങ്ങൾക്കുമുമ്പു തുടങ്ങിയുള്ള നമ്മുടെ ചരിത്രമെങ്കിലും വേദപുരാണേതിഹാസങ്ങളിൽനിന്നു നമുക്കു ലഭിക്കുന്നുണ്ടല്ലോ. അന്നുണ്ടായിരുന്നതും സംസ്കാരോചിതവുമായ ആ ഏകദേവതാരാധനയുടെ സ്ഥാനമാകുന്ന അധഃപതനത്തിനുശേഷമുണ്ടായിട്ടുള്ള അജ്ഞതയുടേയും മതമാത്സര്യാദികളുടേയും ഫലമായി ബഹുദേവതാരാധനയും വിഗ്രഹാരാധനയും ഇപ്പോൾ പിടിച്ചിരിക്കുന്നതു്.

ഓരോരുത്തന്റെ ജഡികാഭിലാഷങ്ങളെ തൃപ്തിപ്പെടുത്തുവാനുള്ള പരിശ്രമത്തിന്റെ ഫലമല്ലയോ സങ്കല്പിതമതങ്ങളും സമുദായഭിന്നതകളും വർഗ്ഗീയവിദ്വേഷവുമെന്നു പരിശോധിച്ചു

നോക്കേണ്ടതാണു്. ഇപ്പോൾ ഈശ്വരാരാധനയെന്ന പേരിൽ തന്നേ എത്രയോ മതവിഭാഗങ്ങൾ ആവിർഭവിച്ചിട്ടുണ്ടു്? ഇവ നിലവിലിരിക്കുന്നിടത്തോളംകാലം രാജ്യാൽകർഷം ഒരു ദിവാസ്വപ്നമല്ലാതെന്തായിരിക്കും? സ്വദേശാഭിമാനികളും സ്വരാജ്യസ്നേഹികളും ഈ യാഥാർത്ഥ്യം യഥാതഥം ഗ്രഹിക്കയും തദുചിതമായ പ്രതിവിധികൾ നിർദ്ദേശിക്കയും ചെയ്യാതിരിക്കുന്നതു് എന്തുകൊണ്ടായിരിക്കുമോ? കച്ചവടം വർദ്ധിപ്പിക്കുകയും കൃഷി വികസിപ്പിക്കുകയും വ്യവസായം പോഷിപ്പിക്കുകയും ചെയ്യേണ്ടുകിലേ രാജ്യനിവാസികൾക്കു് ഉണ്ണാനും ഉടുക്കുവാനുംവേണ്ട വകയുണ്ടാകയുള്ളുവെന്നുള്ള അവരുടെ വിചാരം പ്രശംസനീയംതന്നേ. പരിണതപ്രജ്ഞന്മാരായ അവർ അതിനു സരിച്ചുള്ള സംരംഭങ്ങളിൽ ഏർപ്പെടുകയുംചെയ്യുന്നുണ്ടെന്നു സമ്മതിക്കാതിരിക്കുന്നില്ല. എന്നാൽ അവരുടെ ഉദ്യമങ്ങളെല്ലാം വിജയം വരിക്കണമെങ്കിൽ ഭാരതനിവാസികളേവരുടേയും ഒത്തൊരുമിച്ചുള്ള പ്രയത്നംകൂടി ആവശ്യമുണ്ടല്ലോ.

രാഷ്ട്രപിതാവായ ഗാന്ധിജി ഈ തത്ത്വം നിതരാം ഗ്രഹിച്ചിരുന്നു. അതു പ്രയോഗത്തിൽ വരുത്തുന്നതിനുവേണ്ട പോംവഴികൾ അന്വേഷിച്ചു കണ്ടുപിടിക്കുകയും ചെയ്തു. വിഭിന്ന സമുദായങ്ങൾ തമ്മിലുള്ള ശണ്ഠകളും മത്സരങ്ങളും ശമിപ്പിച്ചു സഹകരണം സമ്പാദിക്കുന്നതിനുവേണ്ടി, അന്വേഷിച്ചു നിരാഹാരവ്രതംപോലും അനുഷ്ഠിച്ചിട്ടുള്ള സംഭവങ്ങളും നമുക്കു് അജ്ഞാതങ്ങളല്ല. എന്നാൽ, ഭാരതം സ്വതന്ത്രമായ ഉടനെ അന്വേഷിച്ചു സൂത്രണം ചെയ്തിരുന്ന പദ്ധതിയനുസരിച്ചുള്ള പ്രവർത്തനമാരംഭിക്കുന്നതിനുവേണ്ടി നിർമ്മിച്ച മൗലികസ്വാതന്ത്ര്യരേഖയിൽ ഒപ്പുവച്ചുവെന്നുള്ള കാരണത്തെമാത്രം ആസ്പദമാക്കി നീചനീചം വധിക്കപ്പെട്ടുവാനിടയാകയാണല്ലോ ചെയ്തതു്. ഇതിൽനിന്നു യാഥാസ്ഥിതികതയാടുള്ള ദുഷിച്ച പ്രതിപത്തിയുടെയും അബദ്ധബോധത്തോടുള്ള നികൃഷ്ടതൽപരതയുടെയും ഫലത്തിന്റെ പരിണതി ധരിച്ചുവയ്ക്കുവാൻ പാ

ട്ടുണ്ട്. പച്ചമരത്തോടിങ്ങനെയെങ്കിൽ ഉണക്കമരത്തോട് എ
ങ്ങനെയായിരിക്കും. അഹോ, ഭീകരത! ഗാന്ധിജിയുടെ ഘാ
തകന്റെ അനുയായികളും സഹപ്രവർത്തകന്മാരും ഇന്നും ജീവി
ച്ചിരിക്കുന്നുണ്ടായിരിക്കാം. അവരെക്കുറിച്ചുള്ള ഭീരുത്വമല്ലായി
രിക്കുമോ താളശന്മാരെ ശരിയായ മാർഗ്ഗത്തിലേക്കു നയിക്കുന്ന
തിനു മതിയായ പ്രതിവിധികൾ അവലംബിക്കുന്നതിനുവേണ്ട
സത്വരനടപടികൾ സ്വീകരിക്കുന്നതിൽനിന്നു സ്വദേശാ
ഭിമാനികളെ നിവർത്തിപ്പിക്കുന്നതെന്നു തോന്നിപ്പോകുന്നു.
ആർ. എസ്. എസ്കാരും ഹിന്ദുമഹാസഭക്കാരും ഭാരതഗണ
കാംക്ഷികളും സ്വരാജ്യദ്രോഹികളുമാണോ! മനുഷ്യത്വത്തെ
അവഗണിച്ചുകൊണ്ടുള്ള ഒരു സ്വരാജ്യദ്രോഹത്തെക്കുറിച്ചു
ചിന്തിക്കുന്നതെങ്ങനെയാണാവോ? ഈ വാചകങ്ങൾ എഴുതി
ക്കൊണ്ടിരിക്കുന്ന അവസരത്തിൽ കിട്ടിയ പത്രത്തിൽനിന്നു
ധീരമതിയായ പണ്ഡിത നെഹ്രുജി, ഗോവധത്തിന്റെ പേരിൽ
വർദ്ധിയ ലഹള കുത്തിപ്പൊക്കുവാൻ ശ്രമിച്ച ഹിന്ദുമഹാസഭ
ക്കാരെ അപലപിച്ചുകൊണ്ടു ലക്നോവിൽവച്ചു ചെയ്ത പ്ര
സംഗത്തിന്റെ സംഗ്രഹം ചേർത്തിട്ടുണ്ട്. അഭിമാനമല്ലാതെ ഒരു
ഇതരമതസമുദായാംഗമാണ് ഇതു് എഴുതുകയോ പറകയോ
ചെയ്തിരുന്നതെങ്കിൽ പരമതനിന്ദയെന്നും സമുദായ വിദ്വേഷ
മെന്നും പറഞ്ഞു ലഹളയുണ്ടാക്കുവാൻ വേറൊരു കാരണമാവ
ശ്യമില്ലായിരുന്നു. ഈയിടെ നമ്മുടെ നാട്ടിൽ നിരോധിക്കപ്പെ
ട്ട മൂന്നുനാലു പ്രസിദ്ധീകരണങ്ങളുടെ ചരിത്രംതന്നെ ഈ പ്ര
സ്താവനയ്ക്കു സാക്ഷ്യംവഹിച്ചുകൊള്ളുമല്ലോ.

താത്കാലികമായ നിരൂപണപരിധിയിൽ നിന്നുകൊ
ണ്ടു രചിച്ചിട്ടുള്ള ഈ "ഹിന്ദുമതചിന്തകൾ" വായിച്ചുപോകു
മ്പോൾ എന്നിലുണ്ടായ വികാരങ്ങളെ ഇപ്രകാരം പ്രദർശിപ്പിച്ചു
വെന്നേയുള്ളൂ. ഏതു മതവിശ്വാസികളുടെ ഇടയിലായിരുന്നാലും
കാണപ്പെടുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിരൂ
പണത്തിനു വിധേയമാക്കപ്പെടുകതന്നെ ചെയ്യണം. അ

തത്തുമതങ്ങളിലെ അദ്ധ്യസ്തവിദ്യർ ഈ പ്രസ്ഥാനത്തിൽ മുൻപെട്ടിറങ്ങുന്നതു കൂടുതൽ അഭിലഷണീയമായിരിക്കും. സൃഷ്ടിപരവും ശാസ്ത്രീയവുമായ നിരൂപണങ്ങൾ എപ്പോഴും പ്രയോജനകരമാണ്. ഓരോരുത്തരുടെ ജഡികാഭിലാഷങ്ങളുടെയും സ്വാർത്ഥതൽപരതയുടേയും ഫലമാണു വിഗ്രഹാരാധനയും കൃത്രിമാരാധനാസമ്പ്രദായങ്ങളും. അവയെ പുലർത്തിക്കൊണ്ടുപോകുവാനുള്ള ചിലരുടെ ഇപ്പോഴത്തെ ഉദ്യമങ്ങളും നീചവും സ്വാർത്ഥമാത്രപ്രേരിതവും തന്നെയാണെന്നു വെളിപ്പെടുത്തണം. അങ്ങനെയുള്ളവരിൽനിന്നു എതിർപ്പുകൾ ഉണ്ടാകാതെ വരികയുമില്ല. പര്യാപ്തന്മാരെങ്കിലും അവയെ അഭിമുഖീകരിക്കുവാൻ ചങ്കുറപ്പോടെ തുനിഞ്ഞിറങ്ങിയില്ലെങ്കിൽ പ്രാചീന ഗ്രീസ്, പുരാതന റോമാ എന്നിവയെപ്പോലെ നമ്മുടെ ഭാരതവും അധഃപതിക്കുവാൻ ഇടയുണ്ട്. ഭാരതം അടിമത്തത്തിൽ ആണ്ടുപോകേണ്ടിവന്നതു് എങ്ങനെയെന്നു് അന്വേഷിച്ചറിയുകയും ചെയ്ക. അഖണ്ഡമതത്തെക്കാൾ മതരാഹിത്യമാണു വിഹിതമെന്നുള്ള ഭ്രാന്തൻ തുടങ്ങിയുള്ള പണ്ഡിതവരേണ്യന്മാരുടെ അഭിപ്രായം. സമത്വബോധവും സഹോദരചിന്തയും അന്വേഷിക്കാത്തതും യുക്തവിരുദ്ധമായ ആരാധനാസമ്പ്രദായങ്ങളും ഉൾക്കൊള്ളുന്നതുമായ മതങ്ങളും സംഘടനകളും തിരോധാനം ചെയ്യാതെ തരമില്ല.

കമ്മ്യൂണിസത്തിനു പ്രചാരം സിദ്ധിച്ചുവരുന്ന ഈ കാലസന്ധിയിൽ മതനിരൂപണം അശാസ്ത്രമാണെന്ന പ്രസ്താവനയോടു് എല്ലാവരും അനുകൂലിക്കുന്നില്ലായിരിക്കും. എന്നാൽ അതു സുലഭമായി പ്രചരിച്ചിട്ടുള്ളതു് അന്ധവിശ്വാസികളുടെയും ശീഘ്രകളും പാഷണ്ഡതകളും അവലംബിച്ചു നിയന്ത്രണരഹിതരായി കഴിഞ്ഞുകൂടിയവരുടെയും ഇടയിലാണെന്നു സൂക്ഷ്മപരിശോധന നടത്തിയാൽ കണ്ടുപിടിക്കാവുന്നതാണു്. ആദ്ധ്യാത്മികജീവിതത്തിൽ നിഷ്ണാതരുള്ളവരാണു് ഇൻഡ്യാക്കാരെന്നു

പറയുന്നുണ്ടെങ്കിലും സ്വമതാനുകൂലികളുടെ സംഖ്യ ഇൻഡ്യാക്കാരുടെ ഇടയിലെന്നതുപോലെ ഇപ്പോൾ ആരുടെയിടയിലെങ്കിലുമുണ്ടോ എന്ന് അനുപദിക്കാമല്ലോ. എല്ലാം നല്ലതാണെന്നു പറയുന്നതു തന്നെ ഒന്നിനോടും പ്രതിപത്തിയില്ലെന്നുള്ള ഒരു ഗുർലക്ഷണമത്രേ. ഈ പ്രസ്താവനയെ സഹിഷ്ണുതയില്ലായ്മയെന്ന ദുർവ്യാഖ്യാനം ചെയ്യുകയെന്നു നിശ്ചയമുണ്ട്. എന്നിരുന്നാലും സമീചീനമായ അഭിപ്രായപ്രകടനം ചെയ്യാതിരിക്കണമെന്നു വിചാരിക്കുന്നില്ല. സത്യം അറിവാനും സൗന്ദര്യം ആസ്വദിക്കുവാനും ആനന്ദം അനുഭവിക്കുവാനും മനുഷ്യനുള്ള നൈസർഗ്ഗികമായ വാസന ഭാരതീയർക്കുമുണ്ടെങ്കിൽ യഥാർത്ഥനിരൂപണംകൊണ്ടുണ്ടാകാവുന്ന ഗുണം ഭാരതത്തിലും ആവിർഭവിക്കാതിരിക്കുവാൻ വഴിയില്ല.

ലക്ഷണസംയുക്തമായ നിരൂപണം അഖണ്ഡത്തെ അതിന്റെ തനിരൂപത്തിൽത്തന്നെ വെളിപ്പെടുത്തണം. അഖണ്ഡം ഗ്രഹിച്ചുകഴിഞ്ഞാൽ മതത്തിന്റെ പേരിൽ ആചരിച്ചുവരുന്ന ഏതു് അനാചാരവും പരിത്യജിക്കുവാൻ അനുവാദമുള്ളവരാണു ഹിന്ദുക്കൾ എന്നത്രേ രാഷ്ട്രപതി ശ്രീ പുരുഷോത്തമ താണ്ഡന്റെ അഭിപ്രായം. മതശാസനകളെക്കാൾ വിവേകവും പരിതോവസ്ഥകളും സംജാതമാക്കുന്ന ആവശ്യങ്ങളും അനുസരിച്ചു പാരമ്പര്യത്തിനും ശാസ്ത്രത്തിനും വിരുദ്ധമായിരുന്നാൽത്തന്നെയും കാലാനുപപന്നമായ പരിവർത്തനങ്ങൾ സാധീകരിക്കുന്നതിനു മടികാണിക്കാത്തവരായിരുന്നു നമ്മുടെ പൂർവികന്മാർ എന്നാണു് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ 56–ാമതു വാർഷികസമ്മേളനത്തിൽവച്ചു് അദ്ദേഹം പ്രസംഗിച്ചിട്ടുള്ളതു്. എന്നാൽ അസത്യത്തെയും അനീതിയെയും അവയുടെ യാതൊരു രൂപത്തിലും വരവണ്ണം വകവച്ചുകൊടുക്കാതെ സമരംചെയ്ത ശാന്തിസ്വരൂപനായ ക്രിസ്തുവിന്റെ അനുയായികളായ കത്തോലിക്കാക്രിസ്ത്യാനികൾക്കു്, സത്യത്തെയും നീതിയെയും അസ്പഷ്ടമാക്കി നിഷ്കർഷിച്ചിരിക്കുന്ന

മതവിധികളിൽ യാതൊരു വീട്ടുവീഴ്ചയും അനുവദിക്കപ്പെട്ടു
ന്നില്ലെന്നുള്ള യാഥാർത്ഥ്യംകൂടി ഹിന്ദുക്കൾ ധരിക്കയും വേ
ണം. അവർ അതിനുകൂടി സന്നദ്ധരാകുമെങ്കിൽ അവർക്കു കു
ത്തോലിക്കരുമായി യാതൊരു സംഘട്ടനവുംകൂടാതെ എപ്പോ
ഴും ഏകോദരസഹോദരരെപ്പോലെ വർത്തിക്കുവാൻ യാതൊരു
പ്രയാസവും നേരിടുകയില്ല. സഹോദരന്മാർ പരസ്പരം സ്നേഹി
ക്കയും ഓരോരുത്തരുടെ സുഖദുഃഖങ്ങളിൽ അന്യോന്യം പങ്കു
കൊള്ളുകയും സൃഷ്ടിപരമായ ആലോചനകൾ നടത്തുകയും സ
മുചിതനിരൂപണം ചെയ്കയും എല്ലാറ്റിലും സഹകരിച്ചു
പ്രവർത്തിക്കയും ചെയ്യുമ്പോളാണല്ലോ കുടുംബങ്ങളുടെ ഐശ്വ
ര്യം വർദ്ധിക്കുന്നതു്. ഈ നയം ഭാരതമാകുന്ന കുടുംബത്തി
ന്റെ ക്ഷേമൈശ്വര്യത്തിനുവേണ്ടി എന്തുകൊണ്ടു നമുക്കു് അ
വലംബിച്ചുകൂടാ?

അതുകൊണ്ടു്, താത്ത്വികവും ശാസ്ത്രീയവുമായ മതനിരൂപ
ണഗ്രന്ഥങ്ങൾ ധാരാളമായി രചിക്കയും പ്രചരിപ്പിക്കയും ചെ
യ്യുന്നതിൽ കഴിവുള്ളവരെല്ലാവരും ശ്രമിക്കണമെന്നാണു് എ
ന്റെ അഭിപ്രായം. ഈ കൃത്യത്തിൽ ഏർപ്പെടുന്നതിനു വയ
ലുകളിൽ കൃഷിവല ചെയ്യുന്ന ദരിദ്രർക്കോ വ്യവസായശാ
ലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കോ അങ്ങാടി
കളിൽ കച്ചവടംചെയ്യുന്ന വണിക്കുകൾക്കോ അല്ലാതെ ബു
ദ്ധിവികാസം വന്നവർക്കും മോഷാവ്യൽപത്തി സമ്പാദിച്ചവ
ർക്കുമേ സാധിക്കയുള്ളുവല്ലൊ. ഈ ഗ്രന്ഥത്തിന്റെ രചയിതാ
ക്കൾക്കും മുവർക്കും മേല്പറഞ്ഞ കഴിവുകളെല്ലാം സിദ്ധിച്ചിട്ടുള്ള
തായി എനിക്കറിയാം. അവർ ആരംഭിച്ചിട്ടുള്ള വേല ഈ ഗ്ര
ന്ഥത്തിന്റെ പ്രസിദ്ധീകരണത്തോടുകൂടി നിറുത്തിവയ്ക്കു
തെന്നാണു് എന്റെ അഭ്യർത്ഥന. ഈ ഗ്രന്ഥത്തിനു പൂർത്തിവ
രണമെങ്കിൽത്തന്നേ ഹിന്ദുമതത്തിന്റെ ആധുനികങ്ങളായ
പ്രസ്ഥാനവിശേഷങ്ങളും തദനുയോജ്യങ്ങളായ നിരൂപണങ്ങ
ളുംകൂടി ചേർക്കേണ്ടതുണ്ടു്. മായാമല്ല, ഇതിൽ അതിസംക്ഷി

പ്പുമായി മാത്രം ചെയ്തിട്ടുള്ള ഓരോ കോടിയെയുംപറ്റി ഓരോ പുസ്തകത്തെന്ന ഉണ്ടായാൽ നന്നായിരിക്കും. അതിന് ആവശ്യമുള്ള ജ്ഞാനശകലങ്ങൾ സമ്പാദിക്കുന്നതിനുവേണ്ട മൂലഗ്രന്ഥങ്ങൾ പരിശോധിച്ചുനോക്കുന്നതിന് മതിയായ സംസ്കൃതജ്ഞാനിപുണതയും ഇവർക്കുണ്ടെന്ന് എനിക്കറിയാം. അവർ തുടർന്നു പരിശ്രമം നടത്തുകയും പൊതുജനങ്ങൾ അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്താൽ മതിയാകും. ഈ ഭഗ്രന്ഥങ്ങൾ എല്ലാവർക്കും ആകർഷകമാകുമെന്നു ഞാൻ പറയുന്നില്ല. പഥ്യമുള്ള ഔഷധം എല്ലായ്പ്പോഴും രുചികരമായിരിക്കയില്ലല്ലോ. ബഹുജനങ്ങൾക്ക് ഇതു രുചികരവും കൂടിയായിരിക്കുമെന്നുള്ള നിവേദനത്തോടുകൂടി ഇതിനെ സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളട്ടെ.

ഫാദർ തോമസ് കൊച്ചുമ്പുങ്കാനാൽ
സംസ്കൃതഭാഷാ പ്രൊഫസർ
മംഗലപ്പുഴ സെമ്മിനാരി, ആലുവാ.

ഹിന്ദുമതചിന്തകൾ

അദ്ധ്യായം ഒന്ന്

രംഗനിരീക്ഷണം

മതവും തത്ത്വചിന്തയും മനുഷ്യനോടും മനുഷ്യജീവിതത്തോടും ഗാഢമായി ബന്ധപ്പെട്ട നിൽക്കുന്നു. തന്മൂലം ഹിന്ദുമതത്തെയും ഹൈന്ദവസംസ്കാരത്തെയും പഠിക്കുവാനൊരുങ്ങുമ്പോൾ അവ ഉടലെടുക്കുന്നതിനും വളരുന്നതിനും കാരണഭൂതരായ ആളുകളെയും അവരുടെ ആശയങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങളെയും നാം മനസ്സിലാക്കേണ്ടതാണ്. അതിനാൽ ഭാരതത്തിലെ ജനവർഗ്ഗങ്ങളെയും സാഹിത്യകൃതികളെയും ഭിന്നമാത്രയിൽ നമുക്കൊന്നു പരിശോധിക്കാം.

ഉത്തരേൻഡ്യയിൽ മോഹഞ്ജദാരോ, ഹാരപ്പാ എന്നീപ്രദേശങ്ങളിലും ദക്ഷിണേൻഡ്യയിൽ ആദിച്ചനെല്ലൂരും പുരാതനവസ്തുഗവേഷകന്മാർ ചെയ്ത പര്യവേഷണങ്ങളുടെ ഫലമായി കണ്ടെത്തപക്ഷം ആറു പ്രധാനവർഗ്ഗങ്ങൾ പ്രാചീനഭാരതത്തെ അധിവസിച്ചിരുന്നുവെന്നു തെളിയുകയുണ്ടായി. നീഗ്രിറോ ജാതിക്കാരാണ് ആദ്യമായി ഇൻഡ്യയിൽ പ്രവേശിച്ചതെന്ന് ഊഹിക്കപ്പെടുന്നു. എന്നാൽ ഇപ്പോൾ ഈ വർഗ്ഗീയരെ അതരൂപത്തിൽ ഇൻഡ്യയിലെങ്ങും കാണ്മാനില്ല. എങ്കിലും തിരുവിതാംകൂറിലും കൊച്ചിയിലും അങ്ങിങ്ങായി കാണപ്പെടുന്ന ഊരാളികൾ, കാണിക്കാർ, പുലയർ മുതലായവരിൽ പ്രസ്തുതവർഗ്ഗത്തിന്റെ ചില ലക്ഷണങ്ങൾ കാണുവാനുണ്ടെന്നാണ്

ആധുനിക ശാസ്ത്രജ്ഞന്മാരുടെ അഭിമതം. നീഗ്രിറോവർഗ്ഗക്കാരെ അവരുടെ തനിരൂപത്തിൽ ഇന്ന് ആൻഡമാൻ ദ്വീപിലും ആസ്ട്രേലിയായിലും കാണുവാൻ കഴിയും. ഇവരുടെ അടുത്ത പിൻഗാമികളാണ് പ്രോട്ടോ-ആസ്ട്രലോയിഡ് ജാതിക്കാർ. ഇൻഡ്യയിലെ അധഃസ്ഥിതവർഗ്ഗക്കാരിൽ ഇവരുടെ രക്തം കലർന്നിട്ടുണ്ടെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. സിലോണിലെ വേടന്മാരും മലവേടന്മാരും തിരുവിതാംകൂറിലെ മുതുവൻമാരും പളനിമലകളിലെ പാലിയരും മധ്യഭാരതത്തിലെ സന്താൾ, മുണ്ഡാ, ഖരിയാ എന്നീ ജാതിക്കാരും, ഒറീസ്സായിലെ ഗോണ്ഡുകളും ഈ വർഗ്ഗത്തിൽപെട്ടവരാണ്.

മധ്യധരണ്യാഴിയുടെ സമീപപ്രദേശങ്ങളായ സ്പെയിൻ, ഇറാലി എന്നീ രാജ്യങ്ങളിൽനിന്നു പുറപ്പെട്ട് ഇൻഡ്യയിൽ വന്നുചേർന്ന ദ്രാവിഡന്മാരെയാണ് അടുത്തതായി നാം കാണുന്നത്. അവരുടെ സംസ്കാരവും വാണിജ്യവ്യവസായാദികളും ഇൻഡ്യയിൽ മാത്രമല്ല വിദേശങ്ങളിലും ഒരു കാലത്തു പ്രചരിച്ചിരുന്നു എന്നാണ് അധുനാതന പണ്ഡിതന്മാരിൽ ഒരാളായ സർ ജോൺ മാർഷൽ അഭിപ്രായപ്പെടുന്നത്. മലയാളികൾ, തമിഴർ, തെലുങ്കർ, കർണ്ണാടകർ എന്നീ ജനസംഘ്യങ്ങളിൽ ഭൂരിഭാഗവും ദ്രാവിഡവർഗ്ഗീയരാണ്.

അടുത്തത് ഇൻഡോ-ആൽപൈൻവർഗ്ഗക്കാരാണ്. മധ്യയൂറോപ്പയിരുന്ന ഇവരുടെ പൂർവ്വികസ്ഥാനം. ഈ വർഗ്ഗത്തിന്റെ അവാന്തരവിഭാഗങ്ങളാണ് ഇന്നത്തെ മഹാരാഷ്ട്രർ, ഗുജറാത്തികൾ, ക്ഷത്രികൾ മുതലായവർ. ഇവർ പശ്ചിമതീരത്തെയും മൈസൂരിന്റെ വടക്കു പടിഞ്ഞാറുള്ള ഭൂഭാഗത്തെയും മഹാരാഷ്ട്രം, ഗുജറാത്തു് എന്നീ രാജ്യങ്ങളെയും അധിവസിക്കുന്നു.

ഇൻഡ്യയിൽ വന്നെത്തിയ മറെറാരുവർഗ്ഗമാണ് മംഗോളിയർ. ചൈനാക്കാരോടും ജപ്പാൻകാരോടും ബന്ധപ്പെട്ടിട്ടുള്ള ഇവർ അസ്സാമിലും ഹിമാലയൻപ്രാന്തങ്ങളിലും മാത്രമേ കൂടിയേറി പാർത്തിട്ടുള്ളൂ.

ഭാരതചരിത്രത്തിൽ അന്യാദൃശമായ സ്വാധീനശക്തി പ്രയോഗിക്കുകയും ഒരു പ്രത്യേകസംസ്കാരത്തിന്റെ മായാത്ത മുദ്ര പതിക്കുകയും ചെയ്ത ഒരു മഹാജനവിഭാഗം അടുത്തതായി നമ്മുടെ ശ്രദ്ധയിൽപ്പെടുന്നു. 'ആര്യന്മാർ' എന്ന പേരുകൊണ്ടു തന്നെ സ്വവർഗ്ഗശ്രേഷ്ഠതയെ പ്രഘോഷിച്ചിരുന്ന ഇവർ ഏകദേശം നാലായിരം കൊല്ലങ്ങൾക്കുമുമ്പു മദ്ധ്യേഷ്യയിൽനിന്നും ഭാരതഭൂമിയിൽ വന്നെത്തി. ചരിത്രത്തിന്റെ ആരംഭകാലത്തു് ഇവർ ഉത്തരേൻഡ്യയിലേ പർവ്വതപ്രദേശങ്ങളിലും നദീതീരങ്ങളിലും വസിച്ചിരുന്നതായി ഋഗ്വേദത്തിൽനിന്നും നമുക്കു മനസ്സിലാക്കാം. ഭൂവിഭാഗങ്ങൾ ഒന്നൊന്നായി പിടിച്ചടക്കിക്കൊണ്ടു മുന്നോട്ടുനീങ്ങിയ ഇവർ ആദിമനിവാസികളായ കറുത്തവർഗ്ഗക്കാരിൽ ഒട്ടുപേരെ മലകളിലേക്കു പായിക്കുകയും ശേഷിച്ചവരെ അടിമകളാക്കുകയുംചെയ്തു. കാലാന്തരത്തിൽ തങ്ങളുടെ മതവും സംസ്കാരവും ദക്ഷിണേൻഡ്യയിലെ ദ്രാവിഡജനതയുടെമേൽ ആര്യന്മാർ അടിച്ചേല്പിക്കുകയുണ്ടായി. തന്മൂലം പുരാതന ഋഷീശ്വരന്മാരുടെ വിശ്വാസാചാരങ്ങളിൽനിന്ന് ഇന്നത്തെ യഥാസ്ഥിതികഹിന്ദുമതം എത്രതന്നെ വിഭിന്നമായാലും അതു് ഇൻഡോ-ആര്യന്മാരുടെ വൈദികസംസ്കൃതിയിൽനിന്നു മുളയെടുത്തിട്ടുള്ളതാണെന്നുള്ളതിനു സംശയമില്ല. ഈ 'ശ്രേഷ്ഠവർഗ്ഗ'ക്കാർ ഹിമവൽസേതുപര്യന്തം തങ്ങളുടെ ഇളകാത്ത സംസ്കാരമുദ്ര പതിച്ചിട്ടുണ്ടു്. തുടരെത്തുടരെയുള്ള വിദേശീയാക്രമങ്ങൾക്കു — മഹമ്മദീയാക്രമങ്ങൾക്കുപോലും — അതിനെ നിർമ്മാർജ്ജനം ചെയ്യുവാൻ സാധിച്ചിട്ടില്ല. ഇക്കാരണത്താലാണു് 'ഇളകാത്ത ഇൻഡ്യാ' എന്ന പേരു ഭാരതത്തിനു സിദ്ധിച്ചിട്ടുള്ളതു്.

ഇവരെത്തുടർന്നു് ഇൻഡ്യയിൽ പ്രവേശിച്ചിട്ടുള്ള ജനവർഗ്ഗങ്ങളിൽ പ്രാധാന്യമർഹിക്കുന്നവ പേർഷ്യൻ, ഗ്രീക്കു്, സിറിയൻ, ബാക്ട്രിയൻ, സിതിയൻ, യു-ച്ചി (ചൈനീസ്) ഹൂൺ, മഹമ്മദൻ, യൂറോപ്യൻ മുതലായവയാണു്. നാം കണ്ടു

കഴിഞ്ഞ വർഗ്ഗക്കാരുടേയെല്ലാം നേരിട്ടുള്ള സന്താനങ്ങളും അവരുടെ പരസ്പരസങ്കരത്തിൽനിന്ന് ഉൽഭൂതമായിട്ടുള്ള മിശ്രജാതികളും ആണ് ഇന്നത്തെ ഇൻഡ്യൻ ജനത. അതിനാൽ വർഗ്ഗവൈവിധ്യത്തിന്റെ ഒരു 'പ്രദർശനശാല' എന്ന് ഇൻഡ്യയെ അനവർത്ഥമായി വിളിക്കാവുന്നതാണ്. സംസ്കാരത്തിന്റെ അത്യുച്ചകോടിയിൽ എത്തിയിരിക്കുന്ന ആധുനിബ്രാഹ്മണനും കിരാതപ്രായത്തിന്റെ ഇരുളടഞ്ഞ വനാന്തരങ്ങളിൽ ചുറ്റിത്തിരിയുന്ന മലവേടനും ഇന്നത്തെ നമ്മുടെ സ്വതന്ത്രഭാരതത്തിന്റെ പൌരന്മാരാണ്.

ഇൻഡ്യൻസംസ്കാരത്തിന്റെ പഴക്കം

ക്രീറ്റ്, ടീപിൽ നടത്തിയ ആധുനികഗവേഷണങ്ങളെ അടിസ്ഥാനപ്പെടുത്തി യവനസംസ്കാരത്തിനു നാലായിരംകൊല്ലത്തെ പഴക്കമുണ്ടെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ അതിനു് ആയിരത്തഞ്ഞൂറുകൊല്ലംമുമ്പുതന്നെ ഭാരതസംസ്കാരം ഉന്നതനിലയിൽ എത്തിയിരുന്നതായി സിന്ധുതടങ്ങളിലുള്ള മോഹഞ്ജദാരോ, ഹാരപ്പാ, എന്നിവിടങ്ങളിൽ അടുത്തകാലത്തു നടത്തിയ ഭൂഗർഭഗവേഷണം വെളിപ്പെട്ടത്തിയിരിക്കുന്നു. ആര്യന്മാർ അന്ന് ഇൻഡ്യയിലെത്തിയിരുന്നില്ല. അതിനു് ഇനിയും ഏകദേശം രണ്ടായിരംകൊല്ലം കഴിയേണ്ടിയിരുന്നു. ഈ സംസ്കാരം ഏതു വർഗ്ഗത്തിന്റേതായിരുന്നുവെന്നു ഗവേഷകന്മാർ ഇന്നും ഖണ്ഡിതമായി പറയുന്നില്ല. എങ്കിലും അതു ദ്രാവിഡമായിരുന്നുവെന്നാണ് അധികം പേരുടേയും അനുമാനം. ആരുടേതാണെങ്കിലും ശരി, ഒന്നു നിശ്ചയംതന്നെ. ആ സംസ്കാരം അതിന്റെ സുവർണ്ണദശയിൽ എത്തിയിരുന്നു. അവരുടെ സാങ്കേതികജ്ഞാനത്തിന്റെയും വ്യവസായാഭിവൃദ്ധിയുടേയും ഉത്തമലക്ഷ്യങ്ങളാണ് ഇന്നു നാം അവിടെ കാണുന്ന നഷ്ടശിഷ്ടങ്ങൾ. ഇന്നത്തെ ഒന്നാംകിട നഗരങ്ങളിലുപ്പോലുള്ള ജലസേചനപദ്ധതി അവിടെ നടപ്പിലി

രുന്നു. നൂൽനൂൽപ്പ്, ലോഹവേല, ശില്പകല, ചെമ്പ്, ഓട്ട്, വെള്ളി, സ്വർണ്ണം മുതലായ ലോഹങ്ങളുടെ ഉപയോഗം, എന്നിവ ഇവർക്കു സുപരിചിതമായിരുന്നു. ഇവരുടെ പ്രധാന കാർഷികോല്പന്നങ്ങൾ കോതമ്പും, ബാർലിയുമായിരുന്നു. ഇങ്ങനെ നാനാപ്രകാരേണ ഔൽകൃഷ്ട്യം പ്രാപിച്ച ഒരു സംസ്കാരത്തിന്റെ പശ്ചാത്തലത്തിലാണ് ആര്യന്മാർ രംഗപ്രവേശം ചെയ്തത്.

ഇൻഡോ—ആര്യൻസാഹിത്യം

പുരാതനമായ ഇൻഡോ–ആര്യന്മാരുടെ സാഹിത്യത്തിൽ ദ്രാവിഡസംസ്കാരം സാരമായ സ്വാധീനശക്തി ചെലുത്തിയിട്ടുണ്ടെന്നാണ് ഇന്നത്തെ പേരെടുത്ത പല ചരിത്രകാരന്മാരുടെയും അഭിപ്രായം. ഭാരതീയരിൽ ദ്രുമിളപക്ഷവും എക്കാലത്തും പ്രാവഡന്മാരായിരുന്നുവെന്നും, ആര്യന്മാർ ഇൻഡ്യയിൽ പ്രവേശിച്ചകാലത്തു ദ്രാവിഡനാഗരികത സമുന്നതമായ ഒരു നിലയിൽ എത്തിയിരുന്നുവെന്നും ഉള്ളതാണ് അവർ ഉന്നയിക്കുന്ന വാദങ്ങളിൽ മുഖ്യമായതു്. ഇതു വാസ്തവമെങ്കിലും ദ്രാവിഡന്മാർക്കു പുരാതന വൈദികസാഹിത്യത്തിൽ പങ്കുണ്ടായിരുന്നതായി അനുമാനിക്കാൻ യാതൊരു ചരിത്രരേഖയും കാണുന്നില്ല. അതുകൊണ്ടു പുരാതന ഭാരതീയസാഹിത്യം ദ്രാവിഡമയമല്ലെന്നും, തനിയാര്യൻ മാത്രമാണെന്നും വിശ്വസിക്കപ്പെടുന്നു.

അടുത്തതായി ആര്യൻസാഹിത്യത്തെ സ്ഥൂലമായി ഒന്നു പരിശോധിച്ചുനോക്കാം. കാലം, വിഷയം, ഭാഷ എന്നിവയെ അടിസ്ഥാനപ്പെടുത്തി പുരാതന ഹൈന്ദവസാഹിത്യത്തെ മൂന്നായി തരം തിരിക്കാം: വൈദികം, വൈദികേതരം(Sectarian) ക്ലാസ്സിക്കു്. വൈദികസാഹിത്യത്തിന്റെ കാലം ക്രി. സി. 2000–ത്തിനും ക്രി. ഡി. 1200–നും മദ്ധ്യേയാണെന്നു വിശ്വസിക്കപ്പെടുന്നു. മതവും കാർശനികവിഷയങ്ങളുമാണ് ഇതിൽ

പ്രധാനമായി പ്രതിപാദിച്ചിരിക്കുന്നത്. പ്രാചീനസംസ്കൃതം മുതൽ ക്ലാസ്സിക്കുസംസ്കൃതംവരെ അതിൽ കാണാം. അടുത്ത സാഹിത്യവിഭാഗത്തിന്റെ കാലഘട്ടം ബി. സി. 200-നും എ. ഡി. 500-നും ഇടയ്ക്കാണ്. വിവിധ വ്യാഖ്യാതാക്കളേയും അവരുടെ മതങ്ങളേയുംപറ്റി ഇവിടെ പ്രതിപാദിക്കപ്പെടുന്നു. ഭാഷ പ്രാകൃതം. ക്ലാസ്സിക്കു സാഹിത്യത്തിന്റെ ആരംഭകാലം ബി. സി. 300-നോടടുത്താണ്. സംസ്കൃതത്തിനു വ്യാകരണവും ശാസ്ത്രവിധികളും നൽകിയ വിശ്വവിശ്രുതനായ പാണിനിയാണ് ഈ പ്രസ്ഥാനത്തിന് അടിസ്ഥാനമിട്ടത്. ഇതിന്റെ യുഗം ഇനിയും അവസാനിച്ചിട്ടില്ല. ചരിത്രം, സാഹിത്യം, സമുദായാചാരങ്ങൾ മുതലായവയാണ് ഇതിലെ ചർച്ചാവിഷയം.

വൈദികസാഹിത്യം

ഇതിലടങ്ങിയിരിക്കുന്ന ഗ്രന്ഥങ്ങൾ ശ്രുതിയെന്നും സ്മൃതിയെന്നും രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. ശ്രുതി; 'ശ്രു' എന്ന ധാതുവിൽനിന്നാണ് ഇതിന്റെ ഉത്ഭവം. കേൾക്കുക എന്നർത്ഥം. ഈശ്വരനിൽ നിന്നുതന്നെ ഋഷീശ്വരന്മാർ ശ്രവിച്ചുതാണു വേദങ്ങൾ എന്നതത്രേ ചില ഹിന്ദുക്കളുടെ വിശ്വാസം. മറ്റു ചില ഹിന്ദുക്കളുടെ അഭിപ്രായത്തിൽ വിശ്വത്തിന്റെ അപാരതകളിൽനിന്നു പുറപ്പെട്ടുകൊണ്ടിരിക്കുന്ന അനേകമനേകം അനന്തശബ്ദരാശികളെ പ്രാക്തനമഹർഷിമാർ ശ്രവിച്ചു വാഗ്രൂപത്തിൽ പ്രകാശിപ്പിച്ചുതാണു ശ്രുതി. ആദിയിൽത്തന്നെ ദൈവം മനുഷ്യനു നൽകിയ തെറ്റുവാൻ പാടില്ലാത്ത ഒരു പ്രബോധനമാണ് ഈ ശബ്ദരാശിയെന്നു മറ്റു ചില ഹൈന്ദവാചാര്യന്മാരും കരുതുന്നു. പൂർവ്വമീമാംസാകർത്താവായ ജൈമിനിയും അദ്വൈതസിദ്ധാന്തത്തിന്റെ പ്രണേതാവായ ശങ്കരാചാര്യരും ഈ അഭിപ്രായക്കാരാണ്.

"വചനം അഥവാ ശബ്ദം നിത്യവും ആദിമുതലെയുള്ള

തുമാണ്. കാരണം, അതു മനുഷ്യർക്കുവേണ്ടിയുള്ള ഒരു ആവിഷ്കരണമാണ്." പാവനമായ വേദത്തച്ചങ്ങിൽ രേഖപ്പെട്ടത്തിക്കൂടാ എന്നായിരുന്നു വിധി. അവ ഈശ്വരമുഖത്തുനിന്നുതന്നെ ശ്രവിച്ചു വ്യക്തിസ്ഥമാക്കേണ്ടതായിരുന്നതിനാലാണു ശ്രുതി എന്നപേർ ഉണ്ടായതെന്നു് ഇന്നത്തെ ചില ഹൈന്ദവപണ്ഡിതന്മാർ പറയുന്നു.

സ്മൃതി. സ്മരിക്കുക എന്നർത്ഥമുള്ള "സ്മൃ" ആണ് ഇതിന്റെ മൂലം. ശ്രുതിയിൽ അധിഷ്ഠിതമായ ഈ സാഹിത്യശാഖ മതസിദ്ധാന്തങ്ങളേയും അവയ്ക്കു മഹർഷിമാർ നൽകിയിട്ടുള്ള വ്യാഖ്യാനങ്ങളേയും പരമ്പരാഗതമായ പല വിശ്വാസങ്ങളേയും ഉൾക്കൊള്ളുന്നു. ആര്യവർത്തത്തിന്റെ അന്തർജ്ഞാനസംഹിതയാണിതെന്നു പറയുന്നു.

ശ്രുതിഗ്രന്ഥങ്ങൾ

1. ഋക്, യജുസ്, സാമം. അഥർവ്വം എന്നീ ചതുർവേദങ്ങൾ. ഇവ ബി. സി. 2000-നും 1200-നും മധ്യേ വിരചിതമാണെന്നു സങ്കല്പിക്കപ്പെട്ടുന്നു. ഇതര വേദങ്ങളോടൊപ്പം അഥർവ്വവേദത്തിനു യാഥാസ്ഥിതികന്മാർ പ്രാമാണ്യം നൽകുന്നില്ല. ഹിന്ദുക്കളുടെ അംഗീകൃതമതഗ്രന്ഥങ്ങളിൽ അഥർവ്വവേദത്തിനു സ്ഥാനം ലഭിച്ചതു ബി. സി. 300-നോട് അടുത്തായിരിക്കും. കാരണം ഉപനിഷത്തുകൾ, മഹാഭാരതം, മനുസ്മൃതി, ബൌദ്ധഗ്രന്ഥങ്ങൾ മുതലായ മറ്റു വേദങ്ങളെപ്പറ്റി പറയുന്നുണ്ടെങ്കിലും ഇതിനെപ്പറ്റി യാതൊന്നും സൂചിപ്പിക്കുന്നില്ല. ഇതിന്റെ പ്രാചീനനാമം 'അഥർവ്വ അംഗീരസ്' എന്നായിരുന്നു. ശത്രുസംഹാരത്തിനും രോഗനിവാരണത്തിനും മറ്റുമുള്ള അനേകം മന്ത്രങ്ങളും ജപങ്ങളും ഇതിൽ കാണാം. ഇതര വേദങ്ങളെ അപേക്ഷിച്ചു കൂടുതൽ ഭീതിപ്രകൃതികളായ ദേവതകളും, ഭീകരമായ ആരാധനാസമ്പ്രദായങ്ങളുമാണ് ഇതിൽ സ്ഥലം പിടിച്ചിരിക്കുന്നതു്.

"മുത്തിഃ ഭിരാമഷോരാം
ബിഭ്രദിവാഥർവണോ നിഗമാൻ"
(മഹാവീരചരിതം)

2. ബ്രാഹ്മണങ്ങർ. (ബി. സി. 1200–1000) വേദങ്ങർക്ക വ്യാഖ്യാനവും യാഗങ്ങർക്ക പ്രായോഗികനിർദ്ദേശങ്ങളും അവയുടെ വിശദീകരണാർത്ഥമുള്ള പല ഐതിഹ്യങ്ങളുമാണ് ഇതിന്റെ ഉള്ളടക്കം.

3. ആരണ്യകങ്ങർ (100 ബി. സി) വാനപ്രസ്ഥാശ്രമങ്ങളുടെ ഗ്രന്ഥങ്ങളാണിവ. ഈശ്വരൻ, യാഗം, മനുഷ്യൻ, പ്രപഞ്ചമെന്നിവയെപ്പറ്റിയുള്ള കേവാത്മകങ്ങളായ പല പരിചിന്തനങ്ങളുമാണ് ഇതിലെ പ്രതിപാദ്യവിഷയം.

4. ഉപനിഷത്തുക്കർ (ബി. സി. 1000–700) ഭാരതീയ ദർശനങ്ങളുടെയും ആദ്ധ്യാത്മികതത്ത്വങ്ങളുടെയും അസ്തിവാരമാണ് ഉപനിഷത്തുക്കർ. കവികർ വേദങ്ങളും, പുരോഹിതന്മാർ ബ്രാഹ്മണങ്ങളും, സന്യാസികർ ആരണ്യകങ്ങളും തത്ത്വചിന്തകന്മാർ ഉപനിഷത്തുക്കളും സൃഷ്ടിച്ചു.

സ്മൃതിഗ്രന്ഥങ്ങർ

1. വേദാംഗങ്ങർ. ഇവ വേദങ്ങളുടെ അവയവങ്ങർ ആണ്. വേദാംഗങ്ങർ ആറുണ്ട്.

ശിക്ഷാകല്പോവ്യാകരണം
നിരുക്തംഛന്ദസ്സാം ചയഃ
ജ്യോതിഷാംചൈവ
വേദാംഗാനിഷ്ഡേവതു.

a) ശിക്ഷ. വേദങ്ങളെ സ്ഫുടമായും തെറ്റുകൂടാതേയും ഉച്ചരിക്കുന്നതിനുള്ള ശാസ്ത്രീയനിയമങ്ങർ നൽകുന്നു.

b) ഛന്ദസ്സ് വൃത്തനിബന്ധനകങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു. പിംഗളൻ (ക്രി. സി. 100) ആണ് ഇതിന്റെ രചയിതാവ്.

c) വ്യാകരണം. പാണിനി(ക്രി. സി. 140)യാണ് മുഖ്യ ഗ്രന്ഥകാരൻ.

d) നിരുക്തം അഥവാ ശബ്ദവ്യുൽപത്തിവിദ്യ. വേദഗ്രന്ഥങ്ങളിലെ ദുർഗ്രഹപദങ്ങളെ വ്യാഖ്യാനിക്കുന്നു. "നാമാഖ്യാതജമാഹനിരുക്തം". യാസ്കനാണ് ഇതിന്റെ കർത്താവ് (ക്രി. സി. 350).

e) ജ്യോതിഷം. പഞ്ചാംഗനിർമ്മാണത്തിന് ആവശ്യകമായ ഗ്രഹനിലകളെപ്പറ്റി നിർണ്ണയിക്കുന്ന ജ്യോതിശ്ശാസ്ത്ര ഗ്രന്ഥമാണ്.

f) കല്പം. യാഗകർമ്മങ്ങളിൽ അനുഷ്ഠിക്കേണ്ട വിധികളെപ്പറ്റി ഇതിൽ പ്രതിപാദിക്കുന്നു.

2. സൂത്രങ്ങൾ. (ക്രി. സി. 500–200.) 'നൂല്' എന്നർത്ഥമുള്ള ഈ പദത്തിനു കാലാന്തരത്തിൽ, ഏറ്റവും ചുരുങ്ങിയ വാക്കുകളിൽ ആശയാവിഷ്കരണം സാധിക്കുന്ന ലഘുനിയമം അഥവാ നിയമങ്ങളുടെ സമാഹാരം എന്ന അർത്ഥം സിദ്ധിച്ചു.

"സ ചല്പാക്ഷരമസന്ദിഗ്ദ്ധം
സാരവദ്വിശ്വതോമുഖം
അസ്തോഭമനവദ്യം ച
സൂത്രം സൂത്രവിദോ വിദുഃ"

ശ്രമസാദ്ധ്യമായ ശാസ്ത്രാദ്ധ്യയനം സുഗമമാക്കുന്നതിനു പറ്റിയ ഈ 'സൂത്രവിദ്യ' ഭാരതീയാചാര്യന്മാർ ലോകത്തിനു നല്കിയിട്ടുള്ള ഒരു വിശിഷ്ടദാനമാണ്.

3. ഇതിഹാസങ്ങൾ. 'പഞ്ചമവേദം' എന്നറിയപ്പെടുന്ന ഈ സാഹിത്യവിഭാഗത്തിൽ ദേവാസുരന്മാർ, മഹർഷിമാർ, മഹാരാജാക്കന്മാർ, സപ്തദേവതകൾ മുതലായവരെപ്പ

റിയുള്ള അനേകം സങ്കല്പകഥകൾ ഉൾപ്പെട്ടുന്നു. കഥപറച്ചിൽ ജീവിതത്തൊഴിലാക്കി നടന്നിരുന്ന അനേകം ആളുകളെ ആദിമശതകങ്ങളിൽ ഭാരതത്തിലെങ്ങും കാണാമായിരുന്നു. അവരാണ് ഈ കഥാപ്രസ്ഥാനത്തിന്റെ പ്രചാരകർ. രാമായണവും മഹാഭാരതവുമാണ് (ബി. സി. 500–500 എ. ഡി.) ഇതിലെ പ്രധാന ഗ്രന്ഥങ്ങൾ.

4. ധർമ്മശാസ്ത്രങ്ങൾ. (ബി.സി. 200–200 എ.ഡി.)

വ്യക്തിയേയും കുടുംബത്തേയും സമുദായത്തേയും നിയന്ത്രിക്കുന്ന നിയമാവലിയുടെ സമാഹാരമാണ് ഇത്. മനു, യാജ്ഞവല്ക്യൻ, പരാശരൻ എന്നിവരാണ് ഇതിലെ പ്രധാന നിയമദാതാക്കൾ. ഈ നിയമാവലിക്ക് ഇന്നു ചരിത്രപരമായ പ്രാധാന്യംമാത്രമേ ശേഷിച്ചിട്ടുള്ളൂ. മാനവധർമ്മശാസ്ത്രം അഥവാ മനുസ്മൃതിയാണ് ഈ വകുപ്പിലെ പ്രധാന ഗ്രന്ഥം. വൈദികകാലശേഷംമാത്രം വിരചിതമാണെങ്കിലും വേദങ്ങളിൽ അധിഷ്ഠിതമായതിനാൽ ഇവയെ ഹിന്ദുക്കൾ പൂജ്യമായികരുതിപ്പോന്നു. ഹൈന്ദവജീവിതത്തിൽ മനുസ്മൃതിപോലെ മറ്റൊന്നും ഇത്രയേറെ സ്വാധീനത ചെലുത്തിയിട്ടില്ല. ഒരു ലക്ഷത്തിൽപരം ശ്ലോകങ്ങളുണ്ടായിരുന്ന മൂലഗ്രന്ഥത്തിന്റെ ഒരു സംഗ്രഹം മാത്രമാണ് ഇന്നത്തെ മനുസ്മൃതി. ഇത്തരുണത്തിൽ മനുവിനെപ്പറ്റി ഒന്നുരണ്ടു വാക്കു പറയുന്നതു സന്ദർഭോചിതമായിരിക്കുമെന്നു കരുതുന്നു. ഋഗ്വേദത്തിലും ഗീതയിലും നാലു മനുക്കളെപ്പറ്റി പറയുന്നുണ്ട്. പക്ഷേ ഇവരിലാരും മനുസ്മൃതിയുടെ ഉപജ്ഞാതാവായിരിക്കാൻ ഇടയില്ല. എന്തുകൊണ്ടെന്നാൽ പൗരസ്ത്യശാസ്ത്രഗവേഷകന്മാരുടെ അഭിപ്രായപ്രകാരം മനു ഒരു പ്രത്യേകവ്യക്തിയല്ല, പ്രത്യുത, ഒരു ലോകാചാര്യനേയോ, അഥവാ ആദ്യമനുഷ്യനേയോ സൂചിപ്പിക്കുന്ന പദം മാത്രമാണ്. 'ചിന്തിക്കുക' എന്നർത്ഥമുള്ള 'മന്' ധാതുവിൽനിന്നാണ് മനു എന്ന വാക്കിന്റെ ഉത്ഭവം. മനുവിന്റെ തലമുറയിൽപ്പെട്ടതാണ് മാനവൻ. അതുകൊണ്ട് മാനവധർമ്മശാസ്ത്രം

എന്നു വച്ചാൽ മനുഷ്യന്റെ ധാർമ്മികവ്യാപാരങ്ങളെ നിയന്ത്രിക്കുന്ന നിയമസംഹിതയെന്നേ അർത്ഥമുള്ളൂവെന്നാണു പണ്ഡിതമതം.

5. പുരാണങ്ങൾ. (ബി. സി. 200–800 എ. ഡി.) പുരാതനമായതത്തിലെ രാജാക്കന്മാരേയും രണവീരന്മാരേയും പറ്റിയുള്ള അനേകം സങ്കല്പകഥകളാണു പുരാണങ്ങൾ. വ്യാസവിരചിതമാണ് ഇവയിൽ മിക്കതും എന്നാണു പൊതുവേയുള്ള വിശ്വാസം. പതിനെട്ടാണു പുരാണങ്ങൾ. ഇവയിൽ ചരിത്രം, തത്ത്വശാസ്ത്രം, ധർമ്മശാസ്ത്രം മുതലായവയെപ്പറ്റിയുള്ള പ്രതിപാദനങ്ങളും ഇല്ലാതില്ല. ശരിയായ ഒരു ഹൈന്ദവജീവിതത്തിനു പുരാണജ്ഞാനം അനുപേക്ഷണീയമാണ് എന്നു മഹോപാദ്ധ്യായജി പറയുന്നു. ഇതിന്റെ ചരിത്രവാസ്തവികതയെപ്പറ്റി സുപ്രസിദ്ധ പണ്ഡിതനായ ഡി. എസ്സ്. ശർമ്മ പറയുന്നതു പുരാണങ്ങളിലെ പ്രതിപാദ്യവിഷയം പ്രായേണ ആദർശസത്യങ്ങളാണ്, ചരിത്ര സത്യങ്ങളല്ല എന്നാണ്. വിഷ്ണുവിന്റെ ദശാവതാരകഥകളിൽനിന്ന് ഇതു സുഷ്ഠുമാകുന്നുണ്ട്. (1)

6. ആഗമങ്ങൾ. (ബി. സി. 400–1000 എ. ഡി.) ഇവ വൈഷ്ണവശൈവശക്തിസിദ്ധാന്തങ്ങളെപ്പറ്റി സവിസ്തരം പ്രതിപാദിക്കുന്നു. വേദതത്ത്വങ്ങളെ നിഷേധിക്കുന്നില്ലെങ്കിലും, വേദങ്ങളിൽ ഉന്നയിച്ചിട്ടുള്ള മുക്തിമാർഗ്ഗം പൊതുജനങ്ങൾക്ക് അനഭിഗമ്യമാണെന്നാണ് ആഗമസിദ്ധാന്തക്കാരുടെ അഭിപ്രായം. തന്മൂലം ഒരു എളുപ്പമാർഗ്ഗം നിർദ്ദേശിക്കുന്നതിനാണ് അവരുടെ പുറപ്പാട്. ആഗമങ്ങൾക്കു ജ്ഞാനം, യോഗം, ക്രിയ, കാര്യം എന്ന നാലു ഭാഗങ്ങളുണ്ട്. അധുനിക ഹിന്ദുക്കൾ വേദങ്ങളേക്കാൾ കൂടുതൽ പ്രാധാന്യം നല്കുന്നതു് ആഗമങ്ങൾക്കാണ്.

(1) "What is Hinduism." p. 14.

ഇന്നു പ്രചാരത്തിലിരിക്കുന്ന വൈഷ്ണവമതവിഭാഗങ്ങൾക്ക് ആധാരഭൂതമായിട്ടുള്ളതു താഴെ പറയുന്ന മൂന്ന് ആഗമങ്ങൾ ആണ്.

a) പഞ്ചരാത്രാഗമങ്ങൾ. വിഷ്ണുവാണ് ഈ ആഗമങ്ങളിലെ ഈശ്വരൻ. എ. ഡി. 500-നും 900-നും ഇടയ്ക്ക് ഉത്തരേന്ത്യയിൽ ഇവ വിരചിതമായി. എന്നാൽ ദക്ഷിണേന്ത്യയിലാണ് ഇതിനു കൂടുതൽ പ്രചാരം സിദ്ധിച്ചിട്ടുള്ളതു്. രാമാനുജൻ ഇവയെപ്പറ്റി പലപ്പോഴും സൂചിപ്പിക്കുന്നുണ്ട്. രാധാകൃഷ്ണന്മാരുടെ സ്തുതികീർത്തനമായ നാരദപഞ്ചരാത്രത്തിനുള്ള പ്രാമാണ്യം സന്ദിഗ്ദ്ധമാണ്. 16-ാംനൂറ്റാണ്ടിലാണ് ഇതിന്റെ നിർമ്മാണം.(1)

b) ശൈവാഗമങ്ങൾ. ശിവനാണ് ഇവയിലെ ആരാധനാമൂർത്തി. ദക്ഷിണേന്ത്യയിലെ ശൈവസിദ്ധാന്തത്തിന് അടിസ്ഥാനമിട്ടതു് ഈ ആഗമങ്ങളാണ്. ഇവയുടെ ഉത്ഭവം എ. ഡി. മൂന്നാംശതകത്തിലാണെന്നാണു പൊതുവേയുള്ള അഭിപ്രായം. (2)

c) ശാക്തൃാഗമങ്ങൾ, അഥവാ തന്ത്രങ്ങൾ. ദുർഗ്ഗ, കാളി മുതലായ അഭിധാനങ്ങളിൽ പരമാത്മാവിനെ "വിശ്വമാതാവായി സങ്കല്പിച്ചിരിക്കുന്ന ഈ തന്ത്രങ്ങളുടെ ജന്മഭൂമി ബംഗാളാണ്. പൂർവ്വാപരവൈരുദ്ധ്യത്തിന്റെയും, അശ്ലീലതയുടെയും അതിഗർഹണീയമായ ഒരു കേളീരംഗമാണു തന്ത്രങ്ങൾ. ഇതു അസാന്മാർഗ്ഗികവും, അശ്ലീലവുമായ ഒരു പുസ്തകം ഇന്നുവരെ പ്രകാശിതമായിട്ടില്ലെന്നു പറയപ്പെടുന്നു. ഇതിന്റെ ഖിലസത്തയെ വെള്ളയടിക്കുവാൻ പലരും പണിപ്പെട്ടിട്ടുണ്ടെങ്കിലും പരാജയപ്പെടുകയാണുണ്ടായിട്ടുള്ളതു്.

---

(1) Vaishnavism, by Bhandarkar (p. 40).

(2) Outline of Religious Literature in India (Farquhar, p. 193).

വൈഭാഗികസാഹിത്യം (Sectarian) (ബി. സി. 200–500 എ. ഡി.) ബി. സി. 6–ാംനൂറാണ്ടോടുകൂടി ഇൻഡ്യയിൽ യുക്തിവാദത്തിന്റെ ഒരു തിരുപ്പുറപ്പാടുണ്ടായി. അതിൽ നിന്നു ജന്മമെടുത്ത അനേകം നൂതനമതസിദ്ധാന്തങ്ങളിൽ ഇന്നു നിലനിന്നു പോരുന്നതു ജൈനമതവും, ബുദ്ധമതവും മാത്രമാണ്. അവയുടെ സിദ്ധാന്തങ്ങളാണ് ഈ സാഹിത്യവിഭാഗം. ജൈനഗ്രന്ഥങ്ങൾ പ്രാകൃതഭാഷയിലും, ബൌദ്ധഗ്രന്ഥങ്ങൾ പാലിഭാഷയിലും രചിക്കപ്പെട്ട.

ക്ലാസ്സിക്കു സംസ്കൃതസാഹിത്യം. (ബി. സി. 300–1200 എ. ഡി.) ജൈനബൌദ്ധമതങ്ങൾ പ്രാദേശിക ലുപ്തപ്രചാരങ്ങളായതോടുകൂടി ബ്രാഹ്മണർ മുമ്പോട്ടു വരുകയും സംസ്കൃതസാഹിത്യത്തെ പുനരുദ്ധരിക്കുവാൻ ശ്രമിക്കുകയും ചെയ്തു. സംസ്കൃതത്തെ ഭാരതത്തിന്റെ ഔദ്യോഗികഭാഷയാക്കുവാനായിരുന്നു അവരുടെ ശ്രമം. ഇക്കാലഘട്ടത്തിൽ വിരചിതമായ പ്രധാന പുസ്തകങ്ങൾ താഴെ പറയുന്നവയാണ്.

a) മഹാകാവ്യങ്ങൾ (ബി. സി. 500–500 എ. ഡി.) രാമായണവും മഹാഭാരതവുമാണ് അന്നത്തെ മഹാകാവ്യങ്ങൾ. ഇവയെത്തുടർന്ന് എഴുതിയിട്ടുള്ളതാണ പിന്നീടുള്ള മഹാകാവ്യങ്ങളെല്ലാം. ഇവയിൽ പ്രാധാന്യമർഹിക്കുന്നതു രഘുവംശം, കുമാരസംഭവം, ഭട്ടികാവ്യം, കിരാതാർജ്ജുനീയം ശിശുപാലവധം, നൈഷധചരിതം മുതലായവയാണ്. നൈഷധചരിതം എ. ഡി. പന്ത്രണ്ടാംനൂറ്റാണ്ടിലാണ നിർമ്മിക്കപ്പെട്ടതു്.

b) ആഖ്യായികകൾ (എ. ഡി. 500–700 വരെ). കാദംബരി, ദശകുമാരചരിതം മുതലായ കഥകൾ ഇവയിൽ ഉൾപ്പെടുന്നു.

c) നാടകങ്ങൾ: ബി. സി. രണ്ടാംശതകത്തിൽ ജീവിച്ചിരുന്ന പതഞ്ജലിയുടെ ഗ്രന്ഥങ്ങളിലാണ നാടകങ്ങളെപ്പറ്റി

യുള്ള ആദ്യസൂചനയുള്ളത്. ഭാരതീയ നാടകലോകത്തിലെ ചക്രവർത്തിയാണു കാളിദാസൻ. ശാകുന്തളം, വിക്രമോർവശീയം, മാളവികാഗ്നിമിത്രം, എന്നീ ഉൽകൃഷ്ടനാടകങ്ങൾ വിശ്വസാഹിത്യകാരന്മാരുടെയിടയിൽ ഷേക്സ്പിയറോടൊപ്പമുള്ള ഒരു സ്ഥാനം കാളിദാസനു നല്കുന്നുണ്ട്.

d) ഖണ്ഡകാവ്യങ്ങൾ. കാളിദാസന്റെ മേഘദൂത്, ഋതുസംഹാരം, ബിൽഹണന്റെ ചൌരപഞ്ചശിക, അമരുവിന്റെ അമരുകശതകം ഇത്യാദിയാണ് ഈ ശാഖയിലെ പ്രധാനകൃതികൾ.



അദ്ധ്യായം രണ്ട്

വേദങ്ങളുടെ പ്രാമാണ്യം

വൈദികസാഹിത്യത്തെ അവധാനപൂർവ്വം പരിശോധിക്കുന്നതിനുമുമ്പു ഹിന്ദുക്കളുടെ ഇടയിൽ അതിനുള്ള സ്ഥാനത്തെയും, പ്രാമാണ്യത്തെയുംപറ്റി അല്പം ചിന്തിക്കുന്നതു് അവസരോചിതമായിരിക്കും. ഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം എല്ലാ മതാചാര്യന്മാർക്കും മാർഗനികന്മാർക്കും വേദങ്ങൾ പരമവും പ്രമാദരഹിതവുമായ പ്രമാണികഗ്രന്ഥങ്ങളാണ്. ആദ്യം എഴുതപ്പെട്ടിട്ടുള്ള മനുഷ്യചിന്തകളാണ് ഇവയെന്നു് അവരിൽ പലരും അഭിപ്രായപ്പെടുന്നു. ആധുനിക ഹിന്ദുപണ്ഡിതന്മാരിൽ പ്രമുഖനായ സ്വാമിപ്രണവാനന്ദൻ ഇപ്രകാരം പറയുന്നു "ബുദ്ധമതവും ജൈനമതവും ഒഴികെ മറ്റെല്ലാഭാരതീയദർശനങ്ങളും മതവിഭാഗങ്ങളും വേദങ്ങളെ അവയുടെ ഉത്ഭവകേന്ദ്രമായും പരമപ്രമാണമായും കണക്കാക്കുന്നു. ആധുനികകാലങ്ങളിൽ ഉടയംചെയ്തിട്ടുള്ള പുതിയ ഹൈന്ദവവിഭാഗങ്ങളെയും

ദർശനങ്ങളേയും പറഞ്ഞും ഇതുതന്നെ പറയാവുന്നതാണ്."(1) മറെറാരു ഹിന്ദുപണ്ഡിതനായ ജവാലപ്രസാദിന്റെ അഭിപ്രായം ഇതാണ്. "സർവ്വശാസ്ത്രങ്ങളുടെയും സാഹിത്യങ്ങളുടെയും ഉത്ഭവകേന്ദ്രവും എല്ലാജ്ഞാനത്തിന്റേയും ഉറവിടവുമാണ് വേദങ്ങൾ. അതുമല്ല പരബ്രഹ്മത്തിന്റെ നാദരൂപമായ പ്രകാശനംതന്നെയാണ് വേദങ്ങൾ".(2)

വേദങ്ങളും ഹിന്ദുക്കളുടെ വിശുദ്ധ ഗ്രന്ഥങ്ങളും തൊണ്ണവമതബോധത്തിന്റെ ഉറവിടമല്ലുമാണ്. ഒരു ഹിന്ദു ഈശ്വരനിൽ വിശ്വസിച്ചെന്നോ ഇല്ലെന്നോ വരാം, എന്നാൽ വേദങ്ങളുടെ പ്രാമാണ്യത്തെ നിഷേധിക്കുന്ന പക്ഷം ഒരു നാസ്തികനായി അവൻ മുദ്രയടിക്കപ്പെടുന്നു. ഉദാഹരണമായി ബുദ്ധജൈനമതാനുയായികളും യഥാസ്ഥിതികന്മാരുടെ ദൃഷ്ടിയിൽ നാസ്തികരാണ്. എന്നാൽ ഈശ്വരാസ്തിത്വത്തെപ്പററി യാതൊന്നും പറയാതിരിക്കുകയോ പാടെ നിഷേധിക്കുകയോ ചെയ്യുന്ന സാംഖ്യ മീമാംസാസിദ്ധാന്തക്കാർ അവരുടെ ദൃഷ്ടിയിൽ യഥാർത്ഥ ഹിന്ദുക്കളാണ്.

വേദം, വേദങ്ങൾ, വേദാന്തം ഇങ്ങനെ പല പേരുകളും നാം കേൾക്കുന്നുണ്ട്. ഋക്ക്, യജുർ, സാമം അഥർവം എന്നിവയാണ് "വേദങ്ങൾ." വേദം എന്നുമായും പറഞ്ഞാൽ ഇപ്പറഞ്ഞ നാലു വേദങ്ങളുടെയും ബ്രാഹ്മണങ്ങളുടെയും ആരണ്യകങ്ങളുടെയും ഉപനിഷത്തുക്കളുടെയും സമാഹാരമാണ്. വേദാന്തമെന്നു പറഞ്ഞാൽ അദ്യമായി നാം മനസ്സിലാക്കുന്നതു് ഉപനിഷത്തുക്കളാണ്. മററു ദാർശനികഗ്രന്ഥങ്ങളും വേദാന്തത്തിൽ ഉൾപ്പെടുന്നു. വേദം എന്ന വാക്കിന്റെ ഉത്ഭവം കാണുക എന്നർത്ഥമുള്ള "വിദ്" ധാതുവിൽനിന്നാണ്. ഇതിന്റെ തുല്യധാതുക്കളാണ് ലത്തീനിലെ 'വിദേരെ'യും ((Videre) ഗ്രീ

(1) Vedic Religion and Philosophy (p. 47, 48).
(2) Introduction to Indian Philosophy (p. 3).

ക്കിലെ ഓയിദയും, (oida) ഹീബ്രുവിലെ 'വാദ'യും (Vada), കണ്ണുകൊണ്ടു കാണുകയെന്നല്ല, ബുദ്ധികൊണ്ടു ഗ്രഹിക്കുക എന്നാണ് ഇവിടത്തെ വിവക്ഷ. എന്നാൽ ബാഹ്യേന്ദ്രിയങ്ങൾവഴിയായി മനസ്സിനു ലഭിക്കുന്ന അറിവല്ല, പ്രത്യുത നേരിട്ടു മനുഷ്യാത്മാവിനു സിദ്ധിക്കുന്ന ആന്തരികജ്ഞാനം അഥവാ ബ്രഹ്മവിദ്യയാണ് ഇവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. ഉപാസനകാണ്ഡം, കർമ്മകാണ്ഡം, ജ്ഞാനകാണ്ഡം എന്നു വേദങ്ങൾക്കു മൂന്ന് അവാന്തരവിഭാഗങ്ങൾ ഉണ്ട്. ചതുർവേദങ്ങൾ ഉപാസനകാണ്ഡത്തിലും, ബ്രാഹ്മണങ്ങൾ കർമ്മകാണ്ഡത്തിലും, ആരണ്യകങ്ങളും ഉപനിഷത്തുക്കളും ജ്ഞാനകാണ്ഡത്തിലും ഉൾപ്പെടുന്നു.

വേദങ്ങളുടെ ആവിഷ്കരണം

വേദങ്ങൾ-ഈശ്വരനിൽനിന്നു നേരിട്ടു പുറപ്പെട്ടവെന്നും മഹർഷിമാർ അവയെ നേരിട്ടു മനസ്സിലാക്കിയെന്നുമാണു പരമ്പരാഗതമായ ഹൈന്ദവവിശ്വാസം. എന്നാൽ ഈ ആവിഷ്കരണം അഥവാ വെളിപാടു് എങ്ങനെയാണോ എങ്ങനെ സംഭവിച്ചുവെന്നോ ഉള്ളതിൽ ഹിന്ദുക്കൾ തിന്നാഭിപ്രായക്കാരാണ്. യാഥാസ്ഥികന്മാരുടെ ദൃഷ്ടിയിൽ മനുഷ്യരുടെ ഉപയോഗത്തിനുവേണ്ടി ദൈവം മഹർഷിമാർക്കു വെളിപ്പെടുത്തിയ ദിവ്യസത്യങ്ങളാണ് ഇവ. എന്നാൽ ശങ്കരാചാര്യപ്രഭൃതികളായ ചിന്തകന്മാർ ഇവയുടെ ദിവ്യതപത്തെ വകവച്ചു കൊടുക്കുന്നില്ല. പുണ്യചരിതരും സൂക്ഷ്മദൃക്കുകളുമായ പുരാതന മഹർഷിമാർ സാധാരണ മനുഷ്യർക്ക് അനഭിഗമ്യമായ നിത്യസത്യങ്ങൾ സ്ഥൂലദൃഷ്ടിയുടെ സഹായംകൂടാതെ തന്നെ ധരിച്ചെന്നും അവയെ മനുഷ്യരാലിക്ക വെളിപ്പെടുത്തിയതാണു വേദങ്ങൾ എന്നുമാണ് ഇവരുടെ വാദം. രാധാകൃഷ്ണനും ഈ അഭിപ്രായക്കാരനാണ്. എന്നാൽ കൂടുതൽ മതപ്രതിപത്തിയുള്ള ഹിന്ദുക്കൾ വേറൊരു വ്യാഖ്യാനമാണു നൽകുന്നതു്. ഇന്ദ്രിയവ്യാപാ

രങ്ങളെ അടക്കി സമാധിയിൽ ലയിച്ച മഹർഷിമാർക്ക, ദൈവം, മനുഷ്യൻ, പ്രപഞ്ചം എന്നിവയെക്കുറിച്ചുണ്ടായ ആത്മീകാനുഭൂതികളും ഉദ്ദീപനങ്ങളുമാണ വേദങ്ങൾ. അതിനാൽ വേദങ്ങൾ "അപൌരുഷേയങ്ങൾ" അഥവാ "പുരുഷപ്രയത്നം വിനാ പ്രകൃതിയിൽത്തന്നെയുള്ളവ" ആണ്. മനുഷ്യരിൽ ഇന്ദ്രിയാതീതമായ ഏതോ ഒരു ഗ്രഹണശക്തി അന്തർലീനമായിട്ടുണ്ടെന്നും, അതു യോഗാഭ്യാസംവഴി ഉന്നിദ്രമാക്കപ്പെടുമെന്നും, തൽഫലമായി നിത്യസത്യങ്ങളെ നേരിട്ട് അറിയുവാൻ കഴിയുമെന്നുമാണ യോഗസിദ്ധാന്തക്കാരുടെ അഭിപ്രായം. ഇത്തരം സത്യങ്ങളാണ വേദങ്ങളിൽ അടങ്ങിയിരിക്കുന്നത്.

പക്ഷേ, ഈ അഭിപ്രായങ്ങൾക്ക ശാസ്ത്രീയമോ, താത്ത്വികമോ, ചരിത്രപരമോ ആയ അധിഷ്ഠാനമില്ലാത്തതിനാൽ അവയെ വെറും അഭൂഹങ്ങളായിമാത്രം പരിഗണിക്കാനേ നിവൃത്തിയുള്ളൂ. ഇന്ദ്രിയാപേക്ഷ കൂടാതെ വസ്തുക്കളേയും വസ്തുതകളേയും നേരിട്ടഗ്രഹിക്കുക മനുഷ്യപ്രകൃതിക്ക് അതീതമാണെന്നും മനശ്ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. പഞ്ചേന്ദ്രിയങ്ങൾ വസ്തുക്കളെ സ്ഥൂലമായി ഗ്രഹിക്കുന്നു. ഈ സ്ഥൂലജ്ഞാനത്തിൽ നിന്നും അന്തരിന്ദ്രിയങ്ങൾക്ക സൂക്ഷ്മജ്ഞാനം ലഭിക്കുന്നു. ഇങ്ങനെ ലഭിക്കുന്ന ആശയങ്ങളെ നാം നൈസർഗ്ഗികമായിത്തന്നെ താരതമ്യവിവേചനം ചെയ്യ സമ്പാദിക്കുന്നതാണ ജ്ഞാനം. എന്നാൽ ഇന്ദ്രിയാതീതമായ ജ്ഞാനം മനുഷ്യനിൽ നിവേശിപ്പാൻ ദൈവത്തിനു കഴിയും. അപ്പോഴാണു നാം നേരിട്ടു സത്യങ്ങളെ ഗ്രഹിക്കുന്നത്. ഇതിൽ മനുഷ്യപ്രയത്നത്തിനു സ്ഥാനമില്ല. അതിനാൽ യമം, നിയമം, ആസനം, പ്രാണായാമം മുതലായ പ്രകൃത്യനുസൃതങ്ങളായ യോഗാഭ്യാസങ്ങൾവഴി താത്ത്വജ്ഞാനം ലഭ്യമല്ല. ഇനിയും മഹർഷിമാർക്ക ദൈവനിവേശാത്തജ്ഞാനം ഉണ്ടായിരുന്നെങ്കിൽത്തന്നെയും പൂർവ്വാപരവിരുദ്ധങ്ങളായ പ്രസ്താവങ്ങൾ വേദങ്ങളിൽ എങ്ങനെ സ്ഥലം പിടിച്ചു?

ചില സാഹചര്യങ്ങളുടെ പ്രേരണ നിമിത്തമാണ് വേദങ്ങൾക്ക് ദൈവനിവേശിതത്വം ആരോപിക്കപ്പെട്ടിവന്നത്. മനുഷ്യബുദ്ധി പരിമിതവും ഭ്രാന്തിനവുമാകയാൽ മനുഷ്യവ്യാപാരങ്ങളെ സുരക്ഷിതമായി നിയന്ത്രിക്കുന്നതിനു മനുഷ്യാതീതനായ ഒരു നിയമദാതാവു കൂടിയേ കഴിയൂ എന്നുള്ള അനുമാനത്തിൽ അവർ എത്തിച്ചേർന്നു. അതിനാൽ വേദങ്ങൾക്ക് അവർ ദിവ്യത്വവും അപ്രമാദിത്വവും നല്കി. വേദങ്ങളുടെ നിർമ്മാണകാലത്തു് അവയെ ഈശ്വരാവിഷ്കൃതമായി ആരും, മഹർഷിമാർപോലും, പരിഗണിച്ചിരുന്നില്ല. അങ്ങനെയൊരു വിശ്വാസം ബി. സി. 900–ത്തോടോ 800–നോടോ അടുത്താണു പ്രചാരത്തിൽ വന്നതു്. ഇന്നു ജീവിച്ചിരിക്കുന്ന ഹൈന്ദവതത്ത്വശാസ്ത്രജ്ഞന്മാരിൽ അഗ്രഗണ്യനായ എസ്സ്. രാധാകൃഷ്ണൻ ഇങ്ങനെ പറയുന്നു. "ബ്രാഹ്മണങ്ങളിലേക്കു പ്രവേശിക്കുമ്പോൾ വേദങ്ങളുടെ ദിവ്യത്വം അനിഷേധ്യമായി സമ്മതിക്കപ്പെട്ടിരുന്ന ഒരു കാലയളവത്തിൽ നാം എത്തുന്നു. ഇക്കാലയളവത്തിലാണ് അവയ്ക്കു ദൈവനിവേശിതത്വവും തന്മൂലം സാർവ്വപ്രാമാണികത്വവും നല്കിയതു്. ഇതിന്റെ ആരംഭം എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. അന്നു് എഴുത്തു് അജ്ഞാതമായിരുന്നു. അതുപോലെ അച്ചടിയും പ്രസിദ്ധീകരണവും. അതിനാൽ വേദങ്ങളുടെ ഉള്ളടക്കം ചൊല്ലിക്കൊടുത്തു പഠിപ്പിക്കയായിരുന്നു പതിവു്. തദവസരത്തിൽ വേദങ്ങൾക്ക് ഉചിതമായ കേന്ദ്രാദരങ്ങൾ നല്കപ്പെടുവാനായി അവയ്ക്ക് ആചാര്യന്മാർ ഏതൊ ഒരു വിശ്വാസികല്പിക്കുകയുംചെയ്തു.(1)

വേദങ്ങൾ ഈശ്വരാവിഷ്കൃതങ്ങളോ?

വേദങ്ങൾ ഈശ്വരനിവേശിതങ്ങളാണെന്നു സ്ഥാപിക്കുവാൻ താഴെ പറയുന്ന ചില ന്യായങ്ങളാണ് ഉന്നയിക്ക

(1) The Indian Philosophy (Vol. I. p. 129).

പ്പെടുന്നതു്. "വേദങ്ങൾ ഈശ്വരനെപ്പറ്റിയും, ഈശ്വരന്റെ ഗുണങ്ങളെപ്പറ്റിയും പ്രതിപാദിക്കുന്നു. എന്നാൽ മൈവപ്രകാശനംകൂടാതെ ഈശ്വരനെപ്പറ്റി ശരിയായി അറിയുവാൻ സാധിക്കുകയില്ല. അതിനാൽ വേദങ്ങൾ ഈശ്വരൻ തന്നെ വെളിപ്പെടുത്തിയവയാണു്." വെളിപാടു വഴിയായി മാത്രമേ ഈശ്വരനെപ്പറ്റി അറിയുവാൻ സാധിക്കുകയുള്ളൂ എന്ന തെറ്റിദ്ധാരണയാണു് ഈ വാദത്തിന്റെ അടിസ്ഥാനം. എന്നാൽ മനുഷ്യബുദ്ധികൊണ്ടുതന്നെ ദൈവത്തെയും ദൈവത്തിന്റെ ഗുണഗണങ്ങളെയുംപറ്റി ഗ്രഹിക്കുവാൻ സാധിക്കുമെന്നുള്ളതു സുവിദിതമാണല്ലോ.

മറെറാരു വാദം. "വേദങ്ങളിൽ അനേകം ധാർമ്മികാനുശാസനങ്ങൾ നാം കാണുന്നുണ്ടു്. എന്നാൽ താഴ്ന്നനിയമങ്ങൾ മനുഷ്യനു നല്കുന്നതിനു ദൈവത്തിനുമാത്രമെ അധികാരമുള്ളൂ." ഇപ്പറയുന്ന നിയമങ്ങൾ മനുഷ്യരെ ഒന്നാകെ ബാധിക്കുന്നവയും, പ്രകൃതിസിദ്ധമായ ധാർമ്മികബോധത്തിനു് അതീതവുമാണെന്നു സ്ഥാപിക്കാത്തിടത്തോളംകാലം ഈ വാദത്തിനു വിലയില്ല.

ഇനിയും, ബൃഹദാരണ്യകോപനിഷത്തിൽ, "അഗ്നിയിൽനിന്നു ധൂമം എന്നപോലെ പരബ്രഹ്മത്തിൽനിന്നു ചതുർവ്വേദങ്ങളും, പുരാണേതിഹാസങ്ങളും, ഉപനിഷത്തുക്കളും, ശ്ലോകസൂത്രാദികളും പുറപ്പെട്ടുന്നു" എന്നു കാണുന്നു. എന്നാൽ ഈ മാതിരിയുള്ള പ്രസ്താവങ്ങൾ ഈശ്വരപ്രോക്തങ്ങളാണെന്നു തെളിയിക്കാത്തിടത്തോളംകാലം താത്ത്വികസാധുത ഉണ്ടായിരിക്കുന്നതല്ല. ഇത്തരം വാദങ്ങൾക്കു "സാധ്യസമം" എന്നാണു തർക്കശാസ്ത്രത്തിൽ പേരു കൊടുത്തിരിക്കുന്നതു്. തെളിയിക്കേണ്ടതിനെ അതേ തെളിവാവശ്യമുള്ള ഒരു വാദംകൊണ്ടു് സമർത്ഥിക്കുന്നു. വേദങ്ങളുടെ ദിവ്യത്വത്തിനുള്ള ആധാരമായി ഉപനിഷത്തുക്കൾ ഉന്നയിക്കപ്പെടുന്നു. എന്നാൽ ഉപനിഷത്തുക്കളും ദിവ്യമാണെന്നു തെളിയിക്കാത്തതുകൊണ്ടു് ഈ വാദം ദുർബലമാണു്.

ന്യായസിദ്ധാന്തത്തിന്റെ കർത്താവായ 'ഗൗതമമഹർഷി' വേദമന്ത്രങ്ങളുടെ അത്ഭുതസിദ്ധിയിൽനിന്ന് അവ ദിവ്യങ്ങളാണെന്നു തെളിയിക്കാൻ ശ്രമിക്കുന്നു. എന്നാൽ ഈ അത്ഭുതസിദ്ധികൾതന്നെ ചരിത്രസംഭവങ്ങളും പ്രകൃത്യതീതങ്ങളുമാണെന്നു തെളിയിക്കേണ്ടിയിരിക്കുന്നു. കൂടാതെ വാദത്തിനുവേണ്ടി ഇതു സമ്മതിച്ചാൽത്തന്നെയും, ധാർമ്മികനിയമങ്ങൾക്കെതിരായി ദൈവം പ്രവർത്തിക്കുന്നുവെന്നു സമ്മതിക്കേണ്ടിവരും. കാരണം, നികൃഷ്ടങ്ങളും ജുഗുപ്സാവഹങ്ങളുമായ കാര്യങ്ങളാണു മന്ത്രങ്ങളെ കൈകാര്യം ചെയ്യുന്നതു്. അതിഹീനങ്ങളായ ഈ മന്ത്രങ്ങൾ ജ്ഞാനത്തിന്റെയും പരിശുദ്ധിയുടെയും സാക്ഷാൽകാരമായ ദൈവം പഠിപ്പിച്ചുവെന്നു പറയുന്നതു വിശ്വസിക്കുക സാധ്യമല്ല.

ഈശ്വരാവിഷ്കരണത്തിന്റെ ലക്ഷണങ്ങൾ ഏവയെന്നും അവ വേദങ്ങളിൽ ഉണ്ടോ എന്നും ഇതിനുപരി നമുക്കു പരിശോധിക്കാം. മനുഷ്യനെ സത്പഥത്തിലേക്കു നയിക്കുന്നതിനാണു ദൈവം നിത്യസത്യങ്ങൾ ആവിഷ്കരിക്കുന്നതു്. അതിനാൽ, അബദ്ധജടിലമായ തത്ത്വങ്ങളും മതങ്ങളും ലോകത്തിലുള്ളതുകൊണ്ടു ദൈവം താൻ വെളിപ്പെടുത്തുന്നതു മറ്റുള്ളവയിൽനിന്നു തിരിച്ചറിയുന്നതിനു ചില ദിവ്യമുദ്രകൾ അതിനു നല്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ ഈ വെളിപാടുകൊണ്ടു് ഉദ്ദിഷ്ടഫലം സിദ്ധിക്കുകയില്ല.

ഈ മുദ്രകൾ രണ്ടു തരത്തിലാണുള്ളതു്. ആഭ്യന്തരവും ബാഹ്യവും.

ബാഹ്യലക്ഷണങ്ങൾ

വെളിപ്പെടുത്തപ്പെട്ട മതം താത്ത്വികമായി വിശകലനം ചെയ്തു അതിന്റെ ദിവ്യതത്ത്വത്തെ ഗ്രഹിക്കുന്നതിനു സാധാരണജനങ്ങൾക്കു സാധിക്കുകയില്ല. അതിനാൽ അതിന്റെ വി

ശ്വാസ്വതയെ സ്ഥാപിക്കുവാൻ അതിൽനിന്നു ഭിന്നമായ ചില ബാഹ്യലക്ഷണങ്ങളും കൂടിയേ കഴിയൂ. ഇത്തരം അടയാളങ്ങളാണ് അത്ഭുതങ്ങൾ.

അസാധാരണവും പ്രകൃതിശക്തികൾക്ക് അതീതവുമായ ഒരു യഥാർത്ഥസംഭവമാണ് അത്ഭുതം. അതിനാൽ ദൈവത്തിനുമാത്രമേ അത്ഭുതങ്ങളും പ്രവർത്തിക്കാൻ സാധിക്കയുള്ളൂ. ഒരു സത്യത്തിന്റെ ദിവ്യതയെ സ്ഥാപിക്കുന്നതിനു തെളിവായിട്ടാണു ദൈവം അത്ഭുതം പ്രവർത്തിക്കുന്നത്.

വേദങ്ങളിലെ സത്യങ്ങളെ സ്ഥാപിക്കുന്ന അത്ഭുതസംഭവങ്ങൾ നടന്നിട്ടുണ്ടോ എന്നാണു പരിശോധിക്കേണ്ടത്. ഇതിന് അത്ഭുതങ്ങളെന്നു പരിഗണിക്കപ്പെടുന്ന സംഭവങ്ങൾ യഥാർത്ഥമായി നടന്നിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അവയുടെ കർത്താവു ദൈവം തന്നെയോ എന്നും, അതെങ്കിൽ, അത് വേദങ്ങളുടെ ദിവ്യതയ്ക്കു തെളിവായി ദൈവം ചെയ്തതാണോ എന്നും ആരായേണ്ടിയിരിക്കുന്നു. എന്നാൽ, ഹൈന്ദവസാഹിത്യമെല്ലാം പരിശോധിച്ചാലും ഈ ലക്ഷണങ്ങൾ തികഞ്ഞ ഒരൊറ്റ സംഭവംപോലും കണ്ടുമുട്ടാൻ സാധിക്കയില്ല. ഇത്തരം ഒരു സംഭവം യാതൊരു ഹൈന്ദവസാഹിത്യകാരനും എടുത്തുകാണിക്കുന്നില്ല. കൂടാതെ അത്ഭുതത്തെ 'വെളിപാടി'ന്റെ ഒരു മുദ്രയായി അവർ കരുതുന്നുമില്ല. നിരൂപണബുദ്ധ്യാ വേദങ്ങളെ പരിശോധിക്കാതെതന്നെ ദിവ്യങ്ങളായി അവയെ സ്വീകരിക്കയാണു ഹൈന്ദവപണ്ഡിതന്മാർ ചെയ്തിട്ടുള്ളതു്.

ആന്തരികലക്ഷണങ്ങൾ

ഈ ലക്ഷണങ്ങൾ വെളിപ്പെടുത്തപ്പെട്ട സത്യങ്ങളിൽതന്നെ അധിഷ്ഠിതങ്ങളാണ്. അതായതു്, അവയിൽ തെറ്റുണ്ടായിരിക്കുവാൻ പാടില്ല. മാത്രമല്ല അവയെ മനുഷ്യബുദ്ധിക്കു കണ്ടുപിടിക്കുവാൻ സാധിക്കയുമരുതു്. എന്നാൽ തെറ്റുകൂടാതെ ഇല്ലെന്നുള്ളതുകൊണ്ടുമായും ഒരു പ്രസ്താവം ദിവ്യമാകുന്ന

ല്ല. തെറ്റുകൂടാതെ പല സത്യങ്ങളും കണ്ടുപിടിക്കുവാൻ മനുഷ്യർക്കു സാധിക്കും. എന്നാൽ ഏതെങ്കിലും തത്ത്വസംഹിതയിൽ അബദ്ധപ്രസ്താവങ്ങളും പൂർവ്വാപരവൈരുദ്ധ്യങ്ങളും അടങ്ങിയിട്ടുള്ളതായി കണ്ടാൽ അതു ദൈവത്താൽ വെളിപ്പെട്ടുത്തപ്പെട്ടതല്ലെന്നു നിസ്സംശയം പറയാം.

ഈ പശ്ചാത്തലത്തിൽ വേദങ്ങളെ നമുക്കു പരിശോധിക്കാം:—

വേദങ്ങളിൽ പല സനാതനതത്ത്വങ്ങളും അടങ്ങിയിട്ടുണ്ടെന്നുള്ളതിൽ പക്ഷാന്തരമില്ല. എന്നാൽ മതം, തത്ത്വശാസ്ത്രം, സമുദായശാസ്ത്രം, ധാർമ്മികശാസ്ത്രം എന്നിവയെപ്പറ്റിയുള്ള പ്രതിപാദ്യങ്ങളിൽ പൂർണ്ണതയോ ഐകരൂപ്യമോ കാണപ്പെടുന്നില്ല. മാത്രമല്ല, ചിന്തകന്മാരെ നെറിച്ചുളിപ്പിക്കുന്നയുക്തിവിരുദ്ധമായ പല പ്രസ്താവങ്ങളും അങ്ങിങ്ങായി കാണുന്നുമുണ്ട്.

ഷൈന്ദവഭാർശനികന്മാർതന്നെ വേദങ്ങളെ പല തരത്തിലാണു വ്യാഖ്യാനിക്കുന്നതു്. ശങ്കരാചാര്യരുടെ അദ്വൈതവും രാമാനുജന്റെ വിശിഷ്ടാദ്വൈതവും മാധവാചാര്യരുടെ ദ്വൈതാദ്വൈതവും വല്ലഭാചാര്യരുടെ ശുദ്ധാദ്വൈതവും വേദങ്ങളിൽനിന്നു മുളയെടുത്തിട്ടുള്ളതാണു്.

ഈശ്വരൻ, മനുഷ്യൻ, പ്രപഞ്ചം എന്നീ മൂന്നു വിഷയങ്ങളിലാണു മനുഷ്യന്റെ ചിന്ത വ്യാപരിക്കുന്നതു്. അതുകൊണ്ടു് ഇവയിൽ ഓരോന്നിനെപ്പറ്റിയും വേദങ്ങൾ പറയുന്നതു നമുക്കു പരിശോധിക്കാം.

ഈശ്വരൻ

ഈശ്വരാസ്തിത്വത്തെപ്പറ്റിയുള്ള പ്രതിപാദനത്തിൽ പൂർവ്വാപരവിരുദ്ധങ്ങളായ മൂന്നു പ്രസ്താവങ്ങളാണു വേദങ്ങളിൽ കാണുന്നതു്. സകല ചരാചരങ്ങളുടേയും നിയന്താവായ ഒരു ദൈവമേ ഉള്ളുവെന്നു ഋഗ്വേദത്തിൽ പലയിടത്തും പറഞ്ഞു കാണുന്നു. "ജന്മമില്ലാത്തവന്റെ പ്രതിച്ഛായയും വിശ്വ

അതിന്റെ ഷൺമണ്ഡലങ്ങളെ സ്ഥാപിച്ചുറപ്പിക്കുകയും ചെയ്ത ആ ഒരാൾ ആരായിരുന്നു?" (ഋക് 1. 25.)

"ഇന്ദ്രം മിത്രം വരുണമഗ്നിമാഹുരഥോ ദിവ്യഃ
സസുപർണോഗരുത്മാൻ
ഏകം സദ്വിപ്രാ ബഹുധാവദന്ത്യഗ്നിംയമം
മാതരിശ്വാനമാഹുഃ.

അവർ അവനെ ഇന്ദ്രൻ, മിത്രൻ, വരുണൻ, അഗ്നി എന്നു വിളിക്കുന്നു. ദിവ്യപക്ഷങ്ങളുള്ള ഗരുത്മാനാണ് അവൻ. ഏകനായിരിക്കുന്ന അവനു മഹർഷിമാർ പല പേരുകൾ കൊടുക്കുന്നു— അഗ്നി, യമൻ, മാതരിശ്വൻ. (ഋക്. 1. 164, 46).

പുരാതനന്മാരായ ഇൻഡോ ആര്യന്മാർ ഒരു ദൈവത്തിൽ മാത്രമെ വിശ്വസിച്ചിരുന്നുള്ളുവെന്നാണു പാശ്ചാത്യരും പൌരസ്ത്യരുമായ എല്ലാ പണ്ഡിതന്മാരുടേയും അഭിപ്രായം. പ്രപഞ്ചത്തിലെ സകല ചരാചരങ്ങളുടെയും സൃഷ്ടിസ്ഥിതികാരണനും, നിയന്താവും, സാർവ്വാന്തര്യാമിയുമായ ഒരു പരമാത്മാവു മാത്രമേയുള്ളുവെന്നു പൌരാണികരായ ആര്യന്മാർ വിശ്വസിച്ചിരുന്നുവെന്നാണു സ്വാമി അഭേദാനന്ദന്റെ അഭിപ്രായം.(1)

എന്നാൽ ഏകദേവതാവാദത്തോടൊപ്പം ബഹുദേവതാവാദവും വേദങ്ങളിൽ സ്ഥലം പിടിച്ചിട്ടുണ്ട്. ഏഷ്യയിലും യൂറോപ്പിലുമുള്ള ആര്യന്മാരുടെ പൊതുദൈവമായ "ദ്യൗസിന" (Dyaush)നോടുകൂടിത്തന്നെ സർവ്വജ്ഞനും സർവശക്തനും സർവ്വകാരണനുമായി വരുണനും പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു.

"തവം വിശ്വേ വരുണാസിരാജാ
യേ ച ദേവ യേ ച മർത്താഃ" (ഋക്. 2. 27–10.)

സർവ്വലോകങ്ങളുടേയും സർവ്വജീവജാലങ്ങളുടേയും അധീ

(1) Religion of Hindus (pp. 5-6.)

ശനായി പ്രത്യക്ഷപ്പെടുന്ന മറെറാരു ദേവനാണ് ഇന്ദ്രൻ. വേദങ്ങളിലെ 250 സൂക്തങ്ങളും ഈ ദേവനു സമർപ്പിക്കപ്പെട്ടിരിക്കുന്നു. ഇവർക്കെന്നപോലെതന്നെ അഗ്നി, സോമൻ മുതലായ ദേവന്മാർക്കും സൃഷ്ട്യാദികർമ്മങ്ങളും വേദങ്ങളും കല്പിച്ചു കൊടുത്തിരിക്കുന്നു. "അല്ലയോ മിത്രവരുണന്മാരേ, നിങ്ങൾ ശക്തന്മാരും (ശക്തന്മാരുടെ) ശക്തിയെ വർദ്ധിപ്പിക്കുന്നവരുമാകുന്നു . . . നിങ്ങളുടെ ആജ്ഞയാൽ പശുക്കൾ പാലും, നദികൾ ജലവും നല്കുന്നു." (ഋക്. 1–153).

ഇനിയും ഈ ദേവന്മാർ എല്ലാവരും ഏകാധിപതികളും അതതുസമയംതന്നെ പരസ്പരവിധേയരുമാണ്. ഇന്ദ്രനും ഇതരദേവന്മാരും വരുണനു വിധേയരായിരിക്കുന്നതുപോലെ തന്നെ വരുണനും ഇതരദേവന്മാരും ഇന്ദ്രനും വിധേയരാണ്. ഇപ്രകാരമാണ് അഗ്നി, സോമൻ, സൂര്യൻ, വിഷ്ണു, സാവിത്രി മുതലായ ദേവതകളെപ്പററിയും പറയുന്നതു്. ഇതിനെപ്പററി ഡോക്ടർ കുഞ്ഞൻരാജാ ഇപ്രകാരം പറയുന്നു. "വൈദികകാലത്തുമാത്രമല്ല, പിൽക്കാലങ്ങളിൽപോലും ഹിന്ദുമതം ബഹുദേവതാപരമായിരുന്നു. ഇന്ദ്രൻ, വരുണൻ, അഗ്നി മുതലായ അനേകം ദേവന്മാരെ ആര്യന്മാർ ആരാധിച്ചിരുന്നു." (1)

വേദങ്ങളും ഈശ്വരപ്രകൃതിയും

ദൈവത്തിനു വ്യക്തിത്വമുണ്ടെന്നോ അഥവാ സഗുണനാണെന്നോ വേദങ്ങളിൽ പലയിടത്തും പറഞ്ഞുകാണുന്നുണ്ട്. അതായതു ദൈവത്തിന് അനന്തജ്ഞാനവും അപരിമിതമായ സ്വതന്ത്രമനസ്സും ഉണ്ടെന്നു് അർത്ഥം. എന്നാൽ അവസാനഘട്ടത്തോടടുക്കുമ്പോൾ വ്യക്തിത്വമില്ലാത്ത പെരും നിർഗ്ഗുണനായിട്ടാണു ദൈവം പ്രത്യക്ഷപ്പെടുന്നതു്. എല്ലാററിനേറയും പരമനിദാനവും അപരിമേയവുമായ ആ സത്തയെ 'ബ്രഹ്മൻ'

(1) Cultural Hepitage (p. 24).

എന്നു വിളിക്കുന്നു. ഇമ്മാതിരി പൂർവ്വാപരവൈരുദ്ധ്യങ്ങൾ ഉൾക്കൊള്ളുന്ന വേദങ്ങൾ ഈശ്വരപ്രകാശിതങ്ങളാണെന്നു സ്വാമി പ്രഭോവാനന്ദൻ മുതലായവർ ശാഠ്യം പിടിക്കുന്നതിന്റെ സാംഗത്യം മനസ്സിലാക്കുക സാധ്യമല്ല.

വേദങ്ങളിലെ ദേവന്മാരുടെ ധാർമ്മികപ്രകൃതി

മാനുഷികമായ ദുർബ്ബലതകൾക്കും വികാരങ്ങൾക്കും അധീനരാണു വേദങ്ങളിലെ ദേവന്മാർ. അധികാരവും പ്രതാപവും മോഹിച്ചു് അന്യോന്യം യുദ്ധംചെയ്യുന്ന ചില രാജാക്കന്മാരെപ്പോലെ ശണ്ഠകൂടി കഴിയുകയാണവർ. അതിഗർഹണീയമായ വിഷയാസക്തിയിലും ദുരാചാരങ്ങളിലും മറ്റുമാണു് അവരുടെ ധീരാലാത്മത തെളിഞ്ഞുകാണുന്നതു്. അതുപോലെതന്നെ ക്ഷണപാനീയങ്ങളിലും അവർക്കുള്ള അത്യാസക്തി സുപ്രസിദ്ധമാണു്. സർ രാധാകൃഷ്ണൻ അവരെപ്പറ്റി പറയുന്നതു് ഇപ്രകാരമാണു്: "മനുഷ്യർക്കു് ഏറ്റവും പ്രിയംകരമായ വെണ്ണ, നെയ്യു്, ധാന്യങ്ങൾ ഇവയാണു് അവരുടെ ഭക്ഷണങ്ങൾ. സോമരസമാണു് അവർക്കു് ഏറ്റവും ഇഷ്ടം. മനുഷ്യരുടെ ദുർബ്ബലതകൾക്കു് അധീനരായ അവർ മുഖസ്തുതികൊണ്ടു് എളുപ്പത്തിൽ പ്രസാദിക്കുകയും ചെയ്യുന്നു."(1) അനന്തനന്മയും സത്യസ്വരൂപനുമായ ദൈവം മാനവവംശത്തിനു സത്യവും സന്മാർഗ്ഗവും ഉപദേശിക്കുന്നതിനായി സ്വയം പ്രത്യക്ഷപ്പെട്ടുന്നതു് ഈ രൂപങ്ങളിലായിരിക്കുമിടയില്ലെന്നു സ്പഷ്ടമാണല്ലോ.

വേദങ്ങളും ലോകസൃഷ്ടിയും

ലോകോത്പത്തിയുടെ കാര്യത്തിലും വൈദികകവികൾ പരസ്പരവിരുദ്ധമായ അഭിപ്രായങ്ങളാണു പുറപ്പെടുവിക്കുന്നതു്.

(1) Indian Philosophy (p. 105. vol. 1.)

വെള്ളത്തിൽനിന്നാണു ഭൂമിയുടെ ഉത്ഭവം എന്നു വേദങ്ങളിൽ ചിലയിടത്തു കാണുന്നു.(1) മറ്റു ചില സ്ഥലങ്ങളിൽ ജലമൊഴിച്ചുള്ള ചതുർഭൂതങ്ങളാണ് ഇതിന്റെ ഉത്ഭവഹേതുക്കൾ. ഋഗ്വേദത്തിലെ പുരുഷസൂക്തത്തിൽ ലോകം പുരുഷാംശമാണെന്നു കാണുന്നു.(2) ഋഗ്വേദത്തിൽ മറ്റൊരുഭാഗത്തു പറയുന്നു, നേരത്തെ ഉണ്ടായിരുന്ന ഒരു വസ്തുവിൽനിന്നും തന്നിൽനിന്നും സർവ്വശക്തനായ ദൈവം ഉരുവാക്കിയതാണു പ്രപഞ്ചം എന്ന് (3). ഇനിയും "സദേവസോമ്യേദമഗ്ര ആസീത്", അഥവാ ഉല്പത്തിയിൽനിന്നു ഉള്ളായ്മ സത്യമായ് വിളങ്ങി എന്നും കാണുന്നു.(4)

ഇത്തരം പരസ്പരവൈരുദ്ധ്യങ്ങളുടെ പട്ടിക നീട്ടിക്കെണ്ടു പോകവാൻ വിഷമമൊന്നുമില്ല. എന്നാൽ ഈ പറഞ്ഞതിൽനിന്നു വേദങ്ങൾ ദിവ്യങ്ങളാണെന്നുള്ള വാദം എത്രമാത്രം അടിസ്ഥാനരഹിതമാണെന്നു തെളിയുന്നു. ഹൈന്ദവസാഹിത്യത്തിൽ പ്രഥമഗണനീയമായ മഹാഭാരതംപോലും വേദങ്ങളുടെ ദിവ്യതയെ നിഷേധിക്കുന്നുവെന്നാണു ബനാറീസ് സർവകലാശാലയിലെ പ്രഫസറായ ഗോവിന്ദദാസിന്റെ അഭിപ്രായം. "വേദങ്ങളുടെ ദിവ്യതയെ മഹാഭാരതം സ്പഷ്ടമായി നിഷേധിക്കുന്നു. എന്തെന്നാൽ വേദങ്ങളെപ്പറ്റി അതിൽ ഇങ്ങനെ കാണുന്നു: 'പരസ്പരവിരുദ്ധങ്ങളായ വിധികളാണു വേദങ്ങൾ നല്കുന്നത്. സ്മൃതികളുടെ കാര്യത്തിലും ഇതുതന്നെ.' ഒരു മഹർഷിയുടെ അനുശാസനങ്ങളെ മറ്റൊരു മഹർഷി പാടെ നിഷേധിക്കുന്നു." ഛാന്ദോഗ്യ, മുണ്ഡക, ബൃഹദാരണ്യകംമുതലായ ഉപനിഷത്തുക്കളിലും വേദങ്ങളുടെ ദിവ്യതയെ നിഷേധിക്കുന്ന പ്രസ്താവങ്ങൾ കാണപ്പെടുന്നതാണ്.(5)

ബാബു ഗോവിന്ദദാസ്, സ്വാമി അഭേദാനന്ദൻ, സ്വാമി വിവേകാനന്ദൻ, സർ രാധാകൃഷ്ണൻ മുതലായ ഹിന്ദു

---

(1) ബൃഹദാരണ്യക. (5·5)· (2) ഋഗ്വേദം (10·90·16)· (3) ഋഗ്വേദം (10-121)· (4) ഋഗ്വേദം (10-72)· (5) ഛാന്ദോഗ്യ (1·2-8·) മുണ്ഡക (1·1·4·) ബൃഹദാരണ്യ (5·14·8·)

പണ്ഡിതന്മാർ വേദങ്ങളിൽ കാണുന്ന ഈ പരസ്പരവൈരുദ്ധ്യത്തെ സമ്മതിക്കുന്നുണ്ടെങ്കിലും(1) പുതിയ വ്യാഖ്യാനങ്ങൾ നല്കി അവയെ സാധൂകരിക്കുവാൻ ബദ്ധപ്പെടുകയാണു ചെയ്യുന്നതു്.

ദൈവത്തെപ്പറ്റി പൂർണ്ണമായി അറിയുവാൻ മനുഷ്യർക്കു സാധിക്കുകയില്ല. ഓരോരുത്തനും അവനവന്റെ മേധാശക്തിക്കും ചിന്താഗതിക്കും അനുസരണമായി ഈശ്വരനെപ്പറ്റി ജ്ഞാനം സമ്പാദിക്കണം. വ്യക്തികൾ ഭിന്നപ്രകൃതികളാകയാൽ അവരുടെ ജ്ഞാനവും വ്യത്യസ്തമായിരിക്കും. അതിനാൽ വേദങ്ങളിൽ കാണുന്ന പൂർവ്വാപരവൈരുദ്ധ്യങ്ങൾ ന്യായീകരിക്കത്തക്കവയാണെന്നാണ് അവർ വാദിക്കുന്നതു്. എന്നാൽ ഈ വാദം അത്ര സ്വീകാര്യമല്ല. കാരണം സത്യം കാലദേശാദികളെയും വ്യക്തിഗതങ്ങളായ അഭിപ്രായങ്ങളേയും ആശ്രയിക്കാതെ സനാതനമായി നിലകൊള്ളുന്നു. പ്രകൃതിശാസ്ത്രങ്ങളിലെ സത്യങ്ങൾ ഏഷ്യയിലും അമേരിക്കയിലും യൂറോപ്പിലും ഒന്നുതന്നെ ആയിരിക്കുന്നതുപോലെ ശാസ്ത്രീയമായും യുക്തിയുക്തമായും നാം സ്ഥാപിക്കുന്ന സത്യങ്ങൾ തത്ത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും എല്ലായിടത്തും സധർമ്മങ്ങളായിരിക്കണമല്ലോ.

വേദകർത്താക്കളായ മഹർഷിമാർപോലും വേദങ്ങളെ സ്വകപോലകല്പിതങ്ങളായ കൃതികളായിട്ടല്ലാതെ ഈശ്വരപ്രകാശിതഗ്രന്ഥങ്ങളായി കരുതിയിരുന്നില്ല എന്നുള്ളതും പ്രകൃതത്തിൽ സ്മരണീയമാണ്. സർ രാധാകൃഷ്ണന്റെ വാക്കുകളിൽ പറഞ്ഞാൽ "വേദങ്ങൾ എഴുതിയ മഹർഷിമാർ വേദസൂക്തങ്ങൾ അവരുടെ സ്വന്തം സൃഷ്ടിയാണെന്നു കരുതു

(1) Hinduism p. 21. The Religion of the Hindus p. 8. 9. Speeches and Writings of Vivekananda p. 38. Indian Philosophy p. 92.

ന്നു. കവികളെന്ന നിലയിൽ അവർ തങ്ങളുടെ ജോലിയെ ആശാരിയുടെയും, നെയ്ത്തുകാരന്റെയും, നാവികന്റെയും തൊഴിലിനോട് ഉപമിക്കുന്നു. പിൽക്കാലങ്ങളിൽമാത്രമാണ് വേദങ്ങൾക്ക് ദിവ്യത്വം കല്പിച്ചുകൊടുത്തത്.

അദ്ധ്യായം മൂന്ന്

ഋഗ്വേദം

ഹിന്ദുമതതത്ത്വങ്ങളുടെയും ആചാരങ്ങളുടെയും ദർശനങ്ങളുടെയും സാമൂഹികജീവിതത്തിന്റെയും അടിസ്ഥാനം വേദങ്ങളാണെന്നു നാം മുമ്പു പ്രസ്താവിച്ചുവല്ലോ. ഇവയിൽ പ്രമുഖസ്ഥാനം അർഹിക്കുന്നതു ഋഗ്വേദമാണ്. എട്ട് അദ്ധ്യായങ്ങളുള്ള പത്തു മണ്ഡലങ്ങളിലായി പല മഹർഷിമാരാൽ രചിക്കപ്പെട്ട പതിനായിരത്തിയിരുനൂറോളം ശ്ലോകങ്ങൾ അതിലുണ്ട്. ആര്യന്മാർ ഇൻഡ്യയുടെ നാനാഭാഗങ്ങളിലേക്കും വ്യാപിച്ചതോടുകൂടി അവരുടെയിടയിൽ യാഗാദികർമ്മങ്ങൾക്കു കൂടുതൽ പ്രചാരം സിദ്ധിച്ചുവെന്നു ഋഗ്വേദത്തിൽനിന്നു തെളിയുന്നു. തത്ഫലമായി അവയുള്ള വിധികളും മന്ത്രങ്ങളും ക്രോഡീകരിച്ചുകൊണ്ട് യജുർവേദം നിർമ്മിതമായി. ഇതിനു ശുക്ലയജുർവേദം, കൃഷ്ണയജുർവേദം എന്നു രണ്ടു വിഭാഗങ്ങളുണ്ട്. ആദ്യത്തേതിൽ ഋഗ്വേദത്തിൽനിന്നുള്ള പ്രാർത്ഥനകളും യാഗമന്ത്രങ്ങളും, രണ്ടാമത്തേതിൽ മുൻപറഞ്ഞവയ്ക്കു പുറമെ മന്ത്രവാക്യങ്ങളുടെ ഭാഷ്യപരവും തത്ത്വപരവുമായ പ്രതിപാദനങ്ങളുമാണ് അടങ്ങിയിരിക്കുന്നതു്.

സോമാദിയാഗകർമ്മങ്ങളിൽ ഉരുവിടാറുള്ള ഗേയഗാനങ്ങളുടെ സമാഹാരമാണു സാമവേദം. ആയിരത്തിലധികം സാ

മഃവേദസംഹിതകളെപ്പറ്റി പുരാണം പറയുന്നുണ്ടെങ്കിലും മൂന്നു മാത്രമാണ് ഇന്നുള്ളത്. അവയിൽ കാണുന്ന ആയിരത്തിയെണ്ണൂറിപത്തു ശ്ലോകങ്ങളിൽ ആയിരത്തിയഞ്ഞൂറി നാല്പത്തൊൻപതും ഋഗ്വേദങ്ങളിൽനിന്നു് എടുത്തിട്ടുള്ളതാണു്. ആര്യന്മാർ ക്രമേണ ആദിമനിവാസികളുമായി സമ്പർക്കത്തിലേർപ്പെടുകയും, അവരെ വശീകരിക്കുവാനായി അവരുടെ അന്ധവിശ്വാസങ്ങളും ആചാരങ്ങളും സ്വകീയമാക്കുകയും ചെയ്തതിന്റെ ഫലമാണു് അഥർവ്വവേദം. ഇതിലുള്ള ആറായിരം ശ്ലോകങ്ങളിൽ അഞ്ചിൽ ഒരു ഭാഗം ഋഗ്വേദത്തിൽനിന്നു് എടുത്തിട്ടുള്ളതാണു്. മിത്രലാഭത്തിനും ശത്രുസംഹാരത്തിനും ഉതകുന്ന അനേകം മന്ത്രപാഠികരും ഇതിലുണ്ടു്. ഇനി ഋഗ്വേദത്തെപ്പറ്റി അല്പം വിർഷമായി നമുക്കു പ്രതിപാദിക്കാം.

ഋഗ്വേദം ഒരാൾതന്നെ നിർമ്മിതമല്ലെന്നു് അതിന്റെ സാഹിത്യരീതിയിൽനിന്നും ആശയവൈവിധ്യത്തിൽനിന്നും മനസ്സിലാക്കാം. ഋഗ്വേദത്തിന്റെ കാലം നിർണ്ണയിക്കുന്നതിനു് ആവശ്യകമായ യാതൊരു ചരിത്രസംഭവവും അതിൽ രേഖപ്പെടുത്തിക്കാണുന്നില്ല. ആര്യന്മാർ ഇൻഡ്യയിൽ പ്രവേശിക്കുന്നതിനു മുമ്പാണോ പിമ്പാണോ വേദങ്ങൾ രചിക്കപ്പെട്ടതു് എന്നുള്ളതിൽ പണ്ഡിതന്മാർ ഏകാഭിപ്രായക്കാരല്ല. എങ്കിലും ആധുനികപണ്ഡിതന്മാരുടെ പൊതുവായ അഭിപ്രായം സിന്ധുഗംഗാതടങ്ങളിൽ വച്ചാണു് ഇവ ഉത്ഭവിച്ചതെന്നത്രേ. ഇതിന്റെ കാലത്തെപ്പറ്റിയും അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിലും പൊതുവെ സ്വീകൃതമായ അഭിപ്രായം ബി. സി. 2000നും 1000നും മദ്ധ്യയാണു് ഇവ നിർമ്മിക്കപ്പെട്ടിട്ടുള്ളതെന്നാണു്.

ഋഗ്വേദത്തിന്റെ ഉള്ളടക്കം

ആര്യന്മാരുടെ ജീവിതരീതികളെപ്പറ്റിയും ആചാരങ്ങളെ

പ്പറയും പലതും അതിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവരുടെ മതപരമായ ചിന്താഗതിയെ പരിശോധിക്കയാണു നമ്മുടെ മുഖ്യോദ്ദേശ്യം. പാശ്ചാത്യരും പൗരസ്ത്യരുമായ ഗവേഷകന്മാർ അതിലെ മതസിദ്ധാന്തങ്ങളെ അഞ്ചായി തരംതിരിക്കുന്നു.

ഒന്ന്: ആദിമകാലത്തെ ഏകദേവതാവാദം

അതിപുരാതനകാലങ്ങളിൽ മനുഷ്യർ ഏകദൈവവിശ്വാസികളായിരുന്നുവെന്ന് ഏതു മതത്തിന്റെയും പ്രാരംഭചരിത്രം പരിശോധിച്ചാൽ നമുക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും. ഋഗ്വേദം ഇതിനൊരപവാദമല്ല. ആര്യവംശജരായ വിവിധ വർഗ്ഗക്കാർ ദൈവത്തെ സൂചിപ്പിക്കുന്നതിനായി ഉപയോഗിച്ചിരുന്ന പദങ്ങൾക്കുള്ള ഐകരൂപ്യം ഇതിനൊരു തെളിവാണ്. ഋഗ്വേദത്തിലെ ദ്യൗഷ് പിതാവ് (Dians Pitar) ഗ്രീക്കിലെ സേവുസ് പാത്തർ (Zeus Pater) ലത്തീനിലെ ജൂപ്പിറ്റർ (Jupiter) ഇവയെല്ലാം പ്രകാശിക്കുക അഥവാ ആകാശം എന്നർത്ഥമുള്ള 'ദ്യു' അഥവാ 'ദിവ്' എന്ന സംസ്കൃതധാതുവിന്റെ പരിണതരൂപങ്ങളാണ്. മനുഷ്യർ ഒന്നിലധികം ദേവന്മാരിൽ വിശ്വസിച്ചു തുടങ്ങിയപ്പോഴാണു പരസ്പരബന്ധമില്ലാത്ത പലപേരുകളും അവിർഭവിച്ചത്.

രണ്ട്: ബഹുദേവതാവാദം

ആര്യന്മാർ പഞ്ചാബിൽനിന്നു ഫലസമൃദ്ധമായ ഗംഗാതടങ്ങളിലേക്കു നീങ്ങിയപ്പോൾ, മനുഷ്യനിൽ ഭയവും വിസ്മയവും ജനിപ്പിക്കുന്ന ഇടി, മിന്നൽ, കൊടുങ്കാറ്റ്, പെരുമഴ മുതലായ പ്രകൃതിക്ഷോഭങ്ങൾ അവരുടെ ദേവനകളെയും കലാവൈഭവത്തേയും ഉത്തേജിപ്പിച്ചു തുടങ്ങി. ശാസ്ത്രീയമായി ഈ പ്രകൃതിസംഭവങ്ങളെ വ്യാഖ്യാനിക്കുവാൻ അപ്രാപ്തരായിരുന്ന അവർ അവയിൽ ഓരോന്നിന്റെയും പിന്നിൽ ഓരോ ദേവനെ പ്രതിഷ്ഠിച്ചു. ഇങ്ങനെയാണ് ഇന്ദ്രൻ, വരുണൻ, അഗ്നി മുത

ലായ ദേവന്മാരുടെ ഉത്ഭവം. കവികൾ ഈ പുതിയ ദേവന്മാരെ പ്രകീർത്തിക്കുന്ന ചമൽകാരപൂർണ്ണങ്ങളായ സ്തുതിഗീതങ്ങൾ നിർമ്മിക്കുകയും ചെയ്തു. സാധാരണജനങ്ങൾ അവരെ അതേപടി സ്വീകരിച്ചു് ആരാധിക്കുവാനും തുടങ്ങി. അങ്ങനെ കാലാന്തരത്തിൽ പ്രകൃതിശക്തികൾ ദേവന്മാരായിത്തീർന്നു. ഗ്രീസ്സുകാരുടെയും റോമാക്കാരുടെയും ദേവന്മാർ ഭിന്നപ്രദേശന്മാരാണെങ്കിലും സർവ്വശക്തനായ ഒരധീശദേവൻ — സേവൂസിൻ് അഥവാ ജൂപ്പിറ്ററിൻ് — കീഴ്പ്പെട്ടിരിക്കുന്നതായിട്ടാണു സങ്കല്പം. എന്നാൽ ഭാരതത്തിലെ ദേവന്മാർക്കു് അങ്ങനെ ഒരു പരസ്പരവിധേയതപോലുമില്ല. ഓരോ ദേവന്റേയും ഉപാസകന്മാർക്കു് ആ ദേവനെ മേലായി മറ്റാരുമില്ല.

മൂന്നു്: തത്ത്വചിന്തയുടെ ഫലമായ ഏകദേവതാവാദം

യുക്തിപൂർവ്വം ചിന്തിക്കുവാൻ തുടങ്ങിയ ചില വൈദികതത്ത്വചിന്തകന്മാർ ബഹുദേവതാവാദം അത്ഗുണ്യമാണെന്നു സമർത്ഥിക്കുവാൻ തുടങ്ങി. തത്ഫലമായി ഏകദൈവത്തിലുള്ള വിശ്വാസം പ്രാബല്യപ്പെട്ടു.

"ഏകം സദ്വിപ്രാ
ബഹുധാ വദന്തി
അഗ്നിംയമം മാതരിശ്വനമാഹു:"

(ഋഗ് I. 164, 46)

മഹർഷിമാർ ആ ഏക സത്തയെ അഗ്നി, യമൻ, മാതരിശ്വൻ എന്നിങ്ങനെ പല പേരുകളിൽ സംബോധനചെയ്യുന്നു.

നാലു്: സർവ്വവും ഈശ്വരസത്തയിൽനിന്നു നിഷ്ക്രമിക്കുന്നുവെന്ന വാദം

കലർപ്പില്ലാത്ത ഏകദേവതാവാദം ഋഗ്വേദത്തിൽ കാണുന്നില്ലെന്നാണു പല പണ്ഡിതന്മാരുടെയും അഭിപ്രായം. കണക്കില്ലാതെ പെരുകിയ ദേവന്മാരുടെ സംഖ്യ കുറയ്ക്കുവാൻ

മഹർഷിമാർ ചെയ്ത പരിശ്രമം ഈശ്വരനും പ്രപഞ്ചവും തമ്മിലുള്ള താദാത്മ്യത്തിലാണ് ചെന്നവസാനിച്ചത്. ഇതിനു വിശിഷ്ടാദ്വൈതവാദം എന്നും പേരുണ്ട്. പ്രപഞ്ചവും അതിലുള്ള വസ്തുക്കളും ഈശ്വരസത്തയുടെ അംശങ്ങളാണെന്നുള്ളതാണ് അതിന്റെ മൂലതത്ത്വം.

അഞ്ച്: ശുദ്ധാദ്വൈതം

വിശിഷ്ടാദ്വൈതവാദക്കാരിൽ ചിലർ ഒരു പടികൂടി മുന്നോട്ടു കടന്നു ചിന്തിച്ചതിന്റെ ഫലമായി ഇന്ദ്രിയാതീതവും സ്വയംപ്രകാശവും അനന്തവുമായ ഒരു സത്തയിൽ എത്തിച്ചേർന്നു. ആ സത്ത സ്വയമേവ രൂപാന്തരം പ്രാപിച്ചതിന്റെ ഫലമാണ് പ്രപഞ്ചം. സൃഷ്ടികർമ്മത്തിന്റെ ഒരു വിദൂരഭാവമായ ഈ വാദത്തിൽ കാണാം. ചില പണ്ഡിതന്മാരും ഇതു സമ്മതിക്കുന്നുണ്ട്.

ഇൻഡ്യയിൽ പ്രവേശിക്കുന്നതിനുമുമ്പ് ഇൻഡോ-ആര്യന്മാർ സ്വവംശജരായ യവനന്മാരേയും റോമാക്കാരേയും പോലെ "ദ്യൗഷ്പിതാ"വിനെ സർവ്വാധീശനായി ആരാധിച്ചിരുന്നു. എന്നാൽ ഇൻഡ്യയിൽ ഈ ദേവന് അധികം പ്രാധാന്യം സിദ്ധിച്ചതായി കാണുന്നില്ല. തത്സ്ഥാനത്ത് 'അദിതി' എന്ന ദേവനാണ് പ്രത്യക്ഷപ്പെടുന്നത്. ദിതി അഥവാ അളവ് ഇല്ലാത്ത സത്ത എന്നാണ് ഇതിനർത്ഥം. ആദ്യകാലങ്ങളിൽ പ്രഭാതത്തിലെയോ അഥവാ പ്രകാശം പ്രത്യക്ഷപ്പെടുന്ന പൂർവ്വദിക്കിനേയോ, ആണ് ഇതു സൂചിപ്പിച്ചിരുന്നത്. പിന്നീട്, പ്രപഞ്ചത്തെ മുഴുവൻ വലയം ചെയ്യുന്ന ആകാശത്തിന്റെ അനന്തത എന്ന് അതിനർത്ഥം സിദ്ധിച്ചു. സചേതനവും അചേതനവുമായ സകല വസ്തുക്കളേയും ഉൾക്കൊള്ളുന്നതും അവയെ എല്ലാം നിലനിർത്തുന്നതുമായ ഈ അപരിമേയശക്തിയുടെ എണ്ണമറ്റ അപദാനങ്ങൾ ആർഷകവികൾ പ്രകീർത്തിക്കുന്നുണ്ട്.

അദിതിയിൽ നിന്നാണ് ആദിത്യന്മാരുടെ ഉത്ഭവം. ആ പദം സൂചിപ്പിക്കുന്നതുപോലെ അവർ അംഗമായ സുവണ്ണ

ടീപ്പിയുള്ളവരും പാപരഹിതരും പരിശുദ്ധരുമായ ദേവതകളാണ്. ടീർഘായുസ്സ്, സന്താനലാഭം മുതലായ വരങ്ങൾ മനുഷ്യർക്കു നല്കുകയും അവരെ ദുരദൃഷ്ടങ്ങളിൽനിന്നു കാത്തുപരിപാലിക്കുകയും മറ്റും ചെയ്യുന്നതിൽ അവർ വ്യാപൃതരാണ്.

വൈദികസാഹിത്യത്തിൽ ഏതുകൊണ്ടും ഉയർന്നസ്ഥാനം കൈവരിച്ചിരിക്കുന്ന മറെറാരു ദേവനാണു വരുണൻ. മൂടുക എന്നർത്ഥമുള്ള 'വൃ' ധാതുവിൽനിന്നാണ് ഈ പേരിന്റെ ഉത്ഭവം. ഗ്രീസ്സിലെ ഊറാനോസും ഇറാനിലെ അഹുറമസ്ദായും വരുണനും ഒരാളാണെന്നാണു പണ്ഡിതമതം. ആകാശചക്രവർത്തിയും പ്രകൃതിനിയന്താവുമായ വരുണൻ സകല ജീവജാലങ്ങളുടേയും വ്യാപാരങ്ങൾ പരിശോധിക്കുകയും ക്രമവത് കരിക്കുകയും അവയെ ശിക്ഷിക്കുകയും രക്ഷിക്കുകയും ചെയ്യുന്നുവെന്നാണു കവിസങ്കല്പം. ധാർമ്മികപരിശുദ്ധിയിൽ വരുണനെ പിന്നിലാക്കുന്ന മറെറാരു ദേവനും വൈദികസാഹിത്യത്തിലില്ല.

സൂര്യൻ, മിത്രൻ, സാവിത്രി എന്ന മൂന്നു ദേവതകളേയും ആര്യന്മാർ ആരാധിച്ചിരുന്നതായി വേദങ്ങളും ഐറേനിയൻ പുരാണങ്ങളും സൂചിപ്പിക്കുന്നു. ക്രമേണ ഇവ പ്രകാശമാനമായ അന്തരീക്ഷത്തിന്റെ വിവിധവൃത്തികളെ സൂചിപ്പിക്കുന്ന ഓരോ ഒരു ശക്തിയുടെ പല പേരുകളായിത്തീർന്നു. പ്രകാശവും ഊഷ്മാവും ലോകത്തിനു നല്കുകയും മനുഷ്യരുടെ സുകൃതങ്ങളെ വരുണനെ അറിയിക്കുകയും ചെയ്യുകയാണു സൂര്യന്റെ കൃത്യം. മിത്രനെ പേർഷ്യയിലേയും ബാക്ട്രിയായിലേയും ആദിമനിവാസികൾ ധർമ്മസംരക്ഷകനായിക്കരുതി ആരാധിച്ചിരുന്നെങ്കിലും കാലാന്തരത്തിൽ വൈദികകവികൾ ലോകബാന്ധവനും വരപ്രദനുമായ സൂര്യനായി സങ്കല്പിക്കയാണു ചെയ്തത്. ഉയിരും ഉണർവും നല്കുന്ന ശക്തിയാണു സാവിത്രി. മഞ്ഞരുമുടിയും, സുവർണ്ണാഭസ്തങ്ങളും തങ്കക്കണ്ണുകളും അയോവക്ത്രവുമുള്ള സാവിത്രി ഒരു കനകരഥത്തിൽ നിലകൊ

ള്ളതായി വർണ്ണിക്കപ്പെട്ടിരിക്കുന്നു. കാലാന്തരത്തിൽ ഈ വ്യോമദേവതകളുടെ പ്രചാരം സാധാരണജനങ്ങളുടെയിടയിൽ കുറയുകയും അന്തരീക്ഷദേവന്മാർ അവരുടെ സ്ഥാനത്തു പ്രത്യക്ഷപ്പെടുകയുംചെയ്തു.

അവരിൽ പ്രമുഖനാണ് ഇന്ദ്രൻ. യുദ്ധവും വിജയവും ഇന്ദ്രനുള്ളതാണ്. ഇടിയും മിന്നലുമാണ് ആയുധങ്ങൾ. ക്ഷത്രിയന്മാരുടെ കുലദേവതയുമാണ്. ഇന്ദ്രന്റെ ധാർമ്മികവശം അത്ര ശോഭനമല്ല.

അന്തരീക്ഷത്തിലേ ശക്തികളുടെയെല്ലാം മൂർത്തീകരണമാണ വാതം അഥവാ വായു. ഈ ദേവന്മാരുടെ നിശ്വാസം ആണുപോൽ. വൃക്ഷലതാദികളെ തകർത്തൊടിച്ചു, പക്ഷിമൃഗാദികളേയും മനുഷ്യരേയും കൊന്നൊടുക്കി, ഇരമ്പിപ്പായുന്ന കാറ്റ് ആദ്യജനതയെ ഭയചകിതരാക്കി. ആകയാൽ അളശൂന്യനായ ഈ ഉഗ്രദേവനെ പ്രീതിപ്പെടുത്തുവാൻ അവർ പ്രാർത്ഥനകളും നേർച്ചകളും സമർപ്പിച്ചുപോന്നു.

മരുത്തുകളും രുദ്രനും 'വായുദേവാ'ന്റെ ഗോത്രത്തിൽ പെട്ടവരാണ്. വാതദേവതയേക്കാൾ ഭീകരമായ കൊടുങ്കാറ്റാണ മരുദ്ദേവതയായി പരിഗണിക്കപ്പെട്ടിരിക്കുന്നത്. കൊടുങ്കാറ്റിന്റെ ഉഗ്രാരവത്തിന്റേയും, അഗ്നിയുടെ ശുഷ്കതയുടേയും മൂർത്തീകരണമാണ രുദ്രൻ. മരണത്തേയും അതിന്റെ ഭീതിജനകതയേയും വ്യഞ്ജിപ്പിക്കുന്ന ഒരു ഭയങ്കരമൂർത്തിയായിട്ടാണ രുദ്രൻ അറിയപ്പെട്ടിരുന്നത്. കാലാന്തരത്തിൽ രുദ്രൻ ദേവനായി ഉയർത്തപ്പെടുകയും ശിവനായി ഐകരൂപ്യം പ്രാപിക്കുകയുംചെയ്തു.

ഈ ദേവന്മാർക്കും പുറമേ ഭൂമിയിൽ തന്നെ വ്യാപരിക്കുന്ന അഗ്നിസോമന്മാരും വൈദികസാഹിത്യത്തിൽ സമുന്നതമായ സ്ഥാനം അലങ്കരിച്ചിരുന്നു. അവരുടെ അപദാനങ്ങളെ കീർത്തിക്കുന്ന അനേകശ്ലോകങ്ങളും വേദങ്ങളിൽ സ്ഥലംപിടിച്ചു.

ഇന്നത്തെ ഹൈന്ദവദേവന്മാരിൽ പ്രമുഖരായ വിഷ്ണു, ശിവൻ, രാമൻ, കൃഷ്ണൻ എന്നിവരെപ്പറ്റി യാതൊന്നും പറയാതിരുന്നതു് എന്തുകൊണ്ടാണെന്നു് അനുവാചകന്മാർ ചോദിച്ചേക്കാം. അതിനു കാരണമുണ്ടു്. അതായതു ഋഗ്വേദകാലത്തു ശിവരാമകൃഷ്ണന്മാർ അജ്ഞാതരായിരുന്നു. വിഷ്ണു അന്നു അറിയപ്പെട്ടിരുന്നുവെങ്കിലും വെറുമൊരു രണ്ടാംകിട ദേവനായിട്ടു മാത്രമായിരുന്നു. മഹാകാവ്യങ്ങളുടെ കാലത്താണു വിഷ്ണുവിനു പ്രാമാണ്യം സിദ്ധിച്ചതും, മറ്റു മൂന്നുപേരും ഉദയംചെയ്തതും. മഹാകാവ്യകാലത്തെപ്പറ്റി പറയുമ്പോൾ അവരെപ്പറ്റി സവിസ്തരം പ്രസ്താവിച്ചുകൊള്ളാം.

വിഷയലമ്പടന്മാരും സ്വാർത്ഥലോലുപന്മാരുമായ ദേവന്മാരുടെ ഉത്ഭവത്തിനും അവർക്കു നല്കപ്പെട്ടുന്ന അശ്ലീലമായ ആരാധനയ്ക്കും കാരണം ഇന്നും മനഃശാസ്ത്രജ്ഞന്മാരുടെയിടയിൽ ചിന്താവിഷയമാണു്. സകല ധാർമ്മികനിയമങ്ങളേയും ലംഘിക്കുന്ന ദേവന്മാരുടേയും, അവരുടെ അതിനികൃഷ്ടമായ പൂജാവിധികളുടേയും വർണ്ണനകൾകൊണ്ടു ഭാഗവത് പുരാണവും ഗീതാഗോവിന്ദവും നിറഞ്ഞിരിക്കുന്നു. ഇന്നത്തെ ചില ഹൈന്ദവനേതാക്കന്മാർ ഇവയെ ദൈവികശക്തികളുടെയും പ്രകൃതിശക്തികളുടെയും വെറും സങ്കല്പങ്ങളാണെന്നു പറഞ്ഞു സമാധാനപ്പെടുവാൻ ശ്രമിക്കുന്നുണ്ടു്. ഏതായാലും ഇത്തരം ഈശ്വരാർച്ചനയും മതാനുഷ്ഠാനവും ഇന്നും പൂർണ്ണമായി അപ്രത്യക്ഷമായിട്ടില്ല.

ആത്മശരീരങ്ങളോടുകൂടിയ മനുഷ്യനു ബുദ്ധിയും മനസ്സും എന്നപോലെതന്നെ ഇന്ദ്രിയവികാരങ്ങളും ജഡികാസക്തിയും ഉണ്ടെന്നുള്ളതു് അനുഭവസിദ്ധമാണു്. യുക്തിപൂർവ്വം ചിന്തിക്കുന്നതിനും യഥാർത്ഥം പ്രവർത്തിക്കുന്നതിനും മനുഷ്യന്റെ ആത്മാംശം ഉത്തമാംശത്തിനും, വികാരം ചിന്തയ്ക്കും വിധേയമായിരിക്കണം. എന്നാൽ ചിലപ്പോൾ മനുഷ്യന്റെ മൃഗീയാസക്തികൾ അനിയന്ത്രിതമായി ശക്തിപ്രാപിക്കുകയും, യുക്തി

യേയും ചിന്തയേയും തകിടംമറിക്കുകയും ചെയ്യാറുണ്ട്. തത് ഫലമായി ദൈവത്തെയും സാന്മാർഗ്ഗികനിയമങ്ങളേയുംകുറിച്ചു തലതിരിഞ്ഞ പല ധാരണകൾ സ്ഥലംപിടിക്കുകയും ചെയ്യുന്നു. ഈ പശ്ചാത്തലത്തിൽ മനുഷ്യർ തങ്ങൾക്കനുരൂപരായ ദേവന്മാരെ സൃഷ്ടിക്കുന്നതിലും തങ്ങൾക്കുള്ള ബലഹീനതകളെ അവരിൽ ആരോപിക്കുന്നതിലും അത്ഭുതപ്പെടാനില്ല. അധർമ്മചാരികളായ ദേവന്മാരുടെ ഉത്ഭവത്തിനുള്ള കാരണം ഇതാണ്.

വിശ്വത്തെ മുഴുവൻ ഈശ്വരന്റെ ആലയമായി കരുതിയിരുന്ന ആര്യന്മാർക്ക് ഇന്നത്തെപ്പോലുള്ള ക്ഷേത്രങ്ങളോ ബിംബങ്ങളോ ഇല്ലായിരുന്നു എന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്. ഈശ്വരബന്ധത്തിലേർപ്പെടുവാൻ പ്രത്യേക സ്ഥലമോ സാഹചര്യമോ ആവശ്യമില്ലെന്നായിരുന്നു അവരുടെ ധാരണ. അശ്വമേധയാഗം ഒഴികെ പരസ്യമായ മറ്റു യാതൊരു ആരാധനപ്രകടവും അവർക്കുണ്ടായിരുന്നതായി അറിവില്ല.

ഋഗ്വേദത്തിലെ ചില വിശ്വാസങ്ങൾ

1) ലോകോൽപത്തി. ലോകാരംഭത്തെപ്പറ്റി പല ഋഗ്വേദങ്ങളും ഋഗ്വേദത്തിൽ കാണാം. അവയിൽ ഒന്നാണു ദേവന്മാരെ പ്രപഞ്ചകർത്താക്കളായുള്ള സങ്കല്പം. അതായതു്, ശില്പികൾ വേനങ്ങൾ നിർമ്മിക്കുന്നതുപോലെ. "ഇതിനുള്ള മരവും തടിയും ഏതാണെന്നു കവി ചോദിക്കുന്നു. ബ്രഹ്മമാണു മരവും തടിയും എന്നു തൈത്തിരീയബ്രാഹ്മണത്തിൽ കവിതന്നെ ഉത്തരം പറയുന്നു. ഈശ്വരൻ ആത്മസത്തയിൽ നിന്നു് എല്ലാവസ്തുക്കളെയും നിർമ്മിച്ചുവെന്നാണു മറ്റൊരുവാദം. നാഭിയിൽനിന്നു വായുമണ്ഡലവും, ശിരസ്സിൽനിന്നു് ആകാശവും, പാദങ്ങളിൽനിന്നു ഭൂമിയും, കണ്ണുകളിൽനിന്നു ചതുർദ്ദിക്കുകളും പുറപ്പെട്ടുവത്രെ. അനാദിമുതൽ ഉണ്ടായിരുന്ന

ജലത്തിൽനിന്നു ലോകം ഉത്ഭവിച്ചു എന്നാണു മറെറാരു സങ്കല്പം. എന്നാൽ ജലത്തിന്റെ ഉത്ഭവത്തെപ്പററി കവി മൌനം ദീക്ഷിക്കുന്നു. പിൽക്കാലങ്ങളിൽ മനു പറയുന്നതു് ഈ ജലവും ദൈവം സൃഷ്ടിച്ചതാണെന്നാണു്. "അപ ഏവ സസർജ്ജാദൌ താസു വീര്യമപാസൃജൽ". ഇനിയുമുള്ള ഒരഭിപ്രായം ബ്രഹ്മത്തിൽ കാമം അഥവാ ആശ ഉത്ഭവിക്കുകയും തത് ഫലമായി പ്രപഞ്ചം പരിണമിക്കുകയും ചെയ്തുവെന്നാണു്.

2) ആത്മാവു്. ജഡത്തിൽനിന്നു വ്യതിരിക്തമായ ആത്മാവിനേയും മനസ്സിനേയുംപററി ഋഗ്വേദത്തിൽ പ്രതിപാദിക്കുന്നുണ്ടു്. അമർത്യമായ ഇവ മരണാനന്തരം ഏകീഭവിക്കുകയും യമലോകത്തെ പ്രാപിക്കുകയും ചെയ്യുന്നു. അവിടെ അതു ശിക്ഷയ്ക്കോ സമ്മാനത്തിനോ അർഹമായിത്തീരുന്നു. പ്രജ്ഞാനശിക്ഷണവരുടെ ആത്മാക്കൾ യമലോകത്തിലോ പഞ്ചഭൂതങ്ങളിൽ ഏതെങ്കിലുമൊന്നിലോ താൽകാലികമായി എത്തിച്ചേരുന്നു.

3) പാപം: പാപത്തിനു മൂന്നു ഘടകങ്ങൾ ഉണ്ടു്. തമസ്സു്, രോഗം, ധാർമ്മികന്യൂനത. ചില വൈദികകവികളുടെ അഭിപ്രായം പാപം രോഗംപോലെ ശരീരത്തോടു പററിപ്പിടിച്ചിരിക്കുന്ന ഒരു പദാർത്ഥമാണെന്നും മന്ത്രോച്ചാരണംകൊണ്ടോ അഗ്നിജ്വാലകൾകൊണ്ടോ അതു നീക്കിക്കളയാമെന്നുമാണു്.

പ്രജ്ഞാരഹിതനായിരിക്കുമ്പോൾപോലും മനുഷ്യനു പാപം ചെയ്യാമെന്നും പാപം ബാഹ്യമാത്രമാകയാൽ ദേവന്മാരോ മനുഷ്യരോ വഴിയായി അന്യരിലേക്കു വ്യാപിപ്പിക്കാമെന്നുമത്രെ അവർ ധരിച്ചുവെച്ചിരുന്നതു്. എന്നാൽ മനസ്സറിവോടുകൂടിയും പാപം ചെയ്യാമെന്നു് അവർ വിശ്വസിച്ചിരുന്നതായി ചില വരുണസ്തവങ്ങളിൽ കാണുന്നുണ്ടു്. പ്രാപോപുരിതവും രത്നാലംകൃതവുമായ ഒരു മനോഹര നഗരമായിട്ടാണു സപ്തസ്സിന്ധുവിനെ അവർ വിവരിച്ചിരിക്കുന്നതു്. അവിടെ അനുഭവിക്കുന്ന

ത്ര ലോകസൗഭാഗ്യങ്ങൾതന്നെ. പക്ഷേ അവയുടെ പരിപൂർണ്ണതയിലാണെന്നുമാത്രം. സ്വർഗ്ഗത്തിലെത്തുന്ന ആത്മാക്കൾ സോമപാനത്താൽ അമർത്യരായിത്തീരുന്നു.


4) നരകം. ത്രിലോകങ്ങൾക്കിടയിലുള്ള തമോനിബിഡമായ അഗാധഗർത്തമാണ നരകം. കൊലപാതകികൾ, വ്യഭിചാരികൾ, മന്ത്രവാദികൾ, തസ്കരന്മാർ മുതലായ അധർമ്മികളെ ഇന്ദ്രനും സോമനുംകൂടി ഈ അന്ധകാരലോകത്തിലേക്ക് എന്നെന്നുമായി വലിച്ചെറിയുന്നു. നരകത്തിലെ യാതനകളെപ്പറ്റി സ്പഷ്ടമായ വിവരങ്ങളൊന്നും വേദങ്ങളിൽ ഇല്ലെങ്കിലും പാപികളെ ചുട്ടെരിക്കുന്ന തീയും കടിച്ചുകീറുന്ന ചെന്നായ്ക്കളും അവിടെയുള്ളതായി ചില ശ്ലോകങ്ങളിൽ കാണുന്നു. പുരാണത്തിന്റെ കാലംമുതൽക്കാണ നരകം അതിവ ഭീതിജനകമായി പ്രത്യക്ഷപ്പെടുന്നത്.

5) പുനർജ്ജന്മം. ഹിന്ദുമതത്തിന്റെ മൌലികതത്ത്വങ്ങളിലൊന്നായ പുനർജ്ജന്മത്തെപ്പറ്റി വൈദികസാഹിത്യത്തിൽ യാതൊരു സൂചനയും കാണുന്നില്ല. പക്ഷേ ഉണ്ടെന്നു സ്ഥാപിക്കുവാൻ ചില ആധുനികഗ്രന്ഥകാരന്മാർ ശ്രമപ്പെടുന്നുണ്ട്. ഉദാഹരണമായി അവർ ഋഗ്വേദത്തിൽ(1)നിന്നും താഴെക്കാണുന്ന ഭാഗം തങ്ങളുടെ വാദത്തിന് ഉപോത്ബലകമായി ഉന്നയിക്കുന്നു. "ചെയ്യുവാനുള്ളതെല്ലാം ചെയ്തിട്ട്, വാർദ്ധക്യം പ്രാപിച്ച്, അവൻ ഐഹികവാസം വെടിയുന്നു. ഇവിടെനിന്നും പോയശേഷം ഒരിക്കൽകൂടി അവൻ ജന്മമെടുക്കുന്നു. ഇതാണ് മൂന്നാമത്തെ ജന്മം". ഇതും ഇതരശ്ലോകങ്ങളും പരിശോധിച്ചാൽ വാസ്തവത്തിൽ പുനർജ്ജന്മത്തെപ്പറ്റിയല്ല ഇവ പ്രതിപാദിക്കുന്നതെന്നു മനസ്സിലാകും. കാരണം, ശിശുവായിപ്പിറക്കുമ്പോഴുള്ള ജന്മം, ആത്മീയപ്രബുദ്ധതയിലേക്കു പ്രവേശിക്കുമ്പോഴുള്ള ജന്മം, മരണാനന്തരജീവിതം കൈവരിക്ക

(1) ഋഗ്വേദം IV. 27. 1.

മ്പോഴുള്ള ജന്മം എന്നിങ്ങനെ ഓരോ മനുഷ്യനും മൂന്നു ജന്മങ്ങളുള്ളതായിട്ടാണ് അവരുടെ സങ്കല്പം.(1)

ഹിന്ദുമതതത്ത്വങ്ങളേയും ആചാരവിധികളേയും ക്രോഡീകരിക്കുന്ന മൗലികഗ്രന്ഥങ്ങൾ വേദങ്ങളും ബ്രാഹ്മണങ്ങളും ഉപനിഷത്തുക്കളും ആരണ്യകങ്ങളും ആണല്ലോ. ഇവയിൽ വേദങ്ങളെപ്പറ്റി പൊതുവായും ഋഗ്വേദത്തെപ്പറ്റി പ്രത്യേകിച്ചും ചിലതെല്ലാം കണ്ടുകഴിഞ്ഞു. അടുത്തതായി ബ്രാഹ്മണങ്ങളെപ്പറ്റി പ്രതിപാദിക്കാം.



അദ്ധ്യായം നാല്

ബ്രാഹ്മണങ്ങൾ

പൗരാണികാര്യന്മാരുടെ യാഗവിധികളേയും ഇതര മതകർമ്മാനുഷ്ഠാനങ്ങളേയുംപറ്റി പ്രതിപാദിക്കുന്ന ശ്രുതിഗ്രന്ഥശാഖയാണ് ബ്രാഹ്മണങ്ങൾ. വളരുക, വികസിക്കുക എന്നർത്ഥമുള്ള 'ബ്രൂഹ്' ധാതുവിൽനിന്നു ബ്രാഹ്മണങ്ങൾ ഉത്ഭവിച്ചുവെന്നാണ് മാക്സ്മുള്ളർ മുതലായ പണ്ഡിതന്മാരുടെ പൊതുവായ അഭിപ്രായം. ഓരോ വേദത്തിനും അതിനു സ്വന്തമായ ബ്രാഹ്മണങ്ങൾ ഉണ്ട്. ഋഗ്വേദത്തിന് ഐതരേയവും കൌശീതകിയും, കൃഷ്ണയജുർവേദത്തിനു തൈത്തിരീയവും, ശുക്ലയജുർവേദത്തിന് ശതപഥവും, സാമവേദത്തിനു താണ്ഡ്യം, ഷഡ്വംശം മുതലായവയും, അഥർവവേദത്തിനു ഗോപഥവും ആണ് ബ്രാഹ്മണങ്ങൾ. ബ്രാഹ്മണകാലം ബി. സി. 1200നും 700നും മദ്ധ്യയാണെന്നാണ് പണ്ഡിതന്മാർ

(1) ഋഗ്വേദം 10. 58.

ടെ അഭിപ്രായം. വിളിനു വിദ്യാകേന്ദ്രങ്ങളിൽപ്പെട്ട പല പണ്ഡിതന്മാർ ചേർന്നാണ് ഓരോ ബ്രാഹ്മണവും നിർമ്മിച്ചിട്ടുള്ളതു്. അവയിൽ കാണുന്ന ആശയങ്ങളുടെ വൈവിധ്യവും വൈപരീത്യവും ഇതിനു മതിയായ തെളിവാണ്. വേദബ്രാഹ്മണാദികളും അവയിലെ പൂജാവിധികളും അടിസ്ഥാനപ്പെടുത്തിയിരുന്ന ഗൃഹകേന്ദ്രാശ്രമങ്ങൾക്ക് അനുണ്ടായിരുന്ന പ്രസിദ്ധിയും പ്രാമാണ്യവും സീമാതീതമായിരുന്നു. അവയിലൊന്നിൽ ദേവേന്ദ്രൻപോലും പ്രജാപതിയുടെ ശിഷ്യനായി നൂറൊന്നു സംവത്സരം കഴിച്ചുകൂട്ടി!

യാഗങ്ങൾ

ബ്രാഹ്മണകാലത്തെ ഏറ്റവും വലിയ മതകർമ്മങ്ങൾ യാഗങ്ങളും ബലികളും ആയിരുന്നു. അതിനാൽ അവയെപ്പറ്റി കുറച്ചുകൂടി ദീർഘമായി പ്രതിപാദിക്കാം. ആര്യന്മാർ പ്രകൃതിശക്തികളെമാത്രമല്ല, പക്ഷിമൃഗാദികളേയും നദികളേയും വൃക്ഷങ്ങളേയും മറ്റും ദേവന്മാരായി ആരാധിച്ചിരുന്നുവെന്നു മുമ്പു നാം കണ്ടുവല്ലോ. ആദ്യകാലങ്ങളിൽ വഴിപാടുകളാലും പ്രാർത്ഥനകളാലും ദേവന്മാരെ അവർ പ്രീതിപ്പെടുത്തിവന്നു. സാധാരണമായി നെയ്യ്, ചോറ്, മധുര പലഹാരങ്ങൾ, പാലും വെള്ളവും ചേർത്ത സോമരസം മുതലായവയായിരുന്നു ആ വഴിപാടുകൾ. പിന്നീടു ത്രിസന്ധ്യാപൂജകൾ നടപ്പിലായി. കാലക്രമത്തിൽ അശ്വമേധം തുടങ്ങിയ മൃഗയാഗങ്ങളും പ്രചാരത്തിൽവന്നു.

ഇമ്മാതിരി യാഗാർച്ചനകൾക്കു പ്രേരകങ്ങളായി പല വിശ്വാസങ്ങൾ അവർക്കുണ്ടായിരുന്നു. ദേവന്മാരെ പ്രസാദിപ്പിച്ചു് അവരിൽനിന്നും ഭൗതികവും ആത്മീയവുമായ അനുഗ്രഹങ്ങളും വരങ്ങളും സമ്പാദിക്കുന്നതിനുവേണ്ടിയുള്ള കാഴ്ചദ്രവ്യങ്ങളായിട്ടാണ് ഇവ പരിഗണിക്കപ്പെട്ടിരുന്നതു്. ദേവന്മാരുടെ നിരന്തരമായ സഹായവും അനുകൂല്യവും കൂടാതെ മനുഷ്യനു

ജീവിക്കുവാനും പ്രവർത്തിക്കുവാനും സാധിക്കുകയില്ലെന്നായിരുന്നു അവരുടെ മറ്റൊരു ധാരണ. അതിനാൽ ബലിദാനങ്ങളാൽ അവരെ പ്രീതിപ്പെടുത്തുക ആവശ്യകമായിവന്നു. ഈ രണ്ടു കാരണങ്ങളെ അടിസ്ഥാനമാക്കി ജനങ്ങൾ യാഗങ്ങൾ അനുഷ്ഠിച്ചിരുന്നതായും തദ്വാരാ സമ്പത്തും ഐശ്വര്യവും പ്രാപിച്ചിരുന്നതായും ബ്രാഹ്മണങ്ങളിൽ കാണുന്നുണ്ട്. യാഗങ്ങൾ ക്രമേണ വെറും കൊട്ടക്കൽവാങ്ങൽ മാത്രമായി തരംതാഴ്ന്നു. ദേവന്മാരുടെ കൈവശമുള്ള മഴ, വെയിൽ, ആരോഗ്യം മുതലായവ മനുഷ്യർക്കാവശ്യം. മനുഷ്യരുടെ ചോറും പാലും വെണ്ണയും ദേവന്മാർക്കാവശ്യം. കിട്ടുന്നതനുസരിച്ചു കൊടുക്കുക എന്ന പ്രമാണമാണു ബ്രാഹ്മണങ്ങളിൽ തെളിഞ്ഞുകാണുന്നതു്. പൂജയുടെ അവസാനത്തിൽ ആചാര്യൻ ഇപ്രകാരം പറയുന്നു. "ദേവൻ ബലി സ്വീകരിച്ചിരിക്കുന്നു. ദേവൻ പുഷ്ടി പ്രാപിച്ചിരിക്കുന്നു." അപ്പോൾ നേർച്ചക്കാർ പറയുന്നു "ഐശ്വര്യവാനായ ദേവനെപ്പോലെ ഞാനും ഐശ്വര്യവാനായിത്തീരട്ടെ."

ആര്യന്മാർ ഇൻഡ്യയിലെ പുരാതനവർഗ്ഗക്കാരുമായി സമ്പർക്കത്തിലർപ്പെട്ടതോടെ യാഗാർച്ചനകളുടെ ഉദ്ദേശ്യം വീണ്ടും വ്യത്യാസപ്പെട്ടു. വേദങ്ങളിൽ കാണുന്ന ആര്യന്മാരുടെ പ്രകൃതിദേവന്മാർ ആര്യേതരന്മാരുടേതിൽനിന്നു വ്യത്യസ്തസ്വഭാവക്കാരായിരുന്നു. ആര്യന്മാരുടെ ദേവന്മാർ സ്നേഹിക്കത്തക്കവരായിരുന്നുവെങ്കിൽ ആര്യേതരന്മാരുടെ ദേവന്മാർ ഭയപ്പെടേണ്ടവരായിരുന്നു. അതിനാൽ ഈ ഉഗ്രദേവതകളെ രക്തബലികളാലും മറ്റുപ്രസാദങ്ങളാലും തൃപ്തിപ്പെടുത്തി വശീകരിക്കേണ്ടിയിരുന്നു. മാത്രമല്ല ദേവന്മാരെ വശത്താക്കി ശത്രുക്കളോടു പ്രതികാരം ചെയ്യാമെന്നുമായിരുന്നു അവരുടെ ധാരണ. അങ്ങനെയാണു വൈദികകാലത്തു് അജ്ഞാതമായിരുന്ന മന്ത്രവാദാദിഗ്രന്ഥതന്ത്രങ്ങൾ ബ്രാഹ്മണകാലത്തെ ആരാധനാനുഷ്ഠാനങ്ങളിൽ കടന്നുകൂടിയതു്. "ഈ മന്ത്രവിദ്യകളെ കൂടുതൽ ശക്തി

മത്താക്കുന്നതിനുവേണ്ടി യാഗങ്ങളെ പൂർവ്വാപരി വിപുലീകരിക്കുകയും അലംഘനീയങ്ങളായ അനേകം ഉപകർമ്മവിധികൾ അവയോട് കൂട്ടിച്ചേർക്കുകയും ചെയ്തു. അങ്ങനെ യാഗങ്ങൾ ദേവന്മാർക്കുപോലും ഒഴിഞ്ഞുമാറുവാൻ പാടില്ലാത്ത വലകളായി കലാശിച്ചു. (1) യാഗങ്ങളുടെ പാവനതയിൽനിന്നുള്ള ഈ അധഃപതനത്തിനു കാരണം ന്യായാലികളായ ആര്യന്മാർ കീഴടക്കപ്പെട്ട ആദിമനിവാസികളുടെ സംസ്കാരത്തെയും മതാചാരങ്ങളേയും സ്വന്തമായി സ്വീകരിക്കാൻ കാണിച്ച ഔൽസുക്യമാണ്.

ബ്രാഹ്മണയാഗങ്ങളും ക്രിസ്തീയബലികളും.

ഇവ തമ്മിലുള്ള ഒരു താരതമ്യപഠനം ബ്രാഹ്മണയാഗങ്ങളെപ്പറ്റി കൂടുതൽ അറിയുന്നതിന് ഉപകരിക്കുമെന്നു വിശ്വസിക്കുന്നു. ചരിത്രം പരിശോധിക്കുന്നതായാൽ ലോകാരംഭം മുതൽ മനുഷ്യൻ ദൈവത്തിനു ദൃശ്യമായ എന്തെങ്കിലും സമർപ്പിച്ചിരുന്നതായും അങ്ങനെ മനുഷ്യനു ദൈവത്തോടുള്ള വിധേയത്വവും ദൈവത്തിനു മനുഷ്യന്റെ മേലുള്ള അധീശത്വവും പ്രകടിപ്പിച്ചിരുന്നതായും കാണാം. ഇതു മനുഷ്യന്റെ കൃതജ്ഞതയുടേയും പ്രായശ്ചിത്തത്തിന്റേയും ആശയുടേയും ആരാധനയുടേയും ബാഹ്യപ്രകടനമാണ്. വ്യക്തികളുടേയും സമുദായത്തിന്റേയും ആരാധനകളിൽ കേന്ദ്രസ്ഥാനം അർഹിക്കുന്നതു ബലിയാണ്.

ക്രിസ്തീയബലിക്കു പ്രധാനങ്ങളായ നാലു ഉദ്ദേശ്യങ്ങളാണുള്ളത്. ദൈവമഹത്വത്തെ പ്രകീർത്തിക്കുക; ദൈവാനുഗ്രഹങ്ങൾക്കു കൃതജ്ഞതപ്രകാശിപ്പിക്കുക; പുതിയ അനുഗ്രഹങ്ങൾ യാചിക്കുക; പാപത്തിനും ശിക്ഷയ്ക്കും പരിഹാരം ചെയ്യുക. ഇ

(1) History of Indian Philosophy by S. K. Belvalkar and R. D. Ranade.

വയിൽ പ്രായശ്ചിത്തവും വരപ്രാപ്തനയും മാത്രമെ ബ്രാഹ്മണ ബലികളിൽ ഉദ്ദേശിക്കപ്പെട്ടിരുന്നുള്ളൂ. തന്നെയുമല്ല ക്രിസ്ത്യാനികളുടെ ബലിയും ഹിന്ദുക്കളുടെ ബലിയും തമ്മിൽ സാരമായ അന്തരവുമുണ്ട്. പ്രായശ്ചിത്തം എന്നു പറഞ്ഞാൽ ഹിന്ദുക്കൾ മനസ്സിലാക്കുന്നതു് ഉഗ്രനായ ഒരു ദേവന്റെ കോപം ശമിപ്പിക്കുക എന്നാണു്. എന്നാൽ ഇങ്ങനെ വെറുമൊരു കോപശമനമല്ല ക്രിസ്ത്യാനികളുടെ വിവക്ഷ. പ്രത്യുത അവതീർണ്ണനായ ക്രിസ്തുവിന്റെ കാൽവരിയിലെ ബലിയുടെ യോഗ്യതവഴി മനുഷ്യന്റെ പാപത്തിനു പരിഹാരം ചെയ്തു അവനെ അലൗകികമായ ഈശ്വരപ്രസാദത്തിലേക്കു പ്രത്യാനയിക്കുകയാണു്. കാൽവരിയിലെ മഹായാഗം വെറും ഒരു രക്തം ചിന്തലോ നരബലിയോ അല്ല, പ്രത്യുത ലോകാത്തരമായ ഒരു ദിവ്യസ്സംഭവത്തിന്റെ പ്രത്യക്ഷപ്രവാഹമാണു്. കൃതജ്ഞതാപ്രകടനത്തിനുള്ള ബലികളെപ്പറ്റി ബ്രാഹ്മണങ്ങളിൽ സൂചന കാണുന്നുണ്ടെങ്കിലും അതിനു തികച്ചും അപ്രധാനമായ സ്ഥാനമാണു നല്കിയിട്ടുള്ളതു്. അവയുടെ പരമോദ്ദേശ്യം ഇഹത്തിലും പരത്തിലും ഐശ്വര്യം സമ്പാദിക്കുകയാണു്. ആദ്യകൃഷിഫലങ്ങൾ ദേവന്മാർക്കു നല്കണമെന്നും രോഗവിമുക്തരായവർ ബലിസമർപ്പിക്കണമെന്നും ബ്രാഹ്മണസൂത്രങ്ങൾ അനുശാസിക്കുന്നുണ്ടു്.(1) പക്ഷെ അവയ്ക്കുള്ള പ്രത്യേകമന്ത്രങ്ങൾ പരിശോധിച്ചാൽ ഫലസമൃദ്ധിയേയും ദീർഘായുസ്സിനേയും മുൻനിറുത്തിയാണു് ഈ സമർപ്പണങ്ങൾ എന്നു മനസ്സിലാകും. അതുപോലെതന്നെ കുട്ടികൾ ജനിക്കുമ്പോഴും, അവർ വിവാഹം കഴിക്കുമ്പോഴും ആര്യന്മാർ യാഗങ്ങൾ നടത്തിയിരുന്നു. ഈ ആഘോഷങ്ങളിൽ പിതൃക്കളും ദേവന്മാരും പങ്കുകൊണ്ടിരുന്നുവെന്നും, അവരുടെ അനുഗ്രഹത്താൽ ശത്രുക്കളിൽനിന്നും രക്ഷപെടാമെന്നുമായിരുന്നു അവരുടെ വിശ്വാസം. രാജാക്കന്മാരുടെ പ

(1) Confer Asualayana G. Sutra iv. 1–1.
Sankhayama G. Sutra III. 8.

ട്ടാഭിഷേകാവസരങ്ങളിൽ അശ്വമേധയാഗം നടത്തിയിരുന്നതായി ഐതരേയ ബ്രാഹ്മണത്തിൽ കാണുന്നു. എന്നാൽ അതു കൃതജ്ഞതാസൂചകമായിട്ടല്ല, പ്രസ്തുത രാജാവിനും പ്രജകൾക്കും ഭാവൈശ്വര്യങ്ങൾ ലഭിക്കുന്നതിനു വേണ്ടിയായിരുന്നു. ബ്രാഹ്മണയാഗങ്ങളിൽ കൃതജ്ഞതാപ്രകടനത്തിനു സ്ഥാനമില്ലായിരുന്നുവെന്നുവേണം ഇതിൽനിന്നെല്ലാം മനസ്സിലാക്കുവാൻ.

എന്നാൽ ക്രിസ്തീയബലികളുടെ പ്രധാനോദ്ദേശ്യം ആരാധനയും ഉപകാരസ്മരണയുമാണെന്നു നാം മുമ്പു കണ്ടുകഴിഞ്ഞു. ദൈവം സകല ചരാചരങ്ങളുടെയും സൃഷ്ടാവു മാത്രമല്ല നമുക്കുള്ള എല്ലാ നന്മകളുടെയും അനുഗ്രഹങ്ങളുടെയും ദാതാവുമാണെന്നു നമ്മതിച്ചുകൊണ്ട് അവിടുത്തേക്കു നാം നല്കുന്ന കൃതജ്ഞതാസ്തോത്രങ്ങൾ ക്രിസ്തീയബലികളിലെല്ലാം സമൃദ്ധമായിക്കാണാം.

ബ്രാഹ്മണബലികൾ വഴിയായി പാപമോചനം ലഭിക്കുന്നതു പ്രത്യേകതരത്തിലാണ്. അതിനു കാണിക്കകളും മന്ത്രവും വേണം. കാരണം, നാം മുമ്പു പറഞ്ഞതുപോലെ പാപത്തിന് ആത്മീയവും ശാരീരികവും ആയ രണ്ടു ഘടകങ്ങളുണ്ടെന്നാണ് അവർ ധരിച്ചുവച്ചിരുന്നതു്. ഏതോ ഒരു രോഗംപോലെ ശരീരത്തോട് ഒട്ടിച്ചേരുന്ന ആദ്യത്തെ ഘടകത്തെ നീക്കുന്നതിനാണ് ജലംകൊണ്ടും അഗ്നികൊണ്ടും മറ്റും ശുചീകരണം നടത്തേണ്ടിയിരുന്നതു്. ഇതിനു ചില പ്രത്യേക പ്രാർത്ഥനകളുമുണ്ട്. ആത്മീയാശുദ്ധി നീക്കിക്കളയുന്നതിനു മന്ത്രോച്ചാരണത്തോടുകൂടിയ ബലിസമർപ്പണവും വിധിക്കപ്പെട്ടിരുന്നു. കളവു പറഞ്ഞതിന്റെ പാപം നീക്കുന്നതിനു വിധിപ്രകാരം വാ കഴുകുകയും അശ്ലീലകരമായ വാക്കുകൾ ഉച്ചരിച്ചാൽ ഉണ്ടാകുന്ന അപത്തുകളൊഴിക്കുന്നതിനു 'തീയാട്ട്' നടത്തുകയും ചെയ്തിരുന്നെന്ന് അഥർവവേദത്തിൽ പറയുന്നു. ബ്രഹ്മചാരിതപത്തിനു ഭംഗം വരുത്തുന്ന ഒരു വിദ്യാർത്ഥി കഴുതയെ 'നിർഋതി'ക്കു ബലികഴിച്ചതിനുശേഷം അതിന്റെ ചർമ്മം ധരിച്ചുകൊണ്ടു പരസ്യമായി ഭിക്ഷ യാചിക്കണമെന്നു ഗൗതമധർമ്മ

സൂത്രം വിധിക്കുന്നു കൊലപാതകം ചെയ്യപ്പെടാൻ വധിക്കപ്പെട്ട വന്റെ തലയോട്ടു പാനപാത്രമായി ഉപയോഗിക്കുകയും, പട്ടിയുടെയോ, കഴുതയുടെയോ തുകൽ ധരിക്കുകയും ചെയ്യണം. പാപമോചനം ലഭിക്കുന്നതു ചർമ്മത്തിലോ അതിന്റെ ധരിക്കലിലോ ഉള്ള മാന്ത്രികശക്തി നിമിത്തമാണ്. പാപവിമോചനത്തിന് ആന്തരികമായ മനസ്സുതിരിവു് ആവശ്യമാണെന്നു ബ്രാഹ്മണങ്ങൾ പറയുന്നില്ല. വെറും യാന്ത്രികമായ ബലിസമർപ്പണം മാത്രം മതിയാകുമായിരുന്നു.

പാപമോചനത്തെപ്പറ്റിയുള്ള ക്രൈസ്തവതത്ത്വത്തിന് ഇതുമായി യാതൊരു ബന്ധവുമില്ല. വെറും ബലി സമർപ്പണങ്ങളും മതകർമ്മങ്ങളും അല്പമൊരു കണ്ണിതവുംമാത്രം പാപവിമോചനത്തിനു മതിയാകയില്ലെന്നു ക്രിസ്തുമതം പഠിപ്പിക്കുന്നു. ആത്മാർത്ഥമായ പശ്ചാത്താപവും പാപത്തോടു യഥാർത്ഥമായ വെറുപ്പും മേലിൽ പാപം ചെയ്കയില്ലെന്നുള്ള ദൃഢനിശ്ചയവും പാപവിമോചനത്തിനു കൂടിയേ കഴിയൂ.

എന്നാൽ ക്രിസ്ത്യാനികളുടെ കൃത്യാകൃത്യങ്ങളെ ബാഹ്യമാത്രമായി പരിശോധിച്ചുശേഷം അവയിൽ ചില മന്ത്രവിദ്യകൾ കടന്നുകൂടിയിട്ടുണ്ടെന്നു് ഒരു ആരോപണം ചിലർ ഉന്നയിക്കാറുണ്ടു്. ഉദാഹരണമായി അവർ ചോദിക്കും "തലയിൽ കുറെ വെള്ളം ഒഴിച്ചു് ഏതാനും മന്ത്രങ്ങൾ ഉച്ചരിക്കുമ്പോൾ ഒരാൾ ജ്ഞാനസ്നാനം സ്വീകരിക്കുന്നുവെന്നും അയാളുടെ പാപം മുഴുവൻ നിർമ്മാർജ്ജനം ചെയ്യപ്പെടുന്നുവെന്നും ശഠിക്കുന്നതു് അന്ധവിശ്വാസമല്ലേ? അത്യുത്തമാവഹവും പ്രകൃതിശക്തിക്കതീതവുമായ പാപവിമോചനം വെറും വെള്ളമൊഴിക്കൽകൊണ്ടും ചില മന്ത്രങ്ങളുടെ ഉരുവിടൽകൊണ്ടും സാധിക്കുന്നുവെങ്കിൽ ആ വെള്ളത്തിനും ആ വാക്കുകൾക്കും ഏതോ നിഗൂഢമായ ഒരു മാന്ത്രികശക്തി കല്പിച്ചുകൊടുക്കുകയല്ല ചെയ്യുന്നതു്?" ശരിതന്നെ. അവയ്ക്കു പിന്നിൽ ഒരു ശക്തിയുണ്ടു്. പക്ഷേ അതു മാന്ത്രികശക്തിയല്ല. ദൈവശക്തിയാണു് അവയിലൂടെ പ്ര

വത്തിക്കുന്നതു്. ജ്ഞാനസ്നാനം ദൈവസ്ഥാപിതമാണു്. ദൈവവും മനുഷ്യനുമായ ക്രിസ്തു നേരിട്ടു സ്ഥാപിച്ചിട്ടുള്ളതാണു്. അതെന്തു താത്ത്വികമായും ചരിത്രപരമായും തെളിയിക്കാൻ സാധിക്കും. ഇതിനുള്ള കർമ്മസാധനവും വിധികളും അവിടുന്നുതന്നെ നിർദ്ദേശിച്ചിട്ടുള്ളതുമാണു്. അതിനാൽ അനന്തശക്തനായ സർവ്വേശ്വരൻതന്നെയാണു് ഈ കർമ്മത്തിൽ പ്രവർത്തിക്കുന്നതു്. മന്ത്രതന്ത്രങ്ങൾക്കു് അതിൽ സ്ഥാനമില്ലെന്നു യുക്തിപൂർവ്വം ചിന്തിക്കുന്ന അർക്കും മനസ്സിലാക്കാമല്ലോ. പാപസങ്കീർത്തനം എന്ന ക്രമാശയെപ്പറ്റിയും ഇതുതന്നെ പറയാം. ദൈവവും മനുഷ്യനുമായിരുന്ന ക്രിസ്തുവിനു പാപവിമോചനത്തിനു് ഉണ്ടായിരുന്ന ശക്തി അവിടുന്നു സ്ഥാപിച്ച പുരോഹിത്യംവഴി പ്രവർത്തിക്കുന്നതിനാലാണു പാപവിമോചനം ഉണ്ടാകുന്നതു്. അല്ലാതെ വെറും മനുഷ്യനൊന്ന നിലയിൽ പുരോഹിതൻ ഉച്ചരിക്കുന്ന ഏതാനും വാക്കുകൾകൊണ്ടല്ല ഇതു സംഭവിക്കുന്നതു്.

ബലിസാധനങ്ങൾ

നാം മുമ്പുപറഞ്ഞ വെണ്ണ, പാലു മുതലായവ സമർപ്പിച്ചിരുന്നതിനു പുറമേ പശു, കാള, കുതിര, ആട്ടു് എന്നിവയെ ബലി കഴിക്കുകയും ചെയ്തിരുന്നു. മത്സ്യങ്ങളേയും പക്ഷികളേയും വന്യമൃഗങ്ങളേയുംപറ്റി പറഞ്ഞുകാണുന്നില്ല. സാമ്പത്തികവും മതപരവുമായ പ്രാധാന്യം ഉണ്ടായിരുന്നിട്ടും പശുക്കൾ ബലികഴിക്കപ്പെട്ടിരുന്നുവെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണു്. പുരോഹിതന്മാർ, ആചാര്യന്മാർ, തീർത്ഥകർ മുതലായ പ്രശസ്താഥിതികളുടെ ബഹുമാനാർത്ഥം ഗോബലി നടത്തപ്പെട്ടുപോന്നു. അതിനാൽ അങ്ങനെയുള്ള അതിഥികൾക്കു് ഗോഘ്നന്മാർ എന്നാണു പറഞ്ഞുവന്നിരുന്നതു്. അശ്വമേധയാഗം രാജാക്കന്മാരാണു സാധാരണ നടത്തിയിരുന്നതു്. അതിന്റെ ഭാരിച്ച ചെലവു വഹിക്കുവാൻ അവർക്കു മാത്രമെ സാധിച്ചിരുന്നുള്ളൂ. നരബലികളെപ്പറ്റിയും ഇതിൽ സൂചന

കർം ഇല്ലായിരുന്നു. ഒരു യാഗത്തിലേ ബലിവസ്തു വാസ്തവത്തിൽ മനുഷ്യനാണെന്നും എന്നാൽ അതു പ്രായോഗികമല്ലാത്തതിനാൽ അതിനു പകരം മറെറന്തെങ്കിലും സമർപ്പിക്കാമെന്നും ഐതരേയശതാപഥബ്രാഹ്മണങ്ങൾ പറയുന്നു. പുരാതനഭാരതത്തിൽ നരബലി നടന്നിരുന്നതായി നമുക്ക് അറിയാം. പക്ഷേ അവയ്ക്കു നിയമസാധുത ഉണ്ടായിരുന്നതായി അറിഞ്ഞുകൂടാ. നരബലി പുരാണികകാലാതീതത്തിന്റെ നിഴൽപ്പാടാണെന്നു പറയാം. അടുത്തകാലത്തുപോലും രക്തമാംസാദിത്തയായ ഉർഗ്ഗാദേവിക്കു പിഞ്ചുകുഞ്ഞുങ്ങൾ ബലികഴിക്കപ്പെട്ടിരുന്നതായി നാമറിയുന്നു.

മനഃശാസ്ത്രപരമായി നോക്കുമ്പോൾ മനുഷ്യന്റെ നൈസർഗ്ഗികമായ ഈശ്വരവിധേയത്വബോധത്തിൽനിന്നു് ഉത്ഭവിച്ചതാണു ബലികർം. ആരംഭകാലത്തു വൈദികബലികളുടെ ഉദ്ദേശ്യങ്ങളും വിധികളും അത്രയധികം ഔന്നത്യമായിരുന്നു. മനുഷ്യനിർമ്മിതങ്ങളായിരുന്നെങ്കിലും അവയ്ക്കു് ഏതോ ഒരു പവിത്രത ഉണ്ടായിരുന്നു. എന്നാൽ പിൽക്കാലങ്ങളിൽ ബ്രാഹ്മണന്മാർ സ്വതന്ത്രമായ പല വ്യതിയാനങ്ങളും വരുത്തിയതിനാൽ അവയുടെ ഉദ്ദേശ്യത്തിലും വിധികളിലും സ്വാർത്ഥതയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. അങ്ങനെ ആ ഉൽകൃഷ്ടസ്ഥാനത്തിൽനിന്നും അധഃപതിച്ചു് അവ വെറും യാന്ത്രികമായ കൊടുക്കൽവാങ്ങൽ രീതിയായിത്തീർന്നു. ക്രിസ്തീയബലിയെക്കുറിച്ചു പറയുകയാണെങ്കിൽ അതു ദൈവവും മനുഷ്യനുമായ ക്രിസ്തുനാഥൻ കാൽവരിയിൽ സ്വമരണംവഴി സമർപ്പിച്ച മഹായജ്ഞവും, അവിടുത്തെ ആജ്ഞാനുസരണം നിവൃഹിക്കപ്പെടുന്ന അതിന്റെ രക്തംചിന്താതെയുള്ള ആവർത്തനവുമാണു്. ആകയാൽ ഉത്ഭവത്തിലും ഉദ്ദേശ്യത്തിലും ഫലത്തിലും അതു് അലൗകികമാണു്.

അദ്ധ്യായം അഞ്ച്

ബ്രാഹ്മണങ്ങളിലെ ആരാധന

സ്രഷ്ടാവായ ദൈവത്തോടു സൃഷ്ടികളായ മനുഷ്യർക്കുള്ള ബഹുമാനാദരങ്ങളാണ് ഈ ആരാധനകൊണ്ട് ഇവിടെ വിവക്ഷിക്കുന്നതു്. ഇതിന്റെ ബാഹ്യപ്രകടനമാണു മതാചാരങ്ങൾ. ഈ മതപ്രതിപത്തി മനുഷ്യനു പ്രകൃതിസഹജമാണ്. അതുകയാൽ ഇതു മാനവചരിത്രത്തിൽ എവിടെയും തെളിഞ്ഞുകാണാം. മനുഷ്യനിർമ്മിതമായ ആരാധനാവിധികളിൽ ഏറ്റവും ബൃഹത്തും സങ്കീർണ്ണവും ശ്രുതഗൃഹ്യധർമ്മസൂത്രങ്ങളിൽ കാണുന്നവയാണ്. സാമൂഹികവും മനഃശ്ശാസ്ത്രപരവുമായി മതാചാരങ്ങൾക്കുള്ള പ്രാധാന്യം പുരാണികർ ശരിയായി മനസ്സിലാക്കിയിരുന്നുവെന്ന് ഇതിൽനിന്നു വ്യക്തമാണല്ലോ. എന്നാൽ ഇന്നത്തെ അത്യസ്വതന്ത്രരായ ഹിന്ദുക്കൾ ഇത്തരം ചടങ്ങുകൾക്കു വലിയ വില കല്പിച്ചുകൊടുക്കുന്നില്ല.

ബ്രാഹ്മണാരാധനകളുടെ വൈവിധ്യം

എണ്ണമറ്റ ദേവന്മാരെ സൃഷ്ടിക്കുന്നതിനും അവരെ വിവിധ തരത്തിൽ ആരാധിക്കുന്നതിനും പുരാതനന്മാരായ തീയർക്കുണ്ടായിരുന്ന ഔത്സുക്യം അത്ഭുതാവഹംതന്നെ. സൂര്യനെത്തന്നെ പല ദിവ്യശക്തികളായി സങ്കല്പിച്ചുകൊണ്ടു ഭിന്നരീതികളിൽ അവർ ആരാധിച്ചിരുന്നു. ഹിന്ദുക്കളുടെ ദേവകുലത്തിൽ സൂര്യചന്ദ്രനക്ഷത്രങ്ങളും പക്ഷിമൃഗാദികളും വൃക്ഷങ്ങളും നദികളും ഉൾപ്പെടുന്നു. ഇവരെക്കൂടാതെ ഓരോഗ്രാമത്തിനും നഗരത്തിനും പ്രത്യേക ദേവതകളുമുണ്ട്. ഭൂതപ്രേതപിശാചങ്ങളും യക്ഷിഗന്ധർവകിന്നരന്മാരും ഇക്കൂട്ടത്തിൽ ആരാധനാപാത്രമാണ്. ഈ ആരാധനാവൈവിധ്യം പരമ്പരാഗതമായി വന്നുചേർന്നിട്ടുള്ളതാണ്. ഇൻഡ്യയിലെ ഇന്നത്തെ സാധാര

ണജനങ്ങളിൽ ഭൂരിപക്ഷവും ചരിത്രത്തെയോ യുക്തിയേയോ ആധാരമാക്കാതെ വെറും മാമൂലുകളെ ആദരിച്ചാണു പഴയ ആരാധനാസമ്പ്രദായങ്ങളെ വച്ചുപുലർത്തുന്നതു്.

സൂര്യാരാധന. സൂര്യാരാധന ഋഗ്വേദകാലങ്ങളിൽപോലും പ്രചാരത്തിലിരുന്നുവെന്നു നാം കണ്ടുവല്ലോ. അന്നുമുതൽ ഇന്നോളം ഇതിനു ഹിന്ദുമതത്തിൽ അതിപ്രധാനമായ ഒരു സ്ഥാനമുണ്ടു്. ക്രിസ്താബ്ദം 7-ാംനൂറ്റാണ്ടിൽ ഇൻഡ്യ സന്ദർശിച്ച ഹ്യൂയെൻസാങ്ങ് എന്ന ചൈനീസു സഞ്ചാരി പഞ്ചാബു്, രാജസ്ഥാൻ, ഒറീസാ എന്ന സ്ഥലങ്ങളിൽ സൂര്യനു പ്രതിഷ്ഠിക്കപ്പെട്ട ക്ഷേത്രങ്ങൾ കണ്ടതായി പറയുന്നുണ്ടു്. ഉദയസൂര്യനെ ബ്രഹ്മാവായും മദ്ധ്യാഹ്നസൂര്യനെ ശിവനായും അസ്തമയസൂര്യനെ വിഷ്ണുവായും കരുതി ആരാധിച്ചിരുന്ന ആറു ഹിന്ദുമതവിഭാഗക്കാർ ശങ്കരാചാര്യരുടെ കാലത്തുണ്ടായിരുന്നു. ഇന്നും ഏതൊരു ഹിന്ദുവും ഗായത്രിമന്ത്രം ഉരുവിട്ടുകൊണ്ടു പ്രാതഃസൂര്യനേയും സായന്തനസൂര്യനേയും നമസ്കരിക്കാതിരിക്കയില്ല. കൂടാതെ സൂര്യന്റെ ഓരോ രാശിയിലേക്കുമുള്ള പ്രവേശനവും വലിയ മഹോത്സവമായിട്ടാണു കൊണ്ടാടപ്പെടുന്നതു്. അവയിൽ ഏറ്റവും പ്രധാനം മകരസംക്രാന്തിയാണു്. അതിനു തമിഴ്നാട്ടിൽ പൊങ്കൽ എന്നു പറയുന്നു. കുളിക്കുക, ധർമ്മംകൊടുക്കുക, എള്ളുപലഹാരം കുടുംബാംഗങ്ങൾക്കു പരസ്പരം നല്കുക മുതലായവയാണു് അന്നത്തെ പ്രധാനചടങ്ങുകൾ. ഈ ചടങ്ങുകൾ നടത്തിയാൽ ഒരുകൊല്ലത്തേക്കു സമാധാനവും ഐശ്വര്യവും ഉണ്ടാകുമെന്നായിരുന്നു അവരുടെ വിശ്വാസം. കാരണം, എള്ളിനു ദുഷ്ടാത്മാവിനെ അകറ്റി നിറുത്തുവാനുള്ള ശക്തിയുണ്ടത്രെ. കാളകളുടേയും പശുക്കളുടേയും മേൽ മഞ്ഞൾനീരു തളിക്കുകയും ചെയ്യുന്നു. ഇൻഡ്യയിലെ അപരിഷ്കൃതരായ ഗോണ്ടുവർഗ്ഗക്കാരുടെ ഇടയിൽ സൂര്യാരാധന ഇന്നും പ്രാബല്യത്തിലിരിക്കുന്നു. പൂർവ്വകാലങ്ങളിൽ ഇവർ മനുഷ്യരെ സൂര്യനു ബലികഴിച്ചിരുന്നതായിട്ടാണു

പറയുന്നതു്. ഇപ്പോൾ വഴക്കാൽപ്രതിമകളാണു് അതിനുപകരം ഉപയോഗിക്കുന്നതു്. എങ്കിലും അപരിചിതരെ തരത്തിനു കിട്ടിയാൽ ഇപ്പോഴും അവർ ബലികഴിക്കുമെന്നാണു ഹോപ്കിൻസിന്റെ അഭിപ്രായം.

ചന്ദ്രാരാധന. വൃശ്ചികായനങ്ങളോടുകൂടിയ ചന്ദ്രബിംബം ലോകത്തിൽ എല്ലായിടത്തും എക്കാലവും മനുഷ്യരുടെ സവിശേഷമായ ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ടു്. ഇൻഡ്യാക്കാരും അതിനൊരപവാദമല്ല. നക്ഷത്രരാശിയിൽകൂടിയുള്ള ചന്ദ്രന്റെ സഞ്ചാരത്തെപ്പറ്റി പുരാതനജ്യോതിഷഗ്രന്ഥങ്ങളിൽ പല പ്രസ്താവങ്ങളും കാണുന്നുണ്ടു്. പൌർണ്ണമിയും അമാവാസിയും ചന്ദ്രാരാധനയുള്ള പ്രത്യേകദിവസങ്ങളാണു്. കാരണം, അന്നു ചന്ദ്രലോകത്തിൽ വസിക്കുന്ന പിതൃതരുടെ ആത്മാക്കൾക്കു ഉണരുമെന്നും മനുഷ്യർക്കു് നന്മയോ തിന്മയോ ചെയ്യുവാൻ പ്രാപ്തരായിത്തീരുമെന്നും ശതപഥബ്രാഹ്മണത്തിൽ പറയുന്നു. അതിനാൽ ഉപവാസവും ബലിദാനങ്ങളും ആവശ്യമാണു്. മരിക്കുന്നവരെല്ലാം ചന്ദ്രനിലെത്തുമെന്നും, മരണം ശുക്ലപക്ഷത്തിലാണെങ്കിൽ അവിടെ നിത്യാനന്ദം അനുഭവിക്കുമെന്നും, നേരെ മറിച്ചു കൃഷ്ണപക്ഷത്തിലാണെങ്കിൽ കൂടുതൽ പുണ്യപുണ്ണ്യത പ്രാപിക്കുവാൻ ലോകത്തിലേക്കു തിരിച്ചയയ്ക്കപ്പെടുമെന്നും വിഷ്ണുപുരാണത്തിൽ പറയുന്നു. അതിനാലാണു കൃഷ്ണപക്ഷത്തിൽ മരിക്കുന്നതു് അശുഭലക്ഷണമായി ഇന്നും ഹിന്ദുക്കൾ കരുതിപ്പോരുന്നതു്. ചന്ദ്രാരാധനയുള്ള മറെറാരു കാരണം മാലകൾകൃതിയും ദിവ്യതപവും ഉള്ളതും ദേവന്മാരുടെ ഭക്ഷണവുമായ സോമരസം ചന്ദ്രനാണെന്നു് ആര്യന്മാർ കരുതിയതാണു്.

സൂര്യചന്ദ്രഗ്രഹണങ്ങളെക്കുറിച്ചു മഹാഭാരതത്തിന്റെ ആദ്യപർവ്വത്തിൽ കാണുന്നതു് ഇങ്ങനെയാണു്. പാലാഴി കടഞ്ഞുകിട്ടിയ അമൃതു ദേവന്മാർ ക്ഷീരിച്ചുകൊണ്ടിരുന്നപ്പോൾ രാഹു എന്ന ഒരസുരൻ ദേവവേഷം ധരിച്ചു

പന്തിയിൽ കടന്നിരുന്നു ക്ഷോഭിക്കുവാൻ തുടങ്ങി. ഇതു കണ്ടു സൂര്യചന്ദ്രന്മാർ വിവരം വിഷ്ണുവിനെ അറിയിക്കുകയും വിഷ്ണു തൽക്ഷണം അവന്റെ ശിരസ്സു ഛേദിക്കുകയുംചെയ്തു. അല്പം അമൃതു ഭക്ഷിച്ചു കഴിഞ്ഞിരുന്നതിനാൽ അമർത്ത്യത പ്രാപിച്ച തല രാഹുവായും ഉടൽ കേതുവായും അന്തരീക്ഷത്തിൽ സ്ഥലംപിടിച്ചു. അന്നുമുതൽ പ്രതികാരബുദ്ധിയോടുകൂടി അവൻ സൂര്യനേയും ചന്ദ്രനേയും പിന്തുടർന്നുകൊണ്ടിരിക്കയാണ്. ചിലപ്പോൾ സൂര്യചന്ദ്രന്മാർ രാഹുകേതുക്കളുടെ പിടിയിൽ അകപ്പെട്ട ഗ്രസിക്കപ്പെടുന്നുവാഴാണു ഗ്രഹണങ്ങൾ ഉണ്ടാകുന്നതു്. എന്നാൽ ഉടൻതന്നേ വമിക്കുവാൻ അവർ നിർബന്ധിക്കപ്പെടുന്നു. ഇങ്ങനെ ഈ ഓടിക്കലും വിഴുങ്ങലും വമിക്കലും അവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഗ്രഹണസമയത്തു സാധാരണ ജനങ്ങൾ ആർപ്പുവിളിക്കുകയും നിലത്തടിക്കുകയും ചെയ്യുന്നതു രാഹുകേതുക്കളുടെ പിടിയിൽ നിന്നു സൂര്യനേയോ ചന്ദ്രനേയോ രക്ഷിക്കുന്നതിനാണ്. ചന്ദ്രനെക്കൂടാതെ മറ്റനേകം നക്ഷത്രങ്ങളേയും ഗ്രഹങ്ങളേയും അവർ ആരാധിക്കുന്നു. കാരണം മരിച്ചുപോയ മഹർഷിമാർ ഇവയിൽ വസിക്കുന്നുവെന്നാണ് ഇവരുടെ സങ്കല്പം.

ഗോഭക്തി. ഗോക്കളെ ആരാധിക്കുക ഹിന്ദുമതത്തിന്റെ മൌലികഘടകങ്ങളിൽ ഒന്നാണ്. എല്ലാ ഹിന്ദുക്കളുടേയും പൊതുവും പ്രായോഗികവുമായ ഒരാരാധനയാണ് ഇതു് എന്നു ഗാന്ധിജി പറയുന്നു. ഇൻഡ്യയിൽ പ്രവേശിക്കുന്നതിനുമുമ്പുപോലും ആര്യന്മാരുടെയിടയിൽ ഈ ആരാധന നടപ്പുണ്ടായിരുന്നതായി തെളിവുണ്ട്. പ്രപഞ്ചശക്തിയുടെ കേന്ദ്രസ്ഥാനവും സപ്തർഷ്യോകങ്ങളുടെയും അഗ്നിമരുത്തുക്കളുടെയും ഉത്ഭവസ്ഥാനവും പശുവാണെന്നു ഋഗ്വേദത്തിൽ കാണുന്നു. മരിച്ചവരെ ജലപ്രളയത്തിനപ്പുറം കടത്തി സ്വർഗ്ഗത്തിൽ എത്തിക്കുന്ന തോണിയും പശുവത്രെ! എന്നാൽ ഇതു പരിശുദ്ധമായി കരുതപ്പെട്ടിരുന്ന പശുക്കളെ പ്രശസ്താതിഥികളുടെ ബ

ഹമാനാത്മം കൊല്ലാറുണ്ടെന്നു നാം മുമ്പൊരിക്കൽ പ്രസ്താവിച്ചുവല്ലോ. ഇതിനുള്ള കാരണം ഗോമാംസം ഭക്ഷിക്കുന്നവർ അതുവഴി ദിവ്യതപം പ്രാപിക്കുമെന്നുള്ള വിശ്വാസമായിരുന്നിരിക്കാം. ഗോഭക്തിയുടെ ഉത്ഭവത്തെപ്പറ്റി ശതപഥബ്രാഹ്മണത്തിൽ ഇങ്ങനെ കാണുന്നു. ആദിയിൽ പ്രജാപതിമാത്രമേ ഉണ്ടായിരുന്നുള്ളൂ. ദീർഘമായ പരിശ്രമത്തിനേറയും പ്രായശ്ചിത്തത്തിനേറയും ഫലമായി പ്രജാപതി വായിൽനിന്നു് അഗ്നിയേയും ദേവന്മാരേയും ഉത്ഭവിപ്പിച്ചു. ദേവന്മാർ കീർത്തനങ്ങൾ ആലപിച്ചുപ്പോൾ സ്വയംഭോഗിച്ചു ഒരു പശുവിനെ കണ്ടെത്തി. അതു് അവരെ നോക്കി 'ഹിം' എന്നു ശബ്ദം പുറപ്പെടുവിച്ചു. ഇതു് 'സാമനിലേ' 'ഹിം' തന്നെയാണെന്നു് അവർ മനസ്സിലാക്കി. സാമനിലേ ഹിം എന്ന ഈ സ്വരം പശുവിലുള്ളതിനാൽ പശു എല്ലാത്തിനും അസ്തിത്വത്തിനു മാർഗ്ഗം നൽകി. അഭിഷേകാവസരത്തിൽ നഷ്ടപ്പെട്ടുപോയ ശക്തി വരുണൻ പശുക്കളിൽനിന്നു വീണ്ടും പ്രാപിക്കുന്നുവെന്നു് അതേ ബ്രാഹ്മണത്തിൽ തന്നെ അന്യത്ര പ്രസ്താവിച്ചുകാണുന്നു. മനുവിന്റെ കാലത്തു ഗോഭക്തിക്കു ചിരപ്രതിഷ്ഠ ലഭിച്ചു. അതിനു് ഇന്നും യാതൊരുടവും തട്ടിയിട്ടില്ല. ഇതിനെപ്പറ്റി സുപ്രസിദ്ധ പണ്ഡിതനായ എ. ബാർത്ത് പറയുന്നതു ശ്രദ്ധേയമാണു്. "പൌരാണികകാലം മുതൽതന്നെ പശുക്കൾ പ്രത്യേക ഭക്തിക്കു പാത്രമാണു്. അവയോടു കാരുണ്യപൂർവ്വം പെരുമാറണം. ദേവവിഗ്രഹങ്ങളെപ്പോലെ അവയെ ബഹുമാനിക്കുകയും ചെയ്യണമെന്നു സ്മൃതികൾ വിധിക്കുന്നു. പശുക്കളെ ബലികഴിക്കുവാൻ ക്രമേണ അളുകൾ ശങ്കിച്ചു തുടങ്ങി. വെറും ലൌകികമായ ഉദ്ദേശ്യത്തോടുകൂടി അവയെ കൊല്ലുന്നതു മഹാപാതകമായിത്തീർന്നു. അവയെ തീറിപ്പോറ്റുന്നതും പരിചരിക്കുന്നതും ഏറ്റവും വലിയ സൽകൃത്യവും പരിഹാരപ്രവൃത്തിയുമാണു്. ഒരു പശുവിനെ രക്ഷിക്കുവാൻ സ്വജീവനെ ബലികഴിച്ചാൽ അതു ബ്രഹ്മഹത്യാപാപത്തിനു തക്കപ്രായശ്ചി

ത്തമാണ്. അവയുമായുള്ള സമ്പർക്കം മനുഷ്യനെ പവിത്രീകരിക്കുന്നു. പാർസികളുടെ മതാനുഷ്ഠാനവിധികളിൽ പറയുന്നതുപോലെ ശാരീരികവും ആത്മീയവുമായ മാലിന്യങ്ങളെ തടയുന്നതിനും നീക്കിക്കളയുന്നതിനും ഗോമയവും ഗോമൂത്രവും പര്യാപ്തമാണ്. ഈ ആചാരങ്ങളെല്ലാം ഏതാണ്ടിപ്രകാരംതന്നെ ഇന്നും നിലവിലിരിക്കുന്നു. പാവപ്പെട്ട കന്നുകാലികളെക്കൊണ്ടു ദുർവഹമായ പണിയെടുപ്പിക്കുന്നതിനു ഹിന്ദുക്കൾക്കു മടിയില്ല. എന്നാൽ അവയെ മറുവിധത്തിൽ ഉപദ്രവിക്കുക സാധാരണമല്ല. അവയുടെ മാംസം ഭക്ഷിക്കുവാൻ ധൈര്യപ്പെടുന്നവർ ചുരുക്കമാണ്. നരഹത്യയെക്കാൾ ഘോരതരമായി ഗോഹത്യയെ പലരും കരുതുന്നു . . . . ശിവനു കാളകളെ പ്രതിഷ്ഠിക്കയും അങ്ങനെ ശിവവാഹനമായ നന്ദിയുടെ സജീവരൂപങ്ങളെ ശിവന്റെ ചുറ്റും അണിനിരത്തുകയും ചെയ്യുന്നതു വലിയ പുണ്യമാണ്. തന്മൂലം ശിവക്ഷേത്രങ്ങളുടെ പരിസരങ്ങളിൽ സച്ഛന്ദം വിഹരിക്കുന്ന അനേകം ക്രൂരന്മാരെ കാണാം. പുണ്യനഗരമായ ബനാറിസിന്റെ ഇടുങ്ങിയ തെരുവുകളിൽ ഇത്തരം കൂളകളുടെ ബാഹുല്യം മാഗ്ഗതടസ്സം ചെയ്യുന്നെങ്കിലും ആരും അതിനെപ്പറ്റി പരാതിപ്പെടുകയോ, അവയുടെ സ്വാതന്ത്ര്യത്തിനു വിഘ്നം വരുത്തുകയോ ചെയ്യുവാൻ തുനിയാറില്ല. അവ സചേതനങ്ങളായ ദേവപ്രതിമകളാണ്. അവയെ ഒരു തരത്തിലും കയ്യേറ്റംചെയ്യുവാൻ പാടില്ല. അവയെ നിസ്സാരമായിപ്പോലും ഒരുവൻ ഉപദ്രവിച്ചാൽ അവിടെവെച്ചുതന്നെ അവൻ കൊല്ലപ്പെട്ടേക്കാം." (1)

വാനരാരാധന. വാനരഭക്തിയുടെ ഉത്ഭവം എങ്ങനെയെന്നു നിർണ്ണയിക്കുക പ്രയാസമാണ്. ഒരുപക്ഷേ ഇൻഡ്യയിലേ ആദിമനിവാസികൾ നടത്തിയിരുന്ന അപരിഷ്കൃതാരാധനയുടെ ഒരവശിഷ്ടമായിരിക്കാം ഇത്. ഏതായാലും രാമായ

(1) The Religion of India, pp. 264, 265.

ണത്തിലേ ഹനുമാന്റെ ആവിർഭാവത്തോടുകൂടിയാണ് ഈ ആരാധന ഒന്നുകൂടി പ്രചാരത്തിൽവന്നതു്. ഇൻഡ്യയിൽനിന്നു ലങ്കയിലേക്കുള്ള ചാട്ടം, സൂര്യനെ ഗ്രഹണത്തിൽനിന്നു സ്വതന്ത്രനാക്കുവാൻ രാഹുവുമായി നടത്തിയ പോരാട്ടം, ഇത്യാദി വീരകൃത്യങ്ങളാണു ഹനുമാനിൽ അമാനുഷികത്വം അർപ്പിക്കുവാൻ ഇടയാക്കിയതു്. തന്മൂലം ഇൻഡ്യയുടെ നാനാഭാഗങ്ങളിൽ പ്രത്യേകിച്ചു മഹാരാഷ്ട്രദേശങ്ങളിൽ അനേകം ക്ഷേത്രങ്ങൾ ഹനുമാനു പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളതായി കാണാം. ഈ ക്ഷേത്രങ്ങളിൽ അനേകം ബ്രഹ്മചാരിമാർ ഭക്തിപൂർവ്വം പരിപാലിക്കപ്പെട്ടുപോരുന്നു.

സർപ്പാരാധന. ഹൈന്ദവസാഹിത്യത്തിൽ സർപ്പങ്ങൾക്കുള്ള സ്ഥാനം വലുതാണ്. ജഗ്വേദങ്ങളിൽ പാമ്പിനെപ്പറ്റി പല സൂചനകളുണ്ടെങ്കിലും അവയ്ക്കു് ആരാധന നടത്തിയിരുന്നില്ലെന്നാണ് പല്പോഴേയും അഭിപ്രായം. ഏതായാലും പുരാതനനിവാസികളുടെയിടയിൽ നടപ്പിലിരുന്ന സർപ്പഭക്തി ക്രമേണ ബ്രാഹ്മണാരാധനയിലും കടന്നുകൂടിയതായി അഥർവ്വവേദത്തിൽനിന്നും ഐതരേയശതപഥബ്രാഹ്മണങ്ങളിൽനിന്നും മനസ്സിലാക്കാം. അമിതമായ ശക്തിപ്രാപിച്ചു സർപ്പത്തെ നിഗ്രഹിക്കുന്നതിനു ജനമേജയരാജാവു നടത്തിയ ഒരു യാഗം മഹാഭാരതത്തിലേ ഒരു പ്രധാന സംഭവമാണ്. ഭൂമിയിലും വായുവിലും സമുദ്രത്തിലും ഉള്ള സർപ്പങ്ങളുടെ ആരാധനയെപ്പറ്റി ഗൃഹ്യസൂത്രം പറയുന്നു. അമർത്യതയുടേയും ഓജസ്സിന്റേയും ദിവ്യൗഷധം ഇവരിലുണ്ടെന്നായിരുന്നു ധാരണ. അനന്തനാണു സർപ്പരാജൻ. ആയിരം തലയുള്ള ശേഷനാണു ഭൂമിയെ വഹിച്ചുകൊണ്ടിരിക്കുന്നതു്. മഹാവിഷ്ണു വർഷകാലത്തു നാലുമാസത്തെ വിശ്രമമെടുക്കുന്നതു് അനന്തനെ ശയ്യയാക്കിക്കൊണ്ടാണ്. മൂന്നു പടികൾ കടന്നാണു സർപ്പം ഒരു ദേവനായിത്തീർന്നതു്. ആദ്യം ഭയവും വെറുപ്പുമാണു് അവർക്കുണ്ടായിരുന്നതു്. കാലാന്തരത്തിൽ നിരുപദ്രവികളായ

പാമ്പുകടി പരിചിതങ്ങളായ തങ്ങളുടെ ഭവനപ്രാന്തങ്ങളിലേക്ക തിരിച്ചുവരുന്ന പൂവ്വികന്മാരുടെ ആത്മാക്കളായി കരുതപ്പെട്ടുവാൻ തുടങ്ങി. ക്രമേണ പാമ്പാട്ടികടി മന്ത്രവാദികളും സപ്പ് പുരോഹിതന്മാരുമായിത്തീർന്നു. ഒടുവിൽ പാമ്പു ദേവഗണത്തിൽ ഉൾപ്പെട്ടു.

ഡക്കാനിലേ 'ഞാവിവർഗ്ഗക്കാരും,' മധ്യസംസ്ഥാനത്തെ 'ഗോണ്ടു,' ചൊട്ടനാഗപ്പുരിലേ 'കർ' ഇത്യാദി ജാതിക്കാരും കാഷ്മീരിലേ ചില വർഗ്ഗക്കാരും നാഗവംശം അഥവാ സർപ്പവംശത്തിൽനിന്നാണു തങ്ങളുടെ ഉൽപത്തി എന്നു പറയുന്നു. അതിനാൽ നാഗന്മാരെന്നാണു് അവരെ വിളിക്കുന്നതു്. ആര്യന്മാരുടെ ആഗമനത്തിനുമുമ്പു പിൻപോ ഇൻഡ്യയിൽ കുടിയേറിപാർത്തവരും സർപ്പത്തെ കുലമുദ്രയായി സ്വീകരിച്ചിരുന്നവരുമായ സിതിയൻ വർഗ്ഗക്കാരിൽനിന്നാണു് ഈ വിശ്വാസം ഉൽഭവിച്ചുതെന്നു് എം. അണ്ടർഹിൽ എന്ന മഹാൻ അഭിപ്രായപ്പെടുന്നു.(1). പാമ്പിന്റെ അസാധാരണമായ സഞ്ചാരരീതിയും അതിന്റെ വിഷവും മനുഷ്യനിൽ ഭയം ജനിപ്പിച്ചു. മനുഷ്യവംശത്തിന്റെ ശത്രുവായ ഈ ഉഗ്രജീവിയെ പ്രീതിപ്പെടുത്തുവാനുള്ള പണിയായി മനുഷ്യൻ. ഇതിലേക്ക ബലിയും ദാനവും അവർ കണ്ടുപിടിച്ചു. പാമ്പിന്റെ പ്രതികാരത്തെ ഭയന്നു് അതിനെ കൊല്ലുവാൻ ഹിന്ദുക്കൾ ഭയപ്പെടുന്നു. ഏകദേശം 25000 മനുഷ്യർ സർപ്പദംശമേറ്റു കൊല്ലുന്നുവെന്നും ഇൻഡ്യയിൽ മരിക്കുന്നുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

പ്രേതാരാധന പൂവ്വികരുടെ ആത്മാക്കളെ ആരാധിക്കുന്ന പതിവു വേദങ്ങളിൽ കാണുന്നുണ്ടു്. പരേതരുടെ ആത്മാക്കൾക്ക ക്ഷേമവും മറ്റും നല്കേണ്ടതാണെന്നു് അവ വിധിക്കുന്നു. ഇതു് അവരിൽനിന്നും എന്തെങ്കിലും ആപത്തു നേരിടുമെന്നുള്ള ശങ്കയിലല്ല, പ്രത്യുത അവരുമായുള്ള സ്നേഹത്താൽ കഴിഞ്ഞുകൂടുന്നതിനുവേണ്ടിയാണു്. ഈ ആരാധന മരിച്ചവർക്കും ജീവിച്ചിരി

(1) The Religious Life of India p. 121.

ക്കുന്നവർക്കും ഒരുപോലെ ഉപകാരപ്രദമത്രെ. ചന്ദ്രനെ അധിവസിക്കുന്ന പിതൃക്കളുടെ ആത്മാക്കർം അമാവാസി ദിവസം ഭൂമിയിലെത്തുമ്പോർം അവർക്ക ക്ഷേണം നല്കുക അവരുടെ ബന്ധുക്കളുടെ ചുമതലയാണ്.

വൃക്ഷാരാധന. ആരാധനയ്ക്ക പാത്രമാകാത്ത വൃക്ഷങ്ങർം ഇൻഡ്യയിൽ ചുരുക്കമാണ്. മനുഷ്യരുടേയും ജന്തുക്കളുടേയും വൃക്ഷങ്ങളുടേയും ആത്മാക്കർം സാക്ഷാൽ ഈശ്വരാത്മാക്കർം തന്നെയാണെന്നുള്ള വിശ്വാസമാണ് ഈ ആരാധനയുടെ പ്രധാന കാരണം. മറെറാരു കാരണം വൃക്ഷങ്ങളുടേയും ചെടികളുടേയും ചില ഗുണവിശേഷങ്ങളാണ്. സോമവൃക്ഷത്തിനു മാരകശക്തിയുണ്ട്. തുളസി ഒരു നല്ല ഔഷധവുമാണ്. മനുഷ്യർ മൃഗങ്ങളായി പുനർജ്ജന്മം എടുക്കുന്നുവെന്നും ദേവന്മാരും പിശാചുക്കളും ചില പ്രത്യേകവൃക്ഷങ്ങളെ ആവസിക്കുന്നുവെന്നുമുള്ള ഹിന്ദുക്കളുടെ വിശ്വാസമാണ് ഇനിയുമൊരു കാരണം. സോമവൃക്ഷത്തെപ്പററി നാം പറഞ്ഞുകഴിഞ്ഞു. ഇനി തുളസിയെപ്പററി രണ്ടുവാക്ക. ഫൈന്ദവഭവനങ്ങളെ സന്ദർശിക്കുന്ന ഒരാർക്കും അവയുടെ അങ്കണത്തിൽ തുളസിച്ചെടികർം നട്ടുപിടിപ്പിച്ചിരിക്കുന്നതു കാണാം, ആ തറയ്ക്ക വൃന്ദാവനം എന്നാണുപേർ. തുളസി ചെടികളിൽവെച്ച് ഏററം പരിശുദ്ധമായി കരുതപ്പെടുന്നു. അതിനെ ആരാധിക്കുന്നവരും കുറവല്ല. സാധാരണ സായാഹ്നത്തിലാണ തുളസിപൂജ നടത്താറുള്ളതു. ഗൃഹിണികർം മന്ത്രങ്ങർം ജപിച്ചുകൊണ്ട് അവയ്ക്ക ചുററിനടക്കുകയും ഉപഹാരങ്ങർം സമർപ്പിക്കുകയും ചെയ്യുന്നു. ഈ ഭക്തിയുടെ ഉത്ഭവത്തെക്കുറിച്ചു പല കഥകളും ഉണ്ട്. തുളസി എന്നു പേരുള്ള ഒരു സ്ത്രീ കഠിനതപസ്സുവഴിയായി വിഷ്ണുവിന്റെ ഭാര്യയാകുവാൻ ശ്രമിച്ചു. ഇതറിഞ്ഞു കോപിച്ച ലക്ഷ്മി അവളെ ശപിക്കുകയും ഒരു ചെടിയാക്കിത്തീർക്കുകയുംചെയ്തു. മറെറാരു കഥ ഇങ്ങനെയാണ്. ജലന്ധരന്റെ ഭാര്യയായി വൃന്ദ എന്നു പേരുള്ള ഒരു സുകൃതിനിയുണ്ടായിരുന്നു. അതീവ സുന്ദ

രിയായിരുന്ന അവളുടെ പുണ്യം അവളുടെ ഭർത്താവിനെ അമർത്ത്യനാക്കുവാൻ പോരുന്നതായിരുന്നു. ഇതിൽ അത്ഭുതപ്പെട്ടായി ത്തീർന്ന ശിവൻ ജലന്ധരനെ കൊന്നുകളഞ്ഞു. വൃന്ദ ഒരു ചിതയുണ്ടാക്കി അതിൽ തന്നെത്താൻ ദഹിപ്പിക്കുകയുംചെയ്തു. എന്നാൽ വൃന്ദയെ അതിയായി സ്നേഹിച്ചിരുന്ന വിഷ്ണു വളരെ അസ്വസ്ഥചിത്തനായിത്തീർന്നു. തന്മൂലം ദേവന്മാർ ഒരു തുളസിച്ചെടി നട്ട് അതിൽ അവളുടെ ആത്മാവിനെ ആവേശിപ്പിച്ചു. അന്നുമുതൽ അവർ എന്നും സന്ധ്യാസമയത്തുവന്ന് അതിൽ പ്രവേശിക്കുകയും രാത്രികഴിച്ചുകൂട്ടിയശേഷം പ്രഭാതത്തിൽ തിരിച്ചുപോകുകയും ചെയ്യുന്നു. അതുകൊണ്ടാണു സൂര്യാസ്തമയത്തിനുശേഷം തുളസിയുടെ ഇല പറിക്കുവാൻ പാടില്ലെന്നു ഹിന്ദുക്കൾ പറയുന്നതു്. ദിവ്യതരം കല്പിക്കപ്പെട്ടിട്ടുള്ള ചെടികൾ ഇനിയുമുണ്ടെങ്കിലും വിസ്താരഭയത്താൽ അവയെ വിട്ടുകളയുന്നു.

കുലദേവതകൾ. ഗൃഹങ്ങളേയും ഗ്രാമങ്ങളേയും പട്ടണങ്ങളേയും ഓരോരോ കുലദേവതകൾക്കു സമർപ്പിക്കുക യൊന്നുവ ഭാരതത്തിൽ സർവസാധാരണമാണ്. പുരാതനകാലംമുതൽ ഈ ആചാരം നടപ്പുണ്ടായിരുന്നുവെന്നു ഋഗ്വേദത്തിൽ കാണുന്ന വാസ്തോഷ്പതി (ഗൃഹദേവൻ) സൂചിപ്പിക്കുന്നു. ഗൃഹദേവതാപൂജ പൗരസ്ത്യദേശങ്ങളിൽ എന്നതുപോലെ പാശ്ചാത്യദേശങ്ങളിലും നടപ്പിലിരുന്നു. മറ്റുള്ളവരുടെ മതാചാരത്തിൽ ഇന്നും ഇതിനൊരു പ്രധാനസ്ഥാനം ഉണ്ട്. ഈ അടുത്തകാലത്തു് ഇതിനു പ്രാധാന്യവും പ്രചാരവും നല്കിയതു ശ്രീരാമകൃഷ്ണപരമഹംസനാണ്. ഗൃഹദേവതകളിൽ ഭൂരിപക്ഷവും സ്ത്രീകളാണെന്നാണു സങ്കല്പം. മരിയായ്, യോക്കായ്, ഗൗരി, വാരുണി മുതലായവർ അവരിൽ ചിലർമാത്രമാണ്. ഉത്തരേൻഡ്യയിൽ മാതാക്കളെന്നും ദക്ഷിണേൻഡ്യയിൽ അമ്മമാരെന്നും പറയപ്പെടുന്നു. ഉത്തരേൻഡ്യയിൽ ഗൗരി വിളവുകളുടെ ദേവതയും സ്ത്രീകളുടെ സംരക്ഷികയും അ

ണ്ട്. വിളവെടുപ്പുകാലത്തോട്ട് അനുബന്ധിച്ചാണ് അവളുടെ മഹോത്സവം കൊണ്ടാടാറുള്ളത്. രാഷ്ട്രീയ പ്രബുദ്ധതയുടെ ദേവനായ ഗണേശന്റെ മാതാവുമാണ് ഗൗരി. ദക്ഷിണേൻഡ്യയിൽ കൃഷി, കന്നുകാലി ഇവയുടെയെല്ലാം അധിദേവതയായി ആരാധിക്കപ്പെട്ടുപോരുന്നതു് "ഐയ്യനാരാ"ണ്.

ഈ ദേവതകൾക്കു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ക്ഷേത്രങ്ങൾക്കുപുറമെ, അവരുടെ എണ്ണമറ്റ പ്രതിമകൾ ആൽച്ചുവട്ടുകളിലും വഴിക്കവലകളിലും കാണാവുന്നതാണ്. അസാധാരണമായ ഗുണവിശേഷങ്ങൾ പ്രത്യക്ഷപ്പെടുത്തുന്ന എന്തിനെയും —അതു മനുഷ്യനോ മൃഗമോ പക്ഷിയോ വൃക്ഷമോ ആയിക്കൊള്ളട്ടെ— അതിനു ദിവ്യത്വം കല്പിച്ചു് ആരാധിക്കുക ഹിന്ദുക്കളുടെ ഒരു പ്രത്യേകതയാണ്. ഗാന്ധിജി ജീവിച്ചിരുന്നപ്പോൾത്തന്നെ അദ്ദേഹത്തിന്റെ പ്രതിമ അമ്പലങ്ങളിൽ വച്ചാരാധിപ്പാൻ ചിലർ ഒരുമ്പെട്ടതു് ഇതിനു തെളിവാണല്ലോ.

അദ്ധ്യായം ആറ്

ബ്രാഹ്മണാരാധനയും ക്രൈസ്തവാരാധനയും

ഇന്നു നാം ശാസ്ത്രയുഗത്തിലാണല്ലോ ജീവിക്കുന്നതു്. ശാസ്ത്രജ്ഞന്മാർ എന്തുപറഞ്ഞാലും കണ്ണുമടച്ചു വിശ്വസിക്കുവാൻ ഇന്നത്തെ ആളുകൾ തയ്യാറാണ്. വിശ്വസത്തെ പാടേ നിഷ്ക്കർഷിക്കണമെന്നു പറയുന്ന ഇവർ ശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തങ്ങളെ അപ്രമാദമായി വിശ്വസിക്കുന്നതു വിചിത്രം

തന്നെ, സുപ്രസിദ്ധ ശാസ്ത്രജ്ഞനായ സർ. ബെർട്രാംവിൻഡിൽ പറയുന്നതു ശ്രദ്ധേയമാണ്: "ആധുനികമനുഷ്യരോട്ട പ്രകൃതിശാസ്ത്രജ്ഞൻ പറയുന്നു: ഒരുലക്ഷം പരമാണുക്കളെ അടുക്കിവച്ചാൽ ഒരു സിഗരറുകടലാസിന്റെ ഘനം വരും. ആ ഘനവും അത്രയും നീളവും വീതിയുമുള്ള ഒരു ഭാഗമെടുത്താൽ അതു് അതിസൂക്ഷ്മമായ ഒരു കരടായിരിക്കും. അതിൽ അടങ്ങിയിരിക്കുന്ന അണുക്കളുടെ എണ്ണം നൂറുകോടി ആയിരിക്കും. ഇമ്മാതിരി ഭീമസംഖ്യകൊണ്ടു മനുഷ്യന്റെ കല്പനാശക്തിയെ മരവിപ്പിച്ചുശേഷം, അതിനെ വണ്ണിക്കുന്നതു ഷൈഡ് പാർക്കോ മറ്റോ പോലുള്ള ഒരു ഉദ്യാനത്തെ എന്ന പോലെയാണ്. ഇതിനുംപുറമെ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ പറയും ഭൂമണ്ഡലത്തിൽ നിന്നും ഏറ്റവും അകന്ന ജ്യോതിഷ്കപടലം (Nebulae) 1400ലക്ഷം പ്രകാശവർഷം അകലെയാണെന്നു്. ഒരു പ്രകാശവർഷമെന്നു പറഞ്ഞാൽ 1 സെക്കണ്ടിൽ 186000മൈൽ വേഗത്തിൽ 365 ദിവസം പ്രകാശം സഞ്ചരിക്കുന്ന ദൂരമാണു്. അതിവിസ്മയനീയങ്ങളായ ഇത്തരം പ്രസ്താവങ്ങളെ മനുഷ്യൻ അതേപടി വിശ്വസിക്കുന്നു. വിശ്വസിക്കുന്നതിൽ കുറ്റപ്പെടുത്തുവാനുമില്ല. എന്നാൽ അവനിതെല്ലാം വിശ്വസിക്കുന്നെങ്കിലും, മറ്റുള്ളവർ പറഞ്ഞതുതൊണ്ടു വെറുതെ വിശ്വസിക്കയാണെന്നുള്ള വസ്തുത അവൻ വിസ്മരിക്കുന്നു. എന്നാൽ ശാസ്ത്രത്തിന്റെപേരിൽ ഏതളിപ്രായവും പറഞ്ഞുതള്ളുന്ന ശാസ്ത്രജ്ഞമന്യന്മാർ കുറവല്ല. അവരുടെ പിറകേയുള്ള പരക്കംപാച്ചിലിൽ അബദ്ധാർണ്ണവത്തിൽ ചെന്നുചാടുന്നവരുടെ സ്ഥിതിയാണു പരിതാപകരം. പ്രൊഫസർ ഡാ അംഗ്രാദയുടെയും ജീൻസിന്റെയും പ്രസ്താവങ്ങളെ വിശ്വസിക്കാമെന്നും, പ്രൊഫസർ ബംകോമിന്റെ ശാസ്ത്രോക്തികളെ വിശ്വസിച്ചുകൂടെന്നും അവർ വിധിക്കുന്നതെങ്ങനെ? ഇതിലും വലുതായ മറ്റൊരബദ്ധം ഉണ്ടു്. ശാസ്ത്രത്തിന്റെ ഒരു വിഭാഗത്തിൽ പ്രത്യേക പ്രാവിണ്യം സിദ്ധിച്ചുവരെങ്കിലും, ഇതര ശാഖകളിൽ വേണ്ടത്ര

അവഗാഹം സിദ്ധിക്കാതെ അവയെപ്പറ്റി വിദഗ്ദ്ധാഭിപ്രായങ്ങൾ തട്ടിമൂളിക്കുന്നവരെ വിശ്വസിക്കുന്നതാണ് അത്." (1) എന്തും ഉറപ്പിച്ചു പറയുവാൻ ശങ്കിക്കാത്ത ശാസ്ത്രജ്ഞന്മാരും, കാര്യകാരണവിവേചനംകൂടാതെ അവരെ വിശ്വസിക്കുന്ന ഉപരിപ്ലവബുദ്ധികളായ സാമാന്യജനങ്ങളും ആധുനികലോകത്തിന്റെ ഒരു പ്രത്യേകതയാണ്. ഈ പശ്ചാത്തലത്തിൽ പരിശോധിച്ചെങ്കിൽമാത്രമെ ക്രിസ്തീയാരാധനയേയും ബ്രാഹ്മണികാരാധനയേയുംപറ്റി ചില പ്രസംഗകന്മാരും എഴുത്തുകാരും തട്ടിവിടുന്ന പ്രസ്താവനകളുടെ തനിരൂപം മനസ്സിലാക്കാൻ സാധിക്കയുള്ളൂ. അവരുടെ അഭിപ്രായത്തിൽ ഹിന്ദുക്കളും കത്തോലിക്കരും വിഗ്രഹാരാധകരാണ്. കാരണം, ഇരുകൂട്ടരുടേയും ആരാധനാലയങ്ങളിൽ പ്രതിമകളും ചിത്രങ്ങളും കാണപ്പെടുന്നു.

തെറ്റിദ്ധാരണയുടെ കാരണം

താരതമ്യപഠനം—പ്രത്യേകിച്ചു ചരിത്രത്തേയും മതദർശനത്തേയും സംബന്ധിച്ച്—ഇന്നത്തെ പണ്ഡിതന്മാരുടെ ഇടയിൽ ഒരു 'പരിഷ്കാര'മായിത്തീർന്നിട്ടുണ്ട്. തങ്ങൾ ഉദ്ദേശിക്കുന്ന ഒരു നിഗമനത്തിൽ എങ്ങനെയെങ്കിലും എത്തിച്ചേരുന്നതിനുവേണ്ടി ചരിത്രവസ്തുതകൾ ഒന്നിനു പിറകെ ഒന്നായി അവർ ശേഖരിക്കുകയും വിഷയത്തെപ്പറ്റി ക്രമേണ സൂക്ഷ്മമായജ്ഞാനം സമ്പാദിക്കുന്നതിനു ശ്രമിക്കാതെ തർക്കശാസ്ത്രനിയമങ്ങളെയെല്ലാം അവഗണിച്ചുകൊണ്ട് അപ്രസക്തങ്ങളായ അനുമാനങ്ങളിൽ എത്തിച്ചേരുകയും ചെയ്യുന്നു. ബ്രാഹ്മണ–ക്രൈസ്തവാരാധനകളുടെ ബാഹ്യരൂപംമാത്രം മനസ്സിലാക്കിയശേഷം അവയ്ക്ക് ആന്തരികമായ ആനന്ദരൂപ്യംമാത്രമല്ല ഐകരൂപ്യംപോലും ഉണ്ടെന്നു വിധിയെഴുതുന്നതു് ഇക്കൂട്ടരാണ്. എന്നാൽ രണ്ടു കാര്യങ്ങൾ ഇവർ വിസ്മരിക്കുന്നു. ഒന്ന്: ഒരു മതത്തിന്റെ കാ

(1) Catholic Rites and Pagan Customs. p. 4.

തൽ അടങ്ങിയിരിക്കുന്നതു് അതിന്റെ ബാഹ്യവേഷസംവിധാനത്തിലല്ല, ആന്തരികഘടനയിലും തത്പസംഹിതയിലും ആണു്. രണ്ടു: ഒരേ ഒരു ബാഹ്യവേഷത്തിൽ ധ്രുവാന്തരമുള്ള പല തത്പങ്ങൾ കണ്ടെന്നു വരാം. അങ്ങനെ കാണുന്നമണ്ടു താനും. ഒന്നിലധികം മതങ്ങളിൽ ഒരേ ആചാരവിധികൾ തന്നെ കണ്ടേക്കാം. എന്നാൽ അവയ്ക്കു ജീവൻ നല്കുന്ന മൗലികാധിഷ്ഠാനം വിഭിന്നമായിരിക്കും. ആത്മാവു് അഥവാ ജീവൻ ആണല്ലോ പ്രധാനം. അതുപോലെ മതത്തിന്റെ ആചാരാനുഷ്ഠാനങ്ങളെ അപേക്ഷിച്ചു് അതുൾക്കൊള്ളുന്ന തത്പസംഹിതയ്ക്കാണു വില കല്പിക്കേണ്ടതു്.

വിഗ്രഹാരാധന എന്നാൽ എന്തു്?

സൃഷ്ടാവുമാത്രം അർഹിക്കുന്ന പരമമായ ബഹുമാനാദരങ്ങൾ സൃഷ്ടികൾക്കു നല്കുകയാകുന്നു വിഗ്രഹാരാധന. സൃഷ്ടി എന്ന പദംകൊണ്ടു് ഇവിടെ വിവക്ഷിക്കുന്നതു് ഈശ്വരനൊഴിച്ചുള്ള എന്തെങ്കിലും പദാർത്ഥമാണു്. എന്നാൽ സാധാരണമായി വിഗ്രഹം സൂചിപ്പിക്കുന്നതു് പ്രതിമ, ചിത്രം, നിഴൽ ആദിയായി മറെറാന്നിന്റെ പ്രതിരൂപം വഹിക്കുന്ന എന്തിനെയെങ്കിലുമാണു്. പണ്ഡിതനായ 'പ്രാറി'ന്റെ അഭിപ്രായത്തിൽ, വെറും ആശയങ്ങൾപോലും പ്രതിമകളാകാൻ ഇടയുണ്ടു്.

വിഗ്രഹാരാധനയിൽ പ്രധാനമായി മൂന്നു ഘടകങ്ങൾ ആണുള്ളതു്.

ഒന്നു്: ആരാധനാപാത്രമായ വിഗ്രഹത്തിലോ വസ്തുവിലോ ദൈവതത്പം ഉണ്ടെന്നുള്ള വിശ്വാസം.

രണ്ടു്: അതിനെ ആത്മാർത്ഥമായി ആരാധിക്കുക.

മൂന്നു്: അതിനോടുള്ള വിധേയത്പം ബാഹ്യമായി പ്രകടിപ്പിക്കുക. വിഗ്രഹാരാധനയുടെ നിർവ്വചനത്തിൽ പ്രത്യേകം മനസ്സിലാക്കേണ്ട രണ്ടു വാക്കുകളാണു 'സൃഷ്ടികൾ' 'പരമമായ ആരാധന' എന്നിവ.

പലതരം വിഗ്രഹാരാധനകം

ആരാധനാപാത്രമായ വസ്തു യഥാർത്ഥത്തിലുള്ളതോ കല്പിതമോ ആയിരിക്കാം. അതുതന്നെ സജീവമോ നിർജ്ജീവമോ ആകാം. ഇവരണ്ടുംകൂടാതെ ഏതെങ്കിലും ഒരു ദിവ്യശക്തിയെ സൂചിപ്പിക്കുന്ന വസ്തുവും ആരാധിക്കപ്പെടാറുണ്ട്. യഥാർത്ഥമോ സാങ്കല്പികമോ ആയ ഒരു ദിവ്യശക്തിയുടെ സാന്നിദ്ധ്യം ഒരു പദാർത്ഥത്തിലുണ്ടെന്നു വിശ്വസിച്ചും ചിലപ്പോൾ ആരാധന നടത്താറുണ്ട്. അങ്ങനെയാൽ തനിവിഗ്രഹാരാധന (gross idolatry), സാന്നിദ്ധ്യാരാധന (presence idolatry), പ്രതിരൂപാരാധന (image idolatry) എന്നു മൂന്നായി വിഗ്രഹാരാധനയെതരംതിരിക്കാം. പക്ഷിമൃഗാദികളെയോ കല്ലിനെയോ മരത്തെയോ ദൈവമായിക്കരുതി ആരാധിക്കുകയാണു തനിവിഗ്രഹാരാധന. സാളഗ്രാമം എന്ന കല്ലിനെ ആരാധിക്കുന്നതു് ഇതിനു് ഉദാഹരണമാണു്. മന്ത്രോച്ചാരണംകൊണ്ടും പൂജാർപ്പണംകൊണ്ടും ദിവ്യശക്തിയെ ചില പദാർത്ഥങ്ങളിൽ ആവശിപ്പിക്കാമെന്നും അങ്ങനെ അവ ആരാധനാർഹങ്ങളായിത്തീരുമെന്നുള്ള വിശ്വാസമാണു സാന്നിദ്ധ്യാരാധനയുടെ അടിസ്ഥാനം. ഇത്തരം പദാർത്ഥങ്ങൾ ഒരുതരം ദേവന്മാരോ അവരുടെ അവതാരമോ ആയി സങ്കല്പിക്കപ്പെടുന്നു. ഇവകൂടാതെ നൈസർഗ്ഗികമായിത്തന്നെ ദേവന്മാർ ചില വസ്തുക്കളെ അധിവസിക്കുന്നുവെന്നുള്ള വിശ്വാസമുണ്ടു്. അവയും സാന്നിദ്ധ്യാരാധനാപാത്രങ്ങളാണു്. ഇതിനൊരുദാഹരണമാണു പത്മം. ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരും മറ്റനേകം ദേവീദേവന്മാരും പത്മവിൽ നിവസിക്കുന്നതത്രേ. ഇടിമിന്നിലുകളുടെയും മരണത്തിന്റെയും ദേവതകളും അതിന്റെ കൊമ്പുകളിലും സൂര്യചന്ദ്രന്മാർ അതിന്റെ നേത്രങ്ങളിലും ഭൂദേവി അതിന്റെ ഉദരത്തിലും സന്നിധി ചെയ്യുന്നുപോൽ! അതിനാൽ ഗോസംരക്ഷണം പുണ്യസമ്പാദനത്തിനുള്ള ഏറ്റവും പറ്റിയ മാർഗ്ഗമാണു്. പ

പ്രുവിന്റെ പാൽ, വെണ്ണ, തൈര്, മൂത്രം, ചാണകം, ഇവ ചേർത്തുണ്ടാക്കുന്ന പഞ്ചഗവ്യം അല്പം സേവിച്ചാൽ എത്ര വലിയ അശുദ്ധിയും നിർമ്മാർജ്ജനം ചെയ്യപ്പെടുമത്രേ.

കല്ല്, മരം, മൃഗങ്ങൾ മുതലായ ഭൗതിക വസ്തുക്കളെ ഈശ്വരന്റെയോ ഈശ്വരന്റെ ഗുണഗണങ്ങളുടേയോ പ്രതിരൂപങ്ങളായി സങ്കല്പിച്ചുകൊണ്ട് അവയെ ആരാധിക്കുന്ന സമ്പ്രദായമാണ് പ്രതിരൂപാരാധന. ഇവിടെ വാസ്തവത്തിൽ ആ വസ്തുക്കളെയോ ആ വസ്തുക്കളിൽ നിവസിക്കുന്ന ഏതെങ്കിലും അരൂപിയേയോ അല്ല ആരാധിക്കുന്നത്. ഈശ്വരനെയും ഈശ്വരഗുണങ്ങളെയും സമീപിക്കുന്നതിനുള്ള ഉപാധികൾ മാത്രമാണിവ. ആരാധനാപാത്രം സർവ്വവ്യാപിയായ ഈശ്വരൻ തന്നേ.

ഹിന്ദുക്കൾ വിഗ്രഹാരാധകരോ?

ഹിന്ദുക്കൾ ഒന്നടങ്കം വിഗ്രഹാരാധകരാണെന്നു പറയുന്ന ചില പണ്ഡിതന്മാരുണ്ട്. പക്ഷേ അവരുടെ അഭിപ്രായം അത്ര ശരിയാണെന്നു തോന്നുന്നില്ല. ഹിന്ദുക്കളെന്നു പറയുമ്പോൾ പ്രബുദ്ധഹിന്ദുക്കളെന്നും സാധാരണ ഹിന്ദുക്കളെന്നും തരം തിരിക്കേണ്ടിയിരിക്കുന്നു. അത്യസ്തവിദ്യരും പരിഷ്കൃതാശയരുമായ ഹിന്ദുക്കൾ കല്ലിനേയോ മരത്തേയോ മൃഗങ്ങളേയോ ആരാധിക്കുന്നെന്നു പറഞ്ഞുകൂടാ. അവ പ്രതിനിധിവൽകരിക്കുന്ന ഒരു പ്രകൃത്യതീതശക്തിയെ മാത്രമായിരിക്കും അവർ ആരാധിക്കുന്നത്. സാമാന്യജനങ്ങളെത്തന്നെയും തനി വിഗ്രഹാരാധകരായി പരിഗണിക്കുന്നതു മുഴുവൻ ശരിയായിരിക്കുകയില്ല. പ്രപഞ്ചം മുഴുവൻ എണ്ണമറ്റ ദേവന്മാരെക്കൊണ്ടു നിറഞ്ഞിരിക്കുകയാണെന്നും അവരുടെ ശക്തിയാണു പ്രകൃതിസംഭവങ്ങളിൽ പ്രകടിതമാകുന്നതെന്നും ആര്യന്മാർ വിശ്വസിച്ചിരുന്നു. ഇൻഡ്യയിലെ ആദിമനിവാസികളുമായി ഇടപെട്ടതോടെ അവരെ അനുകരിച്ച് ബിംബങ്ങളും മറ്റുമുണ്ടാക്കുവാ

ന്നും അവയിൽ മുൻപറഞ്ഞ ദേവന്മാരെ പ്രവേശിപ്പിക്കുവാനും തുടങ്ങി. അതുകയാൽ ഒരു ശിലാപ്രതിമയുടെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യുന്ന ഒരു സാധാരണഹിന്ദു അതു സൂചിപ്പിപ്പിക്കുന്ന ദേവനെയോ ശക്തിയെയോ ആണ് ആരാധിക്കുന്നതെന്നുവേണം വിചാരിക്കുവാൻ.

ഈ അഭിപ്രായത്തോടു യോജിക്കാത്തവരുണ്ടായേക്കാം. സുപ്രസിദ്ധ ഹിന്ദുമതോദ്ധാരകനായ രാംമോഹൻ റോയി പറയുന്നു "വിശാലമനസ്കരായ ചില പാശ്ചാത്യപണ്ഡിതന്മാർ ഹൈന്ദവവിഗ്രഹാരാധനയുടെ കർമ്മാനുഷ്ഠാനവിധികളെ ശരിയായി പഠിക്കാതെ അതിനെ ഒന്നു മയപ്പെടുത്തി വ്യാഖ്യാനിക്കുവാൻ ഇഷ്ടപ്പെടുന്നു. ഇതു സാധൂകരിക്കാമെങ്കിലും ശരിയായ അടിസ്ഥാനമുള്ളതല്ല." അദ്ദേഹം വിഗ്രഹാരാധനകൊണ്ടു വിവക്ഷിക്കുന്നതു തനിവിഗ്രഹാരാധനയാണോ സാന്നിദ്ധ്യാരാധനയാണോ എന്നതു വിശദമല്ല. പക്ഷേ തുടർന്നുള്ള പ്രസ്താവനകളിൽനിന്ന് അനുമിക്കേണ്ടതു സാന്നിദ്ധ്യാരാധനയാണ് അദ്ദേഹം വിവക്ഷിക്കുന്നതെന്നത്രേ. "ഒരു ഹിന്ദു ഒരു പ്രതിമ വാങ്ങിക്കുകയോ സ്വന്തം കരങ്ങൾകൊണ്ടു നിർമ്മിക്കുകയോ സ്വന്തം മേൽനോട്ടത്തിൽ നിർമ്മിപ്പിക്കുകയോ ചെയ്തുകഴിഞ്ഞാൽ പ്രാണപ്രതിഷ്ഠ എന്ന കർമ്മം അനുഷ്ഠിക്കാതിരിക്കയില്ല. ഈ പ്രതിഷ്ഠാകർമ്മംകൊണ്ടു പ്രസ്തുത പ്രതിമയ്ക്കു വസ്തുഭേദം വരികയും ജീവനും അതിസ്വാഭാവികശക്തികളും സംസിദ്ധമാകുകയും ചെയ്യുന്നുവെന്നാണ് അവരുടെ വിശ്വാസം." അപരിഷ്കൃതരായ സാധാരണഹിന്ദുജനങ്ങളുടെ ഇടയിലും ദേവന്മാരെ വിഗ്രഹങ്ങളിലേക്കും മറ്റു വസ്തുക്കളിലേക്കും പ്രവേശിപ്പിക്കുന്നതിനും നിഗ്രഹിപ്പിക്കുന്നതിനുമുള്ള കർമ്മങ്ങളും മന്ത്രങ്ങളും ധാരാളം കാണുന്നുണ്ട്. ഫാദർ ഫാർ പറയുന്ന ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. ഗണപതിയുടെ ഉത്സവം തുടങ്ങുമ്പോൾ അതുവരെ വെറും മൺപ്രതിമകളായിരുന്ന ഗണപതിവിഗ്രഹങ്ങളെ അഭിഷേകാർച്ചനകൾ

ക്കുശേഷം ദിവ്യസത്രുപങ്ങളായി ആരാധിക്കുന്നു. ഉത്സവം കഴിഞ്ഞാലുടനെ ഗണപതിയെ മറെറാരു മന്ത്രംകൊണ്ടു പ്രസൂത വിഗ്രഹങ്ങളിൽനിന്നു നിഷ്ക്രമിപ്പിക്കുകയും അവയെ കടലിലോ മറെറാ എറിഞ്ഞു കളയുകയുംചെയ്യുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഒരു സാധനത്തിന്മേൽ ക്ഷുവന്ന ഛായം പുരട്ടി ദേവന്മാരെ അതിൽ പ്രവേശിപ്പിക്കാം. പൂവ്കാലത്തു രക്തം ഉപയോഗിച്ചിരുന്നതിനു പകരമാണുപോലും ഇന്നു ഈ ഛായം തേയ്ക്കുന്നതു്. ഏതെങ്കിലും വിചിത്രമായ ഒരു കല്ലു കണ്ടാൽ ഗ്രാമീണജനങ്ങൾ ഛായം തേച്ചു് അതിനെ ഒരു ദേവനാക്കാതിരിക്കയില്ല. വളരെ പുരാതനകാലംമുതൽക്കുതന്നെ ചില അപഭ്രിഷ്ടകൃതവർഗ്ഗക്കാരുടെയിടയിലും ഈ സമ്പ്രദായം നടപ്പിലിരുന്നതായി ബൈബിളിൽ ചില സൂചനകൾ കാണുന്നു. "നിർജ്ജീവവസ്തുക്കളിന്മേൽ ചെഞ്ചായം പൂശി ഭൂശൃദേവന്മാരെ അവർ ഉണ്ടാക്കുന്നു." (Wis. xiii, 14.) വിഗ്രഹങ്ങളിൽ ദേവന്മാരെ പ്രവേശിപ്പിക്കുന്നതിനുള്ള ചടങ്ങുകളുടെ ദൈർഘ്യവും അതിനു നല്കപ്പെടുന്ന പ്രാധാന്യവും പരിഗണിച്ചാൽ ഹിന്ദുക്കൾ തന്നിവിഗ്രഹാരാധകരല്ലെന്നു വേണം വിചാരിക്കുവാൻ.

സാന്നിധ്യാരാധന നിഷിദ്ധമോ?

ദൈവമായും അർഹിക്കുന്ന ആരാധന കല്പിതമോ യഥാർത്ഥമോ ആയ സൃഷ്ടവസ്തുക്കൾക്കു നല്കുക എന്നാണല്ലോ വിഗ്രഹാരാധനയെ നാം നിർവചിച്ചതു്. ഈ പശ്ചാത്തലത്തിൽ പരിശോധിക്കുന്നപക്ഷം സാന്നിധ്യാരാധനയെയും വിഗ്രഹാരാധനയായി പരിഗണിക്കേണ്ടിയിരിക്കുന്നു. കാരണം, ഈ ദേവന്മാരെല്ലാം വെറും സങ്കല്പലോകത്തിൽ ജീവിക്കുന്നവരാണു്. കേവലസത്രുപനും അജ്ഞേയനുമായ ബ്രാഹ്മണങ്ങളിലേ ഈ ശപ്രപനുപകരം പുരുഷാത്മകനും സാധാരണ ജനങ്ങൾക്കു പ്രാപ്യനുമായ ഒരു ദേവനെ കണ്ടുപിടിക്കുന്നതിനുള്ള മനുഷ്യന്റെ നൈസർഗ്ഗികാഭിലാഷത്തിന്റെ ഫലമായിട്ടാണു വി

ഷ്ണൻ, ശിവൻ, രാമൻ മുതലായ ദേവന്മാർ ഉദ്ഭവിച്ചതു്. ഈ ദേവന്മാരെല്ലാം യഥാർത്ഥത്തിൽ ഉള്ളവരാണോ എന്നു താത്ത്വികമായും വിമർശനപരമായും ഹിന്ദുക്കൾ പരിശോധിക്കാറില്ല. അങ്ങനെയൊരു പരിശോധന നടത്തിയിരുന്നെങ്കിൽ ഹിന്ദുക്കളുടെ ദേവസമൂഹം പണ്ടേ അന്തർദ്ധാനം ചെയ്യുമായിരുന്നു.

ഈ ദേവന്മാരെയെല്ലാം ദൈവത്തിന്റെ പ്രതിരൂപങ്ങളായി സങ്കല്പിച്ചു് അവരെ വെള്ളയടിച്ചു ലോകത്തിനു പ്രത്യക്ഷപ്പെടുത്തുവാൻ ഹൈന്ദവപണ്ഡിതന്മാർ ബദ്ധപ്പെടുന്നുണ്ടെങ്കിലും അതു സമ്മതിച്ചുകൊടുക്കുവാൻ സാധിക്കുകയില്ല. എന്തുകൊണ്ടെന്നാൽ, സച്ചിദാനന്ദസ്വരൂപനായ ദൈവത്തിന്റെ പരമപരിശുദ്ധിയോടു സാദൃശ്യമോ സാരൂപ്യമോ ഈ ദേവന്മാർക്കില്ല. അതിനികൃഷ്ടരായ മനുഷ്യരിൽപോലും കാണാത്ത മ്ലേച്ഛതയും ദുർഗ്ഗുണങ്ങളുമാണ് അവരിൽ തെളിഞ്ഞു കാണുന്നതു്. ഇവയെല്ലാം ദൈവത്തിന്റെ ലീലകളായി ചിത്രീകരിക്കുവാനാണു മറുചിലരുടെ ശ്രമം. എന്നാൽ ധാർമ്മിക നിയമങ്ങളുടെയെല്ലാം അധിനാഥനും സ്രോതസ്സും ആയ ഈശ്വരൻതന്നെ അവയെ ലംഘിക്കുമെന്നു് ഊഹിക്കുന്നതാണ് അത്യുത്തമം.

എല്ലാം ദൈവമാണെന്നു വാദിക്കുന്നവരുടെ വ്യാഖ്യാനം അതിലും വിചിത്രമാണ്. അവരുടെ ദൃഷ്ടിയിൽ നന്മയും തിന്മയും തെറ്റും ശരിയും ദുഷ്ടനും ശിഷ്ടനും എല്ലാം ദൈവത്തിന്റെ ബഹിസ്ഫുരണങ്ങളാണുപോലും! ഒരു പ്രശസ്തപണ്ഡിതനായ എൽ. എം. ബാലസുബ്രഹ്മണ്യം ഇതിനെപ്പറ്റി പറയുന്നതു ശ്രദ്ധാർഹമാണ്. "ഹിന്ദുദേവന്മാരുടെ അസ്തിത്വം തന്നെ സംശയാസ്പദമായി എനിക്കു തോന്നി. അവരിൽ പലർക്കും പ്രാദേശികമായ പ്രാമാണ്യംമാത്രമേയുള്ളൂ. പുരാണകാലത്തിനുമുമ്പു് അറിയപ്പെട്ടിരുന്നവരും ചുരുക്കം. ഇതിലെന്തോ മൌലികമായ തകരാറുണ്ടെന്നു ഞാൻ ഊഹിച്ചു. ഇതൊന്നു

വ്യാഖ്യാനിച്ചു ശരിപ്പെടുത്തുവാനുള്ള എന്റെ ശ്രമത്തിൽ വേദാന്തികളുടെ അദ്വൈതസിദ്ധാന്തം എനിക്കു സഹായകമായി. ബഹുത്വമില്ലെന്നുള്ളതാണ് അതിന്റെ അടിസ്ഥാനതത്ത്വം. അതിനാൽ എല്ലാ അവയവങ്ങളും ഒന്നുതന്നെ: കണ്ണുകളെല്ലാം ഒന്ന്; കാര്യമാരെല്ലാം ഒന്ന്; ദേവന്മാരെല്ലാം ഒന്ന്; ലോകങ്ങളെല്ലാം ഒന്ന്; നീയും ഞാനും ഒന്ന്; പിന്നെ എന്തിനു ചിന്തിച്ചു വിഷമിക്കണം? പരിപൂർണ്ണമായ മനസ്സമാധാനം അനുഭവിച്ചുകൊള്ളു. കുറെനാൾ ഞാൻ അങ്ങനെ അനുഭവിച്ചുനോക്കി. എന്റെ നില അജയ്യമാണെന്ന് എനിക്കു തോന്നി . . . . ഇങ്ങനെ ക്രമേണ അളിനവധൈര്യവസിദ്ധാന്തങ്ങളിലേക്കു ഞാനും വഴുതിവീഴുവാൻ തുടങ്ങി. അന്നു ഞാൻ ആർത്തിയോടേ വായിച്ചിരുന്ന അവരുടെ ഗ്രന്ഥങ്ങളിൽ പറയുന്നതുപോലെ എന്റെ ദേശത്തുള്ളതെല്ലാം ശരി എന്ന മനസ്ഥിതി എന്നിലും ശ്രദ്ധമൂലമായി . . . എന്നാൽ അവയെ ഒന്നുകൂടി വിശകലനംചെയ്തു പഠിച്ചപ്പോൾ സർവ്വവും ഒന്നുതന്നെയെന്നുള്ള പൂർവ്വാപരവിരുദ്ധമായ അദ്വൈതവാദത്തിന്റെ പൊള്ളത്തരം ഞാൻ കണ്ടുപിടിച്ചു. അന്നുമുതൽ ഈ ധൈര്യവസിദ്ധാന്തം അംഗീകരിക്കത്തക്ക മാനസികവിഭ്രാന്തി എനിക്കുണ്ടായിട്ടില്ല."

ശ്രീ ബാലസുബ്രഹ്മണ്യത്തിന്റെയും, ഹിന്ദുമതത്തെ ക്രമീകരിച്ചിട്ടുള്ള മറ്റു പണ്ഡിതന്മാരുടേയും ഏകകണ്ഠമായ അഭിപ്രായം ഹൈന്ദവദേവന്മാർ യഥാർത്ഥദേവന്മാരല്ലെന്നും കവികളുടേയും മഹർഷിമാരുടേയും സങ്കല്പസൃഷ്ടികളാണെന്നുമത്രെ. അതിനാൽ അവർക്കു നല്കപ്പെടുന്ന ആരാധന വിഗ്രഹാരാധനയായി പരിഗണിക്കപ്പെടേണ്ടതാണ്. ഉദാഹരണമായി, ശ്രീകൃഷ്ണൻതന്നേ ഒരു രാഷ്ട്രനേതാവിന്റെ പദത്തിൽനിന്നും ദേവസ്ഥാനത്തേക്കുയർത്തപ്പെട്ടുവെന്നു ചരിത്രം തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. കാലാന്തരത്തിൽ ബ്രാഹ്മണന്മാർ കൃഷ്ണനെ ഹൈന്ദവദേവന്മാരുടെയിടയിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. അതിനാൽ ശ്രീകൃഷ്ണനെ ഈശ്വര

നായി ആരാധിക്കുന്നവർ വിഗ്രഹാരാധനയിൽ അകപ്പെട്ടുപോകുന്നില്ല എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

വിഗ്രഹാരാധനയുടെ ഉത്ഭവം.

വിഗ്രഹാരാധനയുടെ ഉത്ഭവത്തെപ്പറ്റി പല പണ്ഡിതന്മാരും പലഅഭിപ്രായങ്ങളാണു പുറപ്പെടുവിച്ചിട്ടുള്ളതു്. തത്ത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും അഗാധപാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള ചിന്തകരിൽ അഗ്രഗണ്യനായ സെൻറ് തോമസ് അകപിനാസിൻെറ അഭിപ്രായംമാത്രം ചുവടെ ചേർക്കുന്നു.

"വിഗ്രഹാരാധനയ്ക്കു രണ്ടുകാരണങ്ങളുണ്ട്: മനുഷ്യരുടെ ആന്തരികവാസനയും, അതിനെ പുത്തിയാക്കുന്ന പിശാചിൻെറ പ്രവർത്തനവും. സ്നേഹിക്കേണ്ട ഒരാളിനെ അതിരുകടന്നു സ്നേഹിക്കുവാനും ബഹുമാനിക്കുവാനുംവേണ്ടി അയാളെ ദൈവത്തെയെന്നോണം പൂജിക്കുന്നതിനു മനുഷ്യനെ പ്രേരിപ്പിച്ച ഒരുവക മതിഭ്രാന്തിയാണു് ഇതിൻെറ ആദ്യത്തെ കാരണം. ബൈബിളിൽ ഇതിനെപ്പറ്റി ഇങ്ങനെ സൂചന കാണുന്നു. തൻെറ പുത്രൻെറ അവിചാരിതമായ മരണത്തിൽ ദുഃഖനിമഗ്നനായിത്തീർന്ന പിതാവു് അവൻെറ ഒരു പ്രതിമ തനിക്കായി ഉണ്ടാക്കുന്നു. മരിച്ചുപ്പോൾ വെറുമൊരു മനുഷ്യൻമാത്രമായിരുന്ന മകനെ മരണശേഷം ഒരു ദേവനായി ആരാധിക്കുവാൻ തുടങ്ങി (Wisdom xiv, 15). ഈ ദുരാചാരം നടപ്പിലായതോടുകൂടി ഈ അബദ്ധതത്ത്വം ഒരു നിയമമാക്കിത്തീർക്കുകയും സെപ്തുവ്യുളക്കർ വിഗ്രഹങ്ങളെ ആരാധിക്കുവാൻ ജനങ്ങളോടു് ആജ്ഞാപിക്കുകയുംചെയ്തു. വിദൂരസ്ഥരായ രാജാക്കന്മാരെ നേരിട്ടാരാധിക്കുക പ്രയാസമായിരുന്നതിനാൽ അവരുടെ പ്രതിമകളുടെ മുമ്പാകെ നിന്നുകൊണ്ടു് അവരുടെ പ്രജകൾ നിന്നുകൊണ്ടു പൂജിച്ചുപോന്നു. ഈ പ്രതിമകളുടെ കലാസൗന്ദര്യംകൊണ്ടു് അപഥ്യചിത്തരായിത്തീർന്ന ജനതതി ക്രമേണ

ഷ്യരായിരുന്നവരെ ദേവന്മാരായി ആരാധിക്കുവാൻ തുടങ്ങി.... ഇതുമൂലമായപ്പോൾ വിഗ്രഹാരാധനയെ പൂർത്തീകരിച്ചതു ദുഷ്ടാത്മാക്കളാണ്. സന്മാർഗ്ഗത്തിൽനിന്നും വ്യതിചലിച്ച ജനങ്ങളെ ആകർഷിക്കുവാൻ പിശാചുക്കൾ പ്രതിമകളിലൂടെയും മറ്റും സംസാരിക്കുവാൻ ആരംഭിച്ചു. പ്രകൃതിസാധാരണമല്ലാത്ത ഇത്തരം ജാലവിദ്യകളാൽ അവൻ അവരുടെ ആരാധനാപാത്രമായി തന്നെത്താൻ പ്രതിഷ്ഠിക്കുകയുംചെയ്തു. അതിനാലാണ വിജാതീയദേവന്മാരെല്ലാം പിശാചുക്കളാണെന്നു സങ്കീർത്തകൻ പറയുന്നതു്." ഈ പ്രസ്താവത്തിനു് ഉപോൽബലകമായി പല സംഭവങ്ങളും ലോകചരിത്രത്തിൽ കാണുന്നുണ്ടു്. പുരാതനഗ്രീസിൽ ഡെൽഫിയിലുണ്ടായിരുന്ന അപ്പോളോയുടെ ക്ഷേത്രം ഇതിനൊരുദാഹരണമാണു്. അവിടെ ദേവകേതന്മാരുടെ ചോദ്യങ്ങൾക്കു് ഉത്തരം കിട്ടിയിരുന്നുപോലും!

ക്രിസ്ത്യാനികളുടെ പ്രതിമാവന്ദനം

ക്രിസ്ത്യാനികളുടെ ദൈവാലയങ്ങളിലും ധാരാളം പ്രതിമകൾ കാണാം. എന്നാൽ അവ ആരാധനയ്ക്കായുള്ള വിഗ്രഹങ്ങളല്ല. ക്രിസ്ത്യാനികൾ പരമമായ ആരാധന ദൈവത്തിനുമാത്രമേ നല്കുന്നുള്ളൂ; ദൈവത്തിനു് ഏറ്റവും പ്രിയപ്പെട്ടവരെന്ന നിലയിൽ വിശുദ്ധന്മാരെ ബഹുമാനിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. അവരുടെ പ്രതിമകളെ ബഹുമാനിക്കുമ്പോൾ ആ പ്രതിമകളേയല്ല, പ്രത്യുത ആ പ്രതിമകൾ ആരുടെ പ്രതിനിധ്യം വഹിക്കുന്നുവോ അവരെയാണു ബഹുമാനിക്കുന്നതു്. അവർ സങ്കല്പസൃഷ്ടികളല്ല, യഥാർത്ഥ ചരിത്രപുരുഷന്മാരാണു താനും. ഈ ബഹുമാനത്തിനു രണ്ടു ഘടകങ്ങൾ ഉണ്ടു്. ഒന്നു്, അവരുടെ മഹത്വത്തെ സ്തുതിക്കുക. രണ്ടു്, അവരോടു സഹായമഭ്യർത്ഥിക്കുക. ക്രിസ്ത്യാനിയുടെ സഹായാഭ്യർത്ഥന ഒരിക്കലും പ്രതിമയോടല്ല. പ്രതിമകളുടെ പ്രധാനോദ്ദേശ്യം വിശുദ്ധന്മാരുടെയും

മറവും ഓർമ്മ നമ്മുടെ മനസ്സിൽ അങ്കുരിപ്പിക്കുകയാണ്. അതിനാൽ പ്രതിമയെ വന്ദിക്കുമ്പോൾ, വാസ്തവത്തിൽ ആ ചരിത്രപുരുഷന്മാരാണു ബഹുമാനിക്കപ്പെടുന്നതു്.

ദൈവത്തെ മാത്രമെ ക്രിസ്ത്യാനികൾ ആരാധിക്കുന്നുള്ളൂ. ദൈവത്തിൽനിന്നും നമുക്ക് അനുഗ്രഹങ്ങൾ പ്രാപിച്ചുതരുന്ന മധ്യവർത്തികൾമാത്രമാണു വിശുദ്ധന്മാർ. ആ നിലയിൽമാത്രമെ അവരെ നാം ബഹുമാനിക്കുന്നുള്ളൂ. പുണ്യപദവിയിൽ എത്രമാത്രം ഉയർന്നാലും ഒരു വിശുദ്ധൻ ദൈവമായിത്തീരുകയോ ദൈവതത്വം പ്രാപിക്കുകയോ ചെയ്യുന്നില്ല. അങ്ങനെ ചെയ്യുമെന്ന് ഏതെങ്കിലും കത്തോലിക്കൻ വിശ്വസിക്കുന്നുമില്ല. അതിനാൽ നിഷ്പക്ഷമായി ചിന്തിക്കുന്ന ഏതൊരുവനും ക്രിസ്ത്യാനികളുടെ ആരാധനാസമ്പ്രദായങ്ങളിൽ വിഗ്രഹാരാധനയുടെ ലിങ്ഗമാത്രമായ അംശംപോലും ഇല്ലെന്നു മനസ്സിലാക്കാം



അദ്ധ്യായം ഏഴ്

മന്ത്രങ്ങളും

സങ്കേതങ്ങളും അഥവാ പ്രതിരൂപങ്ങളും വഴിയായി പ്രകൃതിവസ്തുക്കളേയും പ്രകൃതിസംഭവങ്ങളെയും ചിത്രീകരിക്കുക ഭാരതീയരുടെ ഒരു പ്രത്യേകതയാണ്. മഹർഷിമാരുടെ സങ്കല്പത്തിൽ ഇന്ദ്രൻ ഇടിയുടേയും മഴയുടേയും പ്രതിരൂപമാണ്. പ്രകൃതിയെ നിയന്ത്രിക്കുകയും ഭരിക്കുകയും ചെയ്യുന്ന ശക്തിയുടെ ചിഹ്നമാണു വരുണൻ. ഇത്തരം സംജ്ഞകളും സങ്കേതങ്ങളും കേവലപൂവ്വം ഉരുവിട്ടുന്നവക്കു ശാരീരികവും ആത്മീയവുമായ എല്ലാ അനുഗ്രഹങ്ങളും സിദ്ധിക്കുമെന്നു പരക്കെ ഒരു വിശ്വാസമുണ്ട്.

ഇക്കൂട്ടത്തിൽപെടുന്നതാണു മന്ത്രം, യന്ത്രം, ന്യാസം എന്നിവ. മന്ത്രങ്ങൾ ദൈവനിവേശിതങ്ങളായ പ്രാർത്ഥനകളാണെങ്കിലും. അക്ഷരമാലയിലെ ഏതോ ദിവ്യശക്തിയുണ്ടെന്നുള്ള ധാരണയിൽ ഓരോ അക്ഷരത്തെയും ഓരോ പ്രത്യേകാവയവത്തോടു സംബന്ധിപ്പിക്കുന്നതാണു ന്യാസം. ഏതോ അജ്ഞാതശക്തിയുണ്ടെന്നു സങ്കല്പിക്കപ്പെടുന്ന ത്രികോണാകൃതിയിലുള്ള ഒരു സംയോഗമാണു യന്ത്രം.

'മന്ത്ര'ത്തിന്റെ അർത്ഥവ്യാപ്തി വിപുലമാണെങ്കിലും ലക്ഷ്യണൻഡ്യയിൽ പ്രചാരത്തിലിരിക്കുന്ന അതിന്റെ വിവക്ഷ, 'നല്ലതോ ചീത്തയോ ആയ ഫലം പുറപ്പെടുവിക്കുന്ന നിഗൂഢശക്തിയുള്ള ജപങ്ങളുടെ ഉരുവിടലെ'ന്നാണ്. നല്ലകാര്യങ്ങൾ സാധിക്കുവാനുള്ള മന്ത്രങ്ങൾക്കു 'സന്മന്ത്ര'മെന്നും ഉപദ്രവകരമായ ഫലങ്ങൾ പുറപ്പെടുവിക്കുന്നവയ്ക്കു 'ദുർമ്മന്ത്ര'മെന്നും ആണ് പേർ. ചില പ്രത്യേകമായ ഉച്ചാരണനിയമങ്ങൾ അവശ്യമാണ്. വേദങ്ങളിൽ പലടത്തും സൂചിപ്പിക്കപ്പെട്ട കാണുന്ന സന്മന്ത്രങ്ങളെ നമുക്കൊന്നു പരിശോധിക്കാം.

ഋഗ്വേദത്തിൽ കാണുന്ന മന്ത്രങ്ങളെല്ലാംതന്നെ പ്രാർത്ഥനകളും സ്തോത്രങ്ങളുമാണ്. എന്നാൽ അഥർവവേദത്തിലേക്കും ബ്രാഹ്മണങ്ങളിലേക്കും നാം കടക്കുന്നതോടെ മന്ത്രങ്ങളിൽ മായാശക്തി കലർന്നിരിക്കുന്നതായി കാണാം. ക്രമേണ ദേവന്മാരെപ്പോലും വശീകരിക്കത്തക്ക ശക്തി ഇതിനുണ്ടായി.

"ദേവാധീനം ജഗത് സർവ്വം
മന്ത്രാധീനം തു ദൈവതം
തന് മന്ത്രം ബ്രാഹ്മണാധീനം
ബ്രാഹ്മണ: മമ ദേവതാ"

"പ്രപഞ്ചം മുഴുവൻ ദേവന്മാർക്കധീനമാണ്, ദേവന്മാർ മന്ത്രശക്തിക്കും. മന്ത്രങ്ങളോ ബ്രാഹ്മണന്മാർക്കധീനമാണ്. അതുകൊണ്ടു ബ്രാഹ്മണന്മാർ എന്റെ ദേവന്മാരാണ്". ബ്രാഹ്മണരുടെ

കത്തകയാണ മന്ത്രങ്ങളെങ്കിലും മന്ത്രങ്ങർ ശരിയായി അറിഞ്ഞിരിക്കേണ്ടവർ മറ്റു പലരുമുണ്ട്. ഒരു വൈദ്യൻ എത്ര വിദഗ്ദ്ധനായാലും ഓരോ രോഗത്തിനും പ്രത്യേകമന്ത്രങ്ങർ ഉച്ചരിക്കുവാനുള്ള കഴിവില്ലെങ്കിൽ പൊതുജനങ്ങളുടെയിടയിൽ അയാളുടെ തൊഴിൽ ഒരു പരാജയംതന്നെ. സൂതികമ്മിണികളും മന്ത്രങ്ങർ അറിഞ്ഞിരിക്കണം. കാരണം, ജീവിതത്തിന്റെ മറ്റേതു ദശയിലെന്നതിലുധികം ജനനാവസരത്തിലാണ മന്ത്രങ്ങർ മനുഷ്യന് ആവശ്യമായിരിക്കുന്നത്. അപ്പോളാണപോലും ഉഷ്ടി ദോഷം, ഗ്രഹദോഷം മുതലായ ദുരദൃഷ്ടങ്ങർ വന്നുചേരുന്നത്.

സന്മന്ത്രങ്ങർക്ക ബീജാക്ഷരം, വൈദികസൂക്തം എന്നു രണ്ടുവിഭാഗങ്ങളുണ്ട്. അവയിൽ ബീജാക്ഷരങ്ങർ ഏകമാത്രകളായ ചില പദങ്ങളാണ്. അവയ്ക്ക് പ്രത്യേകാർത്ഥമൊന്നുമില്ലെങ്കിലും ചില ദേവന്മാരേയും പ്രകൃതിശക്തികളേയും അവ സൂചിപ്പിക്കുന്നുണ്ട്. മേലേക്കുറിയോടുകൂടി ഉച്ചരിക്കപ്പെടേണ്ടവയാണ് അവ. സാധാരണ ഏതു ബലിയിലും ഉപയോഗിക്കപ്പെടാറുള്ള ഒരു വാക്കാണ 'സ്വാഹാ'. 'അം'ശിവനേയും 'ഉം'വിഷ്ണുവിനേയും 'ഹ്രീം' സൂര്യനേയും 'ലം' ഭൂമിയേയും 'ധൻ' മനസ്സിനേയും സൂചിപ്പിക്കുന്ന മറ്റു ബീജാക്ഷരങ്ങളാണ്.

താന്ത്രികവിഭാഗത്തിൽപ്പെട്ടവരുടെ ഇടയിൽ ഇന്നും ഈ മാതിരി ബീജാക്ഷരങ്ങർക്ക വളരെ പ്രാമാണ്യമുണ്ട്. ഇവയെ ശാസ്ത്രീയമായ രീതിയിൽ ഉച്ചരിക്കുവാൻ സാധിക്കുന്നവർക്ക പല അമാനുഷികകൃത്യങ്ങളും ചെയ്യുവാൻ കഴിയുമെന്നാണ് അവരുടെ വിശ്വാസം. "ഹിന്ദുക്കളുടെ ആചാരങ്ങളും നടപടികളും" എന്ന ഗ്രന്ഥത്തിൽ കാണുന്ന ഒരു കഥ ഇതിനുദാഹരണമാണ്. ശിവൻ ഒരു ബ്രാഹ്മണവിധവയുടെ ജാരജാതനായ കുട്ടിയെ മന്ത്രങ്ങളെല്ലാം പഠിപ്പിച്ചു. ഒരിക്കൽ ഒരു ബ്രാഹ്മണവിവാഹവിരുന്നിൽനിന്നു കുടാപുത്രനെന്ന കാരണത്താൽ അവൻ ബഹിഷ്കൃതനായി. തന്മൂലം കോപാവിഷ്ടനായ ബാ

ലൻ പ്രതികാരബുദ്ധിയോടുകൂടി വാതിൽപഴുതിലൂടെ വിശ്വാമിത്ര ശാലയിലേക്കുനോക്കി ചില മന്ത്രങ്ങൾ ഉച്ചരിച്ചു. അവിടെ നിരത്തപ്പെട്ട വിഭവങ്ങളെല്ലാം തൽക്ഷണം തവളകളായി മാറി. വീട്ടുകാരെയെല്ലാം പരിഭ്രാന്തചിത്തരാക്കിയ ഈ അനിഷ്ടസംഭവത്തിനു കാരണം ആ ബാലനാണെന്ന് അവർ മനസ്സിലാക്കി. ആപത്തു വർദ്ധിക്കാതിരിക്കുവാനായി അവർ ക്ഷമാപണത്തോടെ അവനെ അകത്തേക്കു ക്ഷണിച്ചു. അവൻ മുൻപു് ഉച്ചരിച്ച വാക്കുകൾ തന്നെ തലതിരിച്ചു ഉച്ചരിക്കുകയും തവളകൾ പൊട്ടുന്നതുവെ പഴയ വിഭവങ്ങളായിത്തീരുകയും ചെയ്തു. (Hindu Customs and Manners p. 143). ഇത്തരം കഥകൾ എത്ര വേണമെങ്കിലും ഉണ്ടു്. പക്ഷേ വിസ്താരഭയത്താൽ വിട്ടുകളയുന്നു.

പ്രണവം അഥവാ ഓം

പരബ്രഹ്മത്തിന്റെ പ്രതിരൂപമായ 'ഓം' സംസ്കൃത സാഹിത്യത്തിലേ ഏറ്റവും പരിശുദ്ധമായ ബീജാക്ഷരമാണ്. ഇതിനു ശബ്ദബ്രഹ്മം എന്നും പറയാറുണ്ടു്. ബ്രഹ്മത്തിന്റെ ഭൂതവർത്തമാനഭാവിസ്ഥിതികളെ എല്ലാം ഇതു് ഉൾക്കൊള്ളുന്നു. കേവലസച്ചിദാനന്ദനിധിയുമായ ഈശ്വരനെ പ്രകാശിപ്പിക്കുവാൻ ലോകത്തിലുള്ള യാതൊരു നാമവും പര്യാപ്തമല്ല. അതിനാൽ മനുഷ്യർക്കു പുറപ്പെടുവിക്കാൻ സാധിക്കുന്ന സകല ശബ്ദങ്ങളുടേയും അംശം അടങ്ങിയിട്ടുണ്ടെന്നു വിശ്വസിക്കപ്പെടുന്ന 'ഓം' മാത്രമെ മതിയാകയുള്ളൂ. ഈ ശബ്ദത്തിലേ പ്രധാന സ്വരങ്ങളാണു് അ, ഉ, അം.

നല്ല മതബോധിയുള്ള ഹിന്ദുക്കൾ, വിശിഷ്യ ബ്രാഹ്മണർ, ഏതൊരു പ്രധാനജോലിയുടേയും ആരംഭത്തിലും അവസാനത്തിലും ഓം ഉച്ചരിക്കാതിരിക്കയില്ല.

ഗായത്രി. വേദങ്ങളിൽ ഏറ്റവും ഉൽകൃഷ്ടമായി കരുതപ്പെ

ടുന്ന ഒരു സൂക്തമാണു ഗായത്രി. ഗായത്രി എന്ന പേർ ആ മന്ത്രം വിരചിതമായിരിക്കുന്ന വൃത്തത്തിന്റെതാണ്. അക്ഷരമാത്രകളായ മൂന്നു പാദങ്ങളുള്ള ഈ ഗായത്രിവൃത്തത്തിലാണു ഋഗ്വേദത്തിന്റെ ഏകദേശം നാലിലൊന്നുഭാഗം രചിക്കപ്പെട്ടിരിക്കുന്നതു്. വിശ്വാമിത്രമഹർഷിയാണു ഗായത്രിമന്ത്രത്തിന്റെ ഉപജ്ഞാതാവെന്നു ചിലർ പറയുന്നു. എന്നാൽ ഇതര പണ്ഡിതന്മാരുടെ അഭിപ്രായം ഇതു വെറും ഒരു സൂയ്യസ്തവമായി വളരെ പുരാതനകാലത്തു് ഉത്ഭവിച്ചതാണെന്നാണ്.

"തത് സവിതുർവരേണ്യം
ഭർഗോ ദേവസ്യ ധീമഹീ
ധിയോ യോ നഃ പ്രചോദയാത്."
(ഋഗ്. 3. 62. 10).

ഇതാണു ഗായത്രി മന്ത്രം. ഇതു മലയാളത്തിലേക്ക് ഏതാണ്ടിപ്രകാരം വിവർത്തനം ചെയ്യാം. "ആ ദിവ്യജീവദാതാവിന്റെ അരാധ്യമായ പ്രഭയെപ്പറ്റി നമുക്കു ധ്യാനിക്കാം; അവിടുന്നു നമ്മുടെ ബുദ്ധിയെ പ്രകാശിപ്പിക്കട്ടെ." കാലക്രമത്തിൽ ഈ മന്ത്രത്തിനു ഹിന്ദുക്കളുടെയിടയിൽ സിദ്ധിച്ച പ്രാധാന്യവും പ്രാമാണ്യവും സീമാതീതമാണ്. സപത്നീയവും ലൗകികവുമായ സകല ഭണ്ഡാഗാരങ്ങളേയും അതു തുറക്കുന്നു; അതിന്റെ ആന്തരികാർത്ഥം ശരിയായി മനസ്സിലാക്കുന്നു. ഒരുവനു പുനർജ്ജന്മപരമ്പരകളിൽനിന്നു വിമോചനം നേടാം; എല്ലാവിധ പാപമാലിന്യങ്ങളേയും നിർമ്മാർജ്ജനം ചെയ്യുക്കുപ്രായശ്ചിത്തശക്തിയും ഇതിനുണ്ട്, എന്നിങ്ങനെയെല്ലാം അവർ വിശ്വസിച്ചു.

ഗായത്രിമന്ത്രത്തെ ഒരു ദേവതയായിപ്പോലും ജനങ്ങൾ ആരാധിച്ചുതുടങ്ങി. ഗായത്രീദേവിയെ അഭിസംബോധനം ചെയ്തുകൊണ്ടുള്ള ഒരു പ്രാർത്ഥന ചുവടെചേർക്കുന്നു. "വേദചിന്തനവും ബ്രഹ്മവിദ്യസ്സും തൃക്ഷരരൂപണിയുമായ അല്ലയോ ഗായത്രീദേവി, ഇതാ നിനക്കു ഞാൻ പൂജസമർപ്പിക്കുന്നു. എന്നെ സ

ന്തോഷിപ്പിക്കുന്നതിനായി ഇവിടെ ആഗതയായാലും." ആരാധകൻ ഭക്തിപൂർവ്വം തുടരുന്നു. "ശിവന്റെ ദിവ്യതാരങ്ങളെ! സകല ഉള്ളായ് മയുടേയും മാതാവാകുന്നു നീ. രാത്രി സമീപിക്കുമ്പോൾ നിന്നെ ഞാൻ പൂജിക്കുന്നു. നിന്റെ സംരക്ഷണയിൽ എന്നെ കാത്തുകൊള്ളണമെ. ഓ, ഗായത്രി ദേവി, വന്നാലും. എന്റെ പ്രാർത്ഥനകളെ കാരുണ്യപൂർവ്വം ശ്രവിച്ചാലും". ഈ മന്ത്രം ജപിക്കുന്നവനു സർവ്വാഭിലാഷസിദ്ധിയുണ്ടാകുമെന്നാണു വിശ്വാസം.

മന്ത്രവാദം. സന്മന്ത്രങ്ങളെപ്പറ്റി നാം ചിലതെല്ലാം പറഞ്ഞുകഴിഞ്ഞു. ഇനി ദുർമ്മന്ത്രങ്ങൾ അഥവാ മന്ത്രവാദങ്ങളെപ്പറ്റി അല്പം പ്രസ്താവിക്കാം. മനുഷ്യർക്ക് ഉപദ്രവം വരുത്തുന്ന ചില ദുർദ്ദേവതകളെ പ്രീണിപ്പിച്ചു കാര്യംസാധിക്കുന്നതിനുള്ള മന്ത്രങ്ങളാണ് ഇവ. കേരളത്തിൽ കുടിയേറിപാർത്ത ബ്രാഹ്മണരുടെ നേതാവെന്നു വിശ്വസിക്കപ്പെടുന്ന പരശുരാമൻ ചില പ്രമുഖകുടുംബങ്ങൾക്ക് ഉപദേശിച്ചുകൊടുത്തതാണു മന്ത്രവാദം എന്നതത്രെ ഐതിഹ്യം. കൊച്ചിസംസ്ഥാനത്തുള്ള കല്ലൂർ, കാട്ടുമഠം എന്നീ ഇല്ലങ്ങൾ അവയിൽ പ്രധാനമായവയാണ്. അവർ ഇന്നും ആ പാരമ്പര്യംവിടാതെ നിലനിറുത്തിവരുന്നു.

മന്ത്രവാദങ്ങൾ രണ്ടുതരത്തിലുണ്ട്. ഒന്ന്: ഉപദ്രവം വരുത്തുന്ന പിശാചുക്കളെ അഥവാ ദുർദ്ദേവതകളെ പ്രസാദിപ്പിക്കുവാനുള്ളതു്. രണ്ടു്: ശത്രുക്കൾക്ക് ഉപദ്രവം വരുത്തുന്നതിനുള്ള മന്ത്രങ്ങളും ക്രിയകളും. മന്ത്രവാദം തൊഴിലാക്കിയിട്ടുള്ളവരിൽനിന്നും നേരിട്ടുവേണം ഇതു പഠിക്കുവാൻ. മന്ത്രവാദത്തിന്റെ ഫലസിദ്ധിയിൽ ദൃഢവിശ്വാസം ശിഷ്യനു് അത്യാവശ്യമാണു്.

ചില പ്രത്യേകകാലങ്ങളിലും ദിവസങ്ങളിലും മന്ത്രങ്ങൾക്കു പ്രത്യേകശക്തിയുണ്ടെന്നാണു വിശ്വാസം. വിരോധിയുടെ ഉമ്മറത്തിങ്കൽ ഒരു മൺകലം കഴിച്ചിടുക സാധാരണമായ

ഒരു ക്ഷുദ്രപ്രയോഗമാണ്. അതിനകത്തു തലമുടി, പൂക്കൾ, കരി, അസ്ഥികൾ, മയിൽപ്പീലി, ഉള്ളി, കാന്തം, ടർപ്പെന്റൈൻ മുതലായവ നിക്ഷേപിക്കപ്പെട്ടിരിക്കും. പല മന്ത്രോച്ചാരണങ്ങൾക്കുശേഷം ചെമ്പോ വെള്ളിയോ ഓടോ കൊണ്ടുള്ള ഒരു തകിടിൽ ഗ്രഹാക്ഷരങ്ങൾ എഴുതി അതിന്റെ മുകളിൽ വയ്ക്കുന്നു. ഈ കലം കുഴിച്ചിട്ടതിനുമുകളിൽക്കൂടി ഏതാനും പ്രാവശ്യം നടന്നാൽ ശത്രുവിനു തളർവാതമോ അതുപോലുള്ള മറ്റു തീരാവ്യാധികളോ പിടിപെടുന്നതാണത്രെപോലും!

തന്ത്രസാരമെന്ന പുസ്തകത്തിൽ മറ്റുള്ളവർക്ക് ഉപദ്രവം വരുത്തുന്ന പല മന്ത്രങ്ങളെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. ഗണപതിയന്ത്രം, ഭദ്രകാളിയന്ത്രം, പക്ഷിയന്ത്രം മുതലായവയാണ് അതിൽ പ്രധാനങ്ങൾ. മന്ത്രവാദംകൊണ്ടുണ്ടാകുന്ന ഉപദ്രവങ്ങൾക്കു പ്രതിവിധിയും തന്ത്രസാരത്തിൽ കാണുന്നു. അല്പമായി ഏതു മന്ത്രംകൊണ്ടാണ് ഉപദ്രവം നേരിട്ടതെന്നു കണ്ടുപിടിക്കണം. അതിനുശേഷം ആ മന്ത്രം ഒരു പാത്രം പാലിന്റെ മുകളിൽ ഉരുവിടണം പിന്നീട് ഉപദ്രവകരമായയന്ത്രം ഒരു ആലിലയിൽ വരച്ചു ആ ഇല ആറ്റിൽക്കൂടി ഒഴുക്കിക്കളയണം. അതു കഴിഞ്ഞു ആ പാത്രത്തിലുള്ള പാൽ കുടിച്ചാൽ ഏതുമന്ത്രത്തിനും പ്രതിവിധിയാകുമെന്നാണ് വിശ്വാസം. മലയാളക്കരയിലെ ഹിന്ദുക്കളിൽ ബഹുഭൂരിപക്ഷത്തിനും ഇമ്മാതിരി മന്ത്രവാദങ്ങളിൽ അടിയുറച്ചതും അന്ധവുമായ വിശ്വാസമാണുള്ളതു്. മന്ത്രവാദികളെക്കൊണ്ടു് അവർക്ക് എപ്പോഴും ആവശ്യമുണ്ട്. കേരളീയമന്ത്രവാദികൾ അഖിലഭാരതപ്രശസ്തിപോലും സമ്പാദിച്ചിരിക്കുന്നു.

കേരളത്തിലെ മന്ത്രവാദത്തിൽ പിശാചുസവയുടെ സങ്കലനം ഉണ്ട്. ആര്യന്മാരുടെ ആഗമനത്തിനുമുമ്പുപോലും അതു നിലവിലിരുന്നെന്നാണ് പറയപ്പെടുന്നതു്. ആദിമനിവാസികളുടെ ആചാരങ്ങളോടു ചേർന്നുപോകുകയായിരുന്നു ആര്യന്മാരുടെ നയം. മീമാംസയുടെയും ആഗമങ്ങളുടേയും വിധിപ്രകാര

മുള്ള ആരാധനാസമ്പ്രദായങ്ങൾ മന്ത്രതന്ത്രങ്ങളോട് ഇടകലർന്നു പുരോഗമിച്ചു.

ക്രിസ്തുബ്ദം ഏതാണ്ട് എഴുന്നൂറിനോടടുത്തുണ്ടായ ഹൈന്ദവപുനരുദ്ധാരണത്തിന്റെ ഫലമായി കേരളസംസ്കാരം ബ്രാഹ്മണമയമായിത്തീർന്നു. എങ്കിലും പൗരാണികദ്രാവിഡസംസ്കാരത്തിന്റെ ശാഖയായ മന്ത്രവാദവും പിശാചുസേവയും ആദിമനിവാസികളുടെയിടയിൽ അംഗമായി നിലനിന്നുപോന്നു. ഇന്നും വേലൻ, കണിയാൻ, പാണൻ വള്ളുവൻ മുതലായ അധഃസ്ഥിതവർഗ്ഗക്കാർ ഇതിനു കൂപ്പുസിദ്ധി നേടിയവരാണല്ലോ. തുള്ളലും മന്ത്രോച്ചാരണവുംകൊണ്ടു പിശാചിനെ ഒഴിക്കുകയും രോഗം ശമിപ്പിക്കുകയും ചെയ്യുന്നവരാണു വേലന്മാർ. ഗ്രന്ഥചിത്രങ്ങൾ വരയ്ക്കുകയും ഓല എഴുതിക്കൊടുക്കുകയും മറ്റും ചെയ്യുന്ന വള്ളുവന്മാർ പുലയന്മാരുടെ പുരോഹിതന്മാരാണ്. തങ്ങാപ്പുലയന്മാരുടെ മന്ത്രത്തിനു പിശാചിനെ ഒഴിക്കുന്നതിനും ശത്രുവിനെ ഹനിക്കുന്നതിനും ശക്തിയുണ്ടെന്നാണു പറയുന്നതു്. മന്ത്രവാദംവഴിയായുള്ള വധം ഇന്നും നടക്കുന്നുണ്ടെന്നു വിശ്വസിക്കുന്നവരുണ്ട്. 1928-ൽ ബീഹാറിൽ ഇത്തരം ഒൻപതു സംഭവങ്ങൾ നടന്നതായി പറയപ്പെട്ടുന്നു. മന്ത്രവാദം ശാസ്ത്രീയമാണെന്നു തെളിയിക്കുവാൻ പരിശ്രമിക്കുന്നവരും ഇല്ലാതില്ല. പക്ഷേ മന്ത്രവാദത്തെ താത്ത്വികമായി വിശകലനം ചെയ്യുമ്പോൾ ശാസ്ത്രീയമായ യാതൊരു അധിഷ്ഠാനവും അതിലില്ലെന്നു നിഷ്പ്രയാസം മനസ്സിലാകും. അജ്ഞാതനായ ഏതോ പൂർവികനിൽനിന്നു കിട്ടിയതെന്നു വിശ്വസിക്കപ്പെടുന്ന മന്ത്രങ്ങൾ ഉച്ചരിക്കപ്പെടുന്നുവെന്നല്ലാതെ അവയ്ക്കു പിന്നിൽ യുക്തിപൂർവ്വമായ ന്യായങ്ങളൊന്നുമില്ല. അക്ഷരജ്ഞാനവും സംസ്കാരവും ഇല്ലാത്തവരാണു മന്ത്രവാദികളിലധികംപേരും. ദൈവത്തെ ഉപേക്ഷിക്കുന്നവരെ ദൈവശത്രുവായ പിശാചൻ സഹായിച്ചുപോരുന്നു. അതിന്റെ ഫലമായിട്ടാണു പ്രകൃത്യതീതമെന്നുതോന്നുന്ന ചില സംഭവങ്ങൾ മന്ത്രവാദംകൊണ്ടു നടക്കുന്നതു്. എന്നാൽ ഇങ്ങനെയുള്ള സംഭ

വങ്ങളിൽ ബഹുഭൂരിഭാഗവും വെറും പ്രകൃതിശക്തിയുടെ പ്രവർത്തനംകൊണ്ടു നടക്കുന്നതാണു്. അന്ധവിശ്വാസികൾ അവയിൽ ഒരു അജ്ഞേയശക്തിയുടെ പ്രവർത്തനത്തെ ആരോപിക്കുന്നുവെന്നേയുള്ളൂ.

ജാതിവ്യത്യാസം. മനുഷ്യരെ പല ചേരികളായി അകറ്റിനിറുത്തുന്ന ജാതിവ്യത്യാസത്തിൽ ഭാരതം മറ്റേതുരാജ്യത്തേയും അതിശയിക്കുന്നു. ഇന്നും ഭാരതത്തിന്റെ പുരോഗമനത്തിനു വിലങ്ങുതടിയായി നില്ക്കുന്നതു ഹിന്ദുമതത്തിന്റെ ഒരു മൗലികഘടകമായ ഈ ജാതിവ്യത്യാസമാണെന്നുവേണം പറയുവാൻ. സ്വതന്ത്രഭാരതത്തിന്റെ ഭരണസാരഥ്യം വഹിക്കുന്ന നേതാക്കന്മാർ ഇതിനെ ഉച്ചാടനം ചെയ്യുന്നതിനു പരിശ്രമിച്ചുകൊണ്ടിരിക്കയാണല്ലോ. അതിനാൽ ഇതിന്റെ പ്രാധാന്യം കാലക്രമത്തിൽ അസ്തമിക്കാൻ ഇടയുണ്ടു്. തന്മൂലം ഈ വിഷയത്തെപ്പറ്റി അധികം പ്രസ്താവിക്കേണ്ട ആവശ്യമില്ലെന്നു തോന്നുന്നതിനാൽ വിട്ടുകളയുന്നു.

അദ്ധ്യായം എട്ട്

ഉപനിഷത്തുക്കൾ

ഭാരതീയചിന്ത അതിഗഹനവും ബഹുമണ്ഡലസ്പർശിയുമാണു്. മനുഷ്യജീവിതത്തോടും മാനസികവ്യാപാരത്തോടും ബന്ധപ്പെട്ട സകലവിഷയങ്ങളും ഇൻഡ്യൻജനതയുടെ അവഗാഢമായ നിരീക്ഷണത്തിനും ക്ലേശകരമായ പഠനത്തിനും പാത്രീഭവിച്ചിട്ടുണ്ടു്. ഹിന്ദുമതത്തേയും അതിലെ ആരാധനാവിധികളേയുംപറ്റി ഇതുവരെ സ്ഥൂലമായി നാം പ്രതിപാദിച്ചു. അടുത്തതായി ഒരുപടികൂടി ഉയർന്നു ഭാരതീയതത്ത്വചിന്തയുടെ ഉപ്പുണമായ ഉപനിഷത്തുക്കളെയാണു നാം പരിശോധിക്കുവാൻ

പോകുന്നതു്. ഈ ഗ്രന്ഥങ്ങൾ ഭാരതത്തിനു് അസൂയാർഹമായ പേരും പെരുമയും നേടിക്കൊടുത്തിട്ടുണ്ടു്. ഇൻഡ്യയുടെ ദേശീയസംസ്കാരവും പ്രതിഭാസമ്പത്തും ഇവയിൽ തെളിഞ്ഞുകാണാം. മനുഷ്യന്റെ ഭൗതികാനുഭൂതികളെ താത്ത്വികമായ ഒരടിസ്ഥാനത്തിൽ കെട്ടിപ്പടുത്ത ഭാരതീയചിന്തയുടെ സമാഹാരമാണു് ഇതു്. ഭാരതീയരുടെ അനർഘനിഃക്ഷേപമായ ഈ ഉപനിഷത്തുക്കളാണു് അവരുടെ ആദ്ധ്യാത്മികജീവിതത്തെയും ചിന്താഗതിയേയും അനുസ്യൂതം നിയന്ത്രിച്ചുകൊണ്ടിരിക്കുന്നതും ഇൻഡ്യയിലെ ഷഡ്ദർശനങ്ങളുടെ അടിസ്ഥാനവും ഇതുതന്നേ. അതിനാൽ ഇൻഡ്യയെപ്പറ്റിയും ഹിന്ദുമതത്തെപ്പറ്റിയും ശരിയായി അറിയണമെങ്കിൽ ഉപനിഷത്തുക്കൾ സനിഷ്കർഷം പഠിക്കേണ്ടിയിരിക്കുന്നു.

'ഉപനിഷത്തു്' എന്ന വാക്കിന്റെ അർത്ഥത്തെക്കുറിച്ചു പല അഭിപ്രായങ്ങളുണ്ടു്. ചിതറിക്കുക അഥവാ നശിപ്പിക്കുക എന്നർത്ഥമുള്ള 'സദ്' ധാതുവിനോടു്, അടുത്തു് എന്നർത്ഥമുള്ള 'ഉപ', പരിപൂർണ്ണ എന്നർത്ഥമുള്ള 'നി' എന്നീ ഉപസർഗ്ഗങ്ങൾ ചേർന്നാണു് ഉപനിഷത്തു് ഉണ്ടായതെന്നു ശ്രീ ശങ്കരാചാര്യർ അഭിപ്രായപ്പെടുന്നു. അതായതു മനുഷ്യനുള്ള അജ്ഞാനത്തെ പൂർണ്ണമായി നശിപ്പിച്ചു മുക്തിമാർഗ്ഗം കാണിച്ചുകൊടുക്കുന്ന വിശിഷ്ടജ്ഞാനമാണു് ഉപനിഷത്തുക്കൾ. മാക്സ് മുള്ളർ പ്രഭൃതികളായ പണ്ഡിതന്മാരുടെ അഭിപ്രായപ്രകാരം ഉപ (അടുത്തു) നി (ബഹുമാനപൂർവം) സദ് (ഇരിക്കുക) എന്നീ വാക്കുകൾ സംയോജിപ്പിച്ചു്, ഗുരുപാദങ്ങളിൽ ഇരുന്നു ബഹുമാനപൂർവം ശ്രവിക്കുക എന്ന അർത്ഥത്തിലാണു് 'ഉപനിഷത്തു്' ഉണ്ടായതു്. മുക്തി സമ്പാദിക്കുന്നതിനുള്ള ഗ്രന്ഥജ്ഞാനം ഉപദേശിച്ചുകൊടുക്കുകയാണു് ഉപനിഷത്തുക്കൾ ചെയ്യുന്നതെന്നു ജർമ്മൻപണ്ഡിതനായ ഡ്യൂസൻ പറയുന്നു. ഈ നിർവ്വചനങ്ങളെയെല്ലാം ഇങ്ങനെ വിശദീകരിക്കാം. അജ്ഞാനനിവാരണം, ഈശ്വരാഭിഗമനം, നിഗ്രന്ഥജ്ഞാനം, ജ്ഞാനസമ്പാദനവിധികൾ, ആധ്യാത്മികധ്യാനം ഇവയെല്ലാം ഉൾക്കൊള്ളുന്ന ഗ്രന്ഥസമാഹാരമാ

ണ്ട് ഉപനിഷത്തുക്കരും. ഉപനിഷത്തുക്കരുടെ വേദാന്തങ്ങരും എന്നും പേരുണ്ട്. വേദങ്ങളുടെ അവസാനത്തിൽ വരുന്നതുകൊണ്ടോ അവയുടെ സാരാംശമായതുകൊണ്ടോ ആണത്രെ ഈ പേർ ഉണ്ടായത്. മൂന്ന് ഉയർന്ന ജാതിക്കാർക്കുമാത്രം പഠിക്കുവാൻ അനുവദിക്കപ്പെട്ടിട്ടുള്ളതിനാൽ 'രഹസ്യം' എന്നും അറിയപ്പെടുന്നു. ബ്രഹ്മത്തെ നേരിട്ടറിയുന്നതിനുള്ള മാർഗ്ഗമാകയാൽ 'ബ്രഹ്മവിദ്യ'യെന്നും വിളിക്കാറുണ്ട്.

ബി. സി. ഒൻപതാംനൂറ്റാണ്ടിനോടടുത്താണ് ഉപനിഷത്തുക്കളുടെ ഉത്ഭവം എന്നു വിശ്വസിക്കപ്പെടുന്നു. സംസാരമുക്തിയും മരണാനന്തരജീവിതവും മാരതീയരുടെ ഗാഢമായ ചിന്തയുടെ പുരാണികകാലംമുതൽക്കേ വിഷയീഭവിച്ചിരുന്നു. ചില ചിന്തകന്മാർ യാഗങ്ങരും മുക്തിമാർഗ്ഗമായി വിധിച്ചു. അങ്ങനെയാണു ബ്രാഹ്മണങ്ങളുടെ ഉത്ഭവം. വേദജ്ഞാനമാണ് ആവശ്യമെന്നു വേറെ ചിലർ വാദിച്ചു. അതിന്റെ ഫലമാണ് ആരണ്യകങ്ങരും. തപസ്സും പ്രായശ്ചിത്തവുമാണ് ആവശ്യമെന്നായിരുന്നു മറ്റൊരുപക്ഷം. അതിന്റെ പരിണതഫലമാണു യോഗാഭ്യാസം. എന്നാൽ ജ്ഞാനമാർഗ്ഗമാണു മോക്ഷസമ്പാദനത്തിനു ഏറ്റവും പറ്റിയതെന്നായിരുന്നു അധികംപേരുടേയും വിശ്വാസം. ഉപനിഷത്തുക്കരും ആവിർഭവിക്കുവാനുള്ള കാരണം അതാണ്. ബാഹ്യാചാരങ്ങുകരുക്കു കൂടുതൽ പ്രാധാന്യം നല്കിപോന്നതിനാൽ വേദബ്രാഹ്മണങ്ങളിൽ കാണുന്ന സുദീർഘങ്ങളായ യാഗങ്ങളും, യാഗവിധികളും കാലക്രമത്തിൽ ചിന്താശീലന്മാർക്ക് ആകർഷകമല്ലാതായിത്തീർന്നു. സാമൂഹികജീവിതത്തിലെന്നപോലെ മതാനുഷ്ഠാനത്തിലും യുക്തിപരമായ ഒരടിസ്ഥാനം കണ്ടുപിടിക്കുവാൻ അവർ പരിശ്രമിച്ചു. ബ്രാഹ്മണന്മാർ മാത്രമല്ല ക്ഷത്രിയന്മാരും ഇതിൽ പങ്കെടുത്തു. ഇതിന്റെ ഫലമായി കർമ്മമാർഗ്ഗത്തിന്റെ സ്ഥാനത്തു ജ്ഞാനമാർഗ്ഗം അവർ പ്രതിഷ്ഠിച്ചു. അങ്ങനെയാണു തത്ത്വചിന്താപ്രധാനമായ ഉപനിഷത്തുക്കരും ഉത്ഭവിച്ചതു്.

ഉപനിഷത്തുക്കളെപ്പറ്റിയുള്ള പഠനം യൂറോപ്പിൽ ആദ്യമായി ആരംഭിച്ചതു 1801-ൽ ആണ്. സുപ്രസിദ്ധ ഫ്രഞ്ചുപണ്ഡിതനായ ഡ്യൂപ്പറോൻ ആണ് അതിന്റെ അവതാരകൻ. ഫയസാബാദിലെ ഫ്രഞ്ചുസ്ഥാനപതിയായിരുന്ന ലെജെൻറിൽ ഉപനിഷത്തുക്കളുടെ ഒരു പേർഷ്യൻ കൈയെഴുത്തുപ്രതി തന്റെ സ്നേഹിതനായിരുന്ന ഡ്യൂപ്പറോനു സമ്മാനിച്ചു. അദ്ദേഹം അതു ലത്തീനിലേക്കു തർജ്ജിമചെയ്തു. വിശ്വാത്മകമായ തത്ത്വചിന്തയ്ക്കു പ്രസിദ്ധിനേടിയ ജർമ്മൻപണ്ഡിതനായ സ്കോപ്പൻഹോവർ പ്രസ്തുതഗ്രന്ഥം വായിച്ചിട്ട് ഇങ്ങനെ ഉദ്ഘോഷണം ചെയ്തു. "അതിന്റെ ഓരോ വരിയും എത്ര ഉദാത്തവും വ്യക്തവും ഏകതാനവുമായിരിക്കുന്നു. അതിലെ ഓരോ വാചകവും ഗഹനവും ഉൽകൃഷ്ടവും അചിന്തിതപൂർവ്വവുമായ ആശയങ്ങളെ മനസ്സിൽ ഉദ്ദീപ്തിക്കുന്നു. പരിശുദ്ധമായ ഒരാധ്യാത്മികതപം അതിനെ ഒന്നാകെ ആവരണംചെയ്യുന്നു." ഉപനിഷത്തുക്കളുടെ ഔൽകൃഷ്ട്യം സർവ്വസമ്മതമാണെങ്കിലും സ്കോപ്പൻഹോവർ വാരിച്ചൊരിയുന്ന സ്തുതിവചനങ്ങൾ അതിശയോക്തിപരമാണെന്നാണു മാക്സ്മുള്ളരുടെ അഭിപ്രായം. സപ്തതത്ത്വചിന്തയുടെ ചില നിഴലുകൾ ഉപനിഷത്തുകളിൽ കാണപ്പെട്ടതായിരിക്കണം ഈ അതിശയോക്തിക്കു കാരണമെന്നു മാക്സ്മുള്ളർ തുടർന്നുപ്രസ്താവിക്കുന്നു.

ഒരു ക്രൈസ്തവന്റെ ആധ്യാത്മികജീവിതത്തിൽ ഉപനിഷത്തുക്കൾക്കുള്ള അന്യാദൃശമായ സ്വാധീനതാശക്തിയെപ്പറ്റി നാം മുൻപു പ്രതിപാദിച്ചുവല്ലോ. ഇതിനുള്ള മുഖ്യകാരണം ഉപനിഷത്തുക്കളിൽ അർഷദാശർനികന്മാർക്ക് ഈശ്വരാവിഷ്കരണംവഴിയോ അന്തർജ്ഞാനംവഴിയോ നേരിട്ടലഭിച്ചിട്ടുള്ള നിത്യസത്യങ്ങൾ അടങ്ങിയിരിക്കുന്നുവെന്നുള്ള വിശ്വാസമാണ്. അങ്ങനെ നോക്കുമ്പോൾ ഇവയുടെ യഥാർത്ഥകർത്താക്കൾ ഋഷികളല്ല, പ്രത്യുത അവക്ക് ആന്തരികപ്രചോദനം നൽകിയ ദിവ്യശക്തിയാണ്. ഈശ്വരാവിഷ്കൃതങ്ങളായ സത്യങ്ങൾ ഒരിക്കലും തെറ്റാൻപാടില്ല. അതിനാൽ ഉപനിഷത്തു

ക്കളും പ്രമാദരഹിതമായിരിക്കണം. ഈ ധാരണയുടെ ഫലമായിട്ടാണ് അവയ്ക്ക് ഹൈന്ദവജീവിതത്തിന്റെ ഏതു തുറയിലും ഇത്ര പ്രാമാണ്യം സിദ്ധിച്ചതു്.

നിത്യസത്യങ്ങളെക്കുറിച്ചു നേരിട്ടുള്ള ജ്ഞാനം ഉപനിഷത്തുക്കളിൽ കാണുന്നുണ്ടോ എന്നു നമുക്കു പരിശോധിക്കാം. സത്യം അചഞ്ചലമായി എന്നും സത്യമായിരിക്കുന്നതാണല്ലോ. സത്യത്തെക്കുറിച്ചുള്ള വസ്തുപരമായ അറിവുകൾ തെറ്റുവാനും പരസ്പരവിരുദ്ധമായിരിക്കുവാനും പാടില്ല. എന്നാൽ ഉപനിഷത്തുക്കളിൽ അനേകം പ്രമാദങ്ങളും പരസ്പരവൈരുദ്ധ്യങ്ങളും സ്ഥലംപിടിച്ചിട്ടുണ്ട്. അതിനെപ്പറ്റി ഇതിനുപരി പ്രതിപാദിക്കാം. ലോകോൽപത്തി, ലോകപ്രകൃതി, മനുഷ്യന്റെ ഉത്ഭവം, സംഭവം, അന്ത്യം, മുതലായ മൗലികവിഷയങ്ങളെപ്പറ്റിയുള്ള ഉപനിഷത്തുക്കളിലെ ചർച്ചകൾ പൂർവാപരവിരുദ്ധമാണ്. അതിനാൽ ഉപനിഷത്തുക്കൾ വസ്തുതകളെ യഥാതഥം വിക്ഷിക്കുന്നുവെന്നു പറഞ്ഞുകൂടാ.

ഉപനിഷത്തുക്കൾ ഈശ്വരനിവേശിതമോ?

പരസ്പരവിരുദ്ധങ്ങളായ പ്രസ്താവങ്ങളും അബദ്ധതത്ത്വങ്ങളും ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥത്തിനു സത്യസ്വരൂപനായ ഈശ്വരനാൽ ആവിഷ്കൃതമാണെന്ന് അവകാശപ്പെടുവാൻ യാതൊരു ന്യായവും കാണുന്നില്ല. ഇത്തരത്തിലുള്ള ഒരു ഗ്രന്ഥസമുച്ചയമാണ് ഉപനിഷത്തുക്കൾ. അതുകൊണ്ട് വേദങ്ങളുടെ ഈശ്വരനിവേശിതത്വത്തെ ഖണ്ഡിക്കുവാൻ നാം ഉന്നയിച്ച ന്യായങ്ങൾ ഇവിടെയും പ്രസക്തങ്ങളാണ്. (P. 18)

ഉപനിഷത്തിലെ ആശയങ്ങൾ ദിവ്യമാണെന്നു ഹിന്ദുക്കൾ സങ്കല്പിക്കുന്നതിനു രണ്ടു മുഖ്യകാരണങ്ങളാണുള്ളതു്. ഏതാണ്ട് അതിമാനുഷങ്ങളെന്നു തോന്നിപ്പിക്കുന്ന ചില തത്ത്വചിന്തകർ അതിൽ അടങ്ങിയിട്ടുള്ളതാണ് ഒന്നാമത്തെ കാരണം. പൗരാണികവിശ്വാസാഭിമുഖ്യത്തിലെങ്ങും കണ്ടുമുട്ടാത്ത അ

തൃന്നതങ്ങളായ ചില ചിന്താശകലങ്ങൾ ഉപനിഷത്തുക്കളിൽ ഉണ്ട് എന്നുള്ളതു ശരിതന്നെ. എന്നാൽ പ്രഗത്ഭമതികളും സൂക്ഷ്മനിരീക്ഷകരുമായ ചിന്തകന്മാർ അന്നു ഭാരതത്തിലുണ്ടായിരുന്നൊന്നേ അതു തെളിയിക്കുന്നുള്ളൂ. അത്തരം ചിന്തകന്മാരെ ക്രി. സി. നാലാം നൂറ്റാണ്ടിൽ ഗ്രീസിലും നാം കണ്ടുമുട്ടുന്നുണ്ട്. മനുഷ്യബുദ്ധി പരിമിതവും പ്രമാദാധീനവും ആകകൊണ്ടു തെറ്റുവാൻ പാടില്ലാത്ത ചില നിത്യസത്യങ്ങളിൽ മനുഷ്യജ്ഞാനം അടിയുറപ്പിക്കേണ്ടിയിരിക്കുന്നു. ഇതാണു രണ്ടാമത്തെ കാരണം. അതിനാൽ എല്ലാ ഹൈന്ദവചിന്തയുടേയും മൗലികപ്രമാണമായി പരിഗണിക്കപ്പെട്ടിരുന്നേ ഉപനിഷത്തുക്കൾ ഈശ്വരനിവേശിതങ്ങളോ ഈശ്വരാവിഷ്കൃതങ്ങളോ ആണെന്നുള്ള വിശ്വാസത്തിൽ അവർ എത്തിച്ചേർന്നു. കാരണം, ഈശ്വരൻ പ്രമാദരഹിതനാണല്ലോ.

ആർഷപ്രോക്തങ്ങളായ ഉപനിഷത്തുക്കളെ ജ്ഞാനത്തിന്റെ സ്വീകാരമായി സ്വീകരിച്ചതിന്റെ ഫലമായി സ്വതന്ത്രമായി ചിന്തിക്കുവാനോ യുക്തിയുടേയും അന്തഃകരണത്തിന്റേയും വിധികർക്കശ വഴങ്ങിക്കൊടുക്കുവാനോ ഹൈന്ദവപണ്ഡിതന്മാർ ധൈര്യപ്പെട്ടില്ല. അപ്രമാദിതങ്ങളെന്നു സങ്കല്പിക്കുകമാത്രം ചെയ്തിട്ടുള്ള സിദ്ധാന്തങ്ങളെ മതത്തിന്റേയും തത്വചിന്തയുടേയും ആധാരമാക്കിയതാണു ഭാരതീയചിന്തയുടെ ഏറ്റവും വലിയ പരാജയം. മതത്തിനും തത്വശാസ്ത്രത്തിനും സ്പഷ്ടവും നിർവിവാദവുമായ അടിസ്ഥാനതത്ത്വങ്ങൾ ആവശ്യംതന്നെ. എന്നാൽ ഹൈന്ദവമഹർഷിമാർ ദൈവത്തിൽ നിന്നു നേരിട്ടുപ്രാപിച്ചുവെന്നു പറയപ്പെടുന്ന തത്ത്വസംഹിത അവയിൽത്തന്നെ സ്പഷ്ടമോ യുക്തികൊണ്ടു തെളിയിക്കപ്പെടാവുന്നതോ അല്ല. പോരെങ്കിൽ ഈ മഹർഷിമാക്ക് ഈശ്വരാവിഷ്കരണം ഉണ്ടായി എന്നു ചരിത്രം ഇതുവരെയും തെളിയിച്ചിട്ടില്ല.

ക്രിസ്ത്യാനികൾക്കും യഹൂദന്മാർക്കും തങ്ങളുടെ വേദപു

സ്തകങ്ങൾ ഈശ്വരാവിഷ്കൃതങ്ങളാണെന്നു വിശ്വസിക്കാമെങ്കിൽ ഹൈന്ദവരുടെ അതിപുരാതനസാഹിത്യഗ്രന്ഥമായ ഉപനിഷത്തുക്കൾ ഈശ്വരനിവേശിതമെന്നു് എന്തുകൊണ്ടു പറഞ്ഞുകൂടാ, എന്നു ചിലർ ചോദിച്ചേക്കാം. പക്ഷേ ഈ രണ്ടു വിശ്വാസങ്ങളും തമ്മിൽ യാതൊരു സാദൃശ്യവും ഇല്ലെന്നു തീർത്തുപറയേണ്ടിയിരിക്കുന്നു. ചരിത്രം ഇതിനു സാക്ഷിയാണു്. മറിച്ചുള്ളവർ തങ്ങളുടെ വിശ്വാസത്തിനു് ഉപോദ്ബലകമായി യുക്തിപരമോ ചരിത്രപരമോ താത്ത്വികമോ ആയ യാതൊരു തെളിവും അവതരിപ്പിക്കുന്നില്ല. ക്രിസ്ത്യാനികൾക്കാണെങ്കിൽ ക്രിസ്തുവിന്റെയും പ്രവാചകന്മാരുടേയും അപ്പസ്തോലന്മാരുടേയും അനിഷേധ്യങ്ങളായ സാക്ഷ്യങ്ങളുണ്ടു്. അവ അത്ഭുതങ്ങളെന്നറിയപ്പെടുന്ന അലൗകികസംഭവങ്ങളാൽ സ്ഥിരീകൃതവുമാണു്. ക്രൂരാതെ ഉപനിഷത്തിലെ പ്രതിപാദനങ്ങൾ തത്ത്വശാസ്ത്രത്തിന്റെ പരിധിക്കപ്പുറം കടന്നുനില്ക്കുന്നില്ല. എന്നുവച്ചാൽ മനുഷ്യബുദ്ധികൊണ്ടുമാത്രം കണ്ടുപിടിക്കുവാൻ വഹിയാത്ത ജ്ഞാനമൊന്നും ഉപനിഷത്തുക്കളിലില്ല. എന്നാൽ അവിഷ്കൃതസത്യങ്ങളുടെ സദ്ഭാവം അങ്ങനെയല്ല. മനുഷ്യബുദ്ധിക്ക് അപ്രാപ്യവും നിത്യജീവിതത്തിലേക്കു മനുഷ്യരെ നയിക്കുന്നതുമായ മതസത്യങ്ങളെയാണു് ദൈവം വെളിപ്പെടുത്തുന്നതു്.

മതിയായ തെളിവുകളില്ലാതെ ഉപനിഷത്തുക്കളെ ചിന്താസരണിയിൽ മാഗ്ദീപമായി സ്വീകരിക്കുന്നതാണു ഹിന്ദുക്കൾക്കു പറ്റുന്ന വലിയ പ്രമാദം. "വേദാന്തികൾ ഉപനിഷത്തുക്കളെ ആവിഷ്കൃതസത്യങ്ങളായി സ്വീകരിക്കുന്നതിനു ദൃഢവ്രതരായിത്തീരുകയും അങ്ങനെ അവയിൽനിന്നുള്ള അനാശാസ്യഫലങ്ങൾ പുറപ്പെടുകയും ചെയ്തു", എന്നാണു മാക്സ് മുള്ളർ ഇതിനെപ്പറ്റി പറയുന്നതു്.

ഉപനിഷത്തുക്കളിലേ സാഹിത്യരീതി

ചില ഉപനിഷത്തുക്കൾ പദ്യത്തിലും ചിലതു ഗദ്യത്തിലുമാണ്. അദ്യത്തേ ഉപനിഷത്തുക്കൾ ഗദ്യത്തിൽ എഴുതപ്പെട്ടുവെന്നാണ് അഭിജ്ഞന്മാരുടെ അഭിപ്രായം. ഇവയിലേ ഭാഷാരീതിക്ക ബ്രാഹ്മണങ്ങളിലേ ഗദ്യശൈലിയോട്ട സാദൃശ്യമുണ്ടെങ്കിലും അതിനെക്കാൾ കുറേക്കൂടി പ്രൌഢവും സുന്ദരവുമാണ്. ഈ ഗദ്യരീതിക്ക നല്ല ഒഴുക്കം അടുക്കും ഉള്ളതിനാൽ ഒരുമാതിരി പദ്യശയ്യതന്നേ. ഉപനിഷത്തുക്കളെപ്പറ്റി പൊതുവേ പറഞ്ഞാൽ അവയിലേ പ്രതിപാദനരീതി ആകർഷകവും സജീവവുമാണെങ്കിലും ചില ഭാഗങ്ങളിൽ ദുർഗ്രഹവും അവ്യക്തവുമാണ്. അതിഗഹനങ്ങളായ തത്ത്വചിന്തകളോട് ഇടകലർന്ന കടംകഥകളും കെട്ടുകഥകളും വൃഥാകഥനങ്ങളും ചേർച്ചയില്ലാത്ത ഉപമകളും ധാരാളമായി കാണാം. ആശയപ്രകാശനം സംഭാഷണരീതിയിലാണ്. ഇപ്പറഞ്ഞ കാരണങ്ങളാൽ ഉപനിഷത്തുക്കൾ പ്രായേണ ദുർഗ്രഹങ്ങളാണ്.

ഉപനിഷത്തുക്കളിലേ തത്ത്വചിന്ത

ഉപനിഷത്തുക്കളിൽ ക്രമാനുഗതമായ ഒരു ദർശനസംഹിത അടങ്ങിയിട്ടില്ലെന്നാണ പണ്ഡിതന്മാരുടെ അഭിപ്രായം. അതായതു്, തർക്കശാസ്ത്രനിയമങ്ങളനുസരിച്ചു യുക്തികൊണ്ടും ന്യായങ്ങൾകൊണ്ടും തെളിയിച്ചു് അടുക്കോട്ടം പരസ്പരബന്ധത്തോടുംകൂടി കെട്ടിപ്പടുത്തിരിക്കുന്ന ഒരു പ്രത്യേക തത്ത്വസിദ്ധാന്തം ഉപനിഷത്തുക്കളിലില്ലെന്നു സാരം. പല കാലത്തും സ്ഥലത്തും ജീവിച്ചിരുന്ന തത്ത്വചിന്തകന്മാരുടെ സ്വതന്ത്രമായ ആശയങ്ങൾ ക്രോഡീകരിച്ചിട്ടുള്ള ഒരു ഗ്രന്ഥസഞ്ചയമെന്നേ ഉപനിഷത്തുക്കളെപ്പറ്റി പറയുവാനുള്ളൂ. എങ്കിലും പിൽക്കാലങ്ങളിൽ ഉണ്ടായിട്ടുള്ള ഭാരതീയദർശനങ്ങളെ ശരിയായി മനസ്സിലാക്കുന്നതിനു് ഉപനിഷത്തുക്കൾ പഠി

ച്ചേ കഴിയൂ. ഇതിനെപ്പറ്റി സർ രാധാകൃഷ്ണൻ പറയുന്നതു ശ്രദ്ധേയമാണ്. "ഉപനിഷത്തുക്കൾ ജീവിതയാഥാത്ഥ്യങ്ങളിലേക്കുള്ള ഒരു എത്തിനോട്ടമാണ്. പൂർണ്ണമായ ശാസ്ത്രമോ തത്ത്വചിന്തയോ അല്ല. സത്യത്തെപ്പറ്റിയുള്ള സൂചനകൾ കണക്കില്ലാതെയുണ്ട്. ദൈവത്തെപ്പറ്റിയുള്ള അനുമാനങ്ങൾക്ക് അതിരില്ല. അതിനാൽ അർക്കും എന്തും അതിൽ തേടാം. തേടുന്നതു കണ്ടുപിടിക്കുകയും ചെയ്യാം. ഏതു മതവിഭാഗക്കാർക്കും തങ്ങളുടെ സിദ്ധാന്തംതന്നെ ഉപനിഷത്തുക്കളിൽ കണ്ടെത്തിയെന്ന് അഭിമാനിക്കാം". ശങ്കരാചാര്യരുടെ അദ്വൈതവും രാമാനുജന്റെ വിശിഷ്ടാദ്വൈതവും മധ്വാചാര്യരുടെ ദ്വൈതവും ഉപനിഷത്തുക്കളിൽ അധിഷ്ഠിതമാണ്.

ഉപനിഷത്തുക്കളുടെ എണ്ണവും ക്രമവും

വാസ്തവത്തിൽ ഉപനിഷത്തുക്കളുടെ എണ്ണം പതിമ്മൂന്നാണെന്നാണു പണ്ഡിതന്മാരുടെ പൊതുവായ അഭിപ്രായം. പക്ഷേ ഉപനിഷത്തുക്കളുടെ പേരിൽ അറിയപ്പെടുന്നവയായി ഇരുനൂറിലധികം പുസ്തകങ്ങളും വേറെയും ഉണ്ട്. എന്നാൽ അവയുടെ പ്രാമാണികത സംശയാസ്പദമാണ്. ഉപനിഷത്തുക്കളുടെ കാലത്തെപ്പറ്റിയും ക്രമത്തെപ്പറ്റിയും പല അഭിപ്രായങ്ങളും ഉണ്ടെങ്കിലും അവയുടെ ഭാഷാരീതി, ഉള്ളടക്കം മുതലായവ പരിഗണിച്ച് അവയുടെ പട്ടിക ഇങ്ങനെ ക്രമപ്പെത്തുകരിക്കാം:— ബൃഹദാരണ്യക, ഛാന്ദോഗ്യ, തൈത്തിരീയ, ഐതരേയ, കൌശിതകി, കേന, കഠ, ഈശാവാസ്യ, മുണ്ഡക, പ്രശ്ന, മാണ്ഡൂക്യ, ശ്വേതാശ്വതര, മൈത്രി.

ഉപനിഷത്തുക്കളുടെ കാലം

ഉപനിഷത്തുക്കളുടെ ഉള്ളടക്കത്തിൽനിന്നും തെളിയുന്നതു് അവയിൽ ചിലതു ബുദ്ധന്റെ കാലത്തിനുമുമ്പും ചിലതു


അതിനുപിൻപും നിർമ്മിതമാണെന്നാണ്. ബുദ്ധമതഗ്രന്ഥങ്ങളിൽക്കാണുന്നപല സാങ്കേതികപദങ്ങളും ഉപനിഷത്തുക്കളിൽ നിന്നും സ്വീകരിച്ചിട്ടുള്ളതാണ്. മാക്സ് മുള്ളരുടെ അഭിപ്രായത്തിൽ ബുദ്ധൻ എന്ന പദംതന്നേ ഒരുപനിഷദ്മാണ്. എന്നാൽ മറ്റുചില ഉപനിഷത്തുക്കളിൽ ബുദ്ധമതത്തിന്റെ ഛായ തെളിഞ്ഞുകാണാം. അവയുടെ ഉത്ഭവം ബുദ്ധമതത്തിനുശേഷമായിരിക്കണമല്ലോ. ഉദാഹരണമായി ബൃഹദാരണ്യകോപനിഷത്തിൽ ബുദ്ധമതത്തിന്റെ മൌലികസിദ്ധാന്തമായ കർമ്മം പ്രതിപാദിക്കപ്പെട്ടുകാണുന്നു. (iii. 2-13). ക്രിസ്താബ്ദം 1012-ാമാണ്ടോടടുത്തു മുസ്ലീം ഭരണകാലത്തുപോലും ഉപനിഷത്തുക്കൾ രചിക്കപ്പെട്ടിട്ടുണ്ട്. അക്ബർ ചക്രവർത്തിയുടെ (1564-'84) നിർദ്ദേശപ്രകാരം നിർമ്മിക്കപ്പെട്ട 'അല്ലോ' ഉപനിഷത്തു ഇവയിൽ ഒന്നാണ്.

ഉപനിഷത്തുക്കളുടെ കർത്താക്കൾ

ഉപനിഷത്തുക്കളിലേ ചിന്താഗതിയും ചില വ്യക്തികളെപ്പറ്റിയുള്ള സൂചനകളും പരിശോധിച്ചാൽ ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരും അവയുടെ നിർമ്മാതാക്കളിൽ ഉൾപ്പെട്ടവരെന്നു മനസ്സിലാക്കാം. രാജാക്കന്മാർ ബ്രാഹ്മണരെ പഠിപ്പിക്കുന്നതും ബ്രാഹ്മണർ ക്ഷത്രിയരുമായി തത്ത്വവാദം ചെയ്യുന്നതും ഇതിൽ കാണുവാൻ സാധിക്കും. സ്ത്രീകൾപോലും ഇതിൽ പങ്കെടുത്തിരുന്നു. ഉദാഹരണമായി ഗാർഗിരാജകുമാരി സുപ്രസിദ്ധ വേദാന്തപണ്ഡിതനായ യാജ്ഞവല്ക്യനോട് അസ്തിത്വത്തിന്റെ ഉത്ഭവത്തെപ്പറ്റി വാദപ്രതിവാദത്തിൽ ഏർപ്പെട്ടന്നതായി ബൃഹദാരണ്യകോപനിഷത്തിൽ കാണുന്നു. എന്നാൽ ബ്രാഹ്മണന്മാരാണ് ഈ വിവാദങ്ങളിൽ പ്രമുഖസ്ഥാനം വഹിച്ചിരുന്നത്.

ഈ സമ്മേളനങ്ങളെല്ലാം നടന്നത് ആചാര്യന്മാരുടെ

പ്രശാന്തമായ വനങ്ങളിലും മഹർഷിമാരുടെ പർണ്ണശാലകളിലും രാജാക്കന്മാരുടെ കൊട്ടാരങ്ങളിലും ആയിരുന്നു. ഉപനിഷത്തുക്കളിൽ കാണുന്ന ശ്വേതകേതു, അരുണി, പ്രവാഹന, മുതലായ സംജ്ഞാനാമങ്ങളിലധികവും കല്പിതമാണെന്നാണ് സുപ്രസിദ്ധ പണ്ഡിതനായ റാനഡേ പറയുന്നത്. അല്ലാതെ അവയ്ക്ക് ചരിത്രപരമായ സൂചനകളൊന്നുമില്ല.



അദ്ധ്യായം ഒമ്പതു്

ഉപനിഷത്തുക്കളും ലോകോത്പത്തിയും

പ്രപഞ്ചത്തെപ്പറ്റിയുള്ള ഉപനിഷത്തുക്കളിലെ ആദിമ സിദ്ധാന്തങ്ങൾ ശാസ്ത്രീയമോ പരസ്പരബന്ധമുള്ളവയോ യുക്തിയുക്തമോ ആയിരുന്നില്ല. ഗ്രീസിലെ തത്ത്വജ്ഞാനികളെപ്പോലെ ഭാരതീയമാർഗ്ഗനികന്മാരും പഞ്ചഭൂതങ്ങളെയാണ് വിശ്വത്തിന്റെ മൗലികഘടകങ്ങളായി പരിഗണിച്ചുപോന്നത്. എന്നാൽ ചിന്ത പുരോഗമിച്ചുതോടുകൂടി പിൽക്കാലത്തുണ്ടായ ഔപനിഷദപണ്ഡിതന്മാർക്ക് ഈ വ്യാഖ്യാനം തൃപ്തികരമായി തോന്നിയില്ല. പദാർത്ഥങ്ങളുടെയെല്ലാം മൗലികതത്ത്വത്തിനു ജീവനും ചലനവും സ്വതഃവേ ഉണ്ടായിരിക്കണമെന്നുള്ള ബുദ്ധിപൂർവ്വമായ അനുമാനത്തിൽ അവർ എത്തിച്ചേർന്നു. ആദിമസത്ത സചേതനവായിരിക്കണം. അതിനാൽ അതു് 'വായുവോ ശ്വാസമോ' ആയിരിക്കണം എന്നവർ അനുമിച്ചു. എന്നാൽ ഈ സിദ്ധാന്തവും തൃപ്തിയെന്ന ഉപനിഷത്തുകാർക്ക സ്വീകാരമായില്ല. അവർ ആത്മാവിനെയാണ് ആസ്ഥാനത്തു പ്രതിഷ്ഠിച്ചതു്. പ്രഥമസത്തയായ ഈ ആത്മാവു്

ആകാശത്തെ ഉൽപാദിപ്പിക്കുന്നു. ആകാശം വായുവിനേയും വായു അഗ്നിയേയും അഗ്നി ജലത്തേയും ജലം പൃഥ്വിയേയും പൃഥ്വി സസ്യങ്ങളേയും സസ്യങ്ങൾ ആഹാരത്തേയും ആഹാരം മനുഷ്യനേയും പുറപ്പെടുന്നു. സജീവമായ ഒരു തത്ത്വത്തെ വിശ്വത്തിന്റെ ആദികാരണമായി ഇവിടെ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നുവെങ്കിലും ആ തത്ത്വത്തിന്റെ പ്രകൃതിയെപ്പറ്റി വ്യക്തമായി യാതൊന്നും പ്രതിപാദിച്ചു കാണുന്നില്ല.

മുണ്ഡകോപനിഷത്തു് ഒരുപടികൂടെ കടന്നു ദിവ്യവും അവികല്പ്യവും നിരാകാരവും പുരുഷോത്തമവുമായ ഒരു സത്തയെയാണു പ്രപഞ്ചത്തിന്റെ മൂലാധാരമായിക്കരുതുന്നതു്. ഈ സത്ത ആദ്യമായി പ്രാണനേയും ബുദ്ധിയേയും ബാഹ്യേന്ദ്രിയങ്ങളേയും പിന്നീടു പഞ്ചഭൂതങ്ങളേയും സംവിധിച്ചു. അന്തരികങ്ങളും ബാഹ്യങ്ങളുമായ ഇന്ദ്രിയങ്ങളോടൊപ്പംതന്നെ അവയ്ക്കു വിഷയമായ പദാർത്ഥങ്ങളും ആവിർഭവിച്ചുവെന്നു പറയപ്പെടുന്നു. ഇവിടെയും ഇപ്പറഞ്ഞവയെല്ലാം ആ പരാശക്തി എങ്ങനെ ഉത്ഭവിപ്പിച്ചുവെന്നു വിവരിച്ചുകാണുന്നില്ല. ബൃഹദാരണ്യകം, ഛാന്ദോഗ്യം മുതലായ ഉപനിഷത്തുക്കളിൽ ഇങ്ങനെ ഒരു വ്യാഖ്യാനം കാണുന്നുണ്ടു്. ആദിമതത്ത്വം സചകീയമായ ശക്തിയുടേയോ മായയുടേയോ പ്രവർത്തനത്താൽ, അല്ലെങ്കിൽ തന്നെത്തന്നേ രണ്ടായി വിഭജിച്ചു്, അതുമല്ലെങ്കിൽ ഹിരണ്യഗർഭം വഴിയായി(1) വിശ്വത്തെ ഉൽപാദിച്ചു.

---

(1) ഹിരണ്യഗർഭം

ഒസാ/ഭിധ്യായ ശരീരാത്സാത്സിസൃക്ഷുർവിവിധാഃ പ്രജാഃ
അപ ഏവ സസർജ്ജാദൗ താസു വീര്യമപാസൃജത്
തണ്ഡമഭവദ്ധൈമം സഹസ്രാംശുസമപ്രഭം
തസ്മിഞ്ജജ്ഞേസ്വയം ബ്രഹ്മാ സർവലോകപിതാമഹഃ:

(മനുസ്മൃതി i. 8-9.)

അവൻ (ബ്രഹ്മാവു്) ധ്യാനിച്ചിട്ടു വിവിധ ജീവജാലങ്ങളെ സ്വശരീരത്തിൽനിന്നു സൃഷ്ടിക്കുന്നതിനു് ആഗ്രഹിച്ചുകൊണ്ടു് ആദ്യം ജലം

ഇനിയും ഒരു പ്രശ്നംകൂടി അവശേഷിച്ചു. ജീവവസ്തുക്കൾ എങ്ങനെ ഉണ്ടായി? വിശ്വനിർമ്മാതാവു സൃഷ്ടവസ്തുക്കളിൽ പ്രവേശിച്ചു ചൈതന്യം പകർന്ന് അവയെ സജീവങ്ങളാക്കിത്തീർത്തു. സൃഷ്ടാവിന്റെ ആന്തരികസത്തയുടെ സ്ഥൂലമോ മായാപരമോ ആയ പരിണാമത്തിന്റെ അല്ലെങ്കിൽ നിഗ്മനത്തിന്റെ ഫലമാണു സൃഷ്ടവസ്തുക്കൾ. ലോകോൽപത്തിയെപ്പററി പൊതുവായി മാത്രമേ നാം പ്രതിപാദിച്ചുള്ളൂ. ഇനി സൃഷ്ടവസ്തുക്കളുടെ ഉത്ഭവത്തെപ്പററിയുള്ള ചില പ്രധാനസിദ്ധാന്തങ്ങൾ കൂടെ ചേർക്കാം.

ഉൽപാദനസിദ്ധാന്തം (Procreation Theory)

ലോകോൽപത്തി ഒരു ജനനം എന്ന രീതിയിൽ ചില ഉപനിഷത്തുക്കളിൽ വിവരിക്കപ്പെട്ടു കാണുന്നു. അനന്തകാലത്തെ ഏകാന്തവാസത്തിൽ വിരസനായിത്തീർന്ന പ്രജാപതി പുരുഷരൂപവും സ്ത്രീരൂപവുമായി തന്നെത്തന്നെ വിഭജിച്ചു. അവയിൽനിന്നു പ്രപഞ്ചത്തെയും പ്രപഞ്ചത്തിലുള്ള വസ്തുക്കളേയും ഉൽപാദിപ്പിച്ചു. ബൃഹദാരണ്യകോപനിഷത്തിലെ വാക്കുകളെത്തന്നെ ഉദ്ധരിക്കാം.

"സ ഇമമേവാത്മാനം ദ്വേധാ
പാതയത്തതഃ പതിശ്ചപത്നീ
ചാഭവതാം . . . . . .
. . . . . തതോ

പുറപ്പെടുവിച്ചു. അതിൽ ജീവന്റെ ബീജം നിക്ഷേപിച്ചു. അത് സഹസ്രാംശുവിനു തുല്യമായ പ്രഭയുള്ള ഒരു പൊന്മുട്ടയായിത്തീർന്നു. സർവലോകപിതാവായ ബ്രഹ്മാവു് അതിൽ സ്വയം ജനിച്ചു. അതായതു്, മൂലപ്രകൃതിയായ ജലം ജീവന്റെ ബീജം അതിനിയിൽ സ്വീകരിച്ചു. ആ ബീജം ഹിരണ്യഗർഭം അഥവാ പൊൻമുട്ടയായിത്തീർന്നു. അതിൽ പ്രപഞ്ചത്തെ വിധാനം ചെയ്യുവാൻ വിധാതാവു ജനിച്ചു. അങ്ങനെ പ്രപഞ്ചത്തിനു ബ്രഹ്മാണ്ഡമെന്നു പേരുണ്ടായി.

മനുഷ്യാ അജായന്ത. സോ
ഽയമീക്ഷാഞ്ചക്രേ കഥം
നുമാത്മന ഏവ ജനയിതാ
സംഭവതി ഹന്ത
തിസ്രോ/സാനീതി സാ
ഗൌർഽ ഉഷഽ ഇതരസ്താം.
സമേവാവേത്തഽതോ ഗാവോ/ജായന്ത . . . . "
(ബൃഹ. 1. 4. 1-6).

"അവൻ (പ്രജാപതി) സപ്രശക്തിയാൽ രണ്ടു ഭാഗങ്ങളായി പതിച്ചു. അതിന്റെ ഫലമായി ഒരു പതിയും ഒരു പത്നിയും ഉണ്ടായി . . . അവരിൽനിന്നാണു മനുഷ്യരെല്ലാം ഉണ്ടായതു് അതിനുശേഷം അവനൊരു കാളയും അവളൊരു പശുവും ആയിത്തീർന്നു. അങ്ങനെ കന്നുകാലിവർഗ്ഗം ഉണ്ടായി." ഇങ്ങനെയുള്ള കെട്ടുകഥകൾ ചൈനായിലേ പുരാണങ്ങളിലും കാണാം.

ഉദ്ഗമനസിദ്ധാന്തം (Emanation Theory)

മുൻപറഞ്ഞ സിദ്ധാന്തങ്ങളിൽ നിർമ്മിതവസ്തുക്കളുടേയും നിർമ്മാതാവിന്റേയും പ്രകൃതി അഥവാ സപ്രഭാവം ഒന്നാണെന്നു പറഞ്ഞു കാണുന്നില്ല. എന്നാൽ തൈത്തിരീയ മുണ്ഡകോപനിഷത്തുക്കളിൽ ഇവയിൽനിന്നെല്ലാം ഭിന്നമായ ഒരു സിദ്ധാന്തമാണു കാണുന്നതു്. ആദിമസത്തയായ ആത്മാവിൽനിന്നു് അല്ലെങ്കിൽ ബ്രഹ്മത്തിൽനിന്നു് ഉദ്ഗമിച്ചുവയാണു സകല വസ്തുക്കളും. ആകയാൽ ബാഹ്യരൂപത്തിൽ വിഭിന്നമെങ്കിലും അവയെല്ലാം ബ്രഹ്മസപ്രഭാവത്തോടടുക്കുടിയതാണു്. ഉപനിഷത്തിലേ വാക്കുകൾതന്നേ ചുവടെ ചേർക്കുന്നു.

"യഥോർണനാഭിഃ സൃജതേ ഗൃഹ്ണഽതേ ച
യഥാ പൃഥിവ്യാമോഷധയഃ സംഭവന്തി
യഥാ സതഃപുരുഷാത് കേശലോമാനി
തഥാക്ഷരാത് സംഭവതീഹവിശ്വം." (മുണ്ഡക. 1. 7)

"എട്ടുകാലി അതിന്റെ ഉള്ളിൽനിന്നു നൂൽ പുറപ്പെടുവിക്കുന്നതുപോലെയും ഭൂമിയിൽനിന്നു സസ്യങ്ങൾ മുളച്ചുവരുന്നതുപോലെയും ജീവനുള്ള ഒരാളിന്റെ തലയിൽനിന്നും ശരീരത്തിൽനിന്നും രോമങ്ങൾ വളർന്നുവരുന്നതുപോലെയും അനശ്വരമായതിൽനിന്ന് എല്ലാം ഉത്ഭവിക്കുന്നു." വേറൊരു ഭാഗത്തു് ഇങ്ങനെ കാണുന്നു.

"തദ്യേതത് സത്യം യഥാസുദീപ്താത് പാവകാ-
ദ്വിസ്ഫുലിംഗാഃ സഹസ്രശഃ പ്രഭവന്തേസരൂപാഃ
തഥാക്ഷരാദ്വിവിധാഃ സോമ്യഭാവാഃ
പ്രജായന്തേ തത്ര ചൈവാപിയന്തി"

(മുണ്ഡ. 2. 1. 1).

"ജ്വലിച്ചുകൊണ്ടിരിക്കുന്ന അഗ്നികുണ്ഡത്തിൽനിന്ന് അതേപ്രകൃതിയോടുകൂടിയ അനേകായിരം സ്ഫുലിംഗങ്ങൾ ഉയരുന്നതുപോലെ അനശ്വരമായതിൽനിന്ന് എണ്ണമറ്റ ജീവരാശി പുറപ്പെടുകയും അതിലേക്കുതന്നെ പ്രതിനിവർത്തിക്കുകയും ചെയ്യുന്നു." പദാർത്ഥങ്ങളുടെ ഉത്പത്തിയെക്കുറിക്കുന്നതിന് ഉദ്ഗമനം അഥവാ ആവിർഭാവം എന്നർത്ഥമുള്ള 'സംഭൂതി' എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ 'സംഭവ'ങ്ങളിൽ എല്ലാം ആദിശക്തി യാതൊന്നും ചെയ്യുന്നില്ല. വെറും നിശ്ചേഷ്ടനായി ഇരിക്കുന്നതേയുള്ളൂ.

സൃഷ്ടിസിദ്ധാന്തം (Creation)

ഔപനിഷദകതത്വങ്ങളുടെ സാരസർവ്വസ്വം അടങ്ങിയിരിക്കുന്നുവെന്നു വിശ്വസിക്കപ്പെടുന്ന ശതശതരോപനിഷത്തിൽ ഈശ്വരനാണു പ്രപഞ്ചസൃഷ്ടാവു് എന്നു സൂചിപ്പിച്ചു കാണുന്നു. ബൃഹദാരണ്യകോപനിഷത്തിന്റെ ചില ഭാഗങ്ങളിലും ഈ ആശയംതന്നെ കാണുന്നുണ്ടു്. യാജ്ഞവല്ക്യ മഹർഷി ഗാർഗിയോടു പറയുന്നു.

"ഏതസ്യ അക്ഷരസ്യ പ്രശാസനേ, ഗാർഗി,
സൂര്യചന്ദ്രമസൌ വിധൃതൌ തിഷ്ഠത ഏതസ്യ
വാ അക്ഷരസ്യപ്രശാസനേ, ഗാർഗി, ദ്യാവാപൃഥിവ്യൌ
വിധൃതേ തിഷ്ഠത ഏതസ്യ വാ അക്ഷരസ്യ
പ്രശാസനേ, ഗാർഗി, നിമേഷാ, മുഹൂർതാ
അഹോരാത്രാണ്യർധമാസാ ഋതവ: സംവത്സരാ
ഇതിവിധൃതാസ്തിഷ്ഠന്തി . . ." (ബൃഹ. iii. 8. 7)

"ആ അവ്യയസത്തയുടെ ആജ്ഞയിൽ ഓ! ഗാർഗി, സൂര്യ ചന്ദ്രന്മാർ വ്യതിരേകതരായി നിലകൊള്ളുന്നു. ഓ! ഗാർഗി, ആ അവ്യയസത്തയുടെ ആജ്ഞയിൽ ആകാശവും ഭൂമിയും വേർതിരിഞ്ഞു നില്ക്കുന്നു . . . നിമിഷങ്ങളും നാഴികകളും, രാത്രിയും പകലും, അർദ്ധമാസങ്ങളും മാസങ്ങളും ഋതുക്കളും സംവത്സരങ്ങളും എന്നിങ്ങനെ വേറെവേറെയായി നില്ക്കുന്നു".

പരിപക്വമായ ചിന്തയുടെ പരിണതഫലമാണ് ഈ സിദ്ധാന്തം എന്ന് ആരും സമ്മതിയ്ക്കും. പ്രപഞ്ചോൽപത്തിയെപ്പറ്റിയും ഈശ്വരസ്വഭാവത്തെപ്പറ്റിയും ഏതാണ്ടു സമഗ്രമായ ജ്ഞാനം ഇതിലടങ്ങിയിട്ടുണ്ട്. ഏതൊരു ആദിമപദാർത്ഥത്തിൽനിന്നാണു പ്രപഞ്ചം ഉരുവാക്കപ്പെട്ടതു് എന്ന ഗഹനമായ പ്രശ്നം പുരാതനപണ്ഡിതന്മാരുടെയെല്ലാം ഗാഢമായ ചിന്തയ്ക്കു വിഷയമായിരുന്നു. ചില കെട്ടുകഥകളും കവിസങ്കല്പങ്ങളും കൂടിച്ചേർന്ന അവ്യക്തമായ വ്യാഖ്യാനങ്ങളായിരുന്നു ആദ്യത്തെല്ലാം. അങ്ങനെ ജലം, വായു മുതലായവ ആദിമവസ്തുവായി സങ്കല്പിക്കപ്പെട്ടു. പിന്നീടു ശൂന്യാന്തരീക്ഷവും ബ്രഹ്മാണ്ഡവും തൽസ്ഥാനത്തു പ്രതിഷ്ഠിതമായി. കാലാന്തരത്തിൽ ഈ വിഷയത്തെപ്പറ്റിയുള്ള ചിന്ത സാരമായി പുരോഗമിച്ചതായി കാണുന്നു. ഇങ്ങനെ പ്രപഞ്ചത്തിന്റെ മൂലകാരണത്തിൽ ജീവചൈതന്യവും മേധാശക്തിയും അവർ ആരോപിക്കുവാൻ തുടങ്ങി. എന്നാൽ വിവിധസൃഷ്ടിസിദ്ധാന്ത

ങ്ങളിൽ ഉദ്ഗമനസിദ്ധാന്ത (Emanation Theory) ത്തിനാണ ഹൈന്ദവപണ്ഡിതന്മാരുടെയിടയിൽ പ്രാധേണ പ്രാമുഖ്യം സിദ്ധിച്ചതു്. ഈ നിഗമനത്തിലെത്തിച്ചേരുവാൻ ഹൈന്ദവ പണ്ഡിതന്മാരെ പ്രേരിപ്പിച്ച കാരണം ദൈവം ശൂന്യതയിൽ നിന്നു തന്റെ അനന്തശക്തിയാൽ ലോകത്തെ സൃഷ്ടിച്ചുവെ ന്ന സത്യം യഥാവിധി ഗ്രഹിക്കാഞ്ഞതാണ്. അതിനാൽ സൃ ഷ്ടി എന്താണെന്നു് അടുത്ത അദ്ധ്യായത്തിൽ ചുരുക്കമായി പ്ര തിപാദിക്കാം.

അദ്ധ്യായം പത്തു്

ഉപനിഷത്തുക്കളും സൃഷ്ടിസിദ്ധാന്തവും

അങ്ങിങ്ങായി ചിന്നിച്ചിതറിക്കിടക്കുന്ന സത്യശകല ങ്ങളെ സനിഷ്കർഷം ശേഖരിച്ചു് അവയ്ക്കു വ്യവസ്ഥിതമാ യ ഏകീഭാവം നൽകുകയാണല്ലോ തത്ത്വചിന്തയും ഇതരശാ സ്ത്രങ്ങളും ചെയ്യുന്നതു്. അങ്ങനെ വൈവിധ്യത്തിൽ ഏകതത്വം കണ്ടുപിടിക്കുവാനായിരുന്നു ഉപനിഷത്തുക്കളുടെയും ശ്രമം. എ ന്നാൽ അതിപ്രധാനങ്ങളായ പല നിഗമനങ്ങളും ഈ ഏകീക രണത്തിൽ നിന്നൽഭവിക്കാവുന്നതിനാൽ ഈ ശ്രമം വളരെ ശ്രദ്ധാപൂർവം ചെയ്യേണ്ടിയിരിക്കുന്നു. പ്രത്യക്ഷസത്യങ്ങളെ എ പ്പോഴും അംഗീകരിക്കണം. അവയെ ബലികഴിച്ചു വെറും സ ങ്കല്പങ്ങൾക്കു പ്രാമാണ്യം കൊടുക്കരുതു്. ഉദാഹരണത്തിനു പ്രപഞ്ചവസ്തുക്കളുടെ വസ്തുപരമായ യാഥാർത്ഥ്യത്തെ ഒരി ക്കലും നിഷേധിക്കരുതു്. പദാർത്ഥങ്ങൾ പരസ്പരഭിന്നങ്ങളാ ണു്. ആത്മാവും ജഡവും ഒന്നല്ല. അതുപോലെതന്നെ സന്യ

ങ്ങളും മൃഗങ്ങളും. ഇവയെല്ലാം മനസ്സിലാക്കുവാൻ പ്രത്യേക തെളിവൊന്നും വേണ്ടല്ലോ. അതിനാൽ വസ്തുക്കളുടെ വൈവിധ്യത്തിൽ ഏകതത്വം കണ്ടുപിടിക്കുകയാകുന്നു തത്ത്വചിന്തയുടേയും ഇതരശാസ്ത്രങ്ങളുടേയും കർത്തവ്യം.

എന്നാൽ ഉപനിഷത്തുക്കളുടെ ചിന്താഗതി ഈ പ്രമാണത്തിന്റെ പരിധിയെ അതിലംഘിക്കുന്നുവെന്നു പറയേണ്ടിയിരിക്കുന്നു. അതു വൈവിധ്യവും ഏകതത്വവും ഒന്നായി പരിഗണിക്കുന്നു. എല്ലാവസ്തുക്കളുടെയും മൂലപദാർത്ഥം ഒന്നാണെന്നാണു സങ്കല്പം. ബാഹ്യരൂപത്തിൽമാത്രമേ അവയ്ക്കു ഭിന്നതയുള്ളൂ. ഏകതത്വം (unity) കണ്ടുപിടിക്കുവാനല്ല, താദാത്മ്യം (identity) കണ്ടുപിടിക്കുവാനാണ് അവരുടെ ശ്രമം. എന്നാൽ ഈ താദാത്മ്യവാദം തത്ത്വചിന്താനിയമങ്ങൾക്കു വിരുദ്ധമാണെന്നാണു ഞങ്ങളുടെ വിനീതാഭിപ്രായം. അതുകൊണ്ടാൽ സൃഷ്ടിസിദ്ധാന്തത്തിന്റെ പശ്ചാത്തലത്തിൽ ഈ നിഗമനങ്ങളെ പരിശോധിക്കേണ്ടിയിരിക്കുന്നു.

സൃഷ്ടി—അതിന്റെ അർത്ഥവ്യാപ്തി

'ഉണ്ടാക്കുക' എന്നതിനു ലത്തീൻഭാഷയിൽ 'creare' എന്ന പദമാണ് ഉപയോഗിക്കുന്നതു്. അതിനു് ഏകദേശം തുല്യമായ പദമാണു സംസ്കൃതത്തിൽ 'സൃജ്'. ഇതിനു് ഉണ്ടാക്കുക, നിർമ്മിക്കുക, ഉത്പാദിപ്പിക്കുക മുതലായ അർത്ഥങ്ങൾ ഉണ്ടു്. പലവിധത്തിൽ ഒരു വസ്തു ഉണ്ടാക്കുകയോ നിർമ്മിക്കുകയോ ചെയ്യാം. കൊല്ലപണിക്കാരൻ ഉന്തത്തിൽനിന്നു പ്രതിമ പണിതെടുക്കുന്നു. പല വസ്തുക്കളെ ക്രമമായി കൂട്ടിയിണക്കി ശില്പി ഗൃഹനിർമ്മാണം ചെയ്യുന്നു. പദാർത്ഥങ്ങളെപ്പറ്റിയുള്ള വിഭിന്നങ്ങളായ ആശയങ്ങൾ ഒരുമിച്ചുചേർത്തു ഗ്രന്ഥകാരൻ ഗ്രന്ഥം നിർമ്മിക്കുന്നു. ഉള്ള വസ്തുക്കളിൽനിന്നാണ് ഇവരെല്ലാം പുതിയ വസ്തുക്കൾ ഉണ്ടാക്കുന്നതു്. നിർമ്മിതവസ്തുവിന്റെ ഒരംശംമാത്രമേ നിർമ്മാതാവിന്റെ സ്വന്ത

മായുള്ളൂ. എന്നാൽ വസ്തു മുഴുവൻ ഇല്ലായ്മയിൽനിന്ന് ഉണ്ടാക്കുന്നുവെന്നു വിചാരിക്കുക. അതു യഥാർത്ഥത്തിൽ സൃഷ്ടിയായിരിക്കും. പക്ഷേ പല ഗ്രന്ഥങ്ങളിലും താത്ത്വികമായ അർത്ഥനിഷ്കൃഷ്ടതകൂടാതെ സൃഷ്ടി എന്ന പദം സാധാരണമായി ഉപയോഗിച്ചു കാണുന്നു. കലാകാരന്മാരും ചിന്തകന്മാരും മറ്റുമെല്ലാം പുതിയ വസ്തുക്കളും ആശയങ്ങളും സൃഷ്ടിക്കുന്നതായി നാം പറയുന്നു. എന്നാൽ ഇതു് ഈ പദത്തിന്റെ വ്യാപകമായ, അല്ലെങ്കിൽ ആലങ്കാരികമായ, ഉപയോഗമാണ്. തത്ത്വശാസ്ത്രപരമായ അർത്ഥത്തിലാകട്ടെ കേവലം ശൂന്യതയിൽനിന്നു സർവ്വശക്തന്റെ പ്രവൃത്തിയാൽ ഒരു വസ്തു ഉണ്ടാക്കപ്പെടുമ്പോൾമാത്രമേ വാസ്തവത്തിൽ സൃഷ്ടിയാകുന്നുള്ളൂ.

ചില അബദ്ധസിദ്ധാന്തങ്ങൾ

ഇല്ലായ്മയിൽനിന്നു വസ്തു ഉണ്ടാകുന്നുവെന്ന തത്ത്വം അംഗീകരിക്കുവാൻ ഹൈന്ദവപണ്ഡിതന്മാർ പൊതുവേ വിമുഖരാകുന്നു. കാര്യകാരണബന്ധത്തെപ്പറ്റിയുള്ള ഒരു തെറ്റിദ്ധാരണയാണ് ഈ വൈമുഖ്യത്തിനു നിദാനമെന്നു തോന്നുന്നു. ഇതുതന്നെയാണ് അദ്വൈതസിദ്ധാന്തത്തോടുള്ള അതിരുകടന്ന പ്രതിപത്തിക്കും കാരണം. കാരണത്തിന്റെ രൂപാന്തരമാണു കാര്യം എന്നാണ് അവരുടെ മതം. നേരത്തെയുണ്ടായിരുന്ന ഒരു വസ്തുവിന്റെ ആകാരഭേദംമാത്രമാണ് ഇപ്പോഴുള്ള വസ്തുക്കളെന്നും, അതിനാൽ, പുതിയരൂപമല്ലാതെ പുതിയ വസ്തു ഉണ്ടാകുന്നില്ലെന്നുമാണു ഹൈന്ദവപണ്ഡിതന്മാരുടെ അഭിപ്രായം.

കാര്യത്തെയും കാരണത്തെയും രണ്ടു വീക്ഷണകോടിയിൽനിന്നു നോക്കുന്നുവെന്നുള്ളതാണ് ഹിന്ദുക്കൾ. കാര്യകാരണാഭേദമാണ് അവരുടെ തത്ത്വം; അതായതു കാര്യവും കാരണവും ഒന്നുതന്നെ എന്ന പ്രമാണം. ഈ ചിന്താകുഴപ്പത്തിനുള്ള

പ്രധാനഹേതു പരിമിതവും അപരിമിതവും ആയ കാരണങ്ങൾ തമ്മിലുള്ള വ്യത്യാസം അവർ പരിഗണിക്കാത്തതാണ്. പരിമിതശക്തിക്ക് ഏതെങ്കിലും ഒരു വസ്തുവിൽനിന്നു മറ്റൊരു വസ്തു ഉണ്ടാക്കുവാൻ സാധിക്കുകയുള്ളൂ. കാരണം, ഇല്ലായ്മയും ഉള്ളായ്മയും തമ്മിലുള്ള അനന്തമായ അകലം തരണം ചെയ്യുവാൻ അതിനു കഴിവില്ല. എന്നാൽ അനന്തശക്തിക്ക് ഇതു സുസാധമാണ്. പരിമിതശക്തികളെ സംബന്ധിച്ചിടത്തോളം അവരുടെ നിഗമനം ശരിയാണ്. ഈർഷ്യാഗൃവശാൽ ഈ തത്ത്വംതന്നെ അവർ അനന്തശക്തിയുടെ കാര്യത്തിലും പ്രയോഗിക്കുന്നു. ഇതു പല പ്രമാദങ്ങൾക്കും കാരണമായിത്തീർന്നിട്ടുണ്ട്.

ഔപനിഷദചിന്തകന്മാരുടെ വാദം ഇങ്ങനെയാണ്. പരമവും അനന്തവും അനന്യാശ്രിതവുമായ ഒരു സത്ത, അഥവാ ബ്രഹ്മം, ഉണ്ടെന്നും അങ്ങനെ ഒന്നേ ഉണ്ടായിരിക്കുവാൻ പാടുള്ളുവെന്നും യുക്തിയും വെളിപാടും നമുക്ക് ഉറപ്പു തരുന്നു. അതേസമയം ഇന്ദ്രിയങ്ങളും അനുഭവജ്ഞാനവും വസ്തുക്കളുടെ ബഹുത്വം നമുക്കു കാണിച്ചു തരുകയുംചെയ്യുന്നു. ഈ ബഹുത്വം എങ്ങനെ ഉണ്ടായി? അതു ഏകമായ ബ്രഹ്മം രൂപാന്തരം പ്രാപിച്ചതായിരിക്കണം. അതിനാൽ ബ്രഹ്മത്തിന്റെ രൂപാന്തരങ്ങളായ വസ്തുക്കൾ ബ്രഹ്മത്തിൽനിന്നും വിഭിന്നമായിരിക്കുവാൻ പാടില്ല. അപ്പോൾ പ്രപഞ്ചവസ്തുക്കളുടേയും ബ്രഹ്മത്തിന്റേയും സാരാംശം ഒന്നാണെന്നു സിദ്ധിക്കുന്നു. അതായതു കാര്യം കാരണത്തിന്റെ പരിണാമമാണെന്നാണ് ഉപനിഷത്തുക്കളുടെ പ്രമാണം.

ഈ പ്രമാണം ശരിവച്ചുകഴിയുമ്പോൾ തെറ്റായ പല നിഗമനങ്ങളും നാം അംഗീകരിക്കേണ്ടിവരും. അതായതു ബ്രഹ്മത്തിന്റേയും പ്രപഞ്ചത്തിന്റേയും സ്വഭാവം ഒന്നുതന്നെ; ഈശ്വരനും പ്രപഞ്ചവസ്തുക്കളും ഒരേ പദാർത്ഥമാണ്, രണ്ടല്ല; ഭിന്നരൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നുവെന്നേയുള്ളൂ, യഥാ

ത്ഥത്തിൽ വസ്തു ഒന്നാണ് ഇത്തരത്തിലുള്ള നിഗമനങ്ങൾ ശാസ്ത്രത്തിനും, യുക്തിക്കും അനുഭവത്തിനും സാമാന്യജനതയ്ക്കും അതീതമാണ് എന്നു മനസ്സിലാക്കുവാൻ വലിയ തത്ത്വചിന്തയൊന്നും ആവശ്യമില്ല. ഈ ചിന്താക്കുഴപ്പത്തിൽനിന്നു രക്ഷനേടുവാൻ ഒരു മാർഗ്ഗമേയുള്ളൂ, ശരിയായ 'സൃഷ്ടി' എന്താണെന്നു ശാസ്ത്രീയമായി മനസ്സിലാക്കുക. അപ്പോഴാണു ലോകസൃഷ്ടിയെപ്പറ്റിയുള്ള വിവിധ സിദ്ധാന്തങ്ങളുടെ പരസ്പരവൈരുദ്ധ്യങ്ങൾ വെളിവാകുന്നതു്.

സൃഷ്ടി എന്നാൽ എന്തു്?

കേവലം ശൂന്യതയിൽനിന്നു സർവശക്തൻ തന്റെ പ്രവൃത്തിയാൽ ഒരു വസ്തു ഉണ്ടാക്കുന്നതാണു സൃഷ്ടി എന്നു നാം അന്യത്ര പ്രസ്താവിച്ചുവല്ലോ. ഏതൊരു വസ്തുവും നിർമ്മിക്കുന്നതിനു നിർമ്മാതാവും നിർമ്മാണവസ്തുവും മാതൃകയും അവശ്യമാണു്. ഒരു പ്രതിമയ്ക്കാണെങ്കിൽ ശില്പിയും തടിയും ശില്പിയുടെ മനസ്സിൽ സ്ഥിതിചെയ്യുന്ന മാതൃകയുംവേണം. എന്നാൽ പ്രപഞ്ചത്തിന്റെ നിർമ്മാണത്തിൽ നിർമ്മാതാവും മാതൃകയും മാത്രമേയുള്ളൂ. നിർമ്മാതാവു് ഈശ്വരൻ, മാതൃക അനന്തകാലംമുതൽ ഈശ്വരചിത്തത്തിൽ കുടികൊണ്ടിരുന്ന ആശയങ്ങൾ. ഈ ആശയങ്ങൾക്കു് ഒരു നിശ്ചിതാവസരത്തിൽ ഈശ്വരൻ ബാഹ്യരൂപം നല്കിയപ്പോൾ സൃഷ്ടിയായി. പ്രതിമയുണ്ടാക്കുവാൻ തടി ആവശ്യമായിരുന്നു. എന്നാൽ പ്രപഞ്ചസൃഷ്ടിയിൽ അങ്ങനെയൊരു നിർമ്മാണവസ്തുവില്ല. ഇതാണു് ഇല്ലായ്മയിൽനിന്നു സൃഷ്ടിച്ചുവെന്നതിന്റെ അർത്ഥം. നിർമ്മാണവസ്തുവില്ലാതെ എങ്ങനെ നിർമ്മിതവസ്തു ഉണ്ടായി എന്നതാണു് ഇവിടെ ഉദിക്കുന്ന സംശയം. ഈ ചോദ്യത്തിനു് ഉത്തരം കിട്ടാതായപ്പോഴാണു് ഉപനിഷത്തുക്കളുടെ കർത്താക്കൾ ബ്രഹ്മസത്തതന്നെയാണു പ്രപഞ്ചത്തിന്റെ നിർമ്മാണവസ്തുവെന്നു സങ്കല്പിച്ചതു്. ബ്ര

ഹം സ്വയം വികസിച്ചോ സ്വസത്തയിൽനിന്നു ബഹിർഗമിച്ചോ വിശ്വത്തെ നിർമ്മിച്ചുവെന്ന് അവർ വാദിച്ചു. എന്നാൽ ഇല്ലായ്മയ്ക്കും ഉള്ളായ്മയ്ക്കും ഇടയ്ക്കുള്ള അനന്തമായ അകലം തരണംചെയ്യുവാൻ ഒരപരിമേയശക്തിക്കു സാധിക്കുമെന്ന വാസ്തവം അവർ മനസ്സിലാക്കിയില്ല. അതുകൊണ്ടാണു യഥാർത്ഥമായ സൃഷ്ടി—നിർമ്മാണവസ്തുവില്ലാതെയുള്ള നിർമ്മാണം—അവർ ഗ്രഹിക്കാതിരുന്നതു്.

ഈ സൃഷ്ടിസിദ്ധാന്തം യുക്തിയുക്തവും ശാസ്ത്രീയവുമാണു്. ലോകത്തിന്റെ ഉൽപത്തിയുടെ സ്വഭാവത്തെപ്പറ്റി ഇതു ശരിയായ വ്യാഖ്യാനം നല്കുകയും ചെയ്യുന്നു. പ്രപഞ്ചം സ്വയം വിചിത്രമല്ല. കാരണം, യാതൊന്നിനും തന്നെത്തന്നെ ഉണ്ടാക്കുവാൻ സാധിക്കുകയില്ല. അസ്തിത്വം പ്രാപിക്കുന്നതിനുമുൻപു യാതൊരു വസ്തുവിനും പ്രവർത്തിക്കുവാൻ സാധിക്കുകയില്ലെന്നു സാരം. അതിനാൽ പ്രപഞ്ചം താനേ ഉണ്ടായി വന്നതല്ല. സ്വയംപര്യാപ്തമായ ഒരു ശക്തി അതിനെ ഉണ്ടാക്കിയതായിരിക്കണം. ആ ശക്തി അനന്തവും അവ്യയവുമായിരിക്കണംതാനും. എന്നാൽ വ്യതിയാനങ്ങൾക്കു പരിണാമങ്ങൾക്കു അധീനവും പരിമിതവുമായ ലോകത്തിന് ഈ ലക്ഷണങ്ങളില്ല. തന്മൂലം പ്രപഞ്ചവും ആ ശക്തിയും ഒന്നായിരിക്കാൻ പാടില്ല. അതുപോലെതന്നെ പ്രപഞ്ചം ആ ശക്തിയുടെ അംഗമോ പരിണാമമോ ആണെന്നു സങ്കല്പിക്കുവാനും നിവൃത്തിയില്ല. അതിനാൽ ലോകം ഈശ്വരസത്തയിൽനിന്നു പുറപ്പെട്ടതല്ല. ഈശ്വരൻ ഇല്ലായ്മയിൽനിന്നു സൃഷ്ടിച്ചതാണു്.



അധ്യായം പതിനൊന്ന്

ഉപനിഷത്തുക്കളും മനുഷ്യാത്മാവും

ആത്മാവുണ്ടെന്നു ശാസ്ത്രീയമായി സ്ഥാപിക്കുന്നതിനുള്ള ശ്രമം ഉപനിഷത്തുക്കളിൽ അധികം കാണുന്നില്ല. ആത്മാവില്ലാതെ മനുഷ്യവ്യാപാരങ്ങൾ നടക്കുകയില്ലെന്നും, അതിനാൽ, അതുണ്ടെന്നുള്ളതു് ഒരു പ്രത്യക്ഷസത്യമാണെന്നും അന്നത്തെ ദാർശനികന്മാർ വിശ്വസിച്ചിരുന്നതാണു് ഇതിനു കാരണം. മനുഷ്യന്റെ ശരീരത്തിലും ബുദ്ധിയിലും വികാരത്തിലും അനേകം മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ മാറ്റങ്ങൾക്കെല്ലാം അതീതമായി മനുഷ്യനിൽ നിലകൊള്ളുന്ന ശക്തിയാണു് ആത്മാവു്. ആത്മാവിനു യാതൊരുതരത്തിലും മാറ്റം സംഭവിക്കുകയില്ലെന്നവാദം മുറുകെപ്പിടിച്ചതിനാൽ ചിരന്തനമായ ബ്രഹ്മത്തോടു് അതിനു താദാത്മ്യം കല്പിക്കുവാൻപോലും മഹർഷിമാർ മടിച്ചില്ല. എന്നാൽ പാശ്ചാത്യചിന്തകന്മാർ ആത്മാവിന്റെ കർമ്മോല്കൃഷ്ടതയിലൂടെയാണു് അതിന്റെ അസ്തിത്വം തെളിയിക്കുവാൻ ശ്രമിക്കുന്നതു്. ഉപനിഷത്തിലും ഈ ആശയത്തിന്റെ ഛായ ഇല്ലാതില്ല. മനുഷ്യന്റെ പ്രവർത്തനങ്ങളുടെയെല്ലാം ആധാരം ആത്മാവാണെന്നു കേനോപനിഷത്തിൽ പറഞ്ഞുകാണുന്നു.

ആത്മാവിനെ സൂചിപ്പിക്കുവാൻ ഉപനിഷത്തുക്കളിൽ പല പേരുകളും പറയുന്നുണ്ടു്. പ്രാണൻ, ആത്മാവു്, പുരുഷൻ, ജീവൻ ഇവയാണു് അവയിൽ ചിലതു്. ഇവ തൈത്തിരീയോപനിഷത്തിൽ മുഖ്യസ്ഥാനങ്ങളാകയാൽ ഇവയെപ്പറ്റി ഒന്നൊരണ്ടു വാക്കുകൾ പറയാം.

പ്രാണൻ

ഇതിന്റെ ആദ്യത്തെ അർത്ഥം വായു അഥവാ വാതം എന്നായിരുന്നു. ശ്വസിക്കുന്ന വായുവിനു പ്രാണൻ എന്നു

ഉച്ഛ്വസിക്കുന്ന വായുവിന് അപാനം എന്നുമാണു പറഞ്ഞു വന്നിരുന്നതു്. കാലാന്തരത്തിൽ ജീവവായു, ചൈതന്യനിദാനം, ബോധതത്ത്വം എന്നെല്ലാം പ്രാണന് അർത്ഥം സിദ്ധിച്ചു. ഒടുവിൽ ബാഹ്യലോകത്തിന്റെ ജീവചൈതന്യമെന്നും അദൃശ്യലോകത്തെ നിയന്ത്രിക്കുന്ന ശക്തിയെന്നും ലോകത്തിന്റെ അധീശതത്ത്വമെന്നുമെല്ലാം ഇതിനർത്ഥമുണ്ടായി. അതിനാൽ പ്രാണനു ജീവശാസ്ത്രത്തിൽ ജീവനെന്നും ശരീരശാസ്ത്രത്തിൽ ശ്വാസമെന്നും മനശ്ശാസ്ത്രത്തിൽ ആത്മാവെന്നും പേർ പറയപ്പെടുന്നു.

ആത്മാവു്

ശ്വസിക്കുവാനുള്ള ശക്തിക്കാണു് ആദ്യം ആത്മാവെന്നു പറഞ്ഞിരുന്നതു്. ദേവന്മാരുടെ ശ്വാസമാണു കാറ്റു് എന്നു് ഉപനിഷത്തുക്കളിൽ പറഞ്ഞുവന്നിരുന്നതു് ഇതുകൊണ്ടാണു്. കാലാന്തരത്തിൽ, ഉടലെടുത്ത മനുഷ്യസത്തയുടെ കാതലെന്നും, വ്യക്തിയുടെ സ്വയംബോധമെന്നും പ്രപഞ്ചത്തിന്റെ നിയന്താവെന്നും മറ്റും ഇതിനു് അർത്ഥങ്ങളുണ്ടായി. എന്നാൽ സാധാരണമായി പദാർത്ഥങ്ങളുടെ, വിശിഷ്യ മനുഷ്യവ്യക്തിത്വത്തിന്റെ, സാരഘടകമെന്നാണു് ആത്മാവിനു് അർത്ഥം.

പുരുഷൻ

'പുരിശയൻ' എന്ന വാക്കിൽനിന്നുമാണു 'പുരുഷ'ന്റെ ഉൽപത്തിയെന്നു ബൃഹദാരണ്യകോപനിഷത്തുക്കളിൽ കാണുന്നു. "അസ്യാം പുരിശേതേ, തസ്മാത് പുരുഷഃ"

പുരിശയൻ എന്നുവച്ചാൽ ഹൃദയമാകുന്ന ഗുഹയിൽ ശയിക്കുന്നവൻ അല്ലെങ്കിൽ വസിക്കുന്നവൻ എന്നർത്ഥം. ബ്രാഹ്മണങ്ങളിൽ ശരീരത്തോടു കൂടിയവൻ എന്ന അർത്ഥത്തിലും

പുരുഷൻ ഉപയോഗിച്ചുകാണുന്നു. ഉപനിഷത്തുക്കളിൽ ഈ വാക്കു ചിലപ്പോൾ ആത്മാവിനേയും സൂചിപ്പിക്കുന്നുണ്ട്. (1)

ജീവൻ

ശ്വസിക്കുക എന്നർത്ഥമുള്ള 'ജിവ്' ധാതുവിൽനിന്നാണ് ഈ വാക്കിന്റെ ഉത്ഭവം. സചേതനവസ്തുക്കളുടെ വ്യാപാരം എന്നാണു ജീവശാസ്ത്രത്തിൽ ഇതിന്റെ അർത്ഥം. പലപ്പോഴും ആത്മാവിനേയും ഇതു സൂചിപ്പിക്കുന്നുണ്ട്.

ആത്മാവിന്റെ അനശ്വരത്വം

ഉപനിഷത്തുക്കളിലെല്ലാം പ്രത്യേകിച്ചു കഠോപനിഷത്തിൽ, സുപ്രധാനമായ ഒരു ചോദ്യം പലപ്പോഴും നാം കണ്ടുമുട്ടുന്നുണ്ട്. "ശരീരം അഴിഞ്ഞുപോയതിനുശേഷം ആത്മാവിനു് എന്തു സംഭവിക്കുന്നു?" എക്കാലത്തും എവിടേയും മനുഷ്യന്റെ ഗാഢമായ ചിന്തയ്ക്കു വിഷയമായിട്ടുണ്ട് ഈ പ്രശ്നം. ആത്മാവു് അമർത്യമാകയാൽ എന്നും അനന്തമായി ജീവിക്കുന്നുവെന്നാണു് എല്ലാ ഉപനിഷത്തുക്കളും പറയുന്നതു്. (2)

ആത്മാക്കളുടെ പോവിജീവിതത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ ഉപനിഷത്തുക്കൾ അവയെ ശിഷ്ടവും ദുഷ്ടവും എന്നു രണ്ടായി തരംതിരിക്കുന്നു. ശിഷ്ടാത്മാക്കൾ ഈ ലോകത്തെ വെടിഞ്ഞു ദുഃഖവും ക്ലേശവുമില്ലാത്ത പരമാനന്ദലോകത്തേക്കു് ഉയരുന്നു. ഈ ആത്മാക്കൾ അത്യന്താനന്തനായ ഈശ്വരന്റെ സാമീപ്യവും സാരൂപ്യവും പ്രാപിച്ചു് അമർത്യജീവിതാനുഭൂതിയിൽ ലയിക്കുന്നുവെന്നാണു മുണ്ഡകോപനിഷത്തിൽ പറയുന്നതു്. അശുദ്ധാത്മാക്കൾ "സൗഭാഗ്യരഹിതവും അന്ധകാരാവൃതവുമായ ഒരു മേഖലയിലേക്കു തള്ളപ്പെടുന്നു. പിശാ

(1) ബ്രഹ. ii, 1. കൗശി iv. 1.

(2) ഛാന്ദോ. iii. 14. v. 10: ബ്രഹ. ii. 4. iv. 5.

ക്കളുടെ ആവാസരംഗമാണ് അവിടമെന്നു ഈശോപനിഷത്തിൽ പറയുന്നു (i, 3). എത്രകാലത്തേക്ക് ആ ഉർദ്ധ്വഗാത്മക്കൾ അവിടെ കഴിച്ചുകൂട്ടണമെന്നു കൃത്യമായി ഉപനിഷത്തുക്കളിൽ കാണുന്നില്ല. ബ്രഹ്മത്തിൽനിന്നും ഭിന്നമായ വ്യക്തിത്വം ഈ ആത്മാക്കൾക്കുണ്ടെന്നാണ് ഈ ഉപനിഷത്തുക്കളിൽ നിന്നു മനസ്സിലാകുന്നത്.


എന്നാൽ മറ്റു ഉപനിഷത്തുക്കളിൽ ബ്രഹ്മവും ആത്മാവും ഒന്നാണെന്നുള്ള വാദമാണു മുന്നിട്ടുനിൽക്കുന്നത്. അതിനാൽ ആത്മാവിന്റെ അന്ത്യത്തെപ്പറ്റിയുള്ള അവരുടെ സങ്കല്പവും വ്യത്യസ്തമാണ്. ബ്രഹ്മത്തെ അവിദ്യ അഥവാ അജ്ഞത ബാധിക്കുന്നതുമൂലമാണു ബ്രഹ്മംതന്നെ മനുഷ്യാത്മാവായിത്തീരുന്നത്. അതുകൊണ്ട് അവിദ്യയുടെ ശൃംഖലകളെ ഭേദിച്ചു ബ്രഹ്മവുമായുള്ള താദാത്മ്യം അനുഭവിച്ചറിയുകയാണ് 'മോക്ഷം.' ഭൂമിക്കടിയിൽ അജ്ഞാതമായി കിടക്കുന്ന സ്വർണ്ണനിധിക്കു മീതെ മനുഷ്യൻ അനേകം പ്രാവശ്യം നടക്കുകയും എന്നാൽ അതു കാണാതിരിക്കുകയും ചെയ്യുന്നതുപോലെ എല്ലാ മനുഷ്യരും എല്ലാനിമിഷത്തിലും ബ്രഹ്മത്തിൽ ജീവിക്കുന്നുവെങ്കിലും അജ്ഞതയുടെ ആവരണംമൂലം ബ്രഹ്മത്തെ കാണുന്നില്ല എന്നു ഛാന്ദോഗ്യോപനിഷത്തിൽ പറയുന്നു. (viii. 3. 2) വൈഷ്ണവഭാഷ്യകാരന്മാർ മോക്ഷത്തിനു 'സ്വരാജ്യസിദ്ധി' യെന്നും പറയാറുണ്ട്. മുണ്ഡകോപനിഷത്തു ഈ ഭാഗം വ്യാഖ്യാനിക്കുന്നതു ഇങ്ങനെയാണ്. "നദികൾ അവയുടെ പേരും രൂപവും വെടിഞ്ഞു സമുദ്രത്തിൽ ചേരുന്നതുപോലെ ജ്ഞാനം പേരും രൂപവും ത്യജിച്ചു ദിവ്യമായ പരമസത്തയെ പ്രാപിക്കുന്നു (iii. 2. 8). ഈലോകജീവിതത്തിൽവച്ചുതന്നെ മോക്ഷം പ്രാപിക്കാമെന്നും ഉപനിഷത്തുക്കളിൽ കാണുന്നുണ്ട്. അതാണു ജീവൻമുക്തി. ഈ സ്ഥിതിയിൽ ലൌകികവും സ്വാർത്ഥപരവുമായ എല്ലാ ആശകളിൽനിന്നും മുക്തനായി മനുഷ്യൻ ബ്രഹ്മത്തിൽമാത്രം ആനന്ദം കണ്ടെത്തുകയും ബ്രഹ്മ

ത്തിൽമാത്രം ജീവിക്കുകയും വ്യാപരിക്കുകയും ചെയ്യുന്നു. മാത്രമല്ല, ബ്രഹ്മംതന്നെയാണു താൻ എന്നു് അവൻ മനസ്സിലാക്കുന്നു. ഇങ്ങനെയായിത്തീരുമ്പോൾ പ്രാപഞ്ചികവ്യാപാരങ്ങൾക്കും മാലിന്യങ്ങൾക്കും അതീതനായി അവൻ വർത്തിക്കുന്നു. ഈ പദവി അതിവിശിഷ്ടംതന്നെ. എന്നാൽ ആരെങ്കിലും അതു പ്രാപിച്ചതായി ഹൈന്ദവഗ്രന്ഥകാരന്മാരോ മഹർഷിമാരോ തെളിയിക്കുന്നില്ല.

മരണത്തോടുകൂടി അജ്ഞതയിൽനിന്നു പ്രാപിക്കുന്ന മോക്ഷത്തിനു 'വിദേഹമുക്തി' എന്നാണു സാങ്കേതികസംജ്ഞ. എന്നാൽ ഈ അവസ്ഥയുടെ ഒരു വിശദരൂപം ഉപനിഷത്തു നമുക്കു തരുന്നില്ല. പരസ്പരവിരുദ്ധമായ രണ്ടു വ്യാഖ്യാനങ്ങളാണു കാണുന്നതു്. ചിലേടത്തു ബ്രഹ്മവുമായുള്ള സാദൃശ്യം; മറ്റു ചിലേടത്തു താദാത്മ്യവും. ഈ താദാത്മ്യസിദ്ധാന്തത്തിനാണു കൂടുതൽ പ്രാധാന്യം നല്കപ്പെട്ടിരിക്കുന്നതു്. അതു സ്ഥാപിക്കുവാൻവേണ്ടിയുള്ള ചില ഉപമകളും ഉപനിഷത്തുക്കളിൽ കാണുന്നുണ്ടു്. വെള്ളത്തിലിടുന്ന ഉപ്പു് അതിൽ അലിഞ്ഞുചേർന്നു വേർതിരിച്ചെടുക്കുവാൻ പാടില്ലാത്തവിധം അപ്രത്യക്ഷമാകുന്നതുപോലെ ആത്മാവും ഈശ്വരസത്തയിൽ ലയിക്കുന്നു. (ബൃഹ. ii. 4. 12) തൈത്തിരീയോപനിഷത്തു് ഒരുപടികൂടി മുന്നോട്ടുകടക്കുന്നു. ബ്രഹ്മത്തിൽ ലയിക്കുന്ന ആത്മാവു പറയുന്നതു കേൾക്കുക. "ഞാൻ ക്ഷീണമാണു്; ഞാൻ ശോകതാവുമാണു്. ഞാൻ രണ്ടും ഒരുമിച്ചുകൂടിയതാണു്. ഞാൻ ആദ്യജാതനാണു്; ഞാൻ ലോകത്തിന്റെ അന്തകനുമാണു്; ഞാൻ സൂര്യതുല്യമായ പ്രകാശമാണു്. ഞാൻ ലോകത്തിന്റെയും അമർത്ത്യദേവന്മാരുടേയും കേന്ദ്രമാണു്." (തൈ. iii.)

ആത്മാവു ബ്രഹ്മത്തിൽ പരിപൂർണ്ണമായി ലയിക്കുകയും ബ്രഹ്മത്തോടു താദാത്മ്യം പ്രാപിച്ചു വ്യക്തിത്വം ഇല്ലാതായിത്തീരുകയും ചെയ്യുന്നുവെന്നു് ഈ ഉപമകളിൽനിന്നു സ്പഷ്ടമാണല്ലോ. ആത്മാവും ബ്രഹ്മവുമായുള്ള താദാത്മ്യമാണു്, ഐ

കൃമല്ല, ഉപനിഷത്തുക്കളിലേ സിദ്ധാന്തം. ആത്മാവു ബ്രഹ്മാന്തരം പ്രാപിക്കുന്നതല്ല, താനെത്തന്നേ ബ്രഹ്മമാണെന്നു മനസ്സിലാക്കുന്നതാണ്, മോക്ഷം. ആത്മാവും ബ്രഹ്മവും ഭിന്നമല്ലെന്നുള്ള അദ്വൈതത്തിലേ അഖണ്ഡതത്ത്വമാണ് ഈ നിഗമനത്തിനു കാരണം.



അദ്ധ്യായം പന്ത്രണ്ട്

ഉപനിഷത്തിലേ ദൈവശാസ്ത്രം

വസ്തുതകളുടേയും വസ്തുക്കളുടേയും അടിസ്ഥാനവും പരമാർത്ഥവും പരിശോധിക്കുന്ന തത്ത്വശാസ്ത്രത്തിൽ ഈശ്വരനെക്കുറിച്ചുള്ള പര്യാലോചനകളും പ്രതിപാദനങ്ങളും ഇല്ലെങ്കിൽ അതു തീർച്ചയായും അപൂർണ്ണമായിരിക്കും. ഈ അപൂർണ്ണത ഉപനിഷത്തുക്കൾക്കില്ല. കാരണങ്ങളെ ഒന്നിനു പിറകേ ഒന്നായി പരിശോധിച്ച് ആദികാരണമായ ഈശ്വരനിൽ ചെന്നെത്തുകയാണ് അവയുടെ ലക്ഷ്യംതന്നേ. എന്നാൽ 'ദൈവശാസ്ത്രം' പരിപൂർണ്ണമാകണമെങ്കിൽ തത്ത്വചിന്തയ്ക്ക് ഈശ്വരാവിഷ്കരണത്തിന്റെ സഹായം കൂടിയേ കഴിയൂ. കാരണം, പ്രകൃത്യതീതമായ ഈശ്വരനെ പ്രകൃതിഭേദമായ പ്രകാശംകൊണ്ടുമാത്രം കാണുവാൻ സാധിക്കുകയില്ല. ഉപനിഷത്തുക്കൾ ഈശ്വരാവിഷ്കൃതമല്ലെന്നു മുമ്പു നാം പറഞ്ഞുകഴിഞ്ഞു. അതിനാൽ പൂർണ്ണമായ യാതൊരു ദൈവശാസ്ത്രം അവയിൽ കാണുകയില്ല. തത്ത്വചിന്തയുടെ പശ്ചാത്തലത്തിലുള്ള നിഗമനങ്ങൾ മാത്രമേയുള്ളൂ ഉപനിഷത്തുക്കളിലേ ദൈവശാസ്ത്രത്തിൽ.

ഈശ്വരാന്വേഷണം

ഭൗതികവസ്തുക്കളുടെ ആദികാരണം കണ്ടുപിടിക്കുവാൻ തത്ത്വചിന്തകന്മാർ എക്കാലത്തും പരിശ്രമിച്ചിട്ടുണ്ടെന്നു ചരിത്രം സാക്ഷിക്കുന്നു. ഗ്രീസിലെ പ്ലേറ്റോ, പർമനിഡസ്, ജർമ്മനിയിലെ കാൻറ്, ഫെഗൽ തുടങ്ങി ഈ മാർഗ്ഗത്തിൽ സഞ്ചരിച്ചിട്ടുള്ള ചിന്തകന്മാരിൽ ആരുടേയും പിന്നിലല്ല ഭാരതത്തിലെ ഒരുപനിഷദ്ഋഷികന്മാർ. ഈ ആദികാരണാന്വേഷണം പ്രപഞ്ചവസ്തുക്കളിലും ആത്മാവിലുംകൂടെ പുരോഗമിച്ചു. ദൈവത്തിൽ ചെന്നെത്തിയെന്നു ഛാന്ദോഗ്യം, ബൃഹദാരണ്യകം, പ്രാണം, തൈത്തിരീയം എന്നീ ഉപനിഷത്തുക്കൾ പരിശോധിച്ചാൽ കാണാം.

ഭൂമി, ജലം, അഗ്നി മുതലായ ദൃശ്യവസ്തുക്കളെ ആദികാരണമായി സങ്കല്പിക്കുകയായിരുന്നു ആദ്യത്തെപടി. ദ്രവരൂപമായ ജലം തണുത്തു ഘനരൂപം പ്രാപിക്കുന്നു. അതിനാൽ എല്ലാ ഘനദ്രവപദാർത്ഥങ്ങളുടേയും മൂലസത്ത ജലമാണെന്നു അവർ സങ്കല്പിച്ചു. പിന്നീടു വേറെ ചില ദൃശ്യവസ്തുക്കളേയും മൂലകാരണങ്ങളായി അവർ പരിഗണിച്ചു. പക്ഷേ എപ്പോഴും 'പ്രവർത്തിക്കു'ന്നതും എന്നാൽ 'അചഞ്ചല'വുമായ പരമസത്തയുടെ ഗുണങ്ങളൊന്നും ഈദൃശവസ്തുക്കൾക്കില്ലെന്നു അവർ മനസ്സിലാക്കി. അതിനാൽ എല്ലാ വസ്തുക്കളേയും വലയംചെയ്യുന്ന അദൃശ്യവസ്തുവായ ആകാശത്തെ അദ്യസത്തയായി അവർ സങ്കല്പിച്ചു. ഈ സങ്കല്പത്തിനും ചില പോരായ്മകൾ ഉള്ളതായി പിന്നീട് അവർക്കു മനസ്സിലായി. ആദികാരണത്തിനുണ്ടായിരിക്കേണ്ട ആന്തരികചൈതന്യം ആകാശത്തിനില്ല. അതിനാൽ, പ്രപഞ്ചവസ്തുക്കളെ (സ്ഥൂലപദാർത്ഥങ്ങൾ എന്നാണു് ഇവിടെ വിവക്ഷ) ഉപേക്ഷിച്ചു്, പ്രാണൻ അഥവാ ജീവൻ, ആയിരിക്കണം ആദ്യകാരണം എന്നു് അവർ തീരുമാനിച്ചു.

എന്നാൽ ജീവനിലും അപൂർണ്ണതകൾ അവർ കണ്ടെത്തി.

ജീവൻതന്നേ പല തരത്തിലുണ്ട്. ഏറ്റവും താഴ്ന്നപടിയിലുള്ളതാണു സസ്യങ്ങളിൽ കാണുന്നതു്. മൃഗങ്ങളിൽ അതു കുറെക്കൂടി ഉൽകൃഷ്ടമാണു്. എന്നാൽ പ്രജ്ഞ (self-consciousness) യോടുകൂടിയ മനുഷ്യജീവൻ ഇവയിലെല്ലാം ശ്രേഷ്ഠമാണെന്നു് അവർ മനസ്സിലാക്കി. അതിനാൽ ആത്മബോധമുള്ള ജീവനായിരിക്കണം ആദിസത്ത എന്നവർ ഊഹിച്ചു. ഈ നിഗമനം അവരെ ഏറെക്കുറെ തൃപ്തിപ്പെടുത്തിയെന്നുവേണം വിചാരിക്കുവാൻ.

എന്നാൽ ഇങ്ങനെ പ്രജ്ഞയുള്ള സത്തകൾ എത്രയുണ്ടായിരിക്കുമെന്നായി അവരുടെ സംശയം. ഈ പ്രശ്നത്തെപ്പറ്റി ബൃഹദാരണ്യകോപനിഷത്തിൽ വിദഗ്ധസാകല്യനും യാജ്ഞവല്ക്യനും തമ്മിൽ വാദിക്കുന്നുണ്ട്. അത്തരം സത്തകൾ പലതുണ്ടെന്നു് അവർ ആദ്യം സമ്മതിച്ചുവെങ്കിലും ഒന്നേ ഉണ്ടായിരിക്കുവാൻ പാടുള്ളൂ എന്ന തീരുമാനത്തിലാണു് ഒടുവിൽ എത്തിച്ചേർന്നതു്. അതിനെ അവർ ഇങ്ങനെ വിവരിക്കുന്നു:

"പൃഥിവ്യേവ യസ്യായതനമഗ്നിർലോകോ, മനോജ്യോതിർ: യോവൈ തം പുരുഷം വിദ്യാത് സവിസ്യാത്മന: പരായണം." (ബൃഹ. iii. 9. 1. 10.) അതിന്റെ ശരീരം ഭൂമിയും കാഴ്ച അഗ്നിയും മനസ്സു പ്രകാശവുമാണു്. അതാണു് എല്ലാ മനുഷ്യാത്മാക്കളുടേയും പരമാവലംബം.

ഇതുകൊണ്ടും ഭാരതീയമഹർഷിമാർ തൃപ്തിപ്പെട്ടില്ല. അവർ ചുഴിഞ്ഞാലോചിച്ചുതിന്റെ ഫലമായി പ്രജ്ഞയ്ക്കും ചില അതിത്തികളും അപൂർണ്ണതകളും ഉണ്ടെന്നു മനസ്സിലാക്കി. കാരണം, പ്രജ്ഞയിൽ രണ്ടു ഘടകങ്ങളുണ്ടു്—ജ്ഞാനിയും ജ്ഞാതവസ്തുവും. അറിയുന്നവനിൽനിന്നു ഭിന്നമാണു് അറിയപ്പെടുന്നവസ്തു. എല്ലാ സങ്കീർണ്ണതകൾക്കും അതിത്തികൾക്കും അതീതമായ കേവലസത്തയിൽ ഇപ്പറഞ്ഞ അപൂർണ്ണതകളൊന്നും ഉണ്ടായിരിക്കുവാൻ പാടില്ല. കേവലസത്തയിൽ, അറിയുന്നവനും അറിയപ്പെടുന്നതും അറിവും എല്ലാം ഒന്നായിരിക്ക

ണം. അല്ലെങ്കിൽ അതിനെ കേവലസത്ത എന്നു വിളിച്ചുകൂടല്ലോ. അതിനാൽ ഈ ഗുണങ്ങളെല്ലാമുള്ള ആനന്ദബ്രഹ്മത്തിൽ അവർ എത്തിച്ചേർന്നു. ആ സത്തയെ മാണ്ഡൂക്യോപനിഷത്തു് ഇങ്ങനെ വിവരിക്കുന്നു.

"നാന്തഃപ്രജ്ഞം, ന ബഹിഷ്പ്രജ്ഞം, നോഭയതഃപ്രജ്ഞം, നപ്രജ്ഞം നാപ്രജ്ഞം; അദൃഷ്ടമവ്യവഹാര്യ, മഗ്രാഹ്യമലക്ഷണമചിന്ത്യമവ്യപദേശ്യമേകാത്മപ്രത്യയസാരം, പ്രപഞ്ചോപശമം ശാന്തം, ശിവമദ്വൈതം" (മാണ്ഡൂ 1. 7)

അന്തഃപ്രജ്ഞനല്ലാത്തവനും ബഹിഷ്പ്രജ്ഞനല്ലാത്തവനും ഉള്ളിലും പുറമേയും പ്രജ്ഞയില്ലാത്തവനും, വെറും പ്രജ്ഞയുടെ ഘന(സമൂഹ)മല്ലാത്തവനും അപ്രജ്ഞനും പ്രജ്ഞനുമല്ലാത്തവനും, അദൃഷ്ടനും വ്യവഹരിക്കപ്പെടുവാൻ പാടില്ലാത്തവനും അഗ്രാഹ്യനും ലക്ഷണരഹിതനും അചിന്ത്യനും നിർദ്ദേശിക്കപ്പെടുവാൻപാടില്ലാത്തവനും പ്രപഞ്ചത്തിനുള്ള ജാഗ്രദാദിസ്ഥാനധർമ്മങ്ങളൊന്നുമില്ലാതെ ആത്മപ്രത്യയം ഒന്നുമാത്രം പ്രമാണമായിട്ടുള്ളവനും, ശാന്തനും, ആനന്ദപ്രകൃതനും അദ്വയനുമാണു ബ്രഹ്മം എന്നു വിദ്വാന്മാർ വിചാരിക്കുന്നു.

ഈശ്വരാന്വേഷണത്തിൽ ഭാരതമഹർഷിമാർ അവഗാഢമായി ചിന്തിച്ചുവെന്നുള്ളതു് ഇതിൽനിന്നും സ്പഷ്ടമാണല്ലോ.

ബ്രഹ്മത്തിന്റെ പ്രകൃതി

ബ്രഹ്മം അനിർവചനീയമാണെന്നു് ഉപനിഷത്തുക്കൾ അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നുവെങ്കിലും അതിന്റെ ഏതാണ്ടൊരു വിവരണം നല്കുവാൻ അവർ ആത്മാർത്ഥമായി പരിശ്രമിക്കുന്നുണ്ടു്. കേനോപനിഷത്തിൽനിന്നു ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കാം.

"യദ്വാചാ/നഭ്യുദിതം യേന വാഗഭ്യുദ്യതേ . . .
യന്മനസാ നമന്നുതേ യേനാ//ഹുർമ്മനോമതം . . .

യച്ചക്ഷുഷാ ന പശ്യതി, യേനചക്ഷൂംഷി പശ്യതി . . .
യച്ഛ്രോത്രേണ ന ശൃണോതി യേന ശ്രോത്രമിദംശ്രുതം...
യത് പ്രാണേന ന പ്രാണിതി യേന പ്രാണ: പ്രണീയതേ
തദേവ ബ്രഹ്മത്വം വിദ്ധിം നേദ യദിദമുപാസതേ."

"യാതൊന്നു വാക്കിനാൽ പ്രകാശിപ്പിക്കപ്പെടുവാൻ പാടില്ലാത്തതായിരിക്കുകയും എന്നാൽ, യാതൊന്നിനാൽ വാക്കു പ്രകാശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ . . . യാതൊന്നിനെ മനസ്സുകൊണ്ടു് അറിയാതിരിക്കുകയും എന്നാൽ യാതൊന്നിനാൽ മനസ്സു് വ്യാപ്തം (ചിന്തിക്കുവാൻ പ്രാപ്തം) ആണെന്നു ബ്രഹ്മജ്ഞന്മാർ പറയുകയും ചെയ്യുന്നുവോ . . . യാതൊന്നിനെ കണ്ണുകൊണ്ടു കാണാതിരിക്കുകയും എന്നാൽ, യാതൊന്നുനിമിത്തം കണ്ണുകൊണ്ടു കാണുകയും ചെയ്യുന്നുവോ . . . യാതൊന്നിനെ ചെവി കേൾക്കാതിരിക്കുകയും എന്നാൽ, യാതൊന്നിനാൽ ഈ ചെവി കേൾക്കുകയും ചെയ്യുന്നുവോ . . . യാതൊന്നിനെ ഘ്രാണേന്ദ്രിയംകൊണ്ടു ഘ്രാണിച്ചറിവാൻ സാധിക്കാതിരിക്കുകയും എന്നാൽ, യാതൊന്നിനാൽ ഘ്രാണേന്ദ്രിയം നയിക്കപ്പെടുകയും ചെയ്യുന്നുവോ, അതുതന്നേയാണു ബ്രഹ്മമെന്നു നീ അറിഞ്ഞാലും; യാതൊന്നിനെ (ആത്മാവല്ലാത്ത ഏതെങ്കിലും ഒന്നിനെ) ഇതെന്നു് (കരുതി) ഉപാസിക്കുന്നുണ്ടോ, അതു് (ബ്രഹ്മം) അല്ല". ബ്രഹ്മത്തെ സമഗ്രമായി അറിയുവാൻ സാധിക്കുകയില്ലെന്നാണു് ഇതിന്റെ സാരം. സാധിക്കുമെന്നു വീരവാദം ചെയ്യുന്നവർ സ്വയം വഞ്ചിതരായിത്തീരുകയാണു ചെയ്യുന്നതു്. തൈത്തിരീയോപനിഷത്തിൽ ബ്രഹ്മത്തെ വർണ്ണിച്ചിരിക്കുന്നതു് ഇങ്ങനെയാണു്.

"യതോ വാ ഇമാനി ഭൂതാനി ജായന്തേ, യേന ജാതാനി ജീവന്തി യത് പ്രയന്ത്യഭിസംവിശന്തി തദ്വിജിജ്ഞാസസ്വ തദ് ബ്രഹ്മേതി . . ." (തൈ. iii. 1).

യാതൊന്നിൽനിന്നു് ഈ വസ്തുക്കൾ ഉണ്ടായോ, ഉണ്ടായവ യാതൊന്നുകൊണ്ടു ജീവിക്കുന്നുവോ, യാതൊന്നിലേക്കു

ജീവിതാന്ത്യത്തിൽ അവ പ്രവേശിക്കുന്നുവോ, അതിനെ അറിവാൻ ഉൽസുകനായിരിക്കുക അതാണ് ബ്രഹ്മം.

അവസാനമായി ബ്രഹ്മത്തെ 'സച്ചിദാനന്ദൻ' എന്നും ഉപനിഷത്തുക്കളിൽ വിളിച്ചുകാണുന്നുണ്ട്. അതായത് സത്യവും ജ്ഞാനവും ആനന്ദവും ബ്രഹ്മത്തിന് ആരോപിക്കപ്പെട്ടിരിക്കുന്നു. 'സത്' പരമസത്തയുടെ യഥാർത്ഥമായ അസ്തിത്വത്തെയും, 'ചിത്' അനന്തമായ ജ്ഞാനത്തെയും, 'ആനന്ദം' പരിപൂർണ്ണമായ സൗഭാഗ്യത്തെയും സൂചിപ്പിക്കുന്നു. പ്രകൃത്യതീതമായ ഒരു ശക്തിയുടെ സഹായംകൂടാതെ ഈശ്വരപ്രകൃതിയെപ്പറ്റി തത്വചിന്തയ്ക്ക് പ്രാപിക്കാവുന്ന ജ്ഞാനത്തിന്റെ ഉച്ചകോടിയാണിത്. അതിനപ്പുറത്തേക്ക് കടക്കുവാൻ ചിന്തയ്ക്ക് കഴിഞ്ഞിട്ടില്ല.

ബ്രഹ്മവും ലോകവും തമ്മിലുള്ള ബന്ധം

ബ്രഹ്മവും ലോകവും ഒന്നുതന്നെയോ, അതോ വ്യത്യസ്തമോ? ഛാന്ദോഗ്യോപനിഷത്തുതന്നെ ഈ ചോദ്യത്തിന് ഉത്തരം നല്കുന്നു.

"തജ്ജലാനം ഇദംസർവം ഖലു ബ്രഹ്മ ഇതി ശാന്ത: ഉപാസീത." ആ ബ്രഹ്മത്തിൽനിന്നു ജനിക്കുന്നതും അതിൽത്തന്നെ ലയിക്കുന്നതുമായ ഈ ജഗത്തെല്ലാം ബ്രഹ്മമെന്നു കരുതി ശാന്തനായി ഉപാസിക്കണം. (iii. 14. 1.)

ഇതുപോലുള്ള പ്രതിപാദനങ്ങളിൽനിന്നു ലോകം മായയല്ലെന്നു വേണം മനസ്സിലാക്കുവാൻ. ബ്രഹ്മം ബാഹ്യമായി പ്രത്യക്ഷപ്പെടുന്നതാണ് ലോകം. ജീവജാലങ്ങളിലൂടേയും പ്രപഞ്ചവ്യാപാരങ്ങളിലൂടേയും ബ്രഹ്മം തന്നെത്തന്നെ ആവിഷ്കരിക്കയാണ്. ലോകസാധാരണമായ മാറ്റങ്ങൾക്കു ബ്രഹ്മം വിധേയമാകാത്തത് അതു അവയെല്ലാം അതീതമായതുകൊണ്ടാണ്. ഈ സിദ്ധാന്തത്തെ ഉപനിഷത്തുക്കൾ 'തജ്ജലൻ' എന്ന സാങ്കേതി

കസംജ്ഞകൊണ്ടു സൂചിപ്പിക്കുന്നു. അതായതു് അതിൽ (ബ്രഹ്മത്തിൽനിന്നു) ജനിക്കുന്നതും അതിൽതന്നേ ലയിക്കുന്നതും അതിൽ പ്രവർത്തിക്കുന്നതുമാണു ജഗത്തെല്ലാം എന്നർത്ഥം. ലോകം ബ്രഹ്മത്തിൽനിന്നു പരിണമിച്ചതാണെങ്കിലും രണ്ടും ഒന്നാണെന്നു് ഇവിടെ വിവക്ഷയില്ല. രാമാനുജാചാര്യനും ഈ സിദ്ധാന്തത്തെ അനുകൂലിക്കുന്നു. എന്നാൽ ഉപനിഷത്തുക്കളുടെ മറ്റു പല ഭാഗങ്ങളിലും ഇതിനു് എതിരായ അഭിപ്രായങ്ങളാണു കാണുന്നതു്. ഉദാഹരണമായി ബൃഹദാരണ്യകോപനിഷത്തിൽ ഇങ്ങനെ കാണുന്നു.

"നതുതദ് ദ്വിതീയ മസ്തി തതോ/ന്യദ്വിഭക്തം". അതിനു് (ബ്രഹ്മത്തിനു്) ദ്വിതീയമായും അതിൽനിന്നു വ്യതിരിക്തമായും മറ്റൊന്നില്ല (ബൃഹ. iv. 3, 23). "ഇദം സർവ്വം ബ്രഹ്മം" എന്നു ഛാന്ദോഗ്യോപനിഷത്തിലും (iii. 14. 3) "അഹം ഏവ ഇദം സർവ്വമാസ്മി" എന്നു വീണ്ടും ബൃഹദാരണ്യകോപനിഷത്തിലും (i. 4, 7). പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

പ്രപഞ്ചവും ബ്രഹ്മവും ഒന്നാണെന്നതെ ഇതിൽനിന്നെല്ലാം നാം മനസ്സിലാക്കേണ്ടതു്. എന്നാൽ ഈ ഏകതാവാദത്തെ യുക്തിപൂർവ്വം തെളിയിക്കാതെ വെറും ഉപമകളും സാദൃശ്യങ്ങളും കൊണ്ടു സ്ഥാപിക്കുവാനേ ഐന്ദവചിന്തകന്മാർ പരിശ്രമിക്കുന്നുള്ളൂ. സ്വർണ്ണംകൊണ്ടു നിർമ്മിക്കപ്പെട്ട വസ്തുക്കൾ ആകൃതിയിൽ എത്ര വ്യത്യസ്തമായിരുന്നാലും പ്രകൃതിയിൽ ഒന്നായിരിക്കുന്നതുപോലെയും അഗ്നിയും അതിൽ നിന്നു പുറപ്പെടുന്ന സ്ഫുലിംഗവും ഒന്നായിരിക്കുന്നതുപോലെയും, ബ്രഹ്മവും പ്രപഞ്ചവും ഒന്നായിരിക്കുന്നുവെന്നു് അവർ വാദിക്കുന്നു. ഉപമ എത്ര ആകർഷകമായിരുന്നാലും അതു് ഒരു യുക്തിയോ തെളിവോ അല്ല എന്നു നാം ഓർക്കണം. അതു വെറും വിശദീകരണത്തിനുമാത്രമേ ഉതകുന്നുള്ളൂ. ഏതായാലും ഉപനിഷത്തിലേ ഈ ഭാഗവാക്യങ്ങളെ ആധാരമാക്കിയാണു് അദ്വൈതവാദം കെട്ടിപ്പടുത്തിട്ടുള്ളതു്.

നിരീക്ഷണം

ബ്രഹ്മവും പ്രപഞ്ചവും ഒന്നാണെന്നു നാം സങ്കല്പിച്ചാൽ പല പരസ്പരവൈരുദ്ധ്യങ്ങളും ബ്രഹ്മത്തിൽ ആരോപിക്കേണ്ടിവരും. നമ്മുടെ ചുറ്റും ഒന്നു കണ്ണോടിക്കുക. മനുഷ്യരിൽ പണ്ഡിതനേയും പാമരനേയും, പരിശുദ്ധനേയും പാപിയേയും, ബലവാനേയും ദുർബലനേയും, വിശ്വസ്തനേയും വഞ്ചകനേയും നാം കണ്ടുമുട്ടുന്നു. ഭിന്നപ്രകൃതികളും ഭിന്നഗുണങ്ങളുമുള്ള ധാതുക്കളും സസ്യങ്ങളും ജന്തുക്കളും നമ്മുടെ ചുറ്റും ഉണ്ട്. ഇവയെല്ലാം ഉൾക്കൊള്ളുന്ന പ്രപഞ്ചം ബ്രഹ്മത്തിന്റെ യഥാർത്ഥ പരിണാമമാണെങ്കിൽ ബ്രഹ്മം ഏതെല്ലാം വിചിത്രപാത്രങ്ങളുടെ ഭോഗം അഭിനയിക്കേണ്ടിവരും! ഒരേസമയം ഈശ്വരൻ അട്ടിൻകുട്ടിയും അതിനെ കൊന്നതിന്നുന്ന ചെന്നായുമായിരിക്കണം; ഒരേസമയം കൊല്ലപ്പെടുകയും കൊലയെ അതിജീവിക്കുകയും ചെയ്യണം.

ഈ വൈരുദ്ധ്യങ്ങളെ ഒന്നു വ്യാഖ്യാനിച്ചു ന്യായീകരിക്കുവാൻ ഹൈന്ദവചിന്തകന്മാർ പരിശ്രമിക്കുന്നുണ്ട്. ശ്രീ രാധാകൃഷ്ണന്റെ അഭിപ്രായത്തിൽ "അനന്തമായ ആത്മാവു ലോകത്തിലേ വൈവിധ്യങ്ങളേയും വൈപരീത്യങ്ങളേയും ആവിഷ്കരിക്കുകയും ആശ്ലേഷിക്കുകയും, ഏകീകരിക്കുകയും ചെയ്യുന്നു; വൈരുദ്ധ്യങ്ങളെന്നു തോന്നുന്ന ഇവയെല്ലാം ആത്മീയജീവനു ചേർന്നതാണ്." ഈ വ്യാഖ്യാനത്തിന് അലങ്കാരികമായി വില കല്പിക്കാമെന്നല്ലാതെ താത്ത്വികമായ യാതൊരു കഴമ്പുമില്ല. യഥാർത്ഥമായ വൈരുദ്ധ്യം പ്രകൃതിയിലും ജീവിതത്തിന്റെ എല്ലാ തുറകളിലും നാം കണ്ടുമുട്ടുന്നു. ആത്മീയജീവനെ സംബന്ധിച്ചുതായതുകൊണ്ട് അവ വൈരുദ്ധ്യങ്ങളല്ലെന്നു വരുന്നില്ല. ഒരേ ജീവൽസത്തതന്നെ ഒരേസമയത്തു് ഒരേ സാഹചര്യങ്ങളിൽ പരസ്പരവിരുദ്ധമായി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതു് എങ്ങനെയെന്നു മനസ്സിലാക്കുവാൻ പ്രയാസം.

ലോകത്തിലേ സകല ചരാചരങ്ങളുടേയും പിന്നിൽ അവയ്ക്കു നിദാനഭൂതമായി ഒരു സത്ത ഉണ്ടായിരിക്കണമെന്ന് അവർ ന്യായമായി ഊഹിച്ചു. ഇതുയും ശരിയാണ്. പക്ഷേ അവർ ഒരു പടികൂടി മുന്നോട്ടു കടന്ന് ആ സത്ത ലോകത്തോടൊപ്പം ജീവിക്കുകയും വ്യാപരിക്കുകയും പുരോഗതി പ്രാപിക്കുകയും ചെയ്യുന്നുവെന്ന് അനുമാനിച്ചു. അനന്യാശ്രിതമായ അസ്തിത്വത്തോടുകൂടിയ ആ പരമസത്തയുടെ യഥാർത്ഥസ്വഭാവം അവർ ശരിയായി ഗ്രഹിച്ചില്ലെന്നുവേണം വിചാരിക്കുവാൻ. അനന്യാശ്രിതമെന്നു പറഞ്ഞാൽ തന്നേ മറെറാന്നിനാൽ ഉത്പാദിപ്പിക്കപ്പെടാത്തതു് — അസ്തിത്വത്തിനു മറെറാന്നിനേയും ആശ്രയിക്കാത്തതു്, അഥവാ, അസ്തിത്വംതന്നേ സ്വഭാവമായിട്ടുള്ളതു് — എന്നാണർത്ഥം. ആ സത്ത എല്ലാക്കാലത്തും ഒരേ സ്വഭാവത്തോടുകൂടി ഉണ്ടായിരിക്കേണ്ടതാണ്. അതിനു മാറമില്ല. അവ്യയമാണ്. എല്ലാ ഗുണങ്ങളും അവയുടെ പൂർണ്ണതയിൽ അതിനുണ്ടായിരിക്കും. വലുതാകാനോ ചെറുതാകാനോ അതിനു കഴിവില്ല. ചലനത്തിനും പരിണാമത്തിനും വികാസത്തിനും ഉപരിപരിപൂർണ്ണതയ്ക്കും വിധേയമാകാത്ത ആ സ്വാശ്രിത സത്തയിൽ ലോകത്തിലുള്ള പരിമിതിയും വൈരുദ്ധ്യങ്ങളും എങ്ങനെ ആരോപിക്കും!

അതിനാൽ ഈശ്വരന്റെ മറെറാരു രൂപമാണു ലോകം, ഈശ്വരൻ തന്നേയാണു ലോകം, എന്ന ഉപനിഷത്തിലേ വാദം അടിസ്ഥാനരഹിതമാണ് എന്നു തെളിയുന്നു. ഈ വാദം നാം അംഗീകരിച്ചാൽ ധർമ്മവും അധർമ്മവും പുണ്യവും പാപവും എല്ലാം ഒന്നാണെന്നു സമ്മതിക്കേണ്ടിവരും. സന്മാർഗ്ഗബോധത്തിന്റെ അധഃപതനമായിരിക്കും ഇതിന്റെ പരിണതഫലം.

അധ്യായം പതിനൊന്ന്

ഒരു താരതമ്യപഠനം

ഇതുവരെ പറഞ്ഞതിൽനിന്നും ഹൈന്ദവസിദ്ധാന്തങ്ങളിൽ അനേകം ഉത്കൃഷ്ടതത്ത്വങ്ങൾ അടങ്ങിയിട്ടുണ്ടെന്നു സ്പഷ്ടമാണ്. ഇരുപതുകോടിയിലധികം ജനതയായിക്കഴിഞ്ഞിരിക്കുന്ന ഹിന്ദുമതത്തിനുണ്ടെന്നുള്ളതുതന്നെ അതിന്റെ പ്രാബല്യത്തിന് ഉത്തമലക്ഷ്യമാണല്ലോ. എന്നാൽ അതുകൊണ്ടുമാത്രം ഹിന്ദുമതം ക്രിസ്തുമതത്തെക്കാൾ ഉത്കൃഷ്ടമാണെന്നു സ്ഥാപിക്കുവാൻ ശ്രീ രാധാകൃഷ്ണൻ മുതലായ പ്രശസ്തപണ്ഡിതന്മാർ ഉന്നയിക്കുന്ന വാദം ന്യായീകരിക്കുവാൻ നിർവാഹമില്ലെന്നാണു ഞങ്ങളുടെ വിനീതമായ അഭിപ്രായം.

ഹിന്ദുമതത്തിന്റെ ശ്രേഷ്ഠതയെ പ്രകാശിപ്പിക്കുവാനുള്ള അവരുടെ ആത്മാർത്ഥമായ ശ്രമം ശ്ലാഘനീയമാണ്. ഉത്കൃഷ്ടതത്ത്വങ്ങൾ ഏതു മതത്തിൽ കണ്ടാലും അവയെ അംഗീകരിച്ച് അഭിനന്ദിക്കുന്നതിൽ ഞങ്ങൾ ആരുടേയും പിന്നിലല്ല. ഹിന്ദുമതത്തിലുമുണ്ട് പല മഹാതത്ത്വങ്ങളും എന്നു ഞങ്ങൾക്കറിയാം. എന്നാൽ ഹിന്ദുമതത്തെ പ്രകീർത്തിക്കുവാനുള്ള ഹൈന്ദവചിന്തകന്മാരുടെ ആവേശം, ക്രിസ്തുമതത്തെ അതർഹിക്കുന്നവിധം പഠിക്കുന്നതിൽ അവരെ വിമുഖരാക്കുന്നില്ലേ എന്നു ഞങ്ങൾ ഭയപ്പെടുന്നു. കലർപ്പില്ലാത്ത ക്രിസ്തീയതത്ത്വങ്ങളുടെ കലവറയെന്ന ചരിത്രവും ശാസ്ത്രീയവിമർശനവും തെളിയിച്ചുകഴിഞ്ഞിട്ടുള്ള കഴ്ത്താലിക്കാമതത്തെപ്പറ്റി അവർ അവധാനപൂർവം പഠിച്ചിട്ടില്ലെന്നുള്ളതു വിലപനീയമാണ്. പ്രോട്ടസ്റ്റൻറു ഗ്രന്ഥങ്ങളിലൂടെയാണ് അവർ ക്രിസ്തുമതത്തെ അടുത്തറിഞ്ഞിട്ടുള്ളതു്. അതിനാൽ ഹിന്ദുമതവുമായി അവർ താരതമ്യപ്പെടുത്തുന്ന ക്രിസ്തുമതം യഥാർത്ഥക്രിസ്തുമതമല്ല, പ്രത്യുത, യഥാർത്ഥമെന്ന് അവർ ധരിച്ചുവച്ചിരിക്കുന്ന ഒരു കൃത്രിമക്രിസ്തുമതമാണ്. അതിനാൽ ഹിന്ദുക്കളുടെ ഈ

താരതമ്യപഠനത്തെപ്പറ്റി രണ്ടു വാക്കു പറയുന്നതു് അസ്ഥാനത്താകയില്ലെന്നു കരുതുന്നു.

ഈ താരതമ്യപഠനത്തിൽ തത്ത്വങ്ങളെ തത്ത്വങ്ങളുമായിട്ടാണു തട്ടിച്ചു നോക്കേണ്ടതു്; അല്ലാതെ ആളുകളെ ആളുകളുമായിട്ടല്ല. ഒരു മതത്തിന്റെ ഔന്നത്യം അളക്കുന്നതിനുള്ള തോതു് അതിന്റെ അനുയായികളുടെയെല്ലാം ജീവിതവൈശിഷ്ട്യമല്ല. കാരണം, ജീവിതവും ആദർശവും എപ്പോഴും പൊരുത്തപ്പെട്ടു നില്ക്കണമെന്നില്ല. ആദർശം കൂടുതൽ ഉന്നതമാകുന്തോറും അതിനെ പ്രായോഗികജീവിതത്തിലേക്കു പകർത്തുവാനുള്ള വിഷമതയും വർദ്ധിച്ചുവരും. തന്മൂലം ചില ക്രിസ്ത്യാനികൾ ആദർശത്തിൽനിന്നു വ്യതിചലിച്ചു പോകുന്നതിൽ വിസ്മയിക്കുവാനില്ല. "സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ പരിപൂർണ്ണനായിരിക്കുകയാണു്", ഓരോ ക്രിസ്ത്യാനിയുടെയും ആദർശം. എങ്കിലും നൈസർഗ്ഗികമായ ബലഹീനതയാൽ ആ പരിപൂർണ്ണതയിൽ മുഴുവനായി എത്തിച്ചേരുവാൻ പലർക്കും സാധിച്ചില്ലെന്നു വരാം. എങ്കിലും ആ പരിപൂർണ്ണത പ്രാപിക്കുവാനുള്ള മാർഗ്ഗത്തെ അവലംബിക്കുകയും അതിനായി ശ്രമിക്കുകയുമാണു മനുഷ്യരുടെ കർത്തവ്യം. അതിനാൽ തത്ത്വങ്ങളെ മാത്രം ആധാരമാക്കി നമുക്കു് ഈ താരതമ്യപഠനം നടത്താം.

ഈശ്വരൻ

ക്രിസ്തുമതം ഈശ്വരനെപ്പറ്റി നല്കുന്ന പ്രബോധനത്തിന്റെ സംഗ്രഹം ഇവിടെ ചേർക്കാം. ഈശ്വരൻ ചിത്സ്വരൂപനും സകലഗുണസമ്പൂർണ്ണനും പ്രപഞ്ചത്തിന്റെ സൃഷ്ടാവും നിയന്താവും സർവ്വാന്തര്യാമിയും സർവ്വാതിരിക്തനും നിയമദാതാവും ധാർമ്മികതയുടെ സ്രോതസ്സും ആണു്. സർവ്വോപരി, അവിടുന്നു സ്നേഹമൂർത്തിയായ ഒരു പിതാവാണു്. ഉണ്ടാകുവാനിരുന്ന മനുഷ്യരോടുള്ള അനന്തസ്നേഹത്താൽ അവിടുന്നു് ഈ ലോകത്തെ സൃഷ്ടിച്ചു; ആ സ്നേഹം ബാഹ്യമായി

പ്രകടിപ്പിക്കുന്നതിനും മനുഷ്യരെ തന്നോടു നിത്യമായി ഐക്യപ്പെടുത്തുന്നതിനും മനുഷ്യനായി അവതരിച്ചു മനുഷ്യർക്കു വേണ്ടി ക്രൂരമരണം കൈവരിച്ചു.

ഈശ്വരനെപ്പറ്റി ഗഹനവും ഉത്കൃഷ്ടവുമായ അനേകം ആശയങ്ങൾ ഹിന്ദുമതത്തിലുണ്ടെന്നു നാം മുമ്പു പ്രസ്താവിച്ചുവല്ലോ. അവിടുത്തെ അനന്തതയും സർവ്വശക്തതയും സർവ്വവ്യാപിതവും വളരെ വ്യക്തമായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഈശ്വരനു പ്രപഞ്ചത്തോടുള്ള ബന്ധം ശരിയായി പ്രകാശിപ്പിക്കപ്പെട്ടിട്ടില്ല. ഒരിക്കൽ ഈശ്വരൻ പ്രപഞ്ചത്തിന്റെ നിർമ്മാതാവായാണു സങ്കല്പിക്കപ്പെടുന്നതെങ്കിൽ മറ്റൊരിക്കൽ അതിന്റെ നിർമ്മാണവസ്തുവായിട്ടാണ്. ചിലേടത്തു ദൈവവും ലോകവും ഒന്നാണെന്നു പറയുന്നു; മറ്റുചിലേടത്തു രണ്ടെന്നും. ധ്രുവാന്തരമുള്ള ഈ അനുമാനങ്ങൾ എങ്ങനെയാണ് ഒന്നിച്ചു നിൽക്കുക?

പ്രപഞ്ചം അനിത്യമാകയാൽ നിത്യനായ ഈശ്വരനെ ആശ്രയിച്ചല്ലാതെ അതിനു നില്ക്കുവാൻ തരമില്ല. അതേ സമയം പരിമിതിയും അവസ്ഥാന്തരവുമുള്ള പ്രപഞ്ചവും അപരിമിതനും അവ്യയനുമായ ദൈവവും എങ്ങനെയാണ് ഒന്നായിരിക്കുക സാധ്യമാകുന്നതു?

ദൈവം മനുഷ്യകുലത്തിന്റെ വത്സലപിതാവാണെന്നു ക്രിസ്തുമതം മാത്രമേ പഠിപ്പിക്കുന്നുള്ളൂ. ലോകപിതാവായ ദൈവത്തിന്റെ അപരിമേയമായ ഈ മനുഷ്യസ്നേഹമാണു ലക്ഷാപിലക്ഷം വീരാത്മാക്കൾക്ക് അശ്രുതപൂർവ്വവും അന്യാദൃശവുമായ അനേകമനേകം ത്യാഗങ്ങൾക്കും ധീരകൃത്യങ്ങൾക്കും പ്രചോദനം നല്കിയതു്.

വിഷ്ണുവിന്റെ അവതാരമെന്നു സങ്കല്പിക്കപ്പെടുന്ന ശ്രീകൃഷ്ണൻ ഹിന്ദുക്കളെ പല ഉത്കൃഷ്ടതത്ത്വങ്ങളും പഠിപ്പിച്ചതായി പുരാണമുണ്ട്. എന്നാൽ വിഷ്ണുവിന്റെ അ

വതാരമായ ഒരു കൃഷ്ണൻ ഉണ്ടായിരുന്നതായി കവികളുടെ ഭാവനയിലല്ലാതെ ചരിത്രത്തിൽ ഒരു രേഖയും കാണുന്നില്ല. കൃഷ്ണന്റെ അവതാരകഥ ഏതാണ്ടിങ്ങനെ സംഗ്രഹിക്കാം.

ക്രിസ്തീയയുഗത്തിന് ഏതാനും ശതാബ്ദങ്ങൾക്കുമുമ്പു വൈദികബ്രാഹ്മണമതവും ആരാധനാവിധികളും സാധാരണ ജനങ്ങൾക്ക് അപ്രാപ്യവും ദുർവഹവും ആയിത്തീർന്നു. ആ ദശാസന്ധിയിലാണു ജൈനമതവും ബുദ്ധമതവും അവിർഭവിച്ചതും ഇൻഡ്യയിൽ പ്രചരിച്ചതും. ഇതു വേദബ്രാഹ്മണമതത്തിന്റെ അധഃപതനത്തിനു കാരണമായിത്തീർന്നു. ഇതു മനസ്സിലാക്കിയ ഹൈന്ദവപണ്ഡിതന്മാർ തങ്ങളുടെ മതത്തെ ഒന്നടച്ചുവാർത്തു പരിഷ്കരിക്കുന്നതിനു ബദ്ധപ്പെട്ടു. ഇതിനുവേണ്ടി പഴയ വൈദികവിശ്വാസങ്ങളേയും പുതിയ മതസിദ്ധാന്തങ്ങളേയും അവർ പരിശോധിച്ചു. തത്ഫലമായി യാദവകുലത്തിൽപ്പെട്ടവർ ഏകദൈവവിശ്വാസികളായിരുന്നുവെന്നും അവർക്കു കൃഷ്ണൻ എന്നു പേരോടുകൂടിയ ഒരു ധീരനേതാവുണ്ടായിരുന്നതായി അവർ വിശ്വസിച്ചിരുന്നുവെന്നും അവർക്കു മനസ്സിലായി. ഏകദൈവവിശ്വാസം സാധാരണജനങ്ങളെ ആകർഷിക്കുമെന്ന് അവർ അനുമാനിച്ചു. പുരുഷോത്തമനായ ഈ ദൈവം മനുഷ്യരുടെ കാര്യത്തിൽ തത്പരനാണെന്നും ഭൂമിയിൽ പ്രത്യക്ഷപ്പെട്ടുപോലും അവരെ സഹായിക്കുമെന്നും ഭാരതീയജനത വിശ്വസിക്കുവാൻ തുടങ്ങി. ഈ വിശ്വാസമായിരിക്കണം കൃഷ്ണാവതാരകഥ നിർമ്മിക്കുന്നതിനു ഹൈന്ദവപണ്ഡിതന്മാരെ പ്രേരിപ്പിച്ചതു്. ഇതിലേക്കാവശ്യമായ ഇതിഹാസങ്ങളും ഐതിഹ്യങ്ങളും അവർ ശേഖരിക്കുകയും നവമായി പലതും എഴുതിയുണ്ടാക്കുകയും ചെയ്തു.

ഉപനിഷത്തിൽ തത്ത്വചിന്തകനായ ഒരു വിദ്യാർത്ഥിയായി പ്രത്യക്ഷപ്പെടുന്ന കൃഷ്ണനും മഹാഭാരതത്തിൽ അർജ്ജുനന്റെ തേരു തെളിക്കുന്ന കൃഷ്ണനും മുൻപറഞ്ഞ യാദവകുലനേതാവു തന്നെയാണെന്ന് അവർ പ്രചരിപ്പിക്കുവാൻ

തുടങ്ങി. മഹാഭാരതത്തിലെ ഗീതോപദേശത്തിന്റെ ഘട്ടമാകുമ്പോഴേക്കും കൃഷ്ണൻ ഒരു ദേവനായി ഉയർത്തപ്പെടുന്നു. ഒരു യദുവീരനായിമാത്രം പ്രത്യക്ഷപ്പെടുന്ന കൃഷ്ണൻ ഒരു ഉപദേവനായും ഒടുവിൽ ഈശ്വരാവതാരമായും പടിപടിയായി ഉയർത്തപ്പെടുന്നതു മഹാഭാരതത്തിൽനിന്നു വ്യക്തമാണു്.

സഹോദരസ്നേഹം

ഹിന്ദുമതവും ക്രിസ്തുമതവും സഹോദരസ്നേഹം അനുശാസിക്കുന്നുണ്ടു്. പക്ഷേ, അതിന്റെ പിന്നിലുള്ള പ്രേരകശക്തി ഇരുമതങ്ങളിലും ഭിന്നമാണു്. ഒരു ഹിന്ദു അയൽക്കാരനെ തന്റെ തുല്യനായും പ്രതിച്ഛായയായും സ്നേഹിതനായും കാണുന്നു. ഒരു വാക്കിൽ പറഞ്ഞാൽ സ്വന്തം പ്രകൃതിതന്നെയാണു് അയാൾ അയൽക്കാരനിൽ ദർശിക്കുന്നതു്. അതിനാൽ ആ സ്നേഹം വികാരാത്മകവും വാസനാജന്യവുമാണു്. വികാരത്തിന്റെ തീക്ഷ്ണത അസ്തമിക്കുമ്പോൾ ആ സ്നേഹവും നശിക്കുന്നു. അതായതു്, അതു് അസ്ഥിരവും ചഞ്ചലവുമാണു്. തന്നെയുമല്ല, പ്രകൃതിസഹജവും ശാരീരികവുമായ ഗുണങ്ങളെ ആസ്പദമാക്കിയുള്ളതാകയാൽ അതു വെറും സാമൂഹികമാണു്. അതിനു് ആദ്ധ്യാത്മികമായ ഒരു വിലയില്ല. ലൗകികമായ ഒരു ഔചിത്യബോധംമാത്രമാണു പരസ്നേഹത്തിനു പ്രചോദനം നൽകുന്നതു്.

എന്നാൽ ഒരു ക്രിസ്ത്യാനിക്കു പരസ്നേഹം ദൈവകല്പനയാണു്, ധാർമ്മികകർത്തവ്യമാണു്. അതിനാൽ അതിന്റെ ലംഘനം അവന്റെ അന്തഃകരണത്തെ സ്പർശിക്കുന്നു. ക്രിസ്ത്യാനി സ്വന്തം ഛായമാത്രമല്ല അയൽക്കാരനിൽ കാണുന്നതു്, പ്രത്യുത, ദൈവത്തിന്റെ ഛായയും അവൻ ദർശിക്കുന്നു. ദൈവത്തിന്റെ പ്രതിഫലനമാണു് അയൽക്കാരൻ. അതിനാൽ ദൈവത്തെ സ്നേഹിക്കുന്ന ഒരുവൻ അവന്റെ അയൽക്കാരനെയും സ്നേഹിക്കണം. ആ സ്നേഹം ദൈവത്തെപ്രതിയു

ള്ളതാണ്. തന്മൂലം ക്രൈസ്തവപരസ്നേഹം പ്രകൃത്യതീതവും സാവ്വലൗകികവും സുസ്ഥിരവുമാണ്. സഹോദരസ്നേഹത്തിൽ ഒരു ഹിന്ദു വിമുഖനായിത്തീർന്നാൽ അവനെ മനസ്സാക്ഷി പഴിച്ചെന്നു വരികയില്ല. എന്നാൽ ശത്രുവിനെപ്പോലും സ്നേഹിക്കണമെന്നാണു ക്രിസ്ത്യാനിക്കുള്ള കല്പന.

പോരെങ്കിൽ പരസ്നേഹത്തിനു ഉത്തേജനം നല്കുന്ന ഒരു ദിവ്യവാഗ്ദാനവുമുണ്ട്. "ചെറിയവരായ എന്റെ ഈ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കു തന്നെയാകുന്നു ചെയ്തതു്". (മത്തായി 25 40). പരസ്നേഹത്തിനു് ഇതിലും മഹത്തായ ഒരു പ്രേരകശക്തി എന്താണുള്ളതു്? ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും ശാശ്വതസ്മാരകങ്ങളായി ഇന്നു ലോകമെങ്ങും പരിലസിക്കുന്ന അനേകസഹസ്രം ആതുരശാലകളുടെയും അഗതിമന്ദിരങ്ങളുടെയും കുഷ്ഠരോഗാലയങ്ങളുടെയും വിദ്യാകേന്ദ്രങ്ങളുടെയും പിന്നിൽ നാം കാണുന്നതു് ഈ ക്രിസ്തീയ സാഹോദര്യമല്ലാതെ മറെറാന്നുമല്ല. ക്രിസ്തുവിനെപ്രതി വീടും നാടുംവിട്ടു്, ഭൗതികസുഖൈശ്വര്യങ്ങളെ തൃണവൽഗണിച്ചു്, വിദൂരദേശങ്ങളിലും ദ്വീപാന്തരങ്ങളിലും കടന്നു മനുഷ്യരുടെ കഷ്ടപ്പാടും യാതനയും ലഘൂകരിക്കുന്നതിനുവേണ്ടി ജീവാർപ്പണം ചെയ്തിരിക്കുന്ന സ്ത്രീപുരുഷന്മാരുടെ സംഖ്യ ഗണനാതീതമാണു്. നിസ്സ്വാർത്ഥതയുടേയും ആത്മപരിത്യാഗത്തിന്റെയും ഇത്തരം വീരമാതൃകകൾ വേറെ ഏതു മതത്തിലാണു് ഉള്ളതു്?

ഉത്കൃഷ്ടതത്വങ്ങളുടെ ഭാണ്ഡാരം

ലോകത്തിൽ ഇന്നുള്ള സകല മതങ്ങളേയും സൂക്ഷ്മം പരിശോധിച്ചതിന്റെ ഫലമായി ബ്രന്നർ, ഷെൽ, മോഹലർ, വിൽഫ്രെഡ്, സീബഗ്ഗ്, റിഷൽ മുതലായ പ്രശസ്തചിന്തകന്മാർ ക്രിസ്തുമതമാണു സർവ്വോത്കൃഷ്ടം എന്ന തീരുമാനത്തിൽ എത്തിച്ചേർന്നു. അവരുടെ അഭിപ്രായത്തിൽ ഏറ്റവും പരിപൂ

ണ്ണമായ മതം ഇതാണ്. ദിവ്യവും മാനുഷികവുമായ ശക്തികം ഒന്നുചേർന്ന രൂപം കൊട്ടത്ത ഏറ്റവും സുന്ദരവും ശ്രേഷ്ഠവുമായ പുഷ്പമാണിത്. നല്ലതായി മറ്റു മതങ്ങളിൽ എന്തെല്ലാമുണ്ടോ അതെല്ലാം അതിന്റെ പരിപൂർണ്ണതയിൽ ഇതിലുണ്ട്. ഒറ്റവാക്കിൽ പറഞ്ഞാൽ ക്രിസ്തുമതം സകല മതങ്ങളുടേയും പൂർത്തീകരണമാണ്. ക്രിസ്തുമതത്തിലില്ലാത്ത മഹത്തായ ഒരാശയവും മറ്റുമതങ്ങളിലില്ല. ആശയങ്ങളിലുള്ള ഈ സാവ്വലൗകികതയും പരിപൂർണ്ണതയും ക്രിസ്തുമതത്തെ മറ്റെല്ലാമതങ്ങളുടേയും മുന്നണിയിൽ നിറുത്തുന്നു.

എല്ലാമതങ്ങളിലും കാണുന്ന നല്ല ആശയങ്ങൾ ക്രിസ്തുമതം ഉൾക്കൊള്ളുന്നുവെന്ന പറയുമ്പോൾ അവയെ ഓരോ മതത്തിൽനിന്നും തേടിപ്പിടിച്ചു ശേഖരിച്ചു വച്ചിരിക്കുന്നുവെന്നല്ല അർത്ഥം. അവയെല്ലാം ക്രിസ്തുമതത്തിനു സ്വന്തമായുണ്ടെന്നാണു വിവക്ഷ. എന്നാൽ ഇപ്പറഞ്ഞവ മാത്രമല്ല ക്രിസ്തുമതത്തെ മറ്റെല്ലാമതങ്ങളിൽനിന്നും വേർതിരിച്ചു നിറുത്തി അന്യാദൃശമാക്കുന്നത്. യാതൊരുമതത്തിനും അവകാശപ്പെടാൻ കഴിയാത്ത ഒരു സവിശേഷതയുണ്ട് ക്രിസ്തുമതത്തിന്: ദൈവത്തിന്റെ നേരിട്ടുള്ള വെളിപാട്. ഇതിനെ ശാസ്ത്രീയമായി തെളിയിക്കുന്നതിനുമുമ്പു വിമർശകന്മാർ ഉന്നയിച്ചേക്കാവുന്ന ഒരാക്ഷേപത്തിനു സമാധാനം പറയേണ്ടിയിരിക്കുന്നു.

എല്ലാമതങ്ങളും ദൈവം വെളിപ്പെടുത്തിയതാണോ?

ചരിത്രം ഒന്നു പരിശോധിക്കുക. ഏതു മതമാണു സ്വന്തമായി തീർത്ഥദർശികളും പ്രവാചകന്മാരും ദിവ്യാചാര്യന്മാരും ഉണ്ടെന്നു പറയാത്തത്? പല മതക്കാരും വിശ്വസിക്കുന്നുണ്ട് അവതാരങ്ങളിലും ദിവ്യദർശനങ്ങളിലും. എന്നാൽ ഇവയെല്ലാം യഥാർത്ഥമോ? ഏതു മതമാവിനുവേണമെങ്കിലും സത്യങ്ങൾ വെളിപ്പെടുത്തിക്കൊടുക്കുവാൻ ദൈവത്തിനു കഴിയും.

പ്രസാദവരം ദൈവം ആർക്കും നിഷേധിക്കുന്നില്ല; മനുഷ്യൻ അതിന്റെ പ്രവാഹത്തിനു പ്രതിബന്ധമുണ്ടാക്കാതിരുന്നാൽ മതി.

ക്രിസ്തു ലോകത്തിലേക്കു വരുന്നതിനു വളരെക്കാലം മുമ്പുതന്നെ മനുഷ്യാവതാരരഹസ്യം വിജാതീയരുടെ പല തല മുറകൾക്കും വെളിപ്പെട്ടുകിട്ടിയിരുന്നുവെന്നാണു തോമസ് അക്വീനാസിന്റെയും മറ്റു ക്രൈസ്തവചിന്തകന്മാരുടെയും അഭിപ്രായം. വിശുദ്ധ പൗലോസിന്റെ വാക്കുകളും ഇതിനെ കൂടുതൽ വ്യക്തമാക്കുന്നു. "ദൈവം പണ്ടു നമ്മുടെ പിതാക്കന്മാരോടു് എല്ലാപ്രകാരത്തിലും എല്ലാവിധത്തിലും പ്രവാചകന്മാർമുഖേന സംസാരിച്ചു. ഈ അവസാനനാളുകളിൽ . . . . തന്റെ പുത്രൻമുഖേന അവൻ നമ്മോടു സംസാരിച്ചിരിക്കുന്നു. (ഹീബ്രു 1–1, 2).

മതബോധം അന്ധാനുഷ്ഠാനമായിരുന്ന കാലഘട്ടങ്ങളിൽപ്പോലും മനുഷ്യന്റെ ചിന്ത ഉത്കൃഷ്ടമായ എന്തോ ഒന്നിലേക്കു് ഉയർന്നുകൊണ്ടിരുന്നുവെന്നു മതചരിത്രം തെളിയിക്കുന്നു. ശ്രേഷ്ഠമായ ആത്മീയവികാരങ്ങളാൽ പ്രചോദിതരായ വ്യക്തികളേയും സംഘങ്ങളേയും ഏതുമതത്തിലും കണ്ടുമുട്ടുന്നു. പ്രകൃത്യതീതമായ പ്രകാശത്തിന്റെ രശ്മികളും മനുഷ്യജീവിതത്തെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്തിരുന്നുവെന്നുള്ളതു നിർവ്വിവാദമാണു്.

പക്ഷേ സകല മതങ്ങളും ഒരേ ഈശപ്രാവിഷ്കരണത്തിന്റെ വിവിധ രൂപങ്ങളാണെന്നും എല്ലാ പ്രവാചകന്മാരും ആചാര്യന്മാരും ഒരേ മൗലികസത്യത്തെ പല തരത്തിൽ വ്യാഖ്യാനിക്കുന്നവരാണെന്നും വിധിക്കുന്നതു് അസ്ഥാനത്തായിരിക്കും. ഇങ്ങനെ ഒരനുമാനത്തിനു ചരിത്രത്തിലോ തത്ത്വശാസ്ത്രത്തിലോ അധിഷ്ഠാനമില്ല. ഭിന്നമതങ്ങളിൽ വെറും സാമാന്യമായ വ്യത്യാസമല്ല, തത്ത്വപരമായ വൈപരീത്യങ്ങളും നാം കാണുന്നുണ്ടു്. അതായതു്, പ്രബോധനരീതിയിലല്ല,

പ്രബോധനത്തിലാണു വ്യത്യാസം. ഉദാഹരണമായി ചില മതങ്ങൾ ഈശ്വരനെ പുരുഷാത്മകനായി സങ്കല്പിക്കുന്നു. മറ്റു മതങ്ങൾ നേരെ മറിച്ചും. പുരുഷാത്മകം എന്ന വാക്ക് ഒരേ അർത്ഥത്തിലാണ് ഇരുകൂട്ടരും വിവക്ഷിക്കുന്നതും. പ്രപഞ്ചം ഈശ്വരസത്തയാണെന്ന് ഒരു ക്രൂട്ടർ വാദിക്കുമ്പോൾ അതു് ഈശ്വരനാൽ ഇല്ലായ്മയിൽനിന്നു സൃഷ്ടിക്കപ്പെട്ടതാണെന്നു വേറൊരു ക്രൂട്ടർ വാദിക്കുന്നു. ചിലർ പുനർജ്ജന്മവാദം മുറുകെപ്പിടിക്കുമ്പോൾ മറ്റു ചിലർ അതിനെ അപ്പടി നിഷേധിക്കുന്നു. കൃഷ്ണനെ അവതാരപുരുഷനായി മാത്രമേ മറ്റു മതങ്ങൾ പരിഗണിക്കുന്നുള്ളൂ. ഒരേ ദൈവത്തെക്കുറിച്ചു്, അഥവാ ഒരേ സത്യത്തെക്കുറിച്ചു് ഉള്ള ഈ വിരുദ്ധാഭിപ്രായങ്ങളെല്ലാം എങ്ങനെ ശരിയായിരിക്കും?

ഇന്നു പലരും ആവർത്തിച്ചാവർത്തിച്ചു് ഉരുവിടുന്ന ഒരു പല്ലവിയുണ്ടു്: എല്ലാ നദികളും സമുദ്രത്തിൽ ചേരുന്നതുപോലേയും പല വഴികളും ഒരു പർവ്വതത്തിലേക്കു നമ്മെ എത്തിക്കുന്നതുപോലേയും എല്ലാമതങ്ങളും നമ്മെ ഈശ്വരനിലേയ്ക്കു നയിക്കുന്നു. ഈ ഉപമയ്ക്കു് എന്തു പ്രസക്തിയാണുള്ളതു് എന്നു മനസ്സിലാകുന്നില്ല. ഇതിൽനിന്നു യുക്തിപൂർവകമായ എന്തെങ്കിലും അനുമാനത്തിൽ നാം എത്തിച്ചേരുന്നുണ്ടോ?

എല്ലാനദികളും ഒരു സമുദ്രത്തിലല്ല ചെന്നു ചേരുന്നതു്. ചില നദികൾ സമുദ്രത്തിൽ ചേരുന്നേയില്ല. ചില തടാകങ്ങളും മരുഭൂമികളുമാണു് അവയുടെ അന്ത്യം. സമുദ്രത്തിനു നേരെ എതിരായി ഒഴുകുന്ന ഒരു നദിയുണ്ടെന്നു സങ്കല്പിച്ചാൽ അതു് എവിടെയായിരിക്കും പിഴക്ക? എല്ലാ വഴികളും മലയിൽ ചെന്നു ചേരുന്നുണ്ടോ? വടക്കുള്ള മലയിൽ എത്താൻ നേരെ തെക്കോട്ടുള്ള വഴിയെ നടന്നാൽ സാധിക്കുമോ? മലയ്ക്കു ചുറും ഒരു വഴിയുണ്ടെങ്കിൽ അതിൽക്കൂടി നടന്നാൽ മലയിൽ എത്തുമോ? പ്രകൃതിനിയമമനുസരിച്ചു നദികൾ ചരിഞ്ഞ പ്രദേശങ്ങളിലേക്കു ഒഴുകുന്നു. അങ്ങനെ ഒഴുകിയേ മതിയാവൂ താനും.

എന്നാൽ മതങ്ങളെല്ലാം മനുഷ്യനെ ദൈവത്തിങ്കലേയ്ക്കു നയിക്കണമെന്നുണ്ടോ? എല്ലാമതത്തിനും അങ്ങനെ ഒരു ചാച്ചിൽ ദൈവം കൊടുത്തിട്ടുണ്ടോ? ഉണ്ടെന്നു തെളിയിക്കുവാൻ എല്ലാ മതങ്ങൾക്കും സാധിക്കുമോ? അതിനുള്ള ദിവ്യസാക്ഷ്യങ്ങൾ അവതരിപ്പിക്കുവാൻ എല്ലാമതങ്ങൾക്കും കഴിയുമോ? ഇല്ലെങ്കിൽ എല്ലാമതവും ശരിയാണെന്നു പറയാമോ? എല്ലാമതങ്ങളും ശരിയാണെന്നു പറയുന്നവർ ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരം നല്കേണ്ടതാണ്.

ഇനി ക്രിസ്തുമതത്തെപ്പറ്റിയുള്ള ചർച്ചയിലേക്കു പ്രവേശിക്കാം.



അധ്യായം പതിനാലു

ക്രിസ്തുമതം—ഒരു ശാസ്ത്രീയനിരൂപണം

നാം മുമ്പു പറഞ്ഞിട്ടുള്ളതുപോലെ, ഇതരമതങ്ങളിലുള്ള സകല സനാതനസത്യങ്ങളും സമഗ്രമായും സമ്യക്കായും സമ്മേളിച്ചിട്ടുണ്ടു ക്രിസ്തുമതത്തിൽ എന്നു പ്രശസ്തചിന്തകന്മാർ അഭിപ്രായപ്പെട്ടുന്നു. പക്ഷേ ഈ പ്രശംസയൊന്നും ക്രിസ്തുമതത്തിന്റെ ഒരു നിർവ്വചനമാകുന്നില്ല. പിന്നെ എന്താണു് ക്രിസ്തുമതം? ചരിത്രം സാക്ഷ്യം നല്കുന്ന ഏക മനുഷ്യാവതാരംവഴി ദൈവം നേരിട്ടു വെളിപ്പെടുത്തിയ മതമാണു ക്രിസ്തുമതം. യേശുവാണു് ആ അവതാരപുരുഷൻ. ഈ പ്രസ്താവത്തിൽ മൂന്നു സംഗതികൾ തെളിയിക്കപ്പെടേണ്ടതായിട്ടുണ്ടു്.

ഒന്ന്: ക്രിസ്തു ഒരു യഥാർത്ഥ ചരിത്രപുരുഷനാണ്.
രണ്ട്: ക്രിസ്തു വാസ്തവത്തിൽ ഈശ്വരാവതാരമാണ്.
മൂന്ന്: ക്രിസ്തു തന്റെ ദിവ്യമതം മനുഷ്യരെ പഠിപ്പിച്ചു.

ഇവ മൂന്നും വിമർശകന്മാർ ശാസ്ത്രീയമായി തെളിയിച്ചിട്ടുണ്ട്. ആ തെളിവുകളിലേയ്ക്കു ചുരുക്കത്തിൽ നമുക്കൊന്നു കണ്ണോടിക്കാം.

1. ക്രിസ്തു ഒരു ചരിത്രപുരുഷനാണ്

ക്രിസ്തു ഒരു ചരിത്രപുരുഷനാണെന്നുള്ളതിന് അസന്ദിഗ്ദ്ധമായ തെളിവുകൾ നല്കുന്നുണ്ടു സുവിശേഷങ്ങൾ. ഈ സുവിശേഷങ്ങളിൽ ആദ്യത്തെ മൂന്നും ക്രിസ്താബ്ദം എഴുപതിനുമുമ്പും നാലാമത്തേതു തൊണ്ണൂറിനോടടുത്തും രചിക്കപ്പെട്ടവയാണെന്നും ഇവ അകൃത്രിമചരിത്രരേഖകളാണെന്നും ഇന്നത്തെ നിരൂപകന്മാരെല്ലാം സമ്മതിക്കുന്നുണ്ട്. അതിനാൽ സുവിശേഷങ്ങളുടെ പ്രാമാണ്യം അനിഷേധ്യമാണ്. എങ്കിലും ക്രിസ്തുമതഗ്രന്ഥങ്ങളെ ഉപേക്ഷിച്ച്, ക്രിസ്ത്വേതരഗ്രന്ഥകാരന്മാർ ക്രിസ്തുവിനെപ്പറ്റി തരുന്ന തെളിവുകൾ എന്തെല്ലാമാണെന്നു പരിശോധിക്കാം. ഇവരുടെ തെളിവുകളായിരിക്കുമല്ലോ വിമർശകന്മാർക്കു കൂടുതൽ സ്വീകാര്യവും.

സ്യൂട്ടോണിയസ്, പ്ലിനി, ടാസിറ്റസ്, ജോസേഫസ് എന്നീ പ്രമുഖഗ്രന്ഥകാരന്മാരുടെ സാക്ഷ്യങ്ങൾ മാത്രം താഴെ ഉദ്ധരിക്കാം. ഇവരിൽ ആദ്യത്തെ മൂന്നുപേർ റോമാസാമ്രാജ്യത്തിലെ ഔദ്യോഗികചരിത്രകാരന്മാരും ജോസഫസ് യഹൂദന്മാരുടെ സർവ്വസമ്മതനായ ചരിത്രകാരനും ആണ്.

സ്യൂട്ടോണിയസ് ട്രാജന്റെ ഭരണകാലത്തു (98–117) ജനകീയവിധിയാളനായി ജോലി നോക്കിയിരുന്നു; കൂടാതെ അദ്ദേഹം ഹാഡ്റിയന്റെ കീഴിൽ (117–138) യുദ്ധകാര്യമന്ത്രിസഭയുടെ കാര്യദർശിയുമായിരുന്നു. അദ്ദേഹം രചിച്ച ക്ലോഡി

യസുചക്രവർത്തിയുടെ ചരിത്രത്തിൽ ഇപ്രകാരം പറയുന്നു: "ക്രെസ്തുസിന്റെ പ്രേരണയാൽ പ്രക്ഷോഭണങ്ങളുണ്ടാക്കിയ യഹൂദന്മാരെ അദ്ദേഹം (ക്ലോഡിയസ്) റോമിൽനിന്നു (48 എ. ഡി) ബഹിഷ്കരിച്ചു". ക്രിസ്തുസ് എന്ന നാമത്തിന്റെ തദ്ഭവമാണു ക്രെസ്തുസ് എന്ന രൂപം. ക്രിസ്തുമതം യഹൂദമതത്തിന്റെ ഒരു വിഭാഗമാണെന്നു കരുതപ്പെട്ടിരുന്നതിനാൽ ക്രിസ്തു യഹൂദന്മാരുടേയും നേതാവാണെന്നു സൂട്ടോണിയസ് ധരിച്ചിരുന്നു.

ബിഥിനിയായിലെ ഗവർണ്ണരും നിയമജ്ഞനും ധനകാര്യവിദഗ്ദ്ധനും ഒന്നാംകിടയിൽപ്പെട്ട ഒരു സാഹിത്യകാരനും ട്രാജൻചക്രവർത്തിയുടെ ഉറ്റമിത്രവുമായ പ്ലിനി (Pliny the younger) ക്രിസ്ത്യാനികളെക്കുറിച്ചു ചക്രവർത്തിക്ക് എഴുതുന്നതു് ഇപ്രകാരമാണു്. "ചില നിശ്ചിതദിവസങ്ങളിൽ വെളുപ്പിനു മുമ്പ് എല്ലാവരും ഒന്നിച്ചുകൂടി ക്രിസ്തുവിനു ദൈവത്തിനെന്നോണം സ്തോത്രം പാടിയിരുന്നുവെന്നുള്ളതാണു തങ്ങളുടെ അപരാധം എന്നു് (ക്രിസ്ത്യാനികളെന്ന കുറ്റത്തിനു പിടിക്കപ്പെട്ട പ്ലിനിയുടെ ന്യായാസനത്തിങ്കൽകൊണ്ടുവരപ്പെട്ട ചില ആളുകൾ) വെളിപ്പെടുത്തി." ക്രിസ്തു ഒരു ചരിത്രപുരുഷൻമാത്രമല്ല, ദൈവവുമാണെന്നു് ക്രിസ്ത്യാനികൾ വിശ്വസിച്ചിരുന്നുവെന്നു് ഇതിൽ നിന്നു തെളിയുന്നു.

ക്രിസ്തുവർഷം 116-നോടടുത്തു്, റോമൻ കോടതിയിലെ അഭിഭാഷകപ്രമാണിയും ജൂലിയസ് അഗ്രിക്കോളാ ചക്രവർത്തിയുടെ ജാമാതാവുമായ ടാസിറസ് 'അനാലസ്' എന്ന തന്റെ വിഖ്യാതമായ ഗ്രന്ഥത്തിൽ റോമാദഹനത്തെപ്പറ്റി പ്രസ്താവിക്കുമ്പോൾ ക്രിസ്തുവിനേയും അവിടത്തെ അനുയായികളേയുംപറ്റി പ്രസ്താവിക്കുന്നതിപ്രകാരമാണു്. "അതുകൊണ്ടു് ആ വാർത്ത നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടി വാസ്തവത്തിൽ തെറ്റു ചെയ്തവർക്കു പകരം ക്രിസ്ത്യാനികളെന്നു സാധാരണ അറിയപ്പെട്ടവരെ ഒരുകൂട്ടം ആളുകളെ അപരാധികളാക്കുകയും അത്യന്തപൂർവ്വമായ കഠിനശിക്ഷകൾ അവർക്കു

നല്കുകയുംചെയ്തു. ടൈബേരിയസ്സിന്റെ മരണകാലത്തു പന്തിയോസ് പീലാത്തോസ് എന്ന പ്രവശ്യാധിപനാൽ വധിക്കപ്പെട്ട ക്രിസ്തുവിൽനിന്നുമാണു ക്രിസ്ത്യാനികളെന്ന പേർ അവർക്കു ലഭിച്ചതു്."

ക്രിസ്തുവിന്റെ മരണത്തിനു ഏതാണ്ടു് ഏഴുകൊല്ലത്തിനുശേഷം ജോസേഫസ് ജെറുസലേമിൽ ജനിച്ചു. അദ്ദേഹത്തിന്റെ ജീവചരിത്രം സുവിഖ്യാതമാണു്. എ. ഡി. എഴുപതാമാണ്ടിൽ ജറുസലമിന്റെ വാശത്തോടുകൂടിമാത്രം അവസാനിച്ച യഹൂദപ്രക്ഷോഭണത്തിന്റെ ആരംഭകാലത്തു് അദ്ദേഹം ഗ്ഗീലായിൽ യഹൂദപ്പടയുടെ നേതാവായിരുന്നു. തടവുകാരനായി പിടിക്കപ്പെട്ടുവെങ്കിലും പിന്നീടു് അദ്ദേഹം റോമാക്കാരുടെ മിത്രമായിത്തീരുകയും അവരിൽനിന്നു പെൻഷൻ പററിക്കൊണ്ടു ചരിത്രമെഴുത്തു് ആരംഭിക്കുകയുംചെയ്തു; "യഹൂദജനതയുടെ പുരാതനകാലങ്ങൾ (Antiquities of the Jews) എന്ന വിഖ്യാതമായ ഗ്രന്ഥത്തിൽ ക്രിസ്തുവിനെക്കുറിച്ചു് അദ്ദേഹം ഇപ്രകാരം പ്രസ്താവിക്കുന്നു. "ഈ കാലഘട്ടത്തിൽ ഈശോ എന്ന പേരോടുകൂടി ജ്ഞാനിയായ ഒരു മനുഷ്യൻ ജീവിച്ചിരുന്നു. അദ്ദേഹത്തെ മനുഷ്യനെന്നു വിളിക്കുക തന്നെ പ്രയാസം; എന്തുകൊണ്ടെന്നാൽ അത്ഭുതപ്രവർത്തകനും, സന്തോഷത്തോടെ സത്യത്തെ സ്വീകരിക്കുന്നവരുടെ ആചാര്യനുമായിരുന്നു അദ്ദേഹം. അദ്ദേഹം ക്രിസ്തുവായിരുന്നു. ഞങ്ങളുടെ കൂട്ടത്തിലുള്ള പ്രമാണികളുടെ നിർദ്ദേശത്തിനു വഴിപ്പെട്ട പീലാത്തോസ് അദ്ദേഹത്തെ കുരിശിൽ തൂക്കുവാൻ വിധിച്ചുവെങ്കിലും അദ്ദേഹത്തെ സ്നേഹിച്ചിരുന്നവർ അദ്ദേഹത്തെ ഉപേക്ഷിച്ചില്ല. മൂന്നാംദിവസം അദ്ദേഹം ഉയിർത്തു് അവർക്കു പ്രത്യക്ഷനായി. അദ്ദേഹത്തിന്റെ പുനരുത്ഥാനത്തെക്കുറിച്ചും മററനേകായിരം അത്ഭുതസംഭവങ്ങളെക്കുറിച്ചും ദിവ്യദീർഘദർശിമാർ പ്രവചിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നാമത്തിൽനിന്നു ക്രിസ്ത്യാനികൾ എന്ന പേരു ലഭിച്ച ആ വർഗ്ഗക്കാർ ഇന്നും നിലനിന്നുപോരുന്നു."

ഈ ജോസേഫൂസിന്റെ സാക്ഷ്യം അപ്രാമാണികമാണെന്നു ചിലർ പറയുന്നുണ്ടെങ്കിലും തെളിവുസഹിതം അതു നിഷേധിക്കുവാൻ ഇന്നുവരെ ആർക്കും കഴിഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ കൃതിയുടെ ഒരൊറ്റ കൈയെഴുത്തു പ്രതിയിൽപ്പോലും മേലുദ്ധരിച്ച ഭാഗം ഉപേക്ഷിക്കപ്പെട്ടിട്ടില്ല. ആറാംനൂറ്റാണ്ടിനുമുമ്പുള്ള യാതൊരു ഗ്രന്ഥകാരനും ഇതു നിഷേധിക്കുകയോ ഇതിനെപ്പറ്റി സംശയിക്കുകയെങ്കിലുമോ ചെയ്തിട്ടില്ല. പ്രശസ്തയവനചരിത്രകാരനായ എവുസേബിയസ് എ. ഡി. 325-ൽ പ്രസിദ്ധംചെയ്ത തന്റെ "ക്രിസ്തുസഭാചരിത്രത്തിൽ ജോസേഫൂസിന്റെ വാക്യങ്ങൾ അതേപടി ഉദ്ധരിച്ചിട്ടുണ്ട്. എവുസേബിയസ് അക്കാലത്തെ ഗ്രന്ഥപ്രണയികളിൽ അഗ്രഗണ്യനായിരുന്നെന്നു പറയാം.

ഇതുപോലുള്ള സാക്ഷ്യങ്ങൾ അനേകം ഉദ്ധരിക്കുവാൻ കഴിയുമെങ്കിലും വിസ്താരഭയത്താൽ ഞങ്ങളതിന് ഒരുമ്പെടുന്നില്ല. നാം മുകളിൽ ഉദ്ധരിച്ച സാക്ഷ്യങ്ങളെല്ലാം നിഷ്പക്ഷമതികളായ ചരിത്രകാരന്മാരുടേതാണ്. ക്രിസ്തുമതത്തോടു് അവരിൽ ആർക്കെങ്കിലും പ്രത്യേകപ്രതിപത്തി ഉണ്ടായിരുന്നെന്ന് ഊഹിക്കുവാൻ ന്യായം കാണുന്നില്ല. ക്രിസ്തുവിന്റേയും ക്രിസ്തുമതത്തിന്റേയും ചരിത്രവാസ്തവികതയ്ക്ക് ഇതിലധികം തെളിവുകൾ ആവശ്യമില്ലല്ലോ.

2. ക്രിസ്തു അവതീർണ്ണനായ ദൈവമാണ്.

ക്രിസ്തു ഒരു യഥാർത്ഥചരിത്രപുരുഷനാണെന്നു നാം തെളിയിച്ചുകഴിഞ്ഞു. ഇനി ഈ ചരിത്രപുരുഷൻ ഒരു മനുഷ്യൻമാത്രമല്ല ദൈവവും കൂടെയാണോ എന്നാണു പരിശോധിക്കേണ്ടതു്. ഒരാളുടെ സ്വഭാവവും അയാൾ ലോകത്തിനു നല്കുന്ന സന്ദേശവും എന്താണെന്ന് അയാളുടെതന്നെ സാക്ഷ്യത്തിൽനിന്നും മറ്റുള്ളവരുടെ സാക്ഷ്യത്തിൽനിന്നും മനസ്സിലാക്കാം. അയാൾ തികഞ്ഞ ആത്മാർത്ഥതയുള്ളവനാണെന്നു തെളിയുന്നപക്ഷം അയാളുടെതന്നെ സാക്ഷ്യത്തിനാണു നാം കൂടുതൽ

വില കല്പിക്കേണ്ടതു്. ക്രിസ്തുവിന്റെ അത്ഭുതത്തെയോ സത്യസന്ധതയേയും നിഷേധിക്കുവാനോ ചോദ്യം ചെയ്യുവാനോ അവിടത്തെ അടുത്തറിഞ്ഞിട്ടുള്ള യാതൊരുവനും സാധിക്കുകയില്ല. കാൻറ്, ഫെഗൽ, സ്പിനോസാ, സ്ട്രാസ്സ്, സ്റ്റുവാർട്ടമിൽ, വോൾട്ടയർ, റെനാൻ, ടൂസ്സോ മുതലായ യുക്തിവാദികർ പോലും ക്രിസ്തുവിന്റെ ജീവചരിത്രം ശ്ലാഘിക്കുമെയി പഠിച്ചുശേഷം അവിടുന്നു് ആത്മാത്ഥതയുടെ മൂർത്തീകരണമായിരുന്നെന്നാണു് അഭിപ്രായപ്പെട്ടതു്. "സോക്രട്ടീസിന്റെ ജീവിതവും മരണവും ഒരു മഹാജ്ഞാനിയുടേതായിരുന്നെങ്കിൽ യേശുക്രിസ്തുവിന്റെ ജീവിതവും മരണവും ഒരു ദൈവത്തിന്റേതായിരുന്നു"വെന്നാണു ടൂസ്സോയുടെ വാക്കുകൾ. ഈ യേശുക്രിസ്തു തന്റെ ശിഷ്യന്മാരുടേയും ജനസഞ്ചയത്തിന്റെയും ശത്രുസൂഥത്തിന്റെയും രാഷ്ട്രീയാധികാരികളുടേയും മതാധികാരികളുടേയും മുമ്പാകെ അസന്ദിഗ്ധമായ ഭാഷയിൽ പ്രസ്താവിച്ചു താൻ ദൈവകുമാരനാണെന്നു്, അഥവാ, ഈശ്വരാവതാരമാണെന്നു്.

ഒരു ദിവസം ഈശോ സെസരിയാ ഫിലിപ്പിയുടെ സമീപത്തുവച്ചു സ്വശിഷ്യരോടു ചോദിച്ചു: "മനുഷ്യപുത്രനായ ഞാൻ ആരാണെന്നാണു ജനങ്ങളും പറയുന്നതു്? അപ്പോൾ അവർ അവിടത്തോടു പറഞ്ഞു: ചിലർ പറയുന്നു സ്നാപകയോഹന്നാനെന്നു്: മറ്റു ചിലർ ഏലിയായെന്നു്: വേറെ ചിലർ ഏറമ്യാ, അഥവാ വേറൊരു ദീർഘദർശി എന്നു്. എന്നാൽ നിങ്ങളോ? ഞാൻ ആരാണെന്നാണു് നിങ്ങളും പറയുന്നതു്? അപ്പോൾ ശീമോൻ പത്രോസ് മറുപടി പറഞ്ഞു: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനാകുന്നു." പത്രോസിന്റെ ഏറ്റുപറച്ചിൽ തെറ്റായിരുന്നെങ്കിൽ തീർച്ചയായും അതു ദൈവദൂഷണമായിരുന്നേനേ. ക്രിസ്തു പത്രോസിനെ ശാസിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ തന്റെ ദൈവത്വം ഏറ്റുപറഞ്ഞ പത്രോസിനെ അവിടുന്നു ശ്ലാഘിക്കുകയാണുണ്ടായതു്. "യോനായുടെ പുത്രനായ ശീമോനേ നീ അനുഗ്രഹീതനാകുന്നു.

ജഡവും രക്തവുമല്ല, പിന്നെയോ സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ ഇതു നിനക്കു വെളിപ്പെടുത്തിയതു്. (മത്താ. xvi. 13–17).

മറെറാരവസരത്തിൽ പിതാവായ ദൈവത്തെ കാണിച്ചു കൊടുക്കുവാൻ ആവശ്യപ്പെട്ട പീലിപ്പോസിനോടു് ഈശോ പറഞ്ഞു: "ഈ കാലമെല്ലാം ഞാൻ നിങ്ങളോടുകൂടി ഇരുന്നിട്ടും പീലിപ്പോസേ, നീ എന്നെ അറിഞ്ഞില്ലയോ? എന്നെ കാണുന്നവൻ പിതാവിനേയും കാണുന്നു . . . . ഞാൻ പിതാവിലും പിതാവു് എന്നിലും ആകുന്നുവെന്നു നീ വിശ്വസിക്കുന്നില്ലേ?" (യോഹ. xiv. 9, 10.)

ക്രിസ്തുവിന്റെ അത്ഭുതപ്രവൃത്തികളും കണ്ടു യഹൂദന്മാർ അവിടത്തോടു ചോദിച്ചു, അവിടുന്നു സാക്ഷാൽ ദൈവത്താൽ അയക്കപ്പെട്ടവനാണോ എന്നു്. "അവരോടു് ഉത്തരമായി ഈശോ അരുളിച്ചെയ്തു. ഞാൻ നിങ്ങളോടു പറഞ്ഞല്ലോ. എങ്കിലും നിങ്ങൾ വിശ്വസിക്കുന്നില്ല. എന്റെ പിതാവിന്റെ നാമത്തിൽ ഞാൻ ചെയ്യുന്ന പ്രവൃത്തികളുതന്നെ എന്നെക്കുറിച്ചു സാക്ഷ്യം നല്കുന്നുണ്ടു്. "ഞാനും എന്റെ പിതാവും ഒന്നാകുന്നു." (യോഹ. x. 25, 26, 30). ഇപ്പറഞ്ഞ സന്ദർഭങ്ങളിലെല്ലാം ക്രിസ്തു വ്യക്തമായും സ്പഷ്ടമായും പറയുന്നുണ്ടു് താൻ ദൈവപുത്രനാണെന്നു്, അതായതു്, മനുഷ്യരക്ഷയ്ക്കുവേണ്ടി അവതരിച്ച ദൈവമാണെന്നു്.

അവസാനമായി, യഹൂദന്മാരുടെ ന്യായാസനത്തിൻമുമ്പാകെ വച്ചും ക്രിസ്തു താൻ ദൈവപുത്രനാണെന്നു പ്രഖ്യാപനം ചെയ്യുന്നു. നിയമജ്ഞന്മാരുടേയും ജനപ്രമാണികളുടേയും സാന്നിദ്ധ്യത്തിൽ പ്രധാനാചാര്യനായ കയ്യഫാസ് ഈശോയോടു ചോദിച്ചു: "അനുഗ്രഹിക്കപ്പെട്ട ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണോ നീ?" അതിനു മറുപടിയായി ഈശോ "ഞാൻ ആകുന്നു" എന്നു പറഞ്ഞു. പീലാത്തോസിന്റെ മുമ്പിൽ വച്ചു ക്രിസ്തുവിനെതിരായി ആവർത്തിച്ചാവർത്തിച്ചുകൊണ്ടുവര

പ്പെട്ടതും അവിടത്തെ മരണശിക്ഷയ്ക്കു വിധേയനാക്കിയതും താൻ ദൈവമാണെന്നുള്ള അവിടത്തെ പ്രസ്താവനയാണു്.

ക്രിസ്തുതന്നെക്കുറിച്ചുതന്നേ നല്കുന്ന ഔദ്യോഗികസാക്ഷ്യങ്ങൾ നാം കണ്ടുകഴിഞ്ഞു. അവിടുന്നു് ഒരു വഞ്ചകനോ വഞ്ചിതനോ ആയിരുന്നില്ല. അതിനാൽ അവിടത്തെ വാക്കുകൾ സർവ്വഥാ വിശ്വസനീയമാണു്. മതഭ്രാന്തനോ അനിയന്ത്രിതമായ വികാരങ്ങൾക്ക് അധീനനോ അകാതെ പ്രശാന്തഗംഭീരനും സർവ്വഗുണസമ്പൂർണ്ണനുമായിട്ടാണ ക്രിസ്തു പ്രത്യക്ഷപ്പെട്ടതു്. സ്ഥാനമാനങ്ങളുടെയും പ്രതാപങ്ങളുടെയും പ്രലോഭനങ്ങളുടെ മുമ്പിൽ അവിടുന്നു് അചഞ്ചലനായിരുന്നു. "എന്നിൽ കുറ്റമാരോപിക്കുവാൻ ആർക്കു കഴിയും?" എന്നു് അവിടുന്നു പ്രതിയോഗികളെ വെല്ലുവിളിച്ചു. യഹൂദരാജാവായ ഹേറോദേസും റോമൻ ഗവണ്മെന്റായ പീലാത്തോസും ക്രിസ്തു നിരപരാധിയാണെന്നു ജനങ്ങളുടെ മുമ്പിൽ ഉദ്ഘോഷിച്ചു. പരമപരിശുദ്ധനായ ക്രിസ്തു വഞ്ചിച്ചുവെന്നു് ഊഹിക്കുവാൻപോലും വഹിയാ.

ഇനിയും, ദൈവത്തിനുമാത്രം ചെയ്യുവാൻ കഴിവുള്ള അനേകം അത്ഭുതകൃത്യങ്ങൾ തന്റെ ദിവ്യത്വത്തെ തെളിയിക്കുവാൻ അവിടുന്നു ചെയ്തതായി അകൃത്രിമ ചരിത്രരേഖകളായ സുവിശേഷങ്ങളിൽ കാണുന്നുണ്ടു്. മരിച്ചവരെ അവിടുന്നു ജീവിപ്പിക്കുന്നു; കുരുടന്മാർക്കു കാഴ്ച നല്കുന്നു; മനുഷ്യൻമാത്രമല്ല നിർജ്ജീവമായ പ്രകൃതിശക്തികൾപോലും അവിടത്തെ അതുല്യമായ ദിവ്യപ്രഭാവത്തിന്റെ മുമ്പിൽ തല കുനിക്കുന്നു; ഒരു ഒരു വാക്കുകൊണ്ടു് അവിടുന്നു വെള്ളം മുന്തിരിച്ചാറായി പ്പകർത്തുന്നു; ഘോരമായ കൊടുങ്കാറ്റു ശമിപ്പിക്കുന്നു; അലറിയിരമ്പുന്ന തിരമാലകൾക്കു മീതെ നടക്കുകയും അപ്രകാരം ചെയ്യുന്നതിനു തന്റെ ശിഷ്യന്മാരിലൊരാളെ ശക്തനാക്കുകയും ചെയ്യുന്നു. ശിഷ്യന്മാരുടെ കൈവശമുണ്ടായിരുന്ന അഞ്ചപ്പവും രണ്ടു മത്സ്യവും വർദ്ധിപ്പിച്ചു് അയ്യായിരം ജനങ്ങളെ തൃപ്തരാക്കുന്നു. ഇവയും മറ്റനേകം അത്ഭുതങ്ങളും ക്രി

സ്തു പ്രവർത്തിച്ചപ്പോഴെല്ലാം പണ്ഡിതന്മാരും പാമരന്മാരും വിശ്വാസികളും അവിശ്വാസികളും ആയ അനേകം ആളുകൾ സന്നിഹിതരായിരുന്നു. അത്ഭുതങ്ങൾ ദർശിച്ചതുമൂലമാണു ജനങ്ങൾ ക്രിസ്തുവിൽ വിശ്വസിച്ചതു്.

യഥാർത്ഥമായ അത്ഭുതങ്ങൾകൊണ്ടു സ്ഥിരീകൃതമായ ഏകമതം ക്രിസ്തുമതം മാത്രമാണു്. ദൈവം അനന്തസത്യവും അനന്തപരിശുദ്ധിയുമാകയാൽ ഒരബദ്ധതത്ത്വം സ്ഥാപിക്കുവാൻവേണ്ടി അവിടുന്നു് അത്ഭുതം പ്രവർത്തിക്കുകയില്ല. അതുകയാൽ അത്ഭുതമാകുന്ന ദിവ്യമുദ്ര പതിഞ്ഞിട്ടുള്ള ഒരു മതം തീർച്ചയായും യഥാർത്ഥമായിരിക്കണം.

3. ക്രിസ്തു തന്റെ ദിവ്യമതം മനുഷ്യരെ പഠിപ്പിച്ചു

നാം അറിയേണ്ട സത്യങ്ങളുടെയും അനുഷ്ഠിക്കേണ്ട ധർമ്മങ്ങളുടെയും സംഹിതയാണു മതം എന്നു ചുരുക്കത്തിൽ പറയാം. ഈശ്വരനെയും മനുഷ്യനെയും മരണാനന്തരജീവിതത്തെയും മറ്റും സംബന്ധിച്ചു് എല്ലാവരും അവശ്യം അറിഞ്ഞിരിക്കേണ്ട അനേകം നിത്യസത്യങ്ങൾ ക്രിസ്തു പഠിപ്പിച്ചു. മനുഷ്യനു തന്നോടുതന്നെയും അയൽക്കാരനോടും ദൈവത്തോടും ഉള്ള കടപ്പാടുകൾ ഏവയെന്നും അവ നിർവഹിക്കേണ്ടതു് എങ്ങനെയെന്നും തന്റെ ദിവ്യപ്രബോധനങ്ങളിൽ അവിടുന്നു വിശദമാക്കി. ഇവയെല്ലാം ലോകത്തിന്റെ നാനാഭാഗങ്ങളിലും അറിയിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും അവിടുന്നു സ്വശിഷ്യരോടു് ആജ്ഞാപിക്കുകയുംചെയ്തു. അതിനാൽ ക്രിസ്തു തന്റെ ദിവ്യമതം മനുഷ്യരെ പഠിപ്പിച്ചുവെന്നുള്ളതു നിർവ്വിവാദമായ ഒരു ചരിത്രസത്യമാണു്.

അതുകയാൽ ക്രിസ്തുമതത്തിനു ലോകത്തിലെ സർവ്വരാഷ്ട്രങ്ങളുടെയും മതമായിത്തീരുവാനുള്ള അർഹതയും അവകാശവുമുണ്ടു്. മനുഷ്യനെ മൃഗീയതയിൽനിന്നു യഥാർത്ഥമനുഷ്യതലത്തിന്റേയും ദിവ്യതലത്തിന്റേയും ഉന്നതമണ്ഡലത്തി

ലേയ്ക്ക് ഉയർത്തുക എന്ന മഹനീയകൃത്യമാണ് ക്രിസ്തുമതം നിർവഹിച്ചുകൊണ്ടിരിക്കുന്നത്. ലോകത്തിൽ ക്രിസ്തുമതം പ്രചരിച്ചിടത്തെല്ലാം മനുഷ്യസംസ്കാരത്തെ ഉന്നമിപ്പിക്കുന്നതിനും പരിപൂർണ്ണമാക്കുന്നതിനും അതിനു സാധിച്ചിട്ടുണ്ട്. നമ്മുടെ ഭാരതത്തിലേക്കുതന്നെ ഒന്നു കണ്ണോടിക്കുക. ക്രിസ്തുമതവുമായി സമ്പർക്കം ഉണ്ടായതോടുകൂടി നമ്മുടെ പ്രാകൃതനപ്രസിദ്ധമായ സംസ്കാരത്തിനു് ഏതെല്ലാം തുറകളിലാണു് അതുല്യമായ മേന്മയുണ്ടായിട്ടുള്ളതു്? മനുഷ്യനെ മനുഷ്യനിൽനിന്നും മാറിനിറുത്തുന്ന നിന്ദ്യമായ ജാതിവ്യത്യാസം ഉച്ചാടനം ചെയ്യുവാനും അപലപനീയമായ ശൈശവവിവാഹം നിർത്തൽ ചെയ്യുവാനും നമ്മുടെ നേതാക്കന്മാർക്കു കഴിഞ്ഞെങ്കിൽ അതിന്റെ പിന്നിലുള്ള പ്രേരകശക്തി ഏതാണു്? പുരുഷന്റെ അടിമയായി നരകിച്ചു കഴിഞ്ഞുകൂടിയിരുന്ന സ്ത്രീയെ സമുദായത്തിൽ സമുന്നതമായ ഒരു നിലയിലേക്കുയർത്തി ബഹുമാനിക്കുവാൻ എവിടെനിന്നാണു് അവർക്കു പ്രചോദനം ലഭിച്ചതു്? ഇത്തരം എത്ര ഉദാഹരണങ്ങളാണു ക്രിസ്തുമതത്തിന്റെ വെളിച്ചത്തിൽ അന്തർധ്യാനം ചെയ്തുകൊണ്ടിരിക്കുന്നതു്. ആധുനികയുഗത്തിലെ ഭാരതീയനേതാക്കന്മാരായ റാംമോഹൻറോയ്, കേശവചന്ദ്രസേനൻ, ദയാനന്ദസരസ്വതി, രവീന്ദ്രനാഥ ടാഗോർ, രാഷ്ട്രപിതാവായ ഗാന്ധിജി, അരവിന്ദഘോഷ്, ഡോ. ബസന്റ്, സി. എഫ്. ആൻഡ്രൂസ്, സർ രാധാകൃഷ്ണൻ മുതലായവരെ ക്രിസ്തുമതചൈതന്യമല്ലേ അതുല്യതേജസ്സുകളാക്കിയതു്? ഈ ക്രൈസ്തവചൈതന്യമല്ലേ ഭാരതത്തിൽ ഇന്നു നാം കാണുന്ന സാമുദായികവും മതാത്മകവുമായ നിരവധി പരിഷ്കാരങ്ങൾക്കു കാരണം? അതേ, ഭാരതഹൃദയത്തിൽ ക്രിസ്തുമതത്തിനു സ്ഥാനം ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഹിമവൽസേതുപര്യന്തം പടർന്നു പരിലസിക്കുവാൻ അതിനു് അർഹതയുമുണ്ട്. പരിപാപനമായ ക്രിസ്തീയസംസ്കാരം സനാതനമായ ഹൈന്ദവസംസ്കാരത്തിനു് ഒരിക്കലും എതിരല്ല. അതിനെ പരിപുഷ്ടമാക്കുന്നതേയുള്ളൂ.

16049